## ചിറ്റാരിപ്പറമ്പ്ഗ്രാമപഞ്ചായത്ത്

# വികസനരേഖ

# ജനകീയ ആസൂത്രണപ്രസ്ഥാനം

## ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

**സമഗ്രവികസന രേഖ**

**1996**

## എഡിറ്റോറിയൽ ബോർഡ്

പി. മുകുന്ദൻ മാസ്റ്റർ
കെ. സി. ദാമു മാസ്റ്റർ
ടി. പവിത്രൻ
എ. പി. രാജേഷ്
യു. കുമാരൻ മാസ്റ്റർ
വി. ഹരീന്ദ്രൻ
ഡോ. കുമാരൻ വയലേരി
വി. കെ. സുരേഷ് ബാബു

003

# ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഭരണസമിതി

പ്രസിഡണ്ട്
**പി. മുകുന്ദൻ മാസ്റ്റർ**



വൈസ് പ്രസിഡണ്ട്
**കെ. സി. ദാമു മാസ്റ്റർ**



സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ
**പി. ജനാർദ്ദനൻ**

ടി. സാവിത്രി

പി. രാമകൃഷ്ണൻ

എ. പി. രാധ

ടി. കെ. കുഞ്ഞബ്ദുള്ള മാസ്റ്റർ

അജിത രവീന്ദ്രൻ

പി. രമണി

പി. വിജയൻ മാസ്റ്റർ




N
മാപ്പിൾ പഞ്ചായത്ത്
മാങ്ങാട്ടിടം പഞ്ചായത്ത്
I
II
III
IV
V
VI
VII
VIII
IX
X
- P.W.D റോഡ്
- PWD ഇതര പഞ്ചായത്ത് റോഡുകൾ
- മെക്കാഡം റോഡുകൾ
- നദി

1. ആമുഖം..006.....

2. പഞ്ചായത്ത് പൊതുവിവരങ്ങൾ.....

3. ചിരത്രപശ്ചാത്തലം.....

4. ഭൂപ്രകൃതി, ജനപ്രകൃതി.....

5. വികസനമേഖലകൾ

    1. കൃഷിയും ജലസേചനവും.....

    2. മൃഗസംരക്ഷണം മത്സ്യബന്ധനം.....

    3. വ്യവസായം.....

    4. വിദ്യാഭ്യാസം.....

    5. കുടിവെള്ളവും പൊതുജനാരോഗ്യവും.....

    6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.....

    7. പാർപ്പിടം, സാമൂഹ്യക്ഷേമം.....

    8. സംസ്ക്കാരം.....

    9. വനിത.....

    10. സഹകരണം.....

    11. പട്ടികജാതി, പട്ടികവർഗ്ഗം.....

    12. വിഭവസമാഹരണം.....

# ആമുഖം

സ്വാതന്ത്ര്യാനന്തര കാലഘട്ടം നമ്മുടെ നാട്ടിലെ പഞ്ചവത്സര പദ്ധതികളുടെയും ആസൂത്രിത വികസനത്തിന്റെയും കാലഘട്ടമായിരുന്നെങ്കിലും വേണ്ടവിധത്തിലുള്ള ലക്ഷ്യബോധമില്ലായ്മ കൊണ്ട് കേവലം ഉദ്യോഗസ്ഥ മണ്ഡലത്തിന്റെ പ്രവർത്തനം മാത്രമായിതരം താഴുകയാണ് ഉണ്ടായത്. ഭരണാധികാരികളുടെ കേന്ദ്രികൃത അധികാര മേധാവിത്വം കാരണം ജനങ്ങളുടെതാല്പര്യങ്ങൾക്കും ആശയാഭിലാഷങ്ങൾക്കും യാതൊരു പ്രസക്തിയും ഉണ്ടായില്ല. മുകൾത്തട്ടിൽ നിന്നും താഴേക്ക് അടിച്ചേൽപിക്കുന്ന ആസൂത്രണ പ്രക്രിയക്ക് യാതൊരു ശാസ്ത്രിയ മാനദണ്ഡങ്ങളും ഉണ്ടായിരുന്നില്ല. എന്നാൽ 73-74 ഭരണഘടനാ ഭേദഗതികളുടെ ഫലമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഈ ഭരണഘടനാ ഭേദഗതികളുടെ ഫലമായി കേവലം മാർഗ്ഗ നിർദ്ദേശക തത്വം എന്ന നിലയിൽ നിന്ന് പഞ്ചായത്ത് നഗരപാലികാ സ്ഥാപനങ്ങൾ ഇന്ന് ഇന്ത്യൻ ഭരണക്രമത്തിന്റെ അവിഭാജ്യവും അനിവാര്യവുമായ നെടുംതുണുകളായി മാറിയിരിക്കുകയാണ് കാലാകാലങ്ങളിൽ തെരെഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്ത് മുനിസിപ്പൽ ഭരണസമിതികളിൽ; ഇത്രയും കാലം അവഗണിക്കപ്പെട്ട വനിതകൾക്ക് മൂന്നിലൊന്ന് അംഗത്വവും ഭാരവാഹിത്വവും അടങ്ങിയ സവിശേഷത സംജാതമായിരിക്കുന്നു. കൂടാതെ ഓരോ സമ്മതിദായകനും വർഷത്തിൽ കുറഞ്ഞത് രണ്ടുതവണയെങ്കിലും ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിനും ആവശ്യങ്ങൾ അവതരിപ്പിക്കുന്നതിനും ജനപ്രതിനിധികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനും കഴിയുന്നു.

കഴിഞ്ഞ എട്ടു പഞ്ചവത്സര പദ്ധതികളുടെ ഫലം പഠന വിധേയമാക്കിയപ്പോൾ പദ്ധതിക്ക് ചെലവാക്കിയ സമ്പത്തിന്റെ 15 ശതമാനത്തോളം മാത്രമേ യഥാർത്ഥ ലക്ഷ്യത്തിലെത്തുന്നുള്ളു എന്ന ദുഃഖ സത്യം ആരെയും ഗാഢമായി ചിന്തിപ്പിക്കുന്നതാണ്. ഇത്രയും കാലത്തെ ആസൂത്രണ പ്രക്രിയ ജനങ്ങിൽ നിന്ന് അന്യമായിരുന്നെന്ന് പ്രത്യകം പറയേണ്ടതില്ലല്ലോ. ഇതിന് പരിഹാരമായി ആസൂത്രണം ഏറ്റവും താഴെ തട്ടിൽ നിന്ന് തുടങ്ങേണ്ടിയിരിക്കുന്നു ഓരോ സമ്മതിദായകനും ഈകാര്യത്തിൽ പങ്കാളിയാകണം. ഈ സാഹചര്യത്തിൽ 1997-98 വർഷത്തിൽ ആരംഭിക്കുന്ന ഒമ്പതാം പഞ്ച വത്സര പദ്ധതിയിൽ അടിസ്ഥാനപരമായ മാറ്റം വരുത്തി, പദ്ധതിയുടെ ഗുണഫലം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ആസൂത്രണം താഴെതട്ടിൽ നിന്ന് ആരംഭിക്കണമെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞതാണ്ജനകീയാസൂത്രണ പ്രസ്ഥാനം.

പഞ്ചായത്തിൽ ആസൂത്രണം ഉദ്ദേശിച്ച തരത്തിൽ ഫല പ്രദമാകണമെങ്കിൽ പഴയ മാ മൂൽ രീതികളിൽ നിന്നും അധികാര വികേന്ദ്രികരണത്തിന് തടസ്സം നിൽക്കുന്ന നിക്ഷിപ്ത താല്പര്യങ്ങളിൽ നിന്നും മോചനം ലഭിക്കുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനം പോ ലുള്ള ഒരു ജനമുന്നേറ്റം അത്യന്താപേക്ഷിതമാണ്. പ്രത്യകം പ്രത്യകം സാമ്രാജ്യം എന്ന പോലെ പരസ്പരം ബന്ധമില്ലാതെ പ്രവർത്തിച്ചു വന്ന വിവിധ വകുപ്പുകളുടെയും ഉദ്യോഗ സ്ഥവൃന്ദം സാങ്കേതിക വിദഗ്ദന്മാർ അതുപോലെ പെൻഷൻ പറ്റിയവർ തുയങ്ങിയവരു ടെയും ഏകോപിച്ചുള്ള പ്രവർത്തനം ഈ ജനകീയ പ്രസ്ഥാനത്തിന് മുതൽ കൂട്ടാകി മാറ്റാൻ കഴിയും.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അടിസ്ഥാനശിലകങ്ങളിലൊന്നായ ഗ്രാമ സഭ കളിൽ നമ്മുടെ പഞ്ചായത്തിൽ ആവേശപൂർവ്വമായ ജനപങ്കാളിത്തമാണ് ഉണ്ടായത്. ഗ്രാമ സഭകൾ 21-9-96ന് ആരംഭിക്കുകയും ഒക്ടോബർ 2-ാം തീയ്യതി പൂർത്തിയാവുകയും ചെയ്തു ഗ്രാമസഭകളിൽ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ മേഖലയിലും ഉള്ള ആവശ്യങ്ങളും പ്രശ്നങ്ങളും ചർച്ച ചെയ്യാനും അവരുടെ അറിവുകളെയും അനുഭവങ്ങളെയും അടിസ്ഥാ നപ്പെടുത്തി പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ അവതരിപ്പിക്കാനും പങ്കെടുത്ത അംഗങ്ങൾ അതീവ താല്പര്യം കാണിച്ചു.

ഗ്രാമസഭാ ചർച്ചകൾ, ദ്വിതീയ വിവര ശേഖരണം, പഠനപര്യടനം, സന്നദ്ധ പ്രവർത്ത കർ വീടുകൾ സന്ദർശിച്ച് നടത്തിയ കുടുമ്പ സർവ്വേ വിവരങ്ങൾ, ലഭ്യമായ മറ്റു അറിവുകൾ എന്നിവ അടിസ്ഥാനപ്പെടുത്തി കൂട്ടായ ചർച്ചയിലുടെ ഉരുത്തിരിഞ്ഞ വന്നകാര്യങ്ങൾ ക്രോ ഡീകരിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

# പഞ്ചായത്ത് – പൊതുവിവരങ്ങൾ



| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്ത്. |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | മാനന്തേരി, കണ്ണവം |
| ബ്ലോക്ക് പഞ്ചായത്ത് | : | കൂത്തുപറമ്പ് |
| താലൂക്ക് | : | തലശ്ശേരി |
| അസംബ്ലി മണ്ഡലം | : | കൂത്തുപറമ്പ് |
| പർലമെന്റ് മണ്ഡലം | : | കണ്ണൂർ |
| വിസ്തീർണ്ണം | : | 33.81 ചതുരശ്ര കി.മി |
| .അതിരുകൾ | | |
| | | വടക്ക്: മാലൂർ, മാങ്ങാട്ടിടം പഞ്ചായത്തുകൾ |
| | | തെക്ക്: പാട്യംപഞ്ചായത്ത് |
| | | കിഴക്ക്: കോളയാട് പഞ്ചായത്ത് |
| | | പടിഞ്ഞാറ്: മാങ്ങാട്ടിടം പഞ്ചായത്ത്, കൂത്ത്പറമ്പ് മുനിസിപ്പാലിറ്റി |
| ജനസംഖ്യ | : | 21881 |
| പുരുഷൻ | : | 10756 |
| സ്ത്രീകൾ | : | 11125 |
| ജനസാന്ദ്രത | : | 647 |
| വാർഡുകൾ | : | 10 |
| അക്ഷരഭ്യാസമുള്ളവർ | : | 20797 |
| പ്രസിഡണ്ട് | : | പി.മുകുന്ദൻ മാസ്റ്റർ |
| വൈ. പ്രസിഡണ്ട് | : | കെ.സി.ദാമുമാസ്റ്റർ |
| സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ | : | പി.ജനാർദ്ദനൻ |

# ചരിത്ര പാശ്ചാത്തലം

ചിറ്റാരിപ്പറമ്പ് പഴമക്കരുടെ ഓർമ്മയിൽ ചിറ്റലരി (ചെറിയ ഒരുതരം അരി ) വിളഞ്ഞിരുന്ന പറമ്പ്. ഗ്രാമീണതയുടെ നിഷ്കളങ്കതയ്ക്ക് ഏറെയൊന്നും കോട്ടം തട്ടിയിട്ടില്ലാത്ത ഒരുനാട്ടിൻ പുറം. കിഴക്ക് വയനാടൻ മലകളുടെ ഒരു ദൂരക്കാഴ്ച . വടക്ക് പുരളിമലയുടേതും . തെക്ക് പഞ്ചായത്തിന്റെ അതിരായി നില്ക്കുന്ന ചെറുവാഞ്ചേരി മലയുടെ സാന്നിധ്യം. പടിഞ്ഞാറ് പുതുസംസ്ക്കാരത്തിലേക്ക് തുറന്നിട്ട വാതിൽ. കണ്ണവം മൈനർ പഞ്ചായത്തിന്റെയും കൂത്തുപറമ്പ് പഞ്ചായത്തിന്റെയും ഭാഗമായിരുന്നു മുമ്പ് ഈ പ്രദേശം. വ്യക്തമായ അതിരുകളോടെ ഒരു പഞ്ചായത്തായി ചിറ്റാരിപ്പറമ്പ് മാറുന്നത് 1961 ലാണ്. പഞ്ചായത്ത് രൂപീകരണത്തിന് ശേഷമുള്ള ആദ്യത്തെ പ്രസിഡന്റ് യശശ്ശരീരനായ കെ.കുഞ്ഞിരാമൻ അടിയോടി ( കെ.കെ. അടിയോടി) ആയിരുന്നു. തുടർന്ന് കെ.ഗോവിന്ദൻ മാസ്റ്റർ വളരെക്കാലത്തോളം ഈ പഞ്ചായത്തിന്റെ സാരഥിയായിട്ടുണ്ട്.

ചരിത്രാതീതകാലത്ത് ഈ പ്രദേശത്തുണ്ടായിരുന്ന ഒറ്റപ്പെട്ട ജനവാസത്തിന്റെയും നിബിഡ വനത്തിന്റെയും തെളിവുകളായി ഏതാനും മുനിയറകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ചെങ്കൽ പ്രദേശങ്ങളിൽ നിന്ന് കണ്ടെത്തിയിട്ടുണ്ട്. എങ്കിലും 15ാം നൂറ്റാണ്ടിന് ശേഷമുള്ള ചിറ്റാരിപ്പറമ്പിന്റെ ചരിത്രത്തെക്കുറിച്ച് മാത്രമെ നമുക്കറിവുള്ളു. ഈകാലഘട്ടമാവുമ്പോഴേക്കും ഇവിടം ജനസാന്ദ്രതയുള്ള ഒരു പ്രദേശമായി മാറിക്കഴിഞ്ഞിരുന്നു എന്ന് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള നിരവധി ക്ഷേത്രങ്ങളും കാവുകളും മാങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

### പഴശ്ശി

പഴശ്ശി രാജവംശം ആരംഭിക്കുന്നത് 15-ാം നൂറ്റാണ്ടിലാണ്. ഈ പ്രദേശങ്ങൾ മുഴുവൻ പഴശ്ശിതമ്പുരാക്കന്മാരുടെ കീഴിലായിരുന്നു 18-ാം നൂറ്റാണ്ടിന്റെ അവസാനഘട്ടം ഇവിടം യുദ്ധങ്ങൾക്കും പടപ്പാച്ചിലുകൾക്കും വേദിയായി. ടിപ്പുസുൽത്താന്റെ കടന്നുകയറ്റം ഇവിടത്തെ മതപരമായ ബന്ധങ്ങളിലും സാംസ്കാരികരംഗത്തും വലിയ മാറ്റങ്ങളുണ്ടാക്കി. ബ്രിട്ടിഷുകാർ കടന്ന് വന്ന് പഴശ്ശിയുടെ അധികാരത്തിൽ ഇടപ്പെടാൻ തുടങ്ങിയപ്പോഴാണ് കേരളവർമ്മ പഴശ്ശിരാജയുടെ സ്വരാജ്യ സ്നേഹം ഉണർന്നത്. പിന്നിട് ബ്രിട്ടിഷുകാരും പഴശ്ശിയും തമ്മിൽ നിരവധി പ്രാവശ്യം ഏറ്റുമുട്ടി. ബ്രിട്ടിഷുകാരെ മുട്ടുകുത്തിക്കുന്ന പലഒളിയുദ്ധങ്ങളും നടന്നിട്ടുള്ളത് ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വെച്ചാണ്. കണ്ണവം, ചിറ്റാരിപ്പറമ്പിലെ അനന്തേശ്വരം, മാനന്തേരി എന്നിവിടങ്ങളിൽ വെച്ച് ബ്രിട്ടിഷുകാരുമായി ഏറ്റുമുട്ടിയ പഴശ്ശി ബ്രിട്ടിഷുകാർക്ക് കനത്ത നാശനഷ്ടം വരുത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. പഴശ്ശിയുടെ മരണശേഷം ഇപ്രദേശം ബ്രിട്ടിഷുകാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൻ കിഴിലാവുകയും തുടർന്ന് മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തു. ബ്രിട്ടിഷു വാഴ്ചയുടെ തുടക്കത്തിലാണ് കണ്ണവംപാലം നിർമ്മിക്കപ്പെട്ടത് ( 1825 ).

### കണ്ണവം :

ഈ പഞ്ചായത്തിന്റെ ചരിത്രപ്രാധാന്യമുള്ള ഒരു പ്രദേശമാണ് കണ്ണവം. വലിയൊരു വന പ്രദേശം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ കീഴിലാണ് ഇതിന്റെ പരിധിയിലുള്ള പതിനെട്ടോളം മലകളേയും കണ്ണവം മലകൾ എന്നാണ് വിശേഷിക്കപ്പെടുന്നത്. ഇവിടങ്ങളിൽ അധിവസിക്കുന്ന ആദിവാസികളായ കുറിച്ച്യർ കണ്ണവം കുറിച്ച്യർ എന്നപേരിലും അറിയപ്പെടുന്നു. പഴശ്ശിയുടെ പ്രധാന താവളമായിരുന്നു കണ്ണവം. പഴശ്ശിയെക്കുറിച്ച് രചിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളിലെല്ലാം കണ്ണവം എന്ന സ്ഥലനാമം പലവട്ടം രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ബ്രിട്ടിഷുകാരും ഈ പ്രദേശത്തെ പ്രധാന്യത്തോടെ കണ്ടിരുന്നു. കണ്ണവത്തിന് ഈ പേര് ലഭിക്കാൻ കാരണം അവിടെയുണ്ടായിരുന്ന ഒരു തൂക്കു മരമാണ് ( കണവ മരം) എന്ന് പറയപ്പെടുന്നു. ഈ മരം അടുത്ത കാലം വരെ കണ്ണവത്ത് ഉണ്ടായിരുന്നു. കേരളത്തിന്റെ മാപ്പിൽ കണ്ണവത്തിന് സ്ഥാനം ലഭിച്ചിട്ടുണ്ട് എന്നത് ഈ പ്രദേശത്തിന് ഒരു കാലത്തുണ്ടായിരുന്ന പ്രസിദ്ധിയുടെ സൂചനയാണ്.

### ആദിവാസികൾ

ജനസംഖ്യയിൽ 5.05 ശതമാനത്തോളം പേർ പണിയർ,കുറിച്യർ എന്നീ വിഭാഗങ്ങളിൽ പെടുന്ന ആദിവാസികളാണ്. പരിഷ്കൃത ജനസമൂഹങ്ങളിൽനിന്ന് അകന്ന് തനതായ ഒരു സംസ്ക്കാരത്തെ സംരക്ഷിച്ചു കൊണ്ട് വനപ്രദേശങ്ങളിൽ കഴിഞ്ഞു വന്നവരാണ് കുറിച്യർ. പണിയ വിഭാഗമാകട്ടെ പരിഷ്കൃത ജനവിഭാഗങ്ങളുടെ ഇടയിൽ കഴിഞ്ഞു വരുന്നവരാണെങ്കിലും ഗോത്രസ്വഭാവം നഷ്ടപ്പെടിട്ടില്ലാത്തവരാണ്. സമൂഹഘടന, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, സംസ്ക്കാരക്രിയകൾ, വ്യവഹാര ഭാഷകൾ, പഴഞ്ചൊല്ലുകൾ, കടംകഥകൾ, നാടൻ പാട്ടുകൾ, നാടൻ കളികൾ, നാടൻ കലകൾ, ചികിത്സവിധികൾ, നായാട്ട് തുടങ്ങി ഈ ജനവിഭാഗത്തിന്റെതായ എല്ലാ സവിശേഷതകളും അവർ ഏറെ കുറെ നിലനിർത്തുന്നുണ്ട്. പണിയരുടെ ഭാഷയിൽ പ്രാകൃത മലയാളത്തിന്റെയും കന്നടയുടെയും അംശങ്ങൾ കാണപ്പെടുന്നു എങ്കിൽ കുറിച്യരുടെത് വ്യവഹരിച്ച് വികലമാക്കപ്പെട്ട മലയാള ഭാഷ തന്നെയാണ്. പഴശ്ശിയുടെ വിശ്വസ്തരായ പടയാളികളെന്ന നിലയിൽ ചരിത്രത്തിൽ സ്ഥാനം പിടിച്ചവരാണ് കുറിച്യർ. ആധുനിക സംസ്ക്കാരത്തെ അനുകരിക്കാൻ കുറിച്യർ ശ്രമിക്കുന്നുണ്ടെങ്കിലും പണിയർ ഇക്കാര്യത്തിൽ തീർത്തും വിമുഖരായിട്ടാണ് കാണപ്പെടുന്നത്.

### ചരിത്രപ്രാധാന്യമുള്ള സ്ഥാപനങ്ങളും മറ്റും

ചിറ്റാരിപ്പറമ്പിന്റെ നൻമയാർന്ന ഒരു ഭൂതകാലത്തെ അനാവരണം ചെയ്യത്തക്ക വിധത്തിലുള്ള പലതും ചരിത്ര വസ്തുക്കളായി മറഞ്ഞും മറയാതെയും കാണപ്പെടുന്നുണ്ട്. ഇതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മാനന്തേരിയിലെ സത്രം എന്ന പഴയ വഴിയമ്പലം. കൊല്ലവർഷം 1112ൽ കൈതേരിമടത്തിൽ കുഞ്ഞനന്തൻ നമ്പ്യാർ നിർമ്മിച്ചതാണിത്. വാഹന ഗതാഗതമില്ലാതെ കാൽ നടയായും കുതിരവണ്ടിയിലും മറ്റുമായി യാത്രചെയ്തിരുന്ന വരെ ഉദ്ദേശിച്ചാണ് ഇത് പണിതിരിക്കുന്നത്. അതിനോട് ചേർന്ന് ഒരു കിണറും, ചുമടുതാങ്ങിയും, കൊട്ടത്തളവും നിർമ്മിച്ചിട്ടുമുണ്ട്. കിണർ, ചുമടുതാങ്ങി, കൊട്ടത്തളം ഇവ പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിലും (കണ്ണവം, വട്ടോളി, ഇരട്ടകുളങ്ങര, പുവത്തിൻകിഴിൽ, 14ാംമൈൽ, മണ്ണന്തറ, പോസ്റ്റാഫീസ്) കാണപ്പെട്ടിടുണ്ട്. സഹാനുഭൂതിയുള്ള ചില സമ്പന്നന്മാരായിരുന്നു ഇവ നിർമ്മിച്ചിരുന്നത് പ്രധാന കവലകളിൽ വഴിവിളക്കുകൾ സ്ഥാപിച്ചതും ഈ വിളക്കുകളിൽ എണ്ണയൊഴിച്ച് കത്തിക്കാൻ പ്രത്യേകം ആൾക്കാരെ ചുമതലപ്പെടുത്തിയതും സമീപകാല ചരിത്രത്തിന്റെ ഭാഗമാണ്. ഇന്നത്തെ കണ്ണവം വില്ലേജ് ആഫീസ് ബ്രിട്ടിഷുകാരുടെ ഭരണകാലത്തെ താല്കാലിക തടവറയായിരുന്നു. തൊടീക്കളം ശിവക്ഷേത്രം മ്യൂറൽ ചിത്രങ്ങളാൽ പ്രസിദ്ധമാണ്. ബ്രിട്ടിഷുകരും പഴശ്ശിയും തമ്മിലുള്ള യുദ്ധത്തിന് ഇവിടം വേദിയായിട്ടിണ്ട്. മാനന്തേരിയിലെ അങ്ങാടിപ്പൊയിൽ അവിടെ നടക്കാറുണ്ടായിരുന്ന താൽക്കാലിക അങ്ങാടി ( ചന്ത )യുടെ സ്മരണയുണർത്തുന്നു. സമീപമുള്ള ബത്തേരിക്കുന്ന് പഴശ്ശി ബ്രിട്ടിഷുകാർക്കെതിരെ യുദ്ധം ചെയ്യാൻ മണ്ണിട്ട് ഉയർത്തി നിർമ്മിച്ചതാണത്രേ. അതിന് തെക്ക് വശത്തുള്ള വയലിൽ വെച്ച് പഴശ്ശി നിരവധി ബ്രട്ടീഷുഭടന്മാരെ വധിച്ചിരുന്നുവെന്ന് (പടുവയൽ) പറയപ്പെടുന്നു. വെളുമ്പത്തെ പള്ളിക്ക് മുൻ വശമുള്ള പ്രദേശം മുതൽ പെരുവവരെയുള്ള (ഇതിനിടയിലുള്ള സ്ഥലം ഈപഞ്ചായത്തിൽ പെടുന്നു) ഭാഗം ഒരു കാലത്ത് വലിയ തെരുവുകൾ ഉൾക്കൊള്ളുന്ന പ്രദേശമായിരുന്നു. ആ പ്രദേശങ്ങളിൽ കിണറുകളുടെയും കെട്ടിടങ്ങളുടെയും അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം.

**സ്ഥലനാമങ്ങൾ :** ചില സ്ഥലനാമങ്ങളുടെ നിഷ്പത്തിരൂപം പരിശോധിച്ചാൽ അതിന്റെ പൂർവ്വകാല സ്ഥിതി മനസ്സിലാക്കാനാവും. ചരിത്ര വസ്തുതകൾ പഠിക്കാനുപകരിക്കുന്ന ഒരു ഉപകരണമായും സ്ഥലനാമങ്ങളെ പ്രയോജനപ്പെടുത്താവുന്നതാണ്. അനന്തേശ്വരം എന്ന സ്ഥലനാമം അവിടെയുണ്ടായിരുന്ന വിഷ്ണുക്ഷേത്രത്തെക്കുറിച്ച് സൂചന നൽകുന്നു. പൂവ്വമരം ഉണ്ടായിരുന്ന സ്ഥലം പൂവത്തിൻ കീഴ്, കുന്നുറവയുണ്ടായിരുന്ന സ്ഥലം കൊന്നോറ, രണ്ടുകുളം ഉണ്ടായിരുന്ന സ്ഥലം ഇരട്ടക്കുളങ്ങര, പത്തുമാങ്ങൾ ഉണ്ടായിരുന്ന സ്ഥലം (മഠം പത്ത്ഊര്) മുടപ്പത്തൂർ, കുഴിയിലെ കാട് കുയ്യലാട്, ഒഴിഞ്ഞ കാട്ടുമല ഉഴിഞ്ഞാട്ടുമൂല പാക്കിസ്ഥാനിൽ പോയ ആൾ കച്ചവടം ചെയ്തിരുന്ന സ്ഥലം പാക്കിസ്ഥാൻ, തലശ്ശേരിയിൽ നിന്നുള്ള ദൂരത്തെ കാണിക്കുന്ന പന്ത്രണ്ടാം മൈൽ, 14ാം മൈൽ, കാവുണ്ടായിരുന്ന സ്ഥലം കാവിൻമൂല, ക്ഷേത്രതൊടിയിൽക്കുളം തൊടീക്കളം ഇങ്ങനെ നിരവധി സ്ഥലനാമങ്ങൾ ചൂണ്ടിക്കാണിക്കാം. നിഷ്പ്പത്തി കണ്ടെത്താനാവാത്ത ചിലസ്ഥലനാമങ്ങളും മാനന്തേരി, വട്ടോളി, മെടോളി, ഇടുമ്പ (ഇടംപുഴ) ഉണ്ട്. മേൽപറഞ്ഞ നിഷ്പ്പത്തിത്തന്നെ പലതും ഊഹാതിഷ്ടിതമാണ്. നമുക്കന്യമായ ഏതോ സാംസ്ക്കാരിക സവിശേഷതകളെ ക്കുറിക്കുന്ന പദങ്ങളിൽ നിന്നാവാം അത്തരത്തിലുള്ള നാമങ്ങൾ ഉടലെടുത്തിരിക്കുക.

## ഭൂമിയുടെ വിതരണം

8500 ഏക്രയോളം ഭൂവിസ്തൃതിയുള്ള ഈ പ്രദേശം മുഴുവൻ പഴശ്ശി രാജവംശത്തിന്റെ കിഴിലായിരുന്നു. പിൽക്കാലത്ത് ആശ്രിതന്മാരിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട ഭൂമി കാവും കരയില്ലത്ത് കുബേരൻ നമ്പൂതിരിയുടേയും ആയിത്തറപുതിയടത്തില്ലത്ത് കുഞ്ഞിക്കൃഷ്ണൻ തങ്ങളുടെയും തളിയിൽ ദേവസ്വത്തിന്റെയും മാനന്തേരി ദേവസ്വത്തിന്റെയും അധീനതയിലായി. മാനന്തേരി ദേവസ്വം വലിയൊരു പ്രദേശത്തെ ഉൾക്കൊള്ളുന്നതായിരുന്നു. പിന്നീട് ജന്മിമാരുടെ എണ്ണം വർദ്ധിക്കുകയുണ്ടായി. എ.കെ. കുഞ്ഞിമായൻ ഹാജി, അമ്മൽ കൈതേരി കുഞ്ഞിക്കമ്മാരൻ നമ്പ്യാർ, കിടങ്ങുകെട്ടിയ രണ്ടുപുരയിൽ കുഞ്ഞഹമ്മദ്, ഖാൻ ബഹദൂർ കുഞ്ഞമ്മദ് കേയി, ചമ്പളോൻ കുഞ്ഞിരാമൻ, മഞ്ചക്കൻ ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരി, ടി.പി ശങ്കരപൊതുവാൾ തുടങ്ങിയവർ ജന്മിമാരായിതീർന്നു. ഫ്യൂഡൽ വ്യവസ്ഥിതിയുടേതായ ഈ കാലഘട്ടത്തിൽ ദരിദ്രരായ അടിയാളരായിരുന്നു ജന്മിമാരുടെ കൃഷിയിടങ്ങളിൽ അധ്വാനിച്ചിരുന്നത്. അവരാകട്ടെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞ സാമൂഹിക പരിസ്ഥിതിയിലായിരുന്നു ജീവിച്ചിരുന്നതും. സാംസ്ക്കാരികരംഗത്തും ഭരണരംഗത്തും പില്ക്കാലത്തുണ്ടായ മാറ്റങ്ങൾ ഭൂമിയുടെ വിതരണത്തിലും വൻമാറ്റങ്ങളുണ്ടാക്കി. ജന്മിത്വസമ്പ്രദായം ഇല്ലാതായി. മരുമക്കത്തായം കൂട്ടുകുടുംബം ഇവയ്ക്കും മാറ്റം വന്നു. പറമ്പുക്കാവ്, ചെന്നപ്പൊയിൽ, പന്ന്യോട് എന്നീ റിസർവ്വ് വനപ്രദേശങ്ങൾ ഒഴിച്ചാൽ മറ്റുള്ള ഭൂപ്രദേശങ്ങളൊക്കെ വ്യത്യസ്ത സമുദായങ്ങളുടെ കൈകളിലാണ് ഇപ്പോൾ.

## സംഘടിത മുന്നേറ്റങ്ങൾ

പഴശ്ശി നയിച്ച സാമ്രാജ്യത്വ വിരുദ്ധ നീക്കങ്ങളായിരുന്നു ഈ പഞ്ചായത്തിലെ ആദ്യത്തെ സംഘടിത മുന്നേറ്റം ആദിവാസികളടക്കമുള്ള എല്ലാ ജനവിഭാഗങ്ങളേയും ബ്രിട്ടീഷുകാർക്കെതിരെ തിരിച്ചുവിടാൻ പഴശ്ശിക്ക് കഴിഞ്ഞു. പിൽക്കാലത്ത് നടന്ന സ്വാതന്ത്ര്യസമരങ്ങളിൽ പങ്കെടുത്തവരും ഇപ്പോൾ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നവരുമുണ്ട്. തൊടീക്കളത്തെ T.K. കുഞ്ഞിക്കൃഷ്ണൻ നമ്പ്യാർക്ക് താമ്രപത്രവും ലഭിച്ചിട്ടുണ്ട്. ഒരു കാലത്ത് കർശനമായി പാലിക്കപ്പെട്ടിരുന്ന ജാതീയമായ അനാചാരങ്ങൾക്കെതിരെ പൊരുതിയവരും കുറവല്ല. ഈ കൂട്ടത്തിൽ എടുത്തുപറയാവുന്നത്. വണ്ണാത്തിമുലയിൽ വെച്ച് വണ്ണാത്തിമാറ്റ് എന്ന ദുരാചാരത്തിനെതിരെ നടന്ന നീക്കമാണ്. കോരോത്താൻകോരൻ, കേളോത്ത്കോരൻ,കേളോത്ത് കുഞ്ഞമ്പു, പുത്തൻപുരയിൽ പൈതൽ, ആലക്കാടൻ കണാരൻ വൈദ്യൻ, കാരായിവാസു, കണാരൻ ഗുരിക്കൾ, കാരായി കുഞ്ഞിരാമൻ, യു.ഗോവിന്ദൻ വൈദ്യർ തുടങ്ങിയവരായിരുന്നു യാഥാസ്ഥിതികത്വത്തിനെതിരായ ഈനീക്കത്തിന് നേതൃത്വം നൽകിയത്. കാർഷിക രംഗവുമായി ബന്ധപ്പെട്ട സംഘടിതമായ നീക്കം ഒരു നിവേദനവുമായി ബന്ധപ്പെട്ടതാണ്. പാട്ടം കുറച്ചുകിട്ടുവാൻ വേണ്ടി ബ്രിട്ടീഷുകാരുടെ കാലത്ത് കോഴിക്കോട് കലക്ടർക്ക് നിവേദനം നൽകാൻ പോയവരിൽ ഈപ്രദേശത്ത്കാരുമുണ്ടായിരുന്നു. ജന്മിയായ ആയിത്തറ കുഞ്ഞിക്കൃഷ്ണൻ തങ്ങൾക്കെതിരെ നടന്ന ജന്മിത്വ വിരുദ്ധ സമരങ്ങളും പ്രത്യേകം പ്രസ്താവ്യമാണ്. പോരാട്ടങ്ങളിലൂടെ വളർന്ന് ദേശീയ നേതവായി മാറിയ യശശ്ശരീരനായ എൻ. ഇ. ബാലറാമിന്റെ ആദ്യകാല പ്രവർത്തന മേഖല ഈ പഞ്ചായത്തായിരുന്നു. കണ്ണവത്തെ ആദ്യത്തെ കോൺഗ്രസ്സ് പ്രസിഡണ്ടും അദ്ദേഹമായിരുന്നു.

## നാടോടി സംസ്കാരം

നാടോടി ജനതയുടെ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്ന നാട്ടാചാരങ്ങളും, നാടൻ കലകളും, നാടൻ കളികളും നാട്ടിൻപുറങ്ങളിൽ ഒരു കാലത്ത് സജീവമായിരുന്നു ഓല മേഞ്ഞ കുരകളിലായിരുന്നു ഗ്രാമീണരിലേറെയും വസിച്ചിരുന്നത്. ഓടു മേഞ്ഞവ സമ്പന്നർക്കിടയിലേ ഉണ്ടായിരുന്നുള്ളു. പഴയ കേരളീയ വാസ്തുശിൽപ്പത്തിന്റെ മാതൃകയായി എതാനും ഭവനങ്ങൾ ഉണ്ടായിരുന്നെങ്കിലും അവ ഇപ്പോൾ അവശേഷിക്കുന്നില്ല. വ്യക്തിനാമങ്ങൾ സാമ്പ്രദായികമായിരുന്നു. കരിഞ്ചി, ചീരു, ചപ്പില, മന്ദി, നാണി, മാണിക്കം, പൊക്കി, പൊക്കൻ, ഒണക്കൻ, ചന്തൻ, കുഞ്ഞമ്പു, കുഞ്ഞുട്ടി, കോരൻ തുടങ്ങിയ പേരുകൾ പഴയ തലമുറയിൽ ഇന്നും അവശേഷിക്കുന്നുണ്ട്. വളരെ മുമ്പുണ്ടായിരുന്ന പല അനുഷ്ഠാനങ്ങളും ഇപ്പോൾ ഓർമ്മയിൽ നിന്ന് മാഞ്ഞു പോയിരിക്കുന്നു. അയിത്തം പോലുള്ള അനാചാരങ്ങളും ഇല്ലാതായിട്ടുണ്ട്.

# ഭൂപ്രകൃതി ജനപ്രകൃതി

ചെറുതും വലുതുമായി അനേകം കുന്നുകളും ചെരിവ് പ്രദേശങ്ങളും പരിമിതമായ തോതിൽ അവശേഷിക്കുന്ന വയലുകളും അടങ്ങുന്നതാണ് ചിറ്റാരിപറമ്പ് ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രകൃതി. രണ്ട് പുഴകൾ പഞ്ചായത്ത് പരിധിയിലൂടെ ഒഴുകുന്നുണ്ട്. ഇതിനു പുറമെ നിരവധി നീരുറവകൾ തോടുകൾ, കുളങ്ങൾ ഇന്നിവയാൽ സമൃദ്ധമാണ് ഈ പഞ്ചായത്ത്. കിഴക്കൻ മല നിരകളിൽ നിന്ന് ഉൽഭവിച്ച് ഒഴുകിയെത്തുന്ന കണ്ണവംപുഴ ഉദ്ദേശം പത്തു കി.മി. നീളത്തിൽ പഞ്ചായത്ത് പരിധിയിലൂടെ ഒഴുകുന്നു. കിഴക്കു പടിഞ്ഞാറായി ഒഴുകുന്ന ഇടുമ്പ പുഴ പഞ്ചായത്തിനു വടക്കായി മാലൂർ പഞ്ചായത്തുമായി അതിർത്തി പങ്കിടുന്നു. തെക്ക് കിഴക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന കണ്ണവം റിസർവ്വ് ഫോറസ്റ്റിന്റെ സാന്നിദ്ധ്യം പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ സ്വാധീനിക്കുന്ന ഒരു ഘടകമാണ്. തെക്കൻ മദ്ധ്യ ഭാഗത്ത് അമ്മാറമ്പ് കുന്ന്, തെക്ക് പടിഞ്ഞാറ് വിശാലമായികിടക്കുന്ന വലിയ വെളിച്ചം പ്രദേശം കിഴക്ക് കോളയാട് ഗ്രാമ പഞ്ചായത്ത് അതിർത്തിയിൽ പൊതുവെ ജനവാസം കുറഞ്ഞ പാറാടി എസ്റ്റേറ്റ് – പടിഞ്ഞാറായി മാങ്ങാട്ടിട്ടം പഞ്ചായത്ത് പ്രദേശം – ഇവ പഞ്ചായത്തിന്റെ പരിധി നിശ്ചയിക്കുന്നു.33.81 ച.കി. മീറ്ററാണ് ഭൂവിസ്തൃതി. തലശ്ശേരി ബാവലി റോഡ് പഞ്ചായത്തിനെ കുറുകെ മുറിച്ച്കൊണ്ട് കടന്നു പോകുന്നു. പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത 3 റോഡുകൾ ഉൾപ്പെടെ 69 ഓളം റോഡുകൾ ഇന്നുണ്ട്. ഇവയുടെ ആകെ നീളം 66.449 കി.മി. ആണ്.ഗതാഗത സൗകര്യങ്ങളുടെ വർദ്ധനവ് സാമൂഹ്യ പുരോഗതിക്ക് നിദാനമാവുന്ന പ്രധാനപ്പെട്ട ഒന്നാണ്. പരിമിതമായ റോഡ് ഗതാഗത സൗകര്യം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും ഇന്ന് നിലവിൽ ഉണ്ട്. ചെമ്മൺ റോഡുകളുടെ നില മഴക്കാലത്ത് വളരെ ശോചനീയമാവാറുണ്ട്.

ഭൂഘടന അനുസരിച്ച് പഞ്ചായത്തിനെ മൂന്നായി തരം തിരിക്കാം. അവ –

1) സമതല പ്രദേശം.
2) ചെരിവ് പ്രദേശം.
3) കുന്നിൻ പ്രദേശം.

സമതല പ്രദേശങ്ങളിൽ നെൽ വയലുകളും കര പ്രദേശങ്ങളും ഉൾപ്പെടുന്നു. പ്രധാന മണ്ണും ലാറ്ററൈറ്റ് ആണ്. അല്പമാത്രമായി പശിമരാശി മണ്ണുമുണ്ട്. നെല്ല്, വാഴ, മരച്ചീനി, കവുങ്ങ്, തെങ്ങ് എന്നിവയാണ് പ്രധാന കൃഷികൾ, ഭൂവിസ്തൃതിയിൽ 23% വരുന്ന തട്ട് പ്രദേശങ്ങളിൽ കശുമാവും, തെങ്ങും പ്രധാന കൃഷികൾ ആണ്.കൂടാതെ കവുങ്ങ്, കുരുമുളക് എന്നിവയും ഉണ്ട്. ലാറ്ററൈറ്റാണ് ഇവിടത്തെ മണ്ണിനും. ചെറുതും വലുതുമായ 42 കുന്നുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. കുന്നിൻ പ്രദേശത്ത് കശുമാവും റബ്ബറും സമൃദ്ധമായി വളരുന്നു. ചരൾ കലർന്ന ചെമ്മണ്ണാണ് ഇവിടെ പ്രധാനമായും കണ്ടുവരുന്നത്. കണ്ണവം റിസർവ്വ് ഫോറസ്റ്റിനോട് ചേർന്ന പ്രദേശങ്ങളിൽ ജൈവാംശം കലർന്ന ഫലപുഷ്ടമായ മണ്ണാണുള്ളത്. ഒരിക്കലും വറ്റാത്ത നീരുറവകൾ പല കുന്നുകളിലും ഉണ്ട്. കണ്ണവം എടച്ചേരി കുന്ന്, കൊന്നോറ നീരുറവ, ഒറ്റത്തടം നീരുറവ, പാലയൻ കോട് നീരുറവ, അരീക്കരനണ്ടാണ്ടി നീരുറവ എന്നിവ ചില ഉദാഹരണങ്ങൾ ആണ്. ഇവയിൽ പലതിൽ നിന്നും ഗുരുത്വാകർഷണം വഴി താഴേക്ക് ജലം എത്തിക്കാൻ കഴിയും. അതുവഴി വലിയൊരു മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും. കുന്നിൻ പ്രദേശത്തേയും ചെരിവു പ്രദേശത്തേയും പ്രധാന പ്രശ്നം മണ്ണൊലിപ്പാണ്. കോണ്ടൂർ ബണ്ടുകൾ ഉൾപ്പെടെയുള്ള ജല സംരക്ഷണ നടപടികളിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും.

പട്ടിക1

## കുന്നുകളുടെ പട്ടിക

| ക്രമ നമ്പർ | കുന്നുകളുടെ പേര് | ക്രമ നമ്പർ | കുന്നുകളുടെ പേര് |
|---|---|---|---|
| 1. | മുള്ളൻ കുണ്ട് കുന്ന് | 22. | പന്ന്യോട് മല |
| 2. | അമ്മാറമ്പ് കുന്ന് | 23. | അത്യക്കുഴിമല |
| 3. | കുമ്മങ്ങാടിച്ചി കുന്ന് | 24. | ചടയൻ കുന്ന് |
| 4. | പള്ളീലക്കുണ്ടം ഒന്ന് | 25. | കാപ്പും കുന്ന് |
| 5. | ഒറ്റത്തടം കുന്ന് | 26. | പടിഞ്ഞാറെക്കുന്ന് |
| 6. | കുമ്പളത്തോടി | 27. | മാടക്കുന്ന് |
| 7. | ചെക്കിക്കുളം കുന്ന് | 28. | ചതുത്ഥിക്കുന്ന് |
| 8. | കുളൻ കോഴി കുന്ന് | 29. | കോട്ടക്കുന്ന് |
| 9. | മുരിക്കുന്ന് കുന്ന് | 30. | തട്ടുപറമ്പ് കുന്ന് |
| 10. | പലയങ്കോട് കുന്ന് | 31. | ചെറിയാടിക്കുന്ന് |
| 11. | വലിയ വെളിച്ചം കുന്ന് | 32. | കൈതേരിവീട്ടിൽക്കുന്ന് |
| 12. | കരീക്കുന്ന് | 33. | വലിയാറ്റക്കുന്ന് |
| 13. | കുട്ടിയാക്കുന്ന് (ബത്തേരിക്കുന്ന്) | 34. | ഇടുമ്പക്കുന്ന് |
| 14. | കരിയിൽക്കുന്ന് | 35. | അരയാൽക്കുന്ന് |
| 15. | വടക്കേ പറമ്പേരം | 36. | ചോയീന്റെ മൊട്ട |
| 16. | പുന്നാച്ചിക്കുന്ന് | 37. | കുമ്മാറമ്പ് കുന്ന് |
| 17. | പാറാടിക്കുന്ന് | 38. | പാലച്ചാൽ കുന്ന് |
| 18. | മാത്രക്കുന്ന് | 39. | അറേങ്ങാട് കോട്ടക്കുന്ന് |
| 19. | യു.ടി.സി കുന്ന് | 40. | അരീക്കര കുന്ന് |
| 20. | പറമ്പുക്കാവ് മല | 41. | കോട്ടാൽ കുന്ന് |
| 21. | ചെന്നപ്പൊയിൽ മല | 42. | കാഞ്ഞിരക്കുന്ന് |

പട്ടിക 2

## ജലസോത്രസ്സുകൾ

### പുഴകൾ

1. കണ്ണവം പുഴ
2. ഇടുംബപുഴ

### പ്രധാന തോടുകൾ

1. പാറത്തോട്
2. കണ്ണൻ തോട്
3. പുഴിയോട് തോട്
4. ഉഴിഞ്ഞാട് തോട്

### പ്രധാന കുളങ്ങൾ

1. അങ്ങാടിക്കുളം
2. അരീക്കരക്കുളം
3. പരശൂർകുളം
4. ഉഴിഞ്ഞാട് കുളം
5. അണിയാറത്ത്
6. കാവും മുലക്കുളം

### നീരുറവകൾ

1. കൊന്നോറ
2. ഞണ്ടോടി
3. മുള്ളൻകുണ്ട് കുന്ന്
4. പള്ളീലക്കുളം
5. ഒറ്റത്തോട്ടം
6. വെള്ളക്കുണ്ട് കുന്ന്
7. കണ്ണിപ്പൊയിൽ
8. ഇരട്ടക്കുളങ്ങര
9. പലയൻ കോട്
10. അമ്മാറമ്പ്
11. പാണ്ടാന കുണ്ട്

കഴിഞ്ഞ ഏതാനും വർഷങ്ങളായി കുടിവെള്ള ക്ഷാമം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ രൂക്ഷമായിക്കൊണ്ടിരിക്കയാണ്. കിണറുകളിലെ ജല നിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്നു. ജല സംരക്ഷണ നടപടികൾ ത്വരിതപ്പെടുത്തണം എന്നുള്ളതിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. നീരുറവകളുടെ നവീകണം തോടുകളിലും പുഴകളിലും ആവശ്യമായ വി.സി.ബി.കൾ, ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം എന്നിവ വ്യാപിപ്പിക്കണം.

**കാലാവസ്ഥ.**

കാർഷിക കാലാവസ്ഥാ ഭൂപടം അനുസരിച്ച് വടക്കൻ തുളുനാട് കാർഷിക മേഖലയിൽ ആണ് ചിറ്റാരിപ്പറമ്പ് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. താരതമ്യേന മെച്ചപ്പെട്ട കാലവർഷം ലഭിക്കാറുണ്ട്. മൺസൂൺ മഴ ഇടവം, മിഥുനം, കർക്കിടകം, തുലാമാസങ്ങളിലാണ് ലഭിക്കാറുള്ളത്. തുലാവർഷം വേണ്ടത്ര ലഭിക്കാറില്ല. അതുകൊണ്ട് തന്നെ വരൾച്ചയുടെ കെടുതികളും അനുഭവിക്കേണ്ടി വരുന്നു. കുംഭം, മീനം, മേടം, മാസങ്ങളിൽ ആണ് ജലദൗർലഭ്യം അനുഭവപ്പെടുന്നത്. കുംഭം മുതൽ മേടം വരെയുള്ള മാസങ്ങളിൽ ആണ് എറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നത്. കാർഷിക ജോലികൾ പ്രധാനമായും മഴയെ ആശ്രയിച്ചാണ് നടക്കാറുള്ളത്.

**ജനപ്രകൃതി.**

96ലെ കുടുംബ സർവ്വേ പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 21881 ആണ്. ഇതിൽ 10756 പുരുഷൻമാരും 11125 സ്ത്രീകളും ഉൾപ്പെടുന്നു. ആകെ വീടുകൾ 3777 അതായത് ശരാശരി വീട് ഒന്നിനു 6 ആളുകൾ വീതമുണ്ട്

ജനസംഖ്യ സംബന്ധിച്ച വിവരങ്ങൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

| വർഷം | സ്ത്രീ | പു | ആകെ | സ്ത്രീ–പുരുഷ അനുപാതം |
|---|---|---|---|---|
| 1991 | 10778 | 10196 | 20974 | 1057 |
| 1996 | 11125 | 10756 | 21881 | 1034 |

സ്ത്രീകൾ ആണ് പുരുഷൻമാരെ അപേക്ഷിച്ച് കൂടുതൽ ഉള്ളത്. ഉയർന്ന സാക്ഷരതാ നിരക്ക് പഞ്ചായത്തിലുണ്ടെങ്കിലും ആദിവാസികൾക്കിടയിലും മറ്റ് മേഖലകളിൽ ഒറ്റപ്പെട്ടും നിരക്ഷരത നിലനിൽക്കുന്നു. സാക്ഷരതാപ്രവർത്തനത്തിന്റെ ഭാഗമായി 95%ത്തോളം സാക്ഷരത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഹിന്ദു മുസ്ലിം മതങ്ങളിൽപ്പെട്ടവരാണ് ജനങ്ങളിൽ ഭൂരിഭാഗവും – ക്രിസ്ത്യാനികൾ പൊതുവെ കുറവാണ്.

വാർഡ് തല ജനസംഖ്യാവിവര പട്ടിക ചുവടെ കൊടുക്കുന്നു.

മതവിഭാഗങ്ങൾക്കിടയിൽ പരസ്പര സഹകരണ മനോഭാവം പൊതുവേയുണ്ട് മതനിരപേക്ഷത കാത്ത് സൂക്ഷിക്കപ്പെട്ടിട്ടുണ്ട്. ജാതീയമായ വേർതിരിവുകൾ ഇപ്പോഴും കുറെയൊക്കെ നിലനിൽക്കുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പൂർണ്ണമായി തുടച്ചുനീക്കപ്പെട്ടിട്ടില്ല. ബാലികാവിവാഹങ്ങൾ വിരളമാണ്. സ്ത്രീധനസമ്പ്രദായവും ചില പ്രദേശങ്ങളിൽ നിലനിൽക്കുന്നു. ജനങ്ങളിൽ സാംസ്ക്കാരികാവബോധം നിലനിൽക്കുന്നു എങ്കിലും സാധ്യതക്കനുസരിച്ച് സാംസ്ക്കാരിക മേഖല വികസിച്ചുവന്നിട്ടില്ല. കലാകായിക സംഘടനകളുടെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെട്ടുവരേണ്ടതുണ്ട്. കായികരംഗത്ത് കുറേയൊന്നും ശ്രദ്ധിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഈ ന്യൂനത പരിഹരിക്കാൻ കഴിയണം.

പട്ടികജാതി പട്ടിക വർഗ്ഗ വിഭാവങ്ങളുടെ ജനസംഖ്യ 1347 ആണ്. മിക്കവാറും കോളനികളിലാണ് ഇവർ അധിവസിക്കുന്നത്. കുറിച്യർ, പണിയർ തുടങ്ങിയവർ ആണ് ഇവരിൽ ഭൂരിഭാഗവും. കുറിച്യർ പൊതുവേ സാമൂഹ്യ, ആരോഗ്യ, വിദ്യാഭ്യാസ രംഗങ്ങളിൽ പുരോഗതി നേടിയിട്ടുണ്ട്. പക്ഷേ പണിയ വിഭാഗം സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഇനിയും എത്തിച്ചേർന്നിട്ടില്ല.

## ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്-വാർഡ് തല ജനസംഖ്യാ വിവരപട്ടിക

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ | ഹിന്ദു | മുസ്ലീം | കൃസ്ത്യൻ | പട്ടികജാതി/ പട്ടികവർഗ്ഗം |
|---|---|---|---|---|---|---|---|
| 1. | 1502 | 1499 | 3001 | 1977 | 1002 | 22 | |
| 2. | 1850 | 2006 | 3856 | 3385 | 470 | 1 | |
| 3. | 1793 | 1754 | 3547 | 2847 | 696 | 4 | |
| 4. | 1260 | 1322 | 2582 | 2502 | 80 | – | |
| 5. | 738 | 784 | 1522 | 943 | 579 | – | |
| 6. | 524 | 531 | 1055 | 778 | 277 | – | |
| 7. | 711 | 712 | 1423 | 898 | 417 | 108 | |
| 8. | 825 | 907 | 1732 | 1433 | 282 | 17 | |
| 9. | 753 | 765 | 1518 | 1279 | 224 | 15 | |
| 10. | 800 | 845 | 1645 | 1062 | 575 | 8 | |
| | 10756 | 11125 | 21881 | 17104 | 4602 | 175 | |

(അവലംബം: 1996ലെ കുടുംബസർവ്വേ)

### വിദ്യാഭ്യാസ നിലവാരം

| | |
|---|---|
| ജനസംഖ്യ | 21881 |
| പ്രാഥമികം | 15601 |
| SSLC | 3787 |
| പ്രീ-ഡിഗ്രി | 928 |
| ബിരുദം | 349 |
| ബിരുദാനന്തരബിരുദം | 86 |
| സാങ്കേതികം | 36 |
| നിരക്ഷരർ | 1094 |

അവലംബം: 1996-ലെ കുടുംബവിവര സർവ്വേ

I
II
III
IV
V
VI
VII
VIII

# കൃഷി, ജലസേചനം

തികച്ചും കാർഷിക മേഖലയാണ് ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിലെ ഏതാണ്ട് 65 -70% ജനങ്ങളും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. പഞ്ചായത്തിലെ കാർഷികരംഗം ഇന്ന് നിരവധി പ്രശ്നങ്ങൾ നേരിടുകയാണ്.

3380 ഹെക്ടറോളം ഭൂവിസൃതിയുള്ള പഞ്ചായത്തിന്റെ അതിരുകൾ.

| | | |
|---|---|---|
| കിഴക്ക് | : | കോളയാട് ഗ്രാമപഞ്ചായത്ത് |
| പടിഞ്ഞാറ് | : | മാങ്ങാട്ടിടം ഗ്രാമപഞ്ചായത്ത് |
| തെക്ക് | : | പാട്യം പഞ്ചായത്ത് - കുത്തുപറമ്പ് മുനിസിപ്പാലിറ്റി |
| വടക്ക് | : | മാലൂർ പഞ്ചായത്ത് എന്നിവയാണ് |

കുന്നുകളും കുന്നിൻചരിവുകളും തീരസമതലങ്ങളും ഇടകലർന്നുള്ള ഒരു ഭൂപ്രദേശമാണ്. മിക്കവാറും പ്രദേശങ്ങളിൽ നാടൻ ജലസേചന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് കൃഷി ചെയ്തുവരുന്നത്. പ്രധാന കാർഷിക വിളകൾ തെങ്ങ്, കവുങ്ങ്, കുരുമുളക്, കശുമാവ്, നെല്ല് വാഴ, മരച്ചീനി, റബ്ബർ തുടങ്ങിയവയാണ്. വയലുകളിൽ കൃഷി ചെയ്തു വന്നിരുന്ന പയറു വർഗ്ഗ സസ്യങ്ങൾ ചെറുപയർ ഉഴുന്ന്, മമ്പയർ, തുവര, എള്ള് എന്നിവയുടെ കൃഷി ഇപ്പോൾ കുറഞ്ഞു വരികയാണ്. പ്ലാവ്, മാവ് തുടങ്ങിയ വൃക്ഷവിളകൾ ഗൃഹനിർമ്മാണം തുടങ്ങിയ ആവശ്യങ്ങൾക്ക് വേണ്ടി മുറിച്ചുമാറ്റപ്പെടുന്നു.

പ്രാചീന കൃഷി രീതികളെ അടിസ്ഥാനമാക്കിയാണ് മിക്ക പ്രദേശങ്ങളിലും ഇപ്പോഴും കൃഷി ചെയ്തുവരുന്നത്. വിള ക്രമത്തിൽ മാറ്റങ്ങൾ വന്നിട്ടുണ്ട് എങ്കിലും ശാസ്ത്രീയ കൃഷി രീതികൾ വേണ്ടത്ര പ്രചരിപ്പിക്കപ്പെടുന്നില്ല . പ്രധാനമായും രണ്ട് പുഴകൾ പഞ്ചായത്ത് പരിധിയിലൂടെ ഒഴുകുന്നു. കണ്ണവം പുഴ ഏതാണ്ട് 10 കി.മി നീളത്തിലും കിഴക്ക് പടിഞ്ഞാറായി ഒഴുകുന്ന ഇടുമ്പ പുഴ 5കി.മി നീളത്തിലും പഞ്ചാത്തിലൂടെ കടന്നുപോവുന്നു

കണ്ണവം, മാനന്തേരി എന്നിങ്ങനെ രണ്ട് റവന്യൂ വില്ലേജുകൾ ഉൾക്കൊള്ളുന്നതാണ് ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്. കണ്ണവം വില്ലേജിന്റെ ഭൂവിസ്തൃതി 1674 ഹെക്ടറും മാനന്തേരി വില്ലേജിന്റെത് 1706 ഹെക്ടറും ആണ്.

ജന്മിത്വ സമ്പ്രദായത്തിൻ കീഴിൽ പഞ്ചായത്തിലെ കൃഷിയിടത്തിന്റെ പൂർണ്ണ ഉടമസ്ഥത ചുരുക്കം ചില ജന്മിമാരിൽ മാത്രമായിരുന്നു. കോട്ടയം കോവിലകത്തിന്റെ കീഴീൽ സാമാന്തന്മാരായ ജന്മിമാരിൽ നിന്ന് കൃഷി ഭൂമി പാട്ടത്തിന് ''ചാർത്തി'' വാങ്ങുന്ന സമ്പ്രദായമായിരുന്നു നിലം നാല് വർഷത്തെക്കും കരഭൂമി 12 വർഷത്തേക്കും പാട്ടം നിശ്ചയിച്ച് നൽകുന്ന പതിവായിരുന്നു. കാലാവധിക്കുശേഷം വാരം പുതുക്കിനിശ്ചയിക്കാനും '' മേൽച്ചാർത്ത് '' വഴി മറ്റുള്ളവർക്ക് നൽകാനുമുള്ള അധികാരം ജന്മിമാർക്കുണ്ടായിരുന്നു കുടിയാന്മാരായ കൃഷിക്കാർ ജന്മിമാരുടെയും അവരുടെ കാര്യസ്ഥന്മാരുടെയും ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ നിർബന്ധിക്കപ്പെട്ടിരുന്നു. വാശി, നുരിവച്ചുകാണൽ തുടങ്ങിയ അക്രമപ്പിരിവുകൾ മര്യാദ പാട്ടത്തിനു പുറമെ നിലനിന്നിരുന്നു. 1929ലെ മലബാർ കുടിയായ്മ നിയമത്തോടു കൂടി നിലവിൽ വന്ന പാട്ടകോടതി അൽപകാലം മാത്രമെ നിലവിലുണ്ടായിരുന്നുള്ളു എങ്കിലും അതിനു ശേഷം മാത്രമാണ് കൃഷിക്കാർക്ക് ചെറുതായെങ്കിലും ആശ്വാസം ലഭിച്ചത്. കാവുങ്കര ഇല്ലം, ആയിത്തര തങ്ങൾ, മാനന്തേരി ദേവസ്വം, തളിയിൽ ദേവസ്വം, ശ്രീ നീലകണ്ടിഭഗവതി ദേവസ്വം എ.കെ കുഞ്ഞിമായൻ ഹാജി, തലശ്ശേരി കേയി കുടംബം, അമ്മൽ ക്കൈതേരി, കിടങ്ങുകെട്ടിയ രണ്ടുപുരയിൽ കുടുംബം, മഞ്ചക്കൽ ഇല്ലം തുടങ്ങിയവരുടെ അധീനതയിലായിരുന്നു പഞ്ചായത്തിലെ ഭൂമി മുഴുവൻ. ഇവർ നിശ്ചയിക്കുന്ന കാര്യസ്ഥൻമാർ മുഖാന്തിരമാണ് കൃഷിക്കാരിൽ നിന്ന് വാരം പിരിച്ചിരുന്നത്. 'പുറപ്പാട്' എന്നറിയപ്പെട്ട നികുതി പിരിച്ചെടുക്കുന്നതിനുള്ള അധികാരം ജന്മിമാർക്കുണ്ടായിരുന്നു അംശം അധികാരികൾ ജന്മിമാരുടെ താൽപര്യങ്ങൾക്കനുസരിച്ച് പ്രവർത്തിച്ചു പോന്നു.

അക്കാലത്തെ പ്രധാന കാർഷിക വിളകൾ നെല്ല്, കുരുമുളക്, എന്നിവയായിരുന്നു. വിളയുടെ സിംഹ ഭാഗവും കവർന്നെടുക്കുന്ന ജന്മി കാര്യസ്ഥന്മാരുടെ നടപടികളിൽ കടുത്ത രോഷം കുടിയാന്മാരിൽ നിലനിന്നു പോന്നു കൃഷിക്കാർക്കിടയിൽ പരസ്പര സഹകരണ മനോഭാവം ഉണ്ടായിരുന്നതിനാൽ മെച്ചപ്പെട്ട ഉൽപാദനം ഉണ്ടായിരുന്നു. തോട്, കുളം എന്നിവയിൽ നിന്ന് കൈവഴി കളിലൂടെ ജലസേചനം നടത്തിയിരുന്നു നിലമുഴുന്നതിന് കാളകളെയാണ് ഉപ

യോഗിച്ചിരുന്നത്. അക്കാലത്ത് ഇന്നത്തെ രീതിയിലുള്ള രാസവളം ലഭ്യമല്ലായിരുന്നു. പച്ചിലവളം യഥേഷ്ടം കിട്ടുമായിരുന്നു. കീടനാശിനികളായി കാര്യമായി ഒന്നും തന്നെ പ്രായോഗിച്ചിരുന്നില്ല. വെണ്ണീർ, ഈന്തച്ചക്ക തുടങ്ങിയവ വയലുകളിൽ കീടനിയന്ത്രണത്തിനായി ഉപയോഗിച്ചിരുന്നു. കരഭൂമിയിൽ വ്യാപകമായി നടത്തിയിരുന്ന പുനം കൃഷി മെച്ചപ്പെട്ട രീതിയിലുള്ള ഉൽപാദനം നൽകിയിരുന്നു. കർത്തിയെടുക്കൻ, ചോമാല, പെരിവിത്ത്, ചോല പെരിവിത്ത്, കോയ്യോള, നവര, നാരോന്നവര തുടങ്ങിയ വിത്തുകളാണ് കരകൃഷിക്ക് ഉപയോഗിച്ചു വന്നത്. പുനം കൃഷിയുടെ ഇടവിളകളായി തുവര, ചാമ, മുത്താറി, ചോളം,കടുക്,തിന എന്നിവയും വെള്ളരി, കുമ്പളം, പച്ചമുളക്, കത്തീരി (കക്കിരി) തുടങ്ങിയ പച്ചക്കറിയിനങ്ങളും ധാരാളമായി കൃഷി ചെയ്തുവന്നിരുന്നു:

**കൃഷിരീതികൾ ഇന്ന്:**

കാർഷിക കാലാവസ്ഥാ ഭൂപടമനുസരിച്ച് വടക്കൻതുളുനാട് കാർഷിക മേഖലയിലാണ് ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. പൊതുവെ മെച്ചപ്പെട്ട മഴ ലഭിക്കാറുണ്ട് എങ്കിലും ജലസംരക്ഷണ നടപടികളുടെ അഭാവം മൂലം മഴവെള്ളം പൂർണ്ണമായും ഉപയോഗിക്കപ്പെടുന്നില്ല. വയലുകളിൽ മഴക്കാലത്ത് വെള്ളപ്പൊക്കം മൂലവും വേനൽക്കാലത്ത് വരൾച്ചമൂലവും കൃഷിനാശമുണ്ടാവാറുണ്ട്.

1950കളിൽ നിലവിലുണ്ടായിരുന്ന നെൽ വയലുകളുടെ ഏതാണ്ട് 10% മാത്രമാണ് ഇപ്പോൾ നെൽകൃഷി ചെയ്യുന്നതിനായി ഉപയോഗിച്ചുവരുന്നത്.നെൽവയലുകൾ തെങ്ങ്, കവുങ്ങ് തുടങ്ങിയ ദീർഘകാല വിളകൾക്കും കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും വേണ്ടി ഉപയോഗപ്പെടുത്തുകയാണ്. വയലുകളിൽ ഉപയോഗിച്ചുവന്ന വിത്തിനങ്ങളായ കയമ, തവളക്കണ്ണൻ, ചിറ്റേനി, പൊന്നാര്യൻ, ജീരകശാല തുടങ്ങിയ വിത്തിനങ്ങൾ ഇന്ന് അപൂർവ്വമായേ ഉപയോഗിക്കുന്നുള്ളു.നവര ജ്യോതി, ജയ, പവിഴം, മസൂരി, ചുവന്ന ത്രിവേണി I-R-8 തുടങ്ങിയ അത്യുൽപ്പാദന ശേഷിയുള്ള വിത്തുകൾ കൃഷി ചെയ്യപ്പെടുന്നുണ്ട്. മുണ്ടകൻ കൃഷിരീതി ഇപ്പോഴും നിലവിലുണ്ട്.

ജനാഭിലാഷത്തിന്റെ സാക്ഷാത്കാരമെന്ന നിലയിൽ കൊണ്ടു വരപ്പെട്ട കാർഷിക ഭൂപരിഷ്കരണ നിയമത്തെ തുടർന്ന് കൃഷി ഭൂമിയുടെ അവകാശികളായി കൈവശ കൃഷിക്കാർ മാറ്റപ്പെട്ടു. കൃഷി ഭൂമി തുണ്ടവൽക്കരിക്കപ്പെട്ടത് കാർഷികോൽപാദനം കുറയാൻ ഇടയാക്കി. ഇന്ന് നെൽവയലുകൾ കുറഞ്ഞുവരാൻ പ്രധാനപ്പെട്ട കാരണങ്ങൾ വേണ്ടസമയത്ത് തൊഴിലാളികളെ ലഭിക്കായ്ക, ഉൽപാദനോപാധികളുടെ വിലവർദ്ധനവ് എന്നിവയാണ്. വയലുകൾ നികത്തപ്പെടുന്ന പ്രവണതക്ക് പരിഹാരം കാണണമെങ്കിൽ കൃഷിക്കാർക്കിടയിൽ ബോധവൽക്കരണവും നിലവിലുള്ള ഭൂവിനിമയ നിയമം ഫലപ്രദമായി നടപ്പാക്കുകയും വേണം.

പഞ്ചായത്തിലെ ഭൂവിസ്തൃതി, പ്രധാന കാർഷിക വിളകൾ, വിളവിസ്തീർണ്ണം തുടങ്ങിയവ ചുവടെ കൊടുക്കുന്നു.

| ഭൂമി ഇനം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നിലം | 102 |
| പുരയിടം | 2872 |
| പുറമ്പോക്ക്/വനം | 384 |
| കൃഷിയോഗ്യതരിശ് | 16 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 6 |
| ആകെ | 3380 |

അവലംബം: കൃഷിഭവൻ രേഖകൾ

വിള – വിസ്തീർണ്ണം

| ഇനം | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|
| നെല്ല് (ഒന്നാംവിള) | 102 | 3 |
| " (രണ്ടാംവിള) | 70 | - - |
| " (മൂന്നാംവിള) | 32 | - - |
| കവുങ്ങ് | 542 | 10 |
| തെങ്ങ് | 1305 | 25 |
| കശുമാവ് | 407 | 23 |
| കുരുമുളക് | 308 | 11 |
| റബ്ബർ | 125 | 6 |
| വാഴ | 184 | 5 |
| മിശ്രിതവിളകൾ | 385 | 17 |

020

കേരളത്തിലെ ശരാശരി ആളോഹരി ഭൂലഭ്യം 32 സെന്റാണ് കണ്ണൂർ ജില്ലയുടെത് 30 സെന്റ് പഞ്ചായത്തിന്റെത് 37 സെന്റ് ആണ്.

മണ്ണിന്റെ ഘടന

| | |
|---|---|
| ലാറ്ററേറ്റ് | 80% |
| ചരൽമണ്ണ് | 8% |
| ചതുപ്പ് | 2% |
| ഫോറെസ്റ്റ് സോയിൽ | 10% |

എന്നിങ്ങനെയാണ്

അവലംബം: കൃഷിഭവൻ രേഖകൾ

നെൽവയലുകൾ കരയായി മാറ്റപ്പെടുന്നതോടൊപ്പം തന്നെ വാഴ, കവുങ്ങ്, തെങ്ങ് കൃഷി വ്യാപിച്ചു വരുന്നു എന്നാൽ വയലുകളിലെ തെങ്ങ് കൃഷി പൊതുവെ മോശമായിട്ടാണ് കാണപ്പെടുന്നത് കശുമാവ് കൃഷിക്ക് അനുയോജ്യമായമണ്ണാണെങ്കിലും കുറഞ്ഞ് വരുന്ന പ്രവണതയാണ്. ഇവയുടെ സ്ഥാനത്ത് റബ്ബർ കൃഷി വ്യാപിക്കുകയാണ്. ഭൂമിതരിശിടുന്ന പ്രവണത പ്രായേണ കുറവാണ്.

പ്രധാന വിളകളും ഉൽപാദനവും ഉൽപാദന ക്ഷമതയും ചുവടെ.

| വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉൽപ്പാദനം (കിലോ) | ഉൽപ്പാദനക്ഷമത (ഹെക്ടറിന്) |
|---|---|---|---|
| നെല്ല് (ഒന്നാംവിള) | 102 | 280500 | 2750 |
| നെല്ല് (രണ്ടാംവിള) | 70 | 182000 | 2600 |
| നെല്ല് (മൂന്നാംവിള) | 32 | 80000 | 2500 |
| പയറുവർഗ്ഗങ്ങൾ | 12.8 | 3456 | 270 |
| എള്ള് | 4 | 1360 | 340 |
| പച്ചക്കറികൾ | 80 | 96000 | 1200 |
| തെങ്ങ് | 1305 | 685 1250 (എണ്ണം) | തെങ്ങ് ഒന്നിന് ശരാശരി 37 തേങ്ങ |
| വാഴ | 164 | 3116000 | 19000 |
| മരച്ചീനി | 53 | 742000 | 14000 |
| കുരുമുളക് | 368 | 132480 | 360 |
| പ്ലാവ് | -- | 262080 (എണ്ണം) | 1 പ്ലാവ് 12 ചക്ക |
| കശുമാവ് | 405 | 324000 | 800 |
| മാവ് | 119 | 892500 | 7500 |
| റബ്ബർ | 51 | 35700 | 700 |
| കവുങ്ങ് | 536 | 134000 | 200 അടക്ക 1 കവുങ്ങിന് |
| ഇഞ്ചി | 10 | 30000 | 3000 |
| മഞ്ഞൾ | 6 | 19200 | 3200 |
| കൈതച്ചക്ക | 10.6 | 127200 | 12000 |
| കൊക്കോ | 1.6 | 560 | 350 |

അവലംബം: കൃഷിഭവൻരേഖകൾ

**ജലസേചനം :** – ആധുനിക ജലസേചന സൗകര്യങ്ങൾ വേണ്ടത്രയില്ലത്ത പഞ്ചായത്തിൽ മഴയെ അശ്രയിച്ചാണ് പ്രധാനമായും കൃഷി നടന്നു വരുന്നത് മെൻമുൻ വർഷപാതവും തുലാവർഷവും മെച്ചപ്പെട്ട നിലയിൽ ലഭിച്ചുവരാറുണ്ട്. മഴവെള്ളം സംരക്ഷിച്ചു നിർത്താൻ കഴിയാറില്ല. ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണെങ്കിൽ കാർഷികോൽപ്പാദനം മെച്ചപ്പെടുത്താൻ കഴിയും അനവധി നീരുറവകളും, കുളങ്ങൾ, തോടുകൾ, പുഴകൾ, എന്നിവയും മഴവെള്ളവും കൃഷി ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉപയുക്തമാക്കൻ കഴിയണം. ഒഴുകിപ്പോകുന്ന ജലം സംരക്ഷിച്ചു നിർത്താൻ നടപടികൾ ഉണ്ടായിട്ടില്ല. റഗുലേറ്ററുകളോ വി.സി.ബി കളോ പഞ്ചായത്തിൽ നിലവിലില്ല. പൂഴിയോട് ആനക്കല്ല് തോടിൽ തകർന്ന നിലയിൽ ഒരു വി.സി.ബി യുടെ സ്പാനുകൾ ശേഷിക്കുന്നുണ്ട്. അങ്ങാടിപ്പൊയിൽ കുളം, അരീക്കര കുളം, കാവിൻമൂല – പാറത്തോട്, എടവേലിക്കൽ – കാപ്പുമ്മൽതോട്, തൊടീക്കളം പാടശേഖര സമിതി കുളം. പരുമ വയൽ കുളം, പരശുർകുളം തുടങ്ങിയ ജല സ്രോതസുകളും പാഴായിപ്പോകുന്ന മഴവെള്ളവും ഫലപ്രദമായി ഉപയോഗിച്ചാൽ ഇന്നുള്ള ജല ദൗർലഭ്യം പരിഹരിക്കാൻ കഴിയും.

നിലവിലുള്ള ജലസേചന സംവിധാനങ്ങൾ

| വാർഡ് | പൊതുകിണർ | കുഴൽകിണർ | കുളം |
|---|---|---|---|
| 1 | | 1 | |
| 2 | 3 | | 3 |
| 3 | 1 | 4 | 1 |
| 4 | 4 | – | – |
| 5 | 1 | – | 1 |
| 6 | 2 | – | 1 |
| 7 | 1 | – | – |
| 8 | – | 1 | – |
| 9 | 2 | – | – |
| 10 | 4 | – | 1 |

കുഴൽ കിണറുകൾ പൊതുകിണറുകൾ എന്നിവ ജലസേചനത്തിനായി ഉപയോഗിക്കാൻ കഴിയാറില്ല. ഇവ കുടിവെള്ള സൗകര്യത്തിന് വേണ്ടിയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കണ്ണവം ഇടുമ്പ പുഴകളുടെ കര പ്രദേശങ്ങളിൽ പൊതുവേ മെച്ചപ്പെട്ട ഉൽപാദനം ലഭിക്കാറുണ്ട്. പുഴകളിൽ റഗുലേറ്ററുകൾ സ്ഥാപിക്കുകയാണെങ്കിൽ കണ്ണവം – കൂടൽ, ആലപ്പറമ്പ് – മൊടോളി, പുവത്തിൻ കീഴിൽ വട്ടോളി, മൊടപ്പുന്നൂർ എന്നീ പ്രദേശങ്ങളിലെ കൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയും. വൈദ്യുതിയുടെ അഭാവം മിക്ക പ്രദേശങ്ങളിലും ജലസേചനത്തിന് പമ്പുസെറ്റുകൾ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കുന്നുണ്ട്. 221 ഓളം പോർട്ടബിൾ പമ്പുസെറ്റുകൾ പഞ്ചായത്തിൽ ജലസേചനത്തിനായി ഉപയോഗിക്കുന്നുണ്ട്. ഇലക്ട്രിക്ക് മോട്ടോറുകളുടെ പ്രയോഗവും അടുത്ത കാലത്തായി വർദ്ധിച്ചു വരുന്നുണ്ട്.

**പ്രധാന വിളകൾ:**

**തെങ്ങ്:** 1305 ഹെക്ടറിൽ തെങ്ങ് കൃഷിയുള്ള പഞ്ചായത്തിലെ ശരാശരി തേങ്ങ ഉൽപാദനം തെങ്ങ് ഒന്നിന് 37 ആണ്. സംസ്ഥാന ശരാശരിക്ക് തുല്യമാണിത്. തെങ്ങിന് ശാസ്ത്രീയ പരിചരണ മുറകൾ വേ

ണ്ടത്ര ലഭിക്കുന്നില്ല. മണ്ണ് പരിശോധന നടത്താത്തതിനാലും വിദഗ്ദ ഉപദേശത്തിന്റെ അഭാവത്തിലും ഉൽപാദനക്കുറവ് അവുഭവപ്പെടുന്നുണ്ട്. തെങ്ങുകൾക്ക് കണ്ടുവരുന്ന പ്രധാന രോഗങ്ങൾ കൂമ്പുചീയൽ, മഞ്ഞളിപ്പ്, ചെന്നീരൊലിപ്പ് തുടങ്ങിയവയാണ്. തെങ്ങ് കൃഷിസംബന്ധിച്ച വാർഡ് അടിസ്ഥാനപ്പെടുത്തിയുള്ള കണക്ക് ചുവടെ കൊടുക്കുന്നു.

| വാർഡ് | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | രോഗം ബാധിച്ചവ | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | ലീഫ്റോട്ട് | ബഡ്റോട്ട് | സ്റ്റബ്ബീഡിംഗ് | മറ്റുളളവ | ആകെ |
| 1 | 170 Hec. | 5950 | 23800 | 29750 | 300 | 594 | 700 | 200 | 1794 |
| 2 | 210 Hec. | 7350 | 29400 | 36750 | 250 | 734 | 800 | 100 | 1884 |
| 3 | 190 Hec. | 6650 | 26600 | 33250 | 200 | 664 | 300 | 50 | 1214 |
| 4 | 216 Hec. | 7350 | 29400 | 36750 | 200 | 380 | 400 | 100 | 1884 |
| 5 | 139 Hec. | 4725 | 18900 | 23625 | 100 | 310 | 380 | 50 | 840 |
| 6 | 50 Hec. | 1750 | 7000 | 8750 | 40 | 90 | 82 | 38 | 250 |
| 7 | 80 Hec. | 2800 | 11200 | 14000 | 40 | 190 | 210 | 40 | 480 |
| 8 | 100 Hec. | 3500 | 14000 | 17500 | 90 | 160 | 230 | 70 | 550 |
| 9 | 90 Hec. | 3150 | 12600 | 15750 | 88 | 210 | 240 | 20 | 558 |
| 10 | 60 Hec. | 2450 | 9800 | 12250 | 60 | 130 | 140 | 30 | 360 |
| ആകെ | 1305 Hec. | 45675 | 182700 | 238375 | 1368 | 3462 | 3482 | 698 | 12010 |

അവലംബം: കൃഷിഭവൻ രേഖകൾ

കവുങ്ങ്: 542 ഹെക്ടർ വ്യാപ്പിച്ചു കിടക്കുന്നകവുങ്ങ് കൃഷി പഞ്ചായത്തിലുണ്ട്. മിക്കവാറും നാടൻ ഇനത്തിൽ പ്പെട്ട കവുങ്ങുകളാണുള്ളത്. അടക്ക ഉൽപാദനം ശരാശരി 200 ആണ്. അടുത്തകാലത്തായി വയലുകൾ നികത്തിയും കവുങ്ങ് കൃഷി നടത്തിവരുന്നുണ്ട്. മംഗള കാസർകോടൻ ഇനത്തിൽപ്പെട്ട കവുങ്ങിൻ തയ്കളാണ് ഇങ്ങനെ ജല ലഭ്യതയുള്ള പ്രദേശങ്ങളിൽ കൃഷിചെയ്യപ്പെടുന്നത്. കവുങ്ങ് കൃഷിയിലെ ഉൽപന്നങ്ങൾ ചെറുകിട കർഷകർക്ക് സ്വന്തമായി ശേഖരിക്കാൻ കഴിയാറില്ല. 1വർഷത്തെ ഉൽപാദനം വിലനിശ്ചയിച്ച് പാട്ടം കൊടുക്കുന്ന സംവിധാനം പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. ഈ വ്യവസ്ഥ കാരണം കവുങ്ങ് കൃഷിയിൽ നിന്നുള്ള വരുമാനം പൂർണ്ണമായും കൃഷിക്കാർക്ക് ലഭിക്കുന്നില്ല. പാകമാവുമ്പോൾ അടക്ക കൃത്രമായി ശേഖരിക്കുന്നതിന് തൊഴിലാളികളെ വേണ്ടത്ര കിട്ടാത്ത നിലയുണ്ട്. മഹാളി രോഗം കവുങ്ങ് കൃഷിയെ മാരകമായി ബാധിച്ചിട്ടുള്ള ഒരു വിപത്താണ്. ഇത് ബാധിച്ചു കഴിഞ്ഞാൽ അടക്കകൾ ഏതാണ്ട് മുഴുവനായും വീണ് നശിക്കുകയാണ്. ഇതിന് പരിഹാരമായി കാലവർഷാരംഭത്തോടെ കവുങ്ങിന് മരുന്ന് തളിക്കുന്നത് കർഷകർ പതിവാക്കിയിട്ടുണ്ട്. ചുരുക്കം ചില പ്രദേശങ്ങളിൽ തിരിമുട്ടൽ രോഗവും കണ്ടുവരുന്നുണ്ട്.

കുരുമുളക് ചെടികളിൽ സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ ദ്രുതവാട്ടം, പൊള്ളു് അടിച്ചിൽ തുടങ്ങിയവയാണ്. കശുമാവിന് തേയിലക്കൊതുകിന്റെ ആക്രമണ മൂലം പൂക്കുന്ന സമയത്ത് പുകരിച്ചിൽ സാധാരണ കണ്ടുവരാറുണ്ട്. ഇതിനെതിരെ മരുന്ന് തളിക്കുന്നതിന് അടുത്ത കാലത്തായി കർഷകർ തയ്യാറാവുന്നുണ്ട്. നെല്ലിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ പോളചിയൽ, പുഴു ബാധ ( ഇലചുരുട്ടി പ്പുഴു ) കുലവാട്ടം തുടങ്ങിയവാണ്.

**രാസവളങ്ങൾ – കീടനാശിനികൾ:** മണ്ണ് പരിശോധനാ സൗകര്യങ്ങൾ പഞ്ചായത്തിൽ ഇന്ന് ലഭ്യമല്ല. പരിശോധനക്കായി മണ്ണ് സാമ്പിളുകൾ കൃഷി ഭവനിൽ എത്തിക്കാറുണ്ട് എങ്കിലും കർഷകർക്ക് പരിശോധനാറിപ്പോർട്ടുകൾ ലഭക്കാറില്ല. പരിശോധന നടത്താതെയുള്ള രാസവള പ്രയോഗം നിമിത്തം മണ്ണിന്റെ അമ്ലത്വം വർദ്ധിക്കാനിടയാക്കി. ജൈവ വളങ്ങളും പച്ചില വളങ്ങളും ഇന്ന് വേണ്ടത്ര ലഭ്യമല്ല. കമ്പോസ്റ്റ് വളം ഉൽപാദനത്തിന് വേണ്ടത്ര പ്രോൽസാഹനം ലഭിക്കുന്നില്ല. കീടനാശിനികളുടെ അമിതമായ ഉപയോഗവും കൃഷിക്ക് ഗുണത്തേക്കാളേറെ ദോഷമാണ് വരുത്തിവെക്കുന്നത്. നെൽ വയലുകളിലും തോട് – കുളങ്ങളിലും സുലഭമായിരുന്ന നാടൻ മത്സ്യങ്ങൾ തവളകൾ എന്നിവയുടെ നാശത്തിന് അമിതമായ കീടനാശിനി പ്രയോഗം കാരണമായിട്ടുണ്ട്. കൃഷിക്ക് ഉപകാരികളായ കീടങ്ങളും ഇതു വഴി നശിപ്പിക്കപ്പെടുന്നു. തേനീച്ച വളർത്തലിനെയും ഇത് പ്രതികൂലമായി ബാധിക്കുന്നുണ്ട്. കീടനാശിനികളുടെ ശാസ്ത്രീയ രീതിയിലുള്ള ഉപയോഗവും ജൈവ കീടനാശിനികളുടെ വ്യപകമായ ഉപയോഗവും മൂലം ഈ വിപത്തുകൾക്ക് പരിഹാരം കാണാൻ കഴിയും. പഞ്ചായത്തിലെ കഴിഞ്ഞ 3 വർഷത്തെ രാസവള കീടനാശിനി വിപണന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | | 1993–94 | | | 1994–95 | | | 1996–97 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസ വളം | കീടനാശിനി | | രാസ വളം | കീടനാശിനി | | രാസ വളം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| | ആകെ | 770 ടൺ | 460 ലി. | 5.1 ടൺ | 850 ടൺ | 525 ലി. | 5.45 ടൺ | 880 ടൺ | 580 ലി. | 5.71 ടൺ |

**കൃഷി രീതികൾ:**

നെൽ വയലുകളിൽ ഉഴുതു മറിക്കാൻ നാടൻ കലപ്പകളുപയോഗിച്ചുള്ള കാലിപ്പൂട്ടൽ ഇന്ന് തീരെ അപ്രത്യക്ഷ്യമായിരിക്കുകയാണ്. അവശേഷിക്കുന്ന നെൽ വയലുകൾ ഉഴുത് മറിക്കാൻ പവർ ട്രില്ലറുകളാണ് ഇപ്പോൾ ഉപയോഗിച്ചു വരുന്നത്. കാർഷിക മേഖലയിൽ നിന്നുള്ള കൂലിവരുമാനം മറ്റ് തൊഴിലുകളെ അപേക്ഷിച്ച് താഴ്ന്നതാകയാൽ പുതിയ തലമുറയിൽപ്പെട്ട യുവതീ യുവാക്കൾ കാർഷിക പ്രവർത്തികളിലേക്ക് ആകർഷിക്കപ്പെടുന്നില്ല. മുൻകാലങ്ങളിൽ പറമ്പുകളിൽ വർഷത്തിൽ രണ്ട് തവണ 'കിളച്ചിടൽ' (കൊത്ത്) നടക്കാറുണ്ടായിരുന്നു. കാലവർഷാരംഭത്തിൽ കർക്കിട മാസത്തിലും വർഷാവസാനം തുലാമാസത്തിലും ഇവ യഥാക്രമം കർക്കടക കൊത്ത്, തുലാക്കൊത്ത് എന്നിങ്ങനെ അറിയപ്പെടുന്നു ഇന്ന് ചില കൃഷിക്കാർ തുലാമാസത്തിൽ ഒരു തവണ മാത്രമെ തൊടികൾ കിളപ്പിക്കാറുള്ളു വിള വരുമാനം കുറഞ്ഞു വരുന്നതും തൊഴിലാളികളുടെ കൂലിക്കനുസരിച്ച് ജോലിചെയ്യുന്നില്ല എന്ന പരാതിയും വേണ്ടത്ര ജോലിക്കാരെ കിട്ടാത്ത അവസ്ഥയും കൃഷിക്കാർക്ക് കാർഷിക വൃത്തിയോടുള്ള അഭിമുഖ്യം കുറയാൻ ഇടയാക്കുന്നുണ്ട്.

**കൃഷിഭവൻ:**

പഞ്ചായത്തിന്റെ ഏതാണ്ട് മധ്യ ഭാഗത്തായി ചിറ്റാരിപ്പറമ്പിലാണ് കൃഷിഭവൻ സ്ഥിതിചെയ്യുന്നത്. ഒരു കൃഷി ഓഫീസറും മൂന്ന് കൃഷി അസിസ്റ്റന്റുമാരുമാണ് ഓഫീസിലുള്ളത്. വാടക കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിക്കുന്നത്. ഓഫീസ് പ്രവർത്തനം പൊതുവെ മെച്ചമാണ്. ഏങ്കിലും കാർഷിക ആനുകൂല്യങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാ മേഖലയിലുമുള്ളവരിൽ എത്തുന്നില്ല എന്നവിമർശനം നിലനിൽക്കുന്നു കൃഷി ഭവനു കീഴിൽ ഒരു കേരകർഷകസമിതി, കുരുമുളക് സംരക്ഷണസമിതി, പാടശേഖര സമിതികൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. പാടസേഖര സമിതികൾ താഴെപറയുന്നവയാണ്.

1) കാവിന്മൂല പാടശേഖര സമിതി
2) അരീക്കര പാടശേഖര സമിതി
3) വട്ടോളി പാടശേഖര സമിതി
4) മൊടോളി പാടശേഖര സമിതി
5) മുയ്യോറത്ത് പാടശേഖര സമിതി
6) മൊടപ്പത്തൂർ പാടശേഖര സമിതി
7) ഇടുമ്പ പാടശേഖര സമിതി
8) തൊടീക്കളം പാടശേഖര സമിതി

ഉൽപ്പാദിത നെൽ കൃഷി വികസനം ലക്ഷ്യമാക്കി രൂപീകരിക്കപ്പെട്ട സമിതികളുടെ പ്രവർത്തനം വേണ്ടത്ര സജീവമല്ല. അടുത്ത കാലം വരെ മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചു വന്ന മുയ്യോറത്ത് പാടശേഖര സമിതിയുടെ പ്രവർത്തനവും ഇപ്പോൾ വേണ്ടത്രയില്ല. തൊടീക്കളം പാട ശേഖരത്തിലാണ് ഏറ്റവും കൂടുതൽ വയലുകൾ ഉള്ളത്. നിലവിൽ ഉപയോഗിച്ചുവരുന്ന കാർഷിക യന്ത്രങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് | ട്രില്ലർ | റോക്ക് സ്പ്രെയർ | നാപ്സ്റ്റാക്ക് സ്പ്രെയർ | കൊപ്ര ഡ്രയർ | പോർട്ടബിൾ പമ്പുസെറ്റുകൾ |
|---|---|---|---|---|---|
| 1 | | 3 | 2 | | 12 |
| 2 | | 11 | 4 | 1 | 24 |
| 3 | | 8 | 5 | 1 | 13 |
| 4 | | 13 | 5 | – | 66 |
| 5 | | 8 | 3 | 1 | 23 |
| 6 | | 7 | 4 | | 30 |
| 7 | 2 | 12 | 4 | | 18 |
| 8 | | 8 | 3 | | 15 |
| 9 | | 13 | 3 | | 12 |
| 10 | | 7 | 2 | | 8 |
| ആകെ | | 90 | 35 | 3 | 221 |

അവലംബം: കൃഷിഭവൻ

**കൂലിസേവന വ്യവസ്ഥകൾ:**

കൃഷി മേഖലയിൽ മറ്റ്തൊഴിൽ മേഖലകളെ അപേക്ഷിച്ച് താഴ്ന്ന കൂലിനിരക്കാണ് നിലവിലുള്ളത്. അതുകൊണ്ട് തന്നെ ജനങ്ങൾ ഈ മേഖലയിലേക്ക് വേണ്ടത്ര ആകർഷിക്കപ്പടുന്നില്ല. കാർഷിക വരുമാനവുമായി താരതമ്യം ചെയ്തു നോക്കുമ്പോൾ ഇപ്പോഴത്തെ കൂലിനിരക്ക് പോലും താങ്ങാനാവാത്തതാണെന്ന അഭിപ്രായമാണ് കൃഷിക്കാർക്കുള്ളത്.

പഞ്ചായത്തിൽ 1900 ആളുകൾ കർഷക തൊഴിലാളികളായുണ്ട്. ഏകീകരിച്ച കൂലി നിരക്ക് പഞ്ചായത്തിൽ ഇന്ന് നിലവിലില്ല. സേവന വ്യവസ്ഥകളും പ്രാദേശികമായി വ്യത്യസ്ത രീതിയിലാണ്. സേവന വേതന വ്യവസ്ഥകളിൽ കർഷക – കർഷക തൊഴിലാളികൾക്കിടയിൽ പരസ്പരം ഭിന്നതകൾ ഉണ്ടാവാറുണ്ട്. ഈരംഗങ്ങളിൽ കർഷകർക്കും തൊഴിലാളികൾക്കും സംഘടനകൾ ഉണ്ടെങ്കിലും യോജിച്ച തീരുമാനമുണ്ടാക്കാൻ സാധിക്കാറില്ല. വയലുകളിലും തൊടികളിലുമുള്ള കൊത്ത്, കിളതുടങ്ങിയ ജോലികൾക്ക് പുരുഷൻമാർക്ക് രാവിലെ 8 മണിമുതൽ ഉച്ചക്ക് 1 മണിവരെയുള്ള ജോലിക്ക് 45–50 രൂപവരെ വേതനം നൽകിവരുന്നുണ്ട്. സ്ത്രീകളുടെ ജോലിസമയം 8 മണിമുതൽ 1.30 വരെയാണ്. 25–30 രൂപയാണ് നിലവിലുള്ള കൂലിനിരക്ക്. പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികൾക്ക് വേതനനിരക്ക് താഴ്ന്നതാണ്. വയലുകളിലെ നടീൽ ജോലികൾ, കൊയ്ത്ത്, മെതി തുടങ്ങിയ ജോലികൾ സ്ത്രീകൾ വൈകുന്നേരം 5 മണിവരെ ചെയ്യാറുണ്ട്. 35 രൂപയാണ് ഇതിന് നല്കുന്ന കൂലി. കൊയ്ത്ത്, മെതി ജോലികൾക്ക് നെല്ല് കൂലിയായി നല്കുന്ന സമ്പ്രദായവും നിലവിലുണ്ട്. പുരുഷൻമാർക്ക് വൈകുന്നേരം വരെയുള്ള ജോലിക്ക് രണ്ട്നേരം ഭക്ഷണത്തോട് കൂടി 80 രൂപ വേതനം നൽകി വരുന്നു.

**വായ്പാ സൗകര്യം:**

കാർഷിക ചെലവുകൾ നേരിടുന്നതിന് കർഷകർ ബേങ്കുകളെയും മറ്റ് വായ്പാ സംരംഭകരെയും ആശ്രയിച്ചുവരുന്നു. പ്രധാന കാർഷികവായ്പാ വിതരണ സ്ഥാപനങ്ങൾ കണ്ണവം സർവീസ് സഹകരണ ബേങ്ക്, ചിറ്റാരിപ്പറമ്പ് സർവീസ് സഹകരണ ബേങ്ക്, നോർത്ത് മലബാർ ഗ്രാമീൺ ബേങ്ക് ചിറ്റാരിപ്പറമ്പ് ശാഖ തുടങ്ങിയവയാണ്. കൂടാതെ തലശ്ശേരി പ്രാഥമിക കാർഷിക ഭൂവികസന ബേങ്ക്, വിജയ ബേങ്ക് കൂത്തുപറമ്പ്, സ്റ്റേറ്റ് ബേങ്ക് കൂത്തുപറമ്പ് ശാഖ എന്നീ സ്ഥാപനങ്ങളും കാർഷിക വായ്പകൾ കൃഷിക്കാർക്ക് ലഭ്യമാക്കാറുണ്ട്. പഞ്ചായത്തിലെ വായ്പാ സ്ഥാപനങ്ങൾ കഴിഞ്ഞ മൂന്ന് വർഷക്കാലം അനുവദിച്ച കാർഷിക കടങ്ങളുടെ പട്ടിക ചുവടെ

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വായ്പ 1993–94 | വായ്പ 1994–95 | വായ്പ 1995–96 |
|---|---|---|---|---|
| 1. | കണ്ണവം S. C. Bank | 8,93,500 | 9,60,000 | 14,85,000 |
| 2. | ചിറ്റാരിപ്പറമ്പ് S.C. Bank | 7,36,000 | 10,41,500 | 10,26,500 |
| 3. | ഗ്രാമീൺ ബാങ്ക്, ചിറ്റാരിപ്പറമ്പ് | 15,29,250 | 23,80,000 | 34,77,000 |
| | ആകെ | 31,58,750 | 43,81,500 | 59,88,500 |

താരതമ്യേന ചുരുങ്ങിയ പലിശ നിരക്കിൽ നൽകി വരുന്ന കാർഷിക വായ്പകൾ കൃഷി മെച്ചപ്പെടുത്തുന്നതിന് വേണ്ടിയല്ല മിക്ക കർഷകരും ഉപയോഗിച്ചു വരുന്നത്.

**വിത്ത് നടീൽ വസ്തുവിതരണം:**

കർഷകർക്ക് ആവശ്യമായ വിത്തുകൾ മറ്റ് നടീൽ വസ്തുക്കൾ എന്നിവ നൽകുന്നതിന് ഇന്ന് സംവിധാനം പഞ്ചായത്തിൽ വേണ്ടത്രയില്ല. സ്വകാര്യ നഴ്സറികൾ ചുരുക്കം ചില കർഷകർ ഉണ്ടാക്കാറുണ്ട്. കൃഷി ഭവനുകളിലൂടെ നാമ മാത്രമായരീതിയിൽ വിത്തുകളും, തെങ്ങ്, കവുങ്ങ്, കുരുമുളക് ചെടികൾ എന്നിവയും വിതരണം ചെയ്യാറുണ്ട്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കൃഷി ഭവൻവക വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ പട്ടിക ചുവടെ.

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 550 | 280 | 1,130 |
| കശുമാവ് | 3420 | -- | 720 |
| കുരുമുളക് | 3000 | 21,000 | 11,500 |
| കവുങ്ങ് | | 100 | 100 |
| ജാതിക്ക | 80 | 10 | 150 |
| മാവ് | 185 | 30 | 60 |
| മഞ്ഞൾ | -- | 75 കി. | -- |
| മുളക് വിത്ത് | -- | 2 കി. | -- |
| പേര | -- | 100 | -- |
| പച്ചക്കറിപേക്കറ്റ് (സ്ക്കൂൾ) | -- | 495 | 500 |
| ചണമ്പ് വിത്ത് | -- | -- | 900 കി. |
| ഉഴുന്ന് വിത്ത് | -- | -- | 80 കി. |
| പയർ വിത്ത് | -- | 324 കി. | 161 കി. |
| ഗ്രാമ്പു | -- | 30 | 30 |
| എള്ള് | -- | 20 കി. | -- |

പ്രകൃതിക്ഷോഭ ദുരിതാശ്വാസ നടപടികൾ വേണ്ടത്ര കർഷകർക്ക് പ്രയോജനപ്പെടുന്നില്ല. ലഭിക്കുന്ന ദുരിതാശ്വാസ തുക തീരെ അപര്യാപ്തമാണ്. വിള ഇൻഷുറൻസ് സൗകര്യം അടുത്തയിടെ നിലവിലുണ്ടെങ്കിലും കർഷകർ ഇതെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ല. കാലവർഷത്തോടനുബന്ധിച്ചുണ്ടാവാറുള്ള ശക്തമായ കാറ്റിൽ തെങ്ങ്, വാഴ, കവുങ്ങ് തുടങ്ങിയ കാർഷിക വിളകൾക്ക് നാശമുണ്ടാവാറുണ്ട്. 94- 95 സാമ്പത്തിക വർഷം കൃഷി ഭവൻ വഴി ദുരിതാശ്വാസം എന്ന നിലയിൽ 36 പേർക്ക് 8905 രൂപയും 95-96 വർഷത്തിൽ 27 പേർക്ക് 28286 രൂപയും വിതരണം ചെയ്തിട്ടുണ്ട്. നെൽ കൃഷിക്കാർക്ക് ഉൽപാദന ബോണസ്സ് നൽകുന്ന സംവിധാനവും നിലവിലുണ്ട്.

ഉൽപ്പന്ന വിപണനത്തിന് കർഷകർക്ക് വേണ്ടത്ര സൗകര്യം പഞ്ചായത്തിൽ ഇല്ല. കൊപ്ര, കൊട്ടടക്ക, കുരുമുളക് തുടങ്ങിയ കാർഷികോൽപന്നങ്ങൾ വിൽപന നടത്താൻ കൂത്തുപറമ്പ് മാർക്കറ്റിനെയാണ് ജനങ്ങൾ ഉപയോഗപ്പെടുത്തുന്നത്. പഞ്ചായത്ത് തലത്തിൽ ഫലപ്രദമായ രീതിയിലുള്ള വിപണന കേന്ദ്രങ്ങൾ ആരംഭിക്കുകയാണെങ്കിൽ ഉൽപന്നങ്ങൾക്ക് ന്യായ വില ലഭ്യമാക്കാനും ഇടത്തട്ടുകാരെ പരമാവധി ഒഴിവാക്കാനും സാധിക്കും. കൃഷി പ്രോൽ സാഹിപ്പിക്കുന്നതിന് 52-ഓളം സ്കീമുകൾ കൃഷിഭവൻ നടപ്പാക്കി വരുന്നുണ്ട്. സാമഗ്ര നാളീകേര വികസന പദ്ധതി, സാമൂഹ്യ ജല സേചന പദ്ധതി, ഊർജിത കശുമാവ് വികസന പദ്ധതി, കുരുമുളക് പുനരുദ്ധാരണ പദ്ധതി, വിള ഇൻഷുറൻസ്, പട്ടിക ജാതി/വർഗ്ഗ വികസന പദ്ധതി, നെൽകൃഷി ഉൽപാദന ബോണസ്സ്, നെൽ വിത്ത് ഉൽപാദനപദ്ധതി പച്ചക്കറി വിത്ത് ഉൽപാദന - വിതരണ പദ്ധതി തുടങ്ങിയവ ഇവയിൽ പ്രധാന പ്പെട്ടതാണ്.

**പ്രശ്നങ്ങൾ - സാധ്യതകൾ:**

1) അശാസ്ത്രീയ രീതിയിലുള്ള രാസവള - കീടനാശിനി പ്രയോഗങ്ങൾ മണ്ണിന്റെ അമ്ലത്വം വർധിപ്പിക്കുകയും തൻമൂലം ഉൽപാദനം കുറയുകയും ചെയ്യുന്നു. മണ്ണ് പരിശോധന നടത്തി മണ്ണിന്റെ ഘടനക്കനുസരിച്ച് വള പ്രയോഗം നടത്താൻ കർഷകരെ പ്രേരിപ്പിക്കണം. മണ്ണ് പരിശോധന ലബോറട്ടറി സ്ഥാപിക്കാൻ കഴിയണം.

2) അമിതമായ കീടനാശിനി പ്രയോഗം ആരോഗ്യസംബന്ധമായ പ്രശ്നങ്ങൾക്കും കൃഷിക്ക് ഉപകാരികളായ ജലജീവികളുടെ നാശത്തിനും കാരണമായി തീരുന്നുണ്ട്. കൂടാതെ ഉയർന്ന വീര്യത്തിൽ കീടനാശിനി തളിക്കുന്നത് മൂലം കീടങ്ങൾ കീടനാശിനികളെ അതിജീവിക്കുകയും തുടർന്ന് പ്രയോഗിക്കുമ്പോൾ കൂടുതൽ വീര്യത്തിൽ ഉപയോഗിക്കേണ്ടി വരികയും ചെയ്യുന്നു. രാസവള-കീടനാശിനി പ്രയോഗം ശാസ്ത്രീയമായ രീതിയിൽ നടത്താൻ കർഷകരെ ബോധവൽകരിക്കണം. ജൈവവളങ്ങൾ- ജൈവകീടനാശിനികൾ എന്നിവയുടെ ഉപയോഗം വ്യാപകമാകണം. ഇത് ഉല്പാദിപ്പിക്കാൻ വേണ്ട പ്രോൽസാഹനം നൽകണം. കമ്പോസറ്റ് വള കുഴിക്ക് നൽകിവരുന്ന സഹായധനം വർധിപ്പിക്കണം.

3) ജലലഭ്യത ഉറപ്പുവരുത്താൻ ചെറുകിട ജലസേചന പദ്ധതികൾ നടപ്പാക്കണം. പഞ്ചായത്തിലെ നീരുറവകൾ, പ്രധാന തോടുകൾ, പുഴകൾ, കുളം എന്നിവയിലെ ജലം കൃഷിക്ക് ഉപയുക്തമാക്കുന്നതിന് ആവശ്യമായ തടയണകൾ, റഗുലേറ്ററുകൾ, വി.സി.ബികൾ, പമ്പുസെറ്റുകൾ സ്ഥാപിക്കണം. ഇടുമ്പപുഴക്ക് അത്യാറത്ത് വയലിനടുത്തായി ഒരു വി.സി,ബി നിർമ്മിക്കുകയാണെങ്കിൽ അത്യാറത്ത് വയൽമുതൽ തൊടിക്കളം വരെ പരന്നു കിടക്കുന്ന നെൽവയലുകൾ (16 ഹെക്ടറോളം) നനക്കുവാൻ കഴിയും. മാനന്തേരിപാറത്തോടിലും വി.സി.ബിക്ക് സാധ്യതയുണ്ട്.

4) കർഷക-കർഷകതൊഴിലാളി ബന്ധം മെച്ചപ്പെടുത്തണം. തൊഴിലാളികളുടെ ലഭ്യത ഉറപ്പുവരുത്തി കാർഷിക പ്രവർത്തികൾ യഥാസമയം ചെയ്യാൻ കൃഷിക്കാർക്ക് സൗകര്യമേർപ്പെടുത്തണം. കാർഷിക മേഖലയിൽ നിലനിൽക്കുന്ന മുരടിപ്പിന് കാരണം കാർഷികോൽപാദന കുറവ് ആണെന്നും തൊഴിലാളികളുടെ വേതന വർദ്ധനവ് അല്ലന്നും ഉള്ള ബോധം കർഷകരിൽ ഉണ്ടാക്കിയെടുക്കണം

5) കൃഷി അഭിവൃദ്ധിപ്പെടുത്താനായി സർക്കാർ പ്രഖ്യപ്പിക്കുന്ന പല പദ്ധതികളും കൃഷിക്കാർക്ക് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. പദ്ധതികളുടെ നടത്തിപ്പിൽ ജനകീയ കമ്മറ്റികൾ രൂപികരിച്ച് കൃഷിക്കാരെ പങ്കെടുക്കണം.

6) നിലവിലുള്ള വിള ഇൻഷുറൻസ് സൗകര്യം കൂടുതൽ വ്യാപിപ്പിക്കണം.

7) നല്ലയിനം വിത്തുകൾ മറ്റ് നടീൽ വസ്തുക്കൾ എന്നിവ ലഭ്യമാക്കണം

8) ശാസ്ത്രീയമായ പരിചരണമുറകളെ സംബന്ധിച്ചുള്ള അവ ബോധം കർഷകരിൽ ഉണ്ടാക്കണം.

9) മണ്ണൊലിപ്പ് തടയാൻ സംവിധാനം വേണം.

10) പച്ചക്കറി കൃഷിക്ക് വേണ്ടത്ര പ്രോൽസഹനം നൽകണം.

11) ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കണം.

12) ഉൽപാദനോപാധികളുടെ വില വർദ്ധനവ് തടയണം. വിപണന സൗകര്യം പഞ്ചായത്ത് തലത്തിൽ ഉണ്ടാവണം.

13) കുറ്റിമുല്ല, ഓർക്കിഡ്, ഔഷധസസ്യങ്ങൾ എന്നിവയുടെ കൃഷി പ്രോൽസാഹിപ്പിക്കണം.

14) വാഴകൃഷി അഭിവൃദ്ധിപ്പെടുത്തണം. നാടൻ വാഴക്കന്നുകൾ ലഭ്യമാക്കണം. കീടനിയന്ത്രണ നടപടികൾ ആവശ്യമാണ്.

15) പഴവർഗ്ഗ സംസ്ക്കരണത്തിന് സംവിധാനവും വിപണന സൗകര്യവും ഏർപ്പെടുത്തണം.

16) കശുമാങ്ങ, കൈതച്ചക്ക, മാമ്പഴം തുടങ്ങിയ സുലഭമായി ലഭ്യമാണ്.

17) ജലസേചനത്തിന് വൈദ്യുതിയുടെ അഭാവംമൂലം സാധിക്കാതിരിക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതി ലഭ്യമാക്കണം.

18) മാനന്തേരി – പടുവയൽതോട് നവീകരണം.

19) ഇരട്ടക്കുളങ്ങര വയലിൽ ഒരു കുളം വേണം

20) മണ്ണിന് അനുയോജ്യമായ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിച്ചുള്ള നഴ്സറി പഞ്ചായത്തിൽ തന്നെ ഉണ്ടാക്കി തൈകൾ കൃഷിക്കാർക്ക് വിതരണം നടത്തണം തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കണം.

21) പാറത്തോടിന് 200 മീറ്റർ ഇടവിട്ട് തടയണകൾ സ്ഥാപിക്കണം.

22) അങ്ങാടിക്കുളം പമ്പ്സെറ്റ് സ്ഥാപിക്കണം

23) വട്ടോളി – പനത്താറമ്പ് വയലിൽ ഒരു ജലസേചന കുളം വേണം

24) കാച്ചിൽ, നനക്കിഴങ്ങ്, ചേന, ചേമ്പ്കൃഷി പ്രോൽസാഹിപ്പിക്കണം. ഇഞ്ചി,മഞ്ഞൾ,കച്ചോലം എന്നിവയുടെ കൃഷി വ്യാപിപ്പിക്കണം

25) കക്കുപ്പാറപുഴ – വട്ടോളിപ്പുഴ എന്നിവിടങ്ങളിൽ ചെക്ക് ഡാമുകൾ വേണം.

26) നെൽകൃഷി സബ്സിഡി തുക വർദ്ധിപ്പിക്കണം.

27) പുഴയോര മണ്ണിടിച്ചിൽ തടയാൻ നടപടികൾ സ്വീകരിക്കണം.

28) മൊടോളി പാടശേഖരസമിതി പമ്പ് ഹൗസ് പ്രവർത്തന ക്ഷമ മാക്കാൻ പ്രദേശം വൈദ്യുതീകരിക്കണം.

29) പാറക്കടവിൽ റഗുലേറ്റർകംബ്രിഡ്ജ് പണിയണം.

30) തൊടീക്കളം – പള്ളിയറക്കൽ കുളം നവീകരിക്കണം.

31) ചിറ്റാരിപ്പറമ്പ് – പടിഞ്ഞാറെ വയലിൽ ഒരു കുളവും പമ്പുസെറ്റും സ്ഥാപിക്കുക, തോട് വീതി കൂട്ടുക.

32) മുയ്യോറത്ത്, പാപ്പരണ വയലുകളുടെ മുകൾ ഭാഗത്ത് ഓരോ കുളം നിർമ്മിക്കണം

33) ഇടുമ്പ പാപ്പരണ മുഴിവയൽ തോടിനും കാനാഞ്ചേരിക്കൽ തോടിനും ആവശ്യമായ തടയണകൾ സ്ഥാപ്പിക്കുക.

34) നിർദ്ദിഷ്ട കാഞ്ഞിരപ്പുഴ – നിട്ടാറമ്പ് റഗുലേറ്റർ കംബ്രിഡ്ജ് പദ്ധതി പ്രവർത്തനം ത്വരിതപ്പെടപത്തുക.

35) കണ്ണവം പുഴയിൽ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം കണ്ണവം കൂടൽ ആലപ്പറമ്പ് ഭാഗങ്ങളിൽ കൃഷി അഭിവൃദ്ധിപ്പെടുത്തും.

36) തൊടീക്കളം പാടശേഖര സമിതി – കുളം നവീകരിക്കണം.

37) കണ്ണവം പുഴയിൽ കൈച്ചേരി ചുണ്ടയിൽ ഭാഗത്ത് ബണ്ട് കെട്ടണം.

38) അമ്മാറമ്പ് വയലിൽ ഒരുകുളം വേണം.

39) മൾബറി കൃഷി പ്രോൽസാഹിപ്പിക്കണം.

40) കണ്ണവം – ഇടച്ചേരിക്കുണ്ട്, പാങ്ങാൻകുണ്ട് നവീകരിക്കണം.

41) പുന്നേരി മഠപ്പുരക്കടുത്തായി ഒരു കുളം സ്ഥാപിക്കണം.

42) പുഴിയോട് – ആനക്കല്ല് തോടിലെ വി.സി.ബി പുതുക്കിപ്പണിയണം.

43) പുഴിയോട് വയലിൽ ഒരു കുളം വേണം.

44) കർഷക തൊഴിലാളി പെൻഷൻ പദ്ധതിയിലെ അപാകതകൾ പരിഹരിക്കണം. ESI പദ്ധതിയാനുകൂല്യങ്ങൾ കർഷക തൊഴിലാളികൾക്കും ലഭ്യമാക്കണം.

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കുന്നുകളും താഴ്വാരങ്ങളും ഇടകലർന്നുള്ള ഈ പഞ്ചായത്തിൽ ജനങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗം കാർഷിക മേഖലയിൽ നിന്നുള്ള വരുമാന മാണ്. കാർഷിക മേഖലയാണെങ്കിലും സാധ്യതകൾക്ക നുസരിച്ച് മൃഗസംരക്ഷണ മേഖല വികസിച്ചുവന്നി ട്ടില്ല. അടുത്ത കാലത്തായി കാലിവളർത്തൽ രംഗം അൽപം മെച്ചപ്പെട്ടിട്ടുണ്ട്. നെൽ വയലുകൾ നികത്ത പ്പെടൽ പ്രവണത വളർന്നുവന്നതോടെ കന്നുകാലി കൾക്കാവശ്യമായ വൈക്കോലിന്റെ ലഭ്യതയും കുറ ഞ്ഞുവന്നു. കാലികളുടെ പ്രധാന തീറ്റയായ വൈ ക്കോൽ സമീപ സംസ്ഥാനമായ കർണ്ണാടകയിൽ നിന്നും ലോറികളിലെത്തിച്ച് ഇപ്പോൾ നമ്മുടെ ഗ്രാമ പ്രദേശങ്ങളിൽ അടക്കം വിൽപന നടക്കുകയാണ്. നാ ട്ടിൽ സുലഭമായി ലഭിക്കുമായിരുന്ന പച്ചപ്പുല്ല് ഇന ങ്ങൾ ഇന്ന് വേണ്ടത്രലഭ്യമല്ല. കന്നുകാലി വളർത്ത ലിന് കർഷകർ ഇന്ന് പലവൈഷമ്യങ്ങളും നേരിടുക യാണ്. മൃഗപരിപാലത്തിന് വേണ്ടി മാത്രം ആളുകൾ മറ്റ് ജോലികൾ ഉപേക്ഷിച്ച് നിൽനിൽക്കേണ്ടി വരുന്നു എന്ന കാരണത്താൽ പ്രധാനമായും സ്ത്രീകൾ മാത്ര മാണ് ഈരംഗം കാര്യമായി ശ്രദ്ധിക്കുന്നത്. പുരു ഷൻമാർ കൂടുതൽ വരുമാനമുള്ള മറ്റ് തൊഴിൽ മേഖ ലകളന്വേഷിച്ച് പോവുകയാണ്.

മുൻ കാലങ്ങളിൽ സാമ്പത്തികമായി ഭേദപ്പെ ട്ടവരുടെ വീടുകളിൽ കാലികളെ സംരക്ഷിക്കുന്നതിന് കുട്ടികളെ ജോലിക്ക് നിർത്തുന്ന പതിവുണ്ടായിരുന്നു. കുന്നിൻ പ്രദേശങ്ങളിലെ കശുമാവിൻ തോട്ടങ്ങളിൽ യഥേഷ്ടം തീറ്റുന്നതിനുള്ള സൗകര്യങ്ങൾ അന്നുണ്ടാ യിരുന്നു. ഇപ്പോൾ കശുമാവ് തോട്ടങ്ങൾ മിക്കവയും റബ്ബർ കൃഷിക്ക് വഴിമാറിയതോടെ കാലി വളർത്ത ലിനെ ഇത് പ്രതികൂലമായി ബാധിച്ചു. മുൻകാലങ്ങ ളിൽ മിക്കവീടുകളിലും പശു, ആട് തുടങ്ങിയ വളർത്തു മൃഗങ്ങൾ ഉണ്ടായിരുന്നു. വീട്ടുപയോഗത്തിനുള്ള പാ ലിന്റെ ആവശ്യത്തിനു വേണ്ടിയായിരുന്നു മിക്കവാറും ഈമൃഗങ്ങളെ സംരക്ഷിച്ചുവന്നത്. ആട്ടിൻ പാൽ ഔഷധ ഗുണമുള്ളതാണെന്നുള്ളതിനാൽ നല്ലയിനം ആടുകളെയും ധാരാളമായി വളർത്തിയിരുന്നു. സ്വന്ത മായി പശുക്കളെ വാങ്ങി വളർത്താൻ കാഴിയാതിരുന്ന വർ സമീപസ്ഥ വീടുകളിൽ നിന്നും പശുകിടാങ്ങളെ വാങ്ങി വളർത്തുന്ന നിലയുണ്ടായിരുന്നു. ഇങ്ങനെ 'പോറ്റൻ വാങ്ങൽ' സമ്പ്രദായത്തിൻ കീഴിൽ പശു വിന്റെ രണ്ടാമത്തെ പ്രസവത്തോടെ പശുവിനേയും കി ടാവിനെയും ഉടമയെ തിരിച്ചേൽപിക്കണമെന്നതായി രുന്നു വ്യവസ്ഥ. ഇന്ന് ഈ സമ്പ്രദായം നമ്മുടെ പ്രദേ ശങ്ങളിൽ പ്രായേണ കുറവാണ്. പശുക്കളുടെ തൊഴു ത്തിനോടനുബന്ധിച്ചുണ്ടാക്കിയിരുന്ന വലിയ കുഴിയിൽ പശുവിന്റെ ചാണകം ശേഖരിച്ചുവച്ച് വളമായി വ്യപക മായി ഉപയോഗിച്ചിരുന്നു രാസവളങ്ങൾ ലഭ്യമല്ലാതി രുന്ന അക്കാലത്തെ പ്രധാന വളവും ഇതു തന്നെയാ യിരുന്നു. പാലുൽപന്നങ്ങളായ പശുവിൻ നെയ്യ്, മോര്, തൈര്, എന്നിവ മിക്കവീടുകളിലും ലഭ്യമായിരുന്നു. കൃഷി ഭൂമിയുടെ തുണ്ടവൽ കാരണത്തെ തുടർന്നു ളവായ മേച്ചിൽ സ്ഥലങ്ങളുടെ അഭാവം കാരണം കന്നുകാലിവളർത്തൽ ഇന്ന് വീടിന് പരിസരത്തുള്ള സ്ഥലത്ത് മാത്രമായി ചുരുങ്ങി. കാലിവളർത്തൽ ചെ ലവ് വ്യാപകമായി വർദ്ധിച്ചു, എങ്കിലും ഇതിൽ നിന്നും ചെലവിന് ആനുപാതികമായ വരുമാനം ലഭിക്കുന്നില്ല. നാടൻ ഇനങ്ങളിൽപെട്ട പശുക്കൾക്ക് പകരം സങ്കരയി നത്തിൽപ്പെട്ട, സാമാന്യം മെച്ചപ്പെട്ട പാൽ ഉൽപാദനം തരുന്ന പശുക്കളെയാണ് ഇന്ന് പഞ്ചായത്തിൽ വ്യാപ കമായി വളർത്തുന്നത്. വളർത്തപ്പെടുന്നവയിൽ 60% ത്തോളം സങ്കരയിനം പശുക്കളാണെങ്കിലും അശാ സ്ത്രീയമായ രീതിയിലുള്ള പരിപാലനം കാരണം മെ ച്ചപ്പെട്ട പാലുൽപ്പാദിപ്പിക്കാൻ കർഷകർക്ക് കഴിയാ റില്ല.

പഞ്ചായത്തിൽ വളർത്തുന്ന പശു, ആട് എന്നിവയുടെ വാർഡ് അടിസ്ഥാനമാക്കിയുള്ള കണക്ക് ചുവടെ കൊ ടുക്കുന്നു.

| വാർഡ് | പശുക്കൾ | | | ആട് | കോഴി |
|---|---|---|---|---|---|
| | നാടൻ | സങ്കരയിനം | ആകെ | | |
| 1 | 74 | 117 | 191 | 67 | 654 |
| 2 | 100 | 158 | 258 | 116 | 989 |
| 3 | 73 | 115 | 188 | 144 | 914 |
| 4 | 88 | 139 | 227 | 189 | 505 |
| 5 | 35 | 57 | 92 | 27 | 217 |
| 6 | 22 | 36 | 58 | 13 | 103 |
| 7 | 41 | 65 | 106 | 60 | 373 |
| 8 | 48 | 77 | 125 | 77 | 316 |
| 9 | 26 | 42 | 68 | 57 | 282 |
| 10 | 53 | 85 | 138 | 202 | 564 |

അവലംബം – കുടുംബസർവ്വേ – '96

നാടൻ പശു ഇനങ്ങളിൽ കറവയുള്ളവ 420 കറവഇല്ലാത്തവ 140 സങ്കരയിനം കറവയുള്ളവ 668 ഉം കറവ ഇല്ലാത്തവ 223 ഉം ആണ്.

1996 ലെ കുടുംബ സർവ്വേ പ്രകാരം 4917 ആടുകളെയാണ് പഞ്ചായത്തിൽ വളർത്തുന്നത് ആടുവളർത്തൽ ആദായകരമായ തൊഴിലാണെങ്കിലും വളർത്തൽ സൗകര്യത്തിന്റെ അഭാവം മൂലം ഈ മേഖലക്ക് വേണ്ടത്ര പ്രോൽസാഹനം ലഭിച്ചിട്ടില്ല. നാടൻ ഇനങ്ങളാണ് ആടുകൾ മിക്കവയും പാലിനെന്നതിനു മുപരി മാംസത്തിന് വേണ്ടിയാണ് ആടുകളെ കൂടുതലായി ഉപയോഗിക്കുന്നത്. ആട്ടിറച്ചി വ്യാപാരം നടത്തുന്നവർ വീടുകളിലെത്തി ആടുകളെ വിലക്ക് വാങ്ങിക്കുന്ന പതിവാണ് ഉള്ളത്. കാളകളെ ഉപയോഗിച്ച് നിലമുഴുന്ന സമ്പ്രദായം ഇന്ന് പഞ്ചായത്തിൽ തീരെ ഇല്ലാ എന്ന് തന്നെ പറയാം ഈ രംഗത്ത് യന്ത്രവൽക്കരണം നിലവിൽ വന്നതോടെ ഉഴവുകാളകളെ വളർത്തുന്ന പതിവ് ഇന്ന് ഇല്ല. എരുമ, പോത്ത് പന്നി എന്നിവയെ ഇന്ന് പഞ്ചായത്തിൽ കാര്യമായി വളർത്തുന്നില്ല. വിവിധയിനങ്ങളിൽ പ്പെട്ട കോഴികളെ വ്യപകമായി വളർത്തുന്നുണ്ട്. വ്യവസായികാടിസ്ഥാനത്തിൽ 4സ്ഥലങ്ങളിൽ കോഴി വളർത്തു കേന്ദ്രം പ്രവർത്തിക്കുന്നുണ്ട് ഇറച്ചിക്കോഴികളെയാണ് ഇവിടങ്ങളിൽ പ്രധാനമായും വളർത്തുന്നത്. ഇതിൽ ചിറ്റാരിപ്പറമ്പിലെ യു.പി മോഹനന്റെ കോഴിവളർത്തു കേന്ദ്രം എടുത്തുപറയത്തക്കതാണ്. ചുരുക്കംചില വീടുകളിൽ താറാവിനെയും വളർത്തുന്നുണ്ട്.

ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്തായിട്ടാണ് മൃഗാശുപത്രി പ്രവർത്തിച്ചുവരുന്നത്. വെറ്റിനറി സർജ്ജന്റെ സേവനം ഇവിടെ ലഭ്യമാണെങ്കിലും പഞ്ചായത്തിലെ മൃഗ സംരക്ഷണ നടപടികൾ ഫലപ്രദമായി നടപ്പാക്കാൻ ഇന്നുള്ള സംവിധാനം മതിയാകുന്നില്ല. വളർത്തു മൃഗങ്ങളായ പൂച്ച, നായകൾ തുടങ്ങിയവക്ക് ചികിത്സ നടത്താൻ പലരും തയ്യാറാകാറില്ല. പശു ആട് എന്നിവക്ക് മാത്രമെ ചികിത്സ നടത്താൻ ജനങ്ങൾ തയ്യാറാവാറുള്ളൂ. ദഹന സംബന്ധമായ രോഗങ്ങളും, പ്രത്യുൽപാദനവുമായി ബന്ധപ്പെട്ട അസുഖങ്ങളുമാണ് പ്രധാനമായും മൃഗങ്ങളിൽ കണ്ടുവരുന്നത്. ശ്വാസ കോശരോഗങ്ങളും, ധാതു ലവണങ്ങളുടെ അഭാവം, പരാദരോഗങ്ങൾ, വന്ധ്യത, അകിടുവീക്കം, ത്വക്ക് രോഗങ്ങൾ, മുടന്തൻ പനി തുടങ്ങിയ രോഗങ്ങളും മൃഗങ്ങളിൽ കണ്ടുവരുന്നുണ്ട്.

ചിറ്റാരിപ്പറമ്പ് മൃഗാശുപത്രിയിൽ കഴിഞ്ഞവർഷം റിപ്പോർട്ട് ചെയ്ത രോഗവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | രോഗവിവരം | പശു | ആട് | നായ | കോഴി |
|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 327 | 64 | 6 | 15 |
| 2. | ശ്വാസകോശരോഗങ്ങൾ | 24 | 15 | -- | 96 |
| 3. | ഉപാപചയസംബന്ധം | 13 | 12 | -- | 75 |
| 4. | ത്വക്ക് രോഗങ്ങൾ | 18 | 29 | 2 | -- |
| 5. | ധാതുലവണങ്ങളുടെ അഭാവം | 31 | 9 | -- | -- |
| 6. | പരാദരോഗങ്ങൾ | 12 | | | |
| 7. | പ്രത്യുൽപാദനവുമായി ബന്ധപ്പെട്ട് | | | | |

അവലംബം: ദ്വിതീയ വിവരശേഖരണം

കന്നുകാലികൾക്ക് കൃത്രിമ ബീജസങ്കലനം നടത്തുന്നതിനുള്ള സൗകര്യം മൃഗാശുപത്രിയിൽ മാത്രമാണുള്ളത്. മൃഗാശുപത്രിയിൽ എത്തിപെടേണ്ട ബുദ്ധിമുട്ട് കൊണ്ടു ക്ഷീരകർഷകർ കൃത്രിമ ബീജസങ്കലനത്തെക്കുറിച്ച് വേണ്ടത്ര ബോധവാൻമാർ അല്ലാത്തത് കൊണ്ടും ധാരാളം ആളുകൾ കാലികൾക്ക് കൃത്രിമ ബീജസങ്കലനം നടത്തിക്കുവാൻ തയ്യാറാകുന്നില്ല. രണ്ടും മൂന്നും തവണ കൃത്രിമ ബീജസങ്കലനം നടത്തിയിട്ടും ഫലവത്താകാത്ത പ്രശ്നവും ഉണ്ടെന്ന് ഗ്രാമസഭാറിപ്പോർട്ടുകളിൽ കാണുന്നു.

030

പട്ടിക – 3

| ഇനം | ബീജസങ്കലനം നടത്തിയവ | 2ൽ അധികംതവണ ബീജസങ്കലനം നടത്തിയവ | ആകെ |
|---|---|---|---|
| പശു | 300 | 48 | 348 |
| കിടാരി | 92 | 24 | 116 |

അവലംബം: ദിതീയവിവരശേഖരണം

നമ്മുടെ പഞ്ചായത്തിൽ ധാരാളം വീടുകളിൽ പട്ടികളെ വളർത്തുന്നുണ്ട്. ഇവ മിക്കവാറും നാടൻ ഇനങ്ങളാണ്. അപൂർവ്വം ചില വീടുകളിൽ പുതിയ ഇനം പട്ടികളെയും വളർത്തുന്നുണ്ട്. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പട്ടികൾ പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഉണ്ട് എന്നാൽ പേപ്പട്ടി ശല്യം വളരെ അപൂർവ്വമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. പഞ്ചായത്തിനെ പേ വിമുക്തമാക്കുവാനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നൂറ്റി എൺപതോളം നായക്കൾക്ക് പ്രതിരോധകുത്തിവെയ്പ് നടത്തിയിട്ടുണ്ട്. അലഞ്ഞുനടക്കുന്നവ ഉൾപ്പടെ അവശേഷിക്കുന്നവയെ നശിപ്പിക്കാനുള്ള പ്രവർത്തനം പരിശീലനം നേടിയ പട്ടി പിടുത്തക്കാരെ കിട്ടാത്തതിനാൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പ്രതിരോധകുത്തി വെയ്പ് നടത്തിക്കുന്നതിൽ ജനങ്ങൾ വേണ്ടത്ര താൽപര്യം കാണിച്ചിട്ടില്ലെന്ന് കാണാൻ കഴിയും

ചിറ്റാരിപ്പറമ്പിൽ മാത്രമാണ് ഒരു ക്ഷീരോൽപാദക സഹകരണ സംഘം പ്രവർത്തിക്കുന്നത് സംഘത്തിന്റെ പ്രവർത്തനം ക്ഷീരകർഷകർക്ക് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. നമ്മുടെ പഞ്ചായത്തിലും സമീപ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിലും സംഘത്തിന്റെ വക പാൽസംഭരണവും വിതരണവും നടക്കുന്നുണ്ട്. സംഘം സംഭരിക്കുന്നതിൽ മിച്ചം വരുന്ന പാൽ ഉപയോഗപ്പെടുത്തി വിവിധ തരം പാൽ ഉൽപന്നങ്ങൾ ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടെ നിർമ്മിക്കുന്ന രണ്ട് യൂനിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയുടെ പ്രവർത്തനം പൂർണ്ണമായ രീതിയിൽ ആയിട്ടില്ല. കുന്നുകുട്ടി പോഷകാഹാരപദ്ധതി പ്രകാരം സബ്സിഡി നിരക്കിൽ മിൽമയുടെ കാലിതീറ്റ സംഘം വഴി വിതരണം ചെയ്യുന്നുണ്ട്,

ചിറ്റാരിപ്പറമ്പ് പഞ്ചായത്തിൽ ധാരാളം കന്നുകാലികൾ ഉണ്ടെങ്കിലും ആകെ നാല് ഗോബർ ഗ്യാസ് പ്ലാന്റുകൾ മാത്രമാണ് ഉള്ളത്. ഇതിൽ ഒന്ന് ഇപ്പോൾ പ്രവർത്തനരഹിതമാണ് ആവശ്യമായ ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകിയാൽ പാചകത്തിനും വെളിച്ചത്തിനും വേണ്ട ഇന്ധനം കണ്ടെത്തുവാനും ഊർജ്ജപ്രതിസന്ധിയിൽ നിന്ന് ഒരു പരിധിവരെ മോചനം നേടുവാനും കഴിയും.

നമ്മുടെ പഞ്ചായത്തിൽ ധാരാളം വികസന സാധ്യതയും തൊഴിൽ സാധ്യതയും ഉള്ള ഒരു മേഖലയാണ് ക്ഷീരവികസനം. വർഷങ്ങൾക്ക് മുമ്പ് നാടൻ പശുക്കൾ മാത്രം ഉണ്ടായിരുന്ന നമ്മുടെ നാട്ടിൽ, കാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റ് സ്ക്കീം, ഐസി.ഡി.പി സെന്റർ മുതലായവയുടെ പ്രവർത്തനഫലമായി അറുപത് ശതമാനത്തിലേയും പാലുൽപാദനത്തിൽ ഗണ്യമായ വർദ്ധനവും ഉണ്ടായിട്ടുണ്ട്. ഈ പഞ്ചായത്തിൽ പ്രതിദിനം 2000 ലിറ്ററോളം പാൽ ഉൽപാദിപ്പിക്കുന്നുണ്ടെന്ന് കണക്കാക്കുന്നു.

ആകെ ഉൽപാദിപ്പിക്കുന്ന പാലിന്റെ പത്ത് ശതമാനത്തിൽ താഴെ മാത്രമെ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക ക്ഷീര സഹകരണസംഘം കൈകാര്യം ചെയ്യുന്നുള്ളൂ. ഒരു വിഭാഗം കർഷകർ ചായക്കടകളിലും വീടുകളിലും പാൽ വിൽക്കുന്നു. സ്വകാര്യ വ്യക്തികളാരും പാൽ വിപണന രംഗത്തില്ല. മിൽമയുടെ ബൂത്തിലൂടെ പ്രതിദിനം 70 ലിറ്റർ പാൽ വിതരണം ചെയ്തു വരുന്നുണ്ട്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പാൽ പ്രതിദിനം ഒരാൾക്ക് 100 gm എന്ന തോതിൽ ലഭ്യമാക്കാൻ ഉതകുമെന്ന് കണക്കാക്കാം. ഇത് സംസ്ഥാന ശരാശരിയിലും താഴെയാണ്. ഒൻപതാം പദ്ധതിയുടെ അവസാനത്തോടെ നിലവിലുള്ള ഉൽപാദനം 5000 ലിറ്ററിലേക്ക് ഉയർത്തുന്നതിനും അത് വഴി ആളോഹരി ലഭ്യത 200 ഗ്രാം എങ്കിലും ആക്കുന്നതിനും കഴിയേണ്ടതുണ്ട്,

ക്ഷീര വികസന വകുപ്പ് നിരവധി പദ്ധതികൾ ക്ഷീര വികസനത്തിനായി നടപ്പാക്കി. വരുന്നുണ്ടെങ്കിലും പലതും നമ്മുടെ പഞ്ചായത്തിൽ പ്രയോജനപ്പെടുത്തിയിട്ടില്ലെന്ന് പറയേണ്ടതുണ്ട്. ക്ഷീര വികസന വകുപ്പിന്റെ പദ്ധതികൾ താഴെ പറയുന്നവയാണ്

**1. വിജ്ഞാന വ്യാപനം** – ഗവേഷണ ഫലമായും മറ്റും ലഭ്യമാകുന്ന പുതിയ അറിവുകൾ ജനങ്ങളിലെത്തിക്കുകയാണിതിന്റെ ലക്ഷ്യം. 30ലേറെ കർഷകരെ പങ്കെ

ടുപ്പിച്ച് കർഷക സമ്പർക്ക പരിപാടി, പാലിന്റെ ഉപഭോഗവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന ക്ഷീരോൽപ്പന്ന നിർമ്മാണ പ്രദർശനം, നല്ല ഇനം പശുക്കളെ വളർത്തുന്നതിന് പ്രചോദനം നൽകുവാനുദ്ദേശിച്ച് ബ്ലോക്ക് തലത്തിൽ നടത്തുന്ന കന്നുകാലി പ്രദർശനം എന്നിവ ഈ പദ്ധതിയിൽ കീഴിൽ നടത്തിവരുന്നു.

**2. മാതൃകാ ഡയറി യൂനിറ്റ് –** പശുവളർത്തലിൽ മെച്ചപ്പെട്ട രീതികൾ അവലംബിച്ച് മാതൃകാപരമായ ഡയറി യൂനിറ്റുകൾ നടത്തുന്നതിന് കർഷകർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്ന ഈ പദ്ധതിയുടെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽ ഒരു യൂനിറ്റ് പ്രവർത്തിച്ച് വരുന്നുണ്ട്. ചെള്ളത്തുവയലിലെ കതീസയുടെ ഈ യൂനിറ്റ് പ്രസിദ്ധിയാർജ്ജിച്ചതാണ്. സ്വന്തമായി ഭൂമി ഇല്ലാതിരുന്നിട്ടും ഒന്നിലേറെ സങ്കരഇനം പശുക്കളെ നല്ല നിലയിൽ ഇവർ വളർത്തുന്നു

**3. മാതൃകാ കന്നുകാലി തൊഴുത്ത് നിർമ്മാണം–** രണ്ട് പശുക്കൾക്ക് വേണ്ടിയുള്ള തൊഴുത്ത് നിർമ്മിക്കുന്നതിന് 1250 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണിത്. പഞ്ചായത്തിൽ കഴിഞ്ഞ അഞ്ച് വർഷമായി എട്ടോളം പേർ ഈ പദ്ധതി പ്രയോജനപ്പെടുത്തി. ഇത് പ്രതിവർഷം 20 പേർക്കെങ്കിലുമായി വർദ്ധിപ്പിക്കേണ്ടതുണ്ട്.

**4. ശുദ്ധമായ പാൽ ഉൽപാദന കിറ്റ് :** പശുക്കൾക്ക് ഉണ്ടാകുന്ന അകിട് വീക്കം തുടങ്ങിയ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ഈ പദ്ധതിയിൽ കീഴിൽ ധനസഹായം നൽകുന്നു. കഴിഞ്ഞ വർഷം 25 പേർക്ക് ഈ സഹായം ലഭിച്ചിട്ടുണ്ട്.

**5. മിനറൽ മിക്സ്ചർ, വൈറ്റമിൻ സപ്ലിമെന്റ് വിതരണം :** വേനൽക്കാലങ്ങളിൽ പശുക്കളിൽ കാണുന്ന പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള പദ്ധതിയാണിത്

പശുക്കൾക്ക് പച്ചപ്പുല്ല് നൽകുന്നത് പാൽ ഉൽപാദനം വർദ്ധിപ്പിക്കാൻ സഹായിക്കും. തീറ്റപുൽ ഉൽപാദന രംഗത്തും ക്ഷീര വികസന വകുപ്പ് ധാരാളം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പുൽ വിത്തുകൾ പകുതി വിലക്ക് നൽകുന്നതിന് പുറമെ ധനസഹായവും ഇത്തരം പദ്ധതികളിലൂടെ നൽകുന്നു. ചോളം, മണിചോളം, വൻപയർ എന്നീ വിത്തുകൾ പകുതി വിലക്ക് നൽകുന്നതൊടൊപ്പം വളം സബ്സിഡിയും നൽകുന്നു. സങ്കര നേപ്പിയർ, ഗിനി തുടങ്ങിയ പുല്ലിനങ്ങളുടെ കട വിതരണം ചെയ്യുന്നതൊടൊപ്പം ഹെക്ടറിന് 1000 രൂപ ധനസഹായം നൽകുന്ന പദ്ധതിയും ഉണ്ട്. വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 15000 രൂപ ധനസഹായം നൽകുന്ന പദ്ധതി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലാരും തന്നെ ഇത് പ്രയോജനപ്പെടുത്തിയിട്ടില്ല. തീറ്റപ്പുൽ സംസ്ക്കരണത്തിന് പുല്ല് ഉണ്ടാക്കി സൂക്ഷിക്കുന്നതിനും പദ്ധതികൾ ഉണ്ട്.

ക്ഷീര സംഘങ്ങളുടെ പുരോഗതി ഉറപ്പാക്കാനുള്ള പദ്ധതികളും ക്ഷീര വികസന വകുപ്പിനുണ്ട്. തീറ്റപ്പുൽ സംഭരിച്ച് വിപണനം നടത്തുന്നതിന് ക്ഷീര സംഘങ്ങൾക്ക് 13500 രൂപ നൽകുന്ന പദ്ധതി ഈ പഞ്ചായത്തിലെ ക്ഷീരവികസനസംഘം പ്രയോജനപ്പെടുത്തിയില്ല. പാൽ പരിശോധനക്കുള്ള ഉപകരണങ്ങൾ ഫ്രിഡ്ജ്, മിൽക്ക് കൂളർ, ജനറേറ്റർ, ക്രീം സപറേറ്റർ, തുടങ്ങിയവയ്ക്ക് പുറമെ മാനേജീരിയൽ സബ്സിഡി, വർക്കിംഗ് കാപ്പിറ്റൽ ഗ്രാൻഡ്, കെട്ടിട നിർമ്മാണ ഗ്രാൻഡ് എന്നിവയും നൽകി വരുന്ന പദ്ധതി ഉണ്ട്. നമ്മുടെ പഞ്ചായത്തിലെ ഏക ക്ഷീരസംഘത്തിന് ഫ്രിഡ്ജ്, പാൽക്കാൻ, വർക്കിംഗ് കാപ്പിറ്റൽ ഗ്രാൻഡ് എന്നിവ മാത്രമെ ലഭിച്ചിട്ടുള്ളൂ.

**പ്രശ്നങ്ങൾ :**

1. കാലിത്തീറ്റയുടെ അമിതമായ വിലക്കയറ്റവും, ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഇല്ലായ്മയും.
2. മേച്ചിൽപ്പുറങ്ങളുടെ അപര്യാപ്തത
3. വൈക്കോലിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. മാത്രമല്ല അമിതമായ വിലയും
4. ഡോക്ടറുടെ സേവനം യഥാസമയം ലഭിക്കുന്നില്ല
5. ക്ഷീര വികസന വകുപ്പിന്റെ സേവനം വേണ്ടവിധം ലഭിക്കുന്നില്ല.
6. മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടവും വാഹനവും, ആവശ്യമായ മറ്റു സൗകര്യങ്ങളും ഇല്ല. ആവശ്യത്തിന് മരുന്നുകളില്ല.
7. കാലി വളർത്തലിന് വേണ്ടത്ര വായ്പാ സൗകര്യമില്ല. മാത്രമല്ല വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ലളിതമല്ല.
8. ഉല്പാദന ചെലവിന് ആനുപാതികമായി പാലിന് വിലയില്ല. കോഴി വളർത്തലിനുള്ള താല്പര്യം കുറയുന്നു.
9. അലഞ്ഞുതിരിയുന്ന പട്ടികൾ
10. സങ്കര ഇനം പശുക്കളെ ശാസ്ത്രീയമായി പരിപാലിക്കൽ
11. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളേയും ഉൾക്കൊള്ളുന്നതല്ല, ക്ഷീര സംഘത്തിന്റെ പ്രവർത്തനം.
12. ക്ഷേമ പദ്ധതികൾ ഇല്ല.

സാധ്യതകൾ :

1. പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് തുടങ്ങിയാൽ കുറഞ്ഞ വിലക്ക് ഗുണനിലവാരമുള്ള കാലത്തീറ്റ കർഷകർക്ക് ലഭ്യമാക്കാൻ കഴിയും
2. തെങ്ങിൻ തോപ്പിൽ ഇടവിളയായി വ്യാപകമായ തീറ്റപ്പുൽ കൃഷി ചെയ്യണം. വർഷാരംഭത്തിൽ തന്നെ അതിനുള്ള പുൽവിത്തുകൾ കർഷകർക്ക് ലഭ്യമാക്കണം. ഇതിനുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം.
3. കർഷകരിൽ നിന്നും വൈക്കോൽ സംഭരിച്ച് വിതരണം ചെയ്യുന്നതിന് ക്ഷീര സംഘം ശ്രദ്ധിക്കണം
4. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടവും വാഹന ഫോൺ സൗകര്യങ്ങളും ഏർപ്പെടുത്തണം
5. ആശുപത്രിയിൽ മുഴുവൻ സമയവും സേവനവും മരുന്നുകളും ലഭ്യമാക്കണം
6. ചെറുകിട ആടുവളർത്തൽ, കോഴി വളർത്തൽ മുയൽ വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്.
7. ശാസ്ത്രീയ രീതിയിലുള്ള തൊഴുത്ത് നിർമ്മാണത്തിനും പശുവിനെ വാങ്ങുന്നതിനും ഉദാര വ്യവസ്ഥയിൽ വായ്പയും ധനസഹായവും ലഭ്യമാക്കണം
8. കന്നുകാലികൾക്ക് രോഗചികിത്സക്ക് സഹായം ലഭ്യമാകുന്ന തരത്തിൽ സമഗ്ര ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കണം
9. ഗോബർ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടത്ര ബോധവർക്കരണവും പ്രോത്സാഹനവും ധനസഹായവും നൽകണം
10. ഇറച്ചിക്കോഴിക്കും മട്ട ഉൽപ്പാദനത്തിനും മൾട്ടി പർപ്പസ് സൊസൈറ്റി രൂപീകരിക്കാവുന്നതാണ്. ക്ഷീര സഹകരണ സംഘങ്ങൾക്ക് ആപ്കോസ് സംഘങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുക
11. അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കുക
12. സ്കൂൾ പൗൾട്രി ക്ലബ്ബുകൾക്ക് പ്രോത്സാഹനം നൽകുകയും പൗൾട്രി ക്ലബ്ബുകൾ ഇല്ലാത്ത സ്കൂളുകളിൽ അവ രൂപീകരിക്കുകയും ചെയ്യുക
13. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പന്ന നിർമ്മാണ യൂണിറ്റിന്റെ പ്രവർത്തനം വിപുലീകരിക്കുക
14. ഒരു ക്ഷീരോൽപാദന സഹകരണ സംഘം കൂടി ആരംഭിക്കുക

## മത്സ്യബന്ധനം:

നമ്മുടെ പഞ്ചായത്തിൽ കണ്ണവം റിസർവ്വ് വനത്തിൽ നിന്ന് ഉത്ഭവിച്ച് ഏകദേശം പഞ്ചായത്തിന്റെ മധ്യഭാഗത്തു കൂടി ഒഴുകുന്ന കണ്ണവം പുഴയും (10. കി.മി) ചിറ്റാരിപ്പറമ്പ മാലൂർ പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന ഇടുംബ പുഴയും (5 കി.മീ.) വലുതും ചെറുതുമായ നിരവധി തോടുകളും കുളങ്ങളുമാണ് ഉൾനാടൻ മത്സ്യബന്ധത്തിനുള്ള പ്രധാന സ്രോതസ്സുകൾ സ്വന്തം ആവശ്യത്തിന് മത്സ്യം പിടിക്കുന്ന രീതിയാണ് പണ്ടും ഇന്നും നമ്മുടെ നാട്ടിലുള്ളത്. ചൂണ്ട, വലകൂട് എന്നിവ ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്താറുള്ളത്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന നാടോടികൾ വല ഉപയോഗിച്ച് പുഴകളിൽ നിന്ന് മത്സ്യം പിടിക്കുമ്പോൾ ചെറുമത്സ്യങ്ങൾ നശിക്കാൻ ഇടവരുന്നതുകൊണ്ട് മത്സ്യത്തിന്റെ വംശ വർദ്ധനവിന് ഭീഷണിയാകുന്നു. നമ്മുടെ പുഴകളിലും കുളങ്ങളിലും കണ്ടുവരുന്ന പ്രധാന മത്സ്യങ്ങളാണ് ചേർമീൻ, കൈച്ചൽ, മുഴു, ചെമ്പല്ലി, കടുങ്ങാലി, കണ്ണിക്കുറിയൻ, നുള്ളിക്കോട്ടി, വാളച്ചി, കുപ്പത്തോടൻ പരൽമീൻ തുടങ്ങിയവ.

കൃഷിയിടങ്ങളിലെ അമിതമായ കീടനാശിനി പ്രയോഗം പുഴകളിലെ മത്സ്യങ്ങൾ നശിക്കാൻ ഇടവരുത്തുന്നു. വേനൽക്കാലത്ത് പുഴകൾ ഇടമുറിയുമ്പോൾ കലക്കിയും തോട്ടയിട്ടും മത്സ്യം പിടിക്കുന്നത് വെള്ളം അശുദ്ധമാകുവാനും മത്സ്യസമ്പത്ത് കുറയുവാനും ഇടവരുത്തുന്നു. കൈച്ചൽ മുഴു, മെലിഞ്ഞിൽ മുതലായവ പുതുവർഷാരംഭത്തിൽ പുഴയിൽ നിന്ന് വയലുകളിലേക്ക് കയറി വരുമ്പോൾ (ഏറ്റുമീൻ) പിടിക്കാൻ പോകുന്നത് ഉത്സവ പ്രതീതി സൃഷ്ടിക്കാറുണ്ട്.

മിക്കവാറും എല്ലാ വീടുകളിലും ഇന്ന് കടൽ മത്സ്യം എത്താറുണ്ട്. ജീപ്പ്, ഓട്ടോ, സൈക്കിൾ എന്നിവയിലാണ് മത്സ്യം എത്താറുള്ളത്, ഉൽനാടുകളിൽ തലച്ചുമടായും മത്സ്യം വിൽപ്പന നടത്തുന്നുണ്ട്. മത്സ്യബന്ധനം തൊഴിലാക്കിയവർ നമ്മുടെ പഞ്ചായത്തിൽ ആരും തന്നെയില്ല. എന്നാൽ ഏകദേശം നൂറോളം പേർ മത്സ്യ വിൽപ്പനയിലൂടെ ഉപജീവനം നടത്തുന്നവരുണ്ട്. 12-ാം മൈൽ സത്രം ചിറ്റാരിപ്പറമ്പ് പുവ്വത്തിൻകീഴിൽ വട്ടോളി കണ്ണവം ഇടുമ്പ എന്നീ സ്ഥലങ്ങളിൽ ചെറിയ തോതിൽ മത്സ്യവിൽപ്പന കേന്ദ്രങ്ങൾ ഉണ്ട്. ഇവിടങ്ങളിൽ മത്സ്യമാർക്കറ്റ് ഒന്നും തന്നെയില്ല.

പ്രശ്നങ്ങൾ:

1. നഞ്ച് കലക്കിയും തോട്ട പൊട്ടിച്ചും പുഴകളിൽ നിന്നും മത്സ്യം പിടിക്കുന്നതുകൊണ്ട് മത്സ്യങ്ങ

ളുടെ വംശനാശത്തിനും കരയിടിച്ചലിനും പുഴ മലിനീകരണത്തിനും കാരണമാകുന്നു.

2. ചില പ്രത്യേക അവസരങ്ങളിൽ മത്സ്യങ്ങൾക്ക് രോഗം പിടിപെടുന്നതിനാൽ മത്സ്യ സമ്പത്ത് നശിക്കുന്നു.
3. ശുദ്ധ ജല മത്സ്യകൃഷി നടത്താൻ തയ്യാറുള്ളവർക്ക് മത്സ്യകുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.
4. മത്സ്യകൃഷിക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.
5. മത്സ്യ വില്പന കേന്ദ്രങ്ങളിലെ ദുർഗന്ധം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
6. ചിറ്റാരിപ്പറമ്പ് കണ്ണവം തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യ വിപണന മാർക്കറ്റുകളില്ല.

സാധ്യതകൾ:

1. പഞ്ചായത്തിലെ പൊതുകുളങ്ങൾ, സ്വകാര്യ കുളങ്ങൾ എന്നിവ ഉൾപ്പെടുത്തി സാമൂഹ്യ മത്സ്യ കൃഷി പദ്ധതി നടപ്പാക്കാവുന്നതാണ്
2. അലങ്കാര മത്സ്യകൃഷിയൂണിറ്റ് നടത്താവുന്നതാണ്
3. മത്സ്യവിപണനം നടത്തുവരെ കൂടി മത്സ്യ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതാണ്
4. പ്രധാന കേന്ദ്രങ്ങളിൽ മത്സ്യ വിപണനത്തിനു വേണ്ട മാർക്കറ്റുകൾ സ്ഥാപിക്കേണ്ടതാണ്
5. ശുദ്ധജല മത്സ്യകൃഷിയെക്കറിച്ച് ജനങ്ങൾ, വേണ്ടത്ര ബോധവാന്മാരല്ല. ഈ രംഗത്ത് ആളുകൾ കടന്നു വരുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തേണ്ടതാണ്
6. സഹകരണമേഖലയൽ മാംസ ഉല്പാദന, വിപണന അപ്പെക്സ് സംഘം രൂപീകരിച്ച് ഇതിന്റെ കീഴിൽ പ്രാഥമിക സംഘങ്ങൾ വഴി മാംസ വിപണനം നടത്തുക. സംഘം സ്ഥാപിക്കുന്ന ശാസ്ത്രീയ അറവുശാലകളിലെ എല്ല്; വളനിർമ്മാണത്തിനും, രക്തം, കരൾ മുതലായവ ഔഷധ നിർമ്മാണത്തിനും, തൂക്ക്, തുകൽ നിർമ്മാണത്തിനും ഉപയോഗിക്കാൻ സാധിക്കും. വമ്പിച്ച തൊഴിൽ സാധ്യതയുള്ള കുറെയേറെ വ്യവസായങ്ങൾ വളർന്നുവരാൻ ഇത് ഇടയാക്കും.

# വ്യവസായം

കണ്ണൂർ ജില്ലയിൽ വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഒന്നാണ് ചിറ്റാരിപ്പറമ്പ് പഞ്ചായത്ത്. കുടിൽ – ചെറുകിട വ്യവസായങ്ങളോ സഹകരണമേഖലയിലെ വ്യാവസായങ്ങളോ പഞ്ചായത്തിൽ എടുത്തുപറയത്തക്കതായി ഇല്ല. വിവിധ പ്രദേശങ്ങളിൽ ഉണ്ടിയിരുന്ന പരമ്പരാഗത വ്യവസായങ്ങൾ മിക്കവയും നാമവശേഷമായിരിക്കുന്നു. സ്വകാര്യ മേഖലയിലാണെങ്കിൽ മുതൽ മുടക്കിന് തയ്യറുള്ളവർ കടന്നുവരുന്നില്ല. വ്യാവസായികരംഗത്തെ ആധുനിക സാങ്കേതിക വിദ്യയെക്കുറിച്ചുള്ള അറിവും അനുഭവജ്ഞാനവും ഉള്ളവർ ഇവിടെ ഇല്ലെന്ന് തന്നെ പറയാം. കാർഷിക വിഭവങ്ങൾ ഉപയോഗിച്ചുള്ള വ്യാവസായങ്ങൾക്ക് സാധ്യത ഏറെ ഉണ്ടങ്കിലും അതിനുവേണ്ട സാങ്കേതിക പരിശീലനം നേടിയവരോ മുതൽ മുടക്കാൻ തയ്യാറുള്ളവരോ രംഗത്തില്ല.

എന്നാൽ ഏഷ്യയിൽ തന്നെ പ്രസിദ്ധമായ ഒരു വ്യാവസായസ്ഥാപനം പഞ്ചായത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥയിലും ആശ്വാസം പകരുന്ന ഒന്നാണ്. 1936ൽ A.K. കുഞ്ഞിമായിൻ ഹാജി പറയത്തക്ക സാങ്കേതിക വിദ്യയൊന്നുമില്ലാതെ തന്നെ 22 തൊഴിലാളികളെ വെച്ച് ഒരു കുടിൽ വ്യാവസായമെന്ന രീതിയിൽ ആരംഭിച്ച ആയിഷ ഹോസിയറി ''(Aysha Hosiery ) ഫാക്ടറി നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് – പാലാപ്പറമ്പിൽ സ്ഥാപിക്കപ്പെടുകയുണ്ടായി. തുടർന്ന് കുഞ്ഞിമിയൻ ഹാജി കൽക്കത്തയിൽ പോയി ഹോസിയറിയെപ്പറ്റിയുള്ള സാങ്കേതിക വൈദഗ്ധ്യം നേടുകയും ആധുനിക യന്ത്ര സാമഗ്രികൾ ജപ്പാനിലെ ഒസക്കയിൽ നിന്ന് ഇറക്കുമതി ചെയ്ത് വ്യവസായം പുഷ്ടിപ്പെടുത്തുകയും ചെയ്തു. കേവലം 'കഞ്ഞിപ്രാക്ക്' എന്ന നാമേധയത്തിൽ അറിയപ്പെട്ടിരുന്ന ബനിയൻ പിൽക്കാലത്ത് ഏഷ്യയിലെ തന്നെ രണ്ടാമത്തെ സ്ഥപനമായി ഉയരുകയും ചെയ്തു. ഈ സ്ഥാപനത്തിന്റെ വികസനത്തിനായി 500 ഏക്കർ ഭൂമി ഫാക്ടറിയുടെ പേരിൽ നിലനിൽക്കുന്നുണ്ട്. തൊഴിലാളികളുടെ കഠിനാധ്വാനത്തിന്റെ ഫലമായി ഉയർച്ചയുടെ പടവുകൾ കയറിയ സ്ഥാപനം. ഇന്ന് മാർക്കറ്റിൽ കടുത്ത മത്സരത്തെ നേരിടുകയാണ്. 1601ൽ പരം തൊഴിലാളികൾ ജോലിചെയ്യുന്ന ഈ സ്ഥാപനത്തിലെ 50% തൊഴിലാളികളും പഞ്ചായത്തിന് വെളിയിലുള്ളവരാണ്. മാനേജ്മെന്റ് സംവിധാനം കാര്യക്ഷമാക്കാത്ത പക്ഷം സ്ഥാപനം കമ്പോളത്തിൽ പിടിച്ചു നിൽക്കാൻ പ്രയാസപ്പെടേണ്ടിവരും

നമ്മുടെ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി വർഷങ്ങൾക്ക് മുമ്പ് തന്നെ കുലത്തൊഴിലായി ചക്ക് ഉപയോഗിച്ച് കൊപ്ര ആട്ടി എണ്ണ എടുക്കുന്ന സമ്പ്രാദയം ഉണ്ടായിരുന്നു. എന്നാൽ യന്ത്രസാമഗ്രികളുടെ വരവോടെ ഈ കുടിൽ വ്യവസായം നാമാവശേഷമായിത്തിരുകയും അവർ മറ്റ് തൊഴിലിലേക്ക് നീങ്ങുകയും ചെയ്തു.

പഞ്ചായത്തിലെ മൊടോളി പ്രദേശത്ത് നൂൽനൂൽപ്പും തുണിനെയ്ത്തും കുലത്തൊഴിലായി ചെയ്തു വരുന്നവരുണ്ടായിരുന്നു. ഇന്ന് അതും നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.

പഞ്ചായത്തിൽ വട്ടോളി, ഇടുമ്പ, തൊടീക്കളം, മുടപ്പത്തൂർ, കുയ്യലാട്, അരീക്കര , മാനന്തേരിയുടെ ചിലഭാഗങ്ങളിലുമായി ഏതാണ്ട് 300ൽ പരം തൊഴിലാളികൾ ചെങ്കല്ല് കൊത്തിയെടുക്കുന്ന തൊഴിലിൽ ഏർപ്പെട്ടവരായിടുണ്ട്. നാമമാത്രമായ കരിങ്കൽ ക്വാറികളും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായുണ്ട്. കരിങ്കൽ ജില്ലി നിർമ്മാണ യുനിറ്റുകൾ വ്യാപകമായി പ്രവർത്തിച്ചുവരുന്നുണ്ട്. സ്ത്രീകളുടെ പ്രധാനപ്പെട്ട ഒരു തൊഴിൽ മേഖലയാണിത്.

നമ്മുടെ പഞ്ചായത്തിനു വ്യാവസായിക ഭൂപടത്തിൽ സ്ഥാനം പിടിക്കാൻ വലിയവെളിച്ചം വ്യവസായ വളർച്ചാ കേന്ദ്രത്തിന്റെ സ്ഥാപനത്തോടെ സാധിക്കുമെന്ന് പ്രാത്യാശിക്കാം.

ആയിരം ഏക്കറിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപ്പിച്ചിരുന്ന പ്രസ്തുത പദ്ധതി ഇപ്പോൾ 250 ഏക്കറിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. 'വലിയവെളിച്ചം' പദ്ധതി സാക്ഷാത്കരിക്കുന്നതോടുകൂടി ചിറ്റാരിപ്പറമ്പ് പഞ്ചായത്തിലെ തൊഴിൽ മേഖല വികസിക്കുകയും ഒട്ടനവധി അനുബന്ധ വ്യവസായങ്ങൾക്ക് വഴിതുറക്കുകയും ചെയ്യും. പഞ്ചായത്തിന്റെ വികസനത്തിന് ഒരു നാഴികക്കല്ലായിത്തീരുന്ന വലിയവെളിച്ചം പദ്ധതി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതുണ്ട്.

1991ലെ സെൻസസ് പ്രകാരം ചിറ്റാരിപ്പറമ്പ് പഞ്ചായത്തിലെ വിവിധ തൊഴിൽ മേഖലയിൽ പ്ര

വർത്തിക്കുന്നവർ പട്ടിക 1ൽ.

പഞ്ചായത്തിൽ വിവിധ തൊഴിൽ മേഖലകളിലായി 6435 പേർ ജോലിചെയ്യുന്നുണ്ട്. ഇതിൽ 4600 പുരുഷന്മാരും 1835 സ്ത്രീകളുമാണ്. ( അവലംബം 91ലെ സെൻസസ്). തൊഴിൽ രഹിതരായി 5634 പുരുഷൻമാരും 8905 സ്ത്രീകളുമാണ് പഞ്ചായത്തിലുള്ളത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന വ്യാവസായ സ്ഥാപനങ്ങളുടെയും ഇവയിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ പട്ടിക 2ൽ.

വ്യവാസായിക രംഗത്ത് പഞ്ചായത്തിന്റെ നിലപിന്നോക്കമാവാൻ കാരണങ്ങൾ നിരവധിയാണ്. കൃഷി അടിസ്ഥാനമാക്കിയുള്ള ഒരു ജിവിതരീതിയാണ് ഇവിടെ നില നിന്നിരുന്നത് എന്നതാണ് ഒരു പ്രധാന കാരണം. മറ്റ് ചില കാരണങ്ങൾ താഴെ കൊടുക്കുന്നു.

1. വ്യാവസായികരംഗത്ത് മുതൽ മുടക്കാൻ കഴിവുള്ളവരുടെ അഭാവം.
2. ഉൗർജ്ജപ്രതിസന്ധി.
3. അസംസ്കൃത വസ്തുക്കളുടെ അഭാവം.
4. ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താനുള്ള പ്രയാസം.
5. വിപണിയിലെ മത്സരം.
6. വായ്പാ സാങ്കേതികത്വവും സാങ്കേതിക ജ്ഞാനമുള്ളവരുടെ അഭാവവും.

പഞ്ചായത്തിലെ വ്യവസായിക വളർച്ചയ്ക്കുള്ള സാധ്യതകളും നിർദ്ദേശങ്ങളും

1. മരച്ചീനി, നേന്ത്രക്കായ എന്നിവ ഉപയോഗിച്ചുള്ള ചിപ്സ് നിർമ്മണം.
2.. നാളികേരം അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ.
3. കശുമാങ്ങയിൽ നിന്ന് സ്കാഷ്
4. കൈതച്ചക്ക സംസ്ക്കാരണം.
5. വാഴനാര് കൊണ്ട് ജിയോഫൈബർ നിർമ്മിക്കൽ
6. ചക്ക, മാങ്ങ, വാഴപ്പഴം എന്നിവ ഉപയോഗിച്ചുള്ള ജാം.
7. ഹോസിയറി അടിസ്ഥാനമാക്കി ഉല്പന്നങ്ങൾ ഉണ്ടാക്കുക
8. മെഴുകുതിരി, ചന്ദനതിരി, സോപ്പ് എന്നിവ കുടിൽ വ്യവസായ മായി ഉൽപ്പാദിപ്പിക്കുക.
9. അച്ചാർ ഉണ്ടാക്കലും വില്പനയും.
10. കരിങ്കൽ പൊടിയും സിമന്റും ഉപയോഗിച്ച് സിമന്റ് കാൽ നിർമ്മാണം
11. വനവിഭവങ്ങളായ പന്തം, ചീനിക്ക, ചാവക്കായ് എന്നിവ ഉപയോഗിച്ച് വാർണിഷ്, സോപ്പ് നിർമ്മാണം
12. ചെരുപ്പ് നിർമ്മാണം
13. തൊടിക്കളം കോട്ടയിൽ ഭാഗത്തുള്ള അഭ്രം, കളിമണ്ണ് എന്നിവ ഉപയോഗിച്ചു കൊണ്ടുള്ള ചെറുകിട വ്യവസായം.
14. ബീഡി യുനിറ്റുകൾ
15. കസേരമടയൽ, കൊട്ട മെടയൽ
16. ഫർണ്ണിച്ചർ ഫാക്ടറി ( റബ്ബർ പോലുള്ള മരങ്ങൾ രാസപരിണാമം വരുത്തി ഇതിന് ഉപയോഗിക്കാവുന്നതാണ് ).
17. P.M.R.Y സ്കീം പ്രകാരം തൊഴിൽ സംരംഭകരെ കണ്ടെത്തി ഒരു വർഷം 20 എന്ന തോതിൽ 5 വർഷം കൊണ്ട് 100 യുനിറ്റ് ആരംഭിക്കുക
18. നോട്ട് ബുക്ക് നിർമ്മാണവും ബുക്ക് ബൈന്റിംഗും.

പട്ടിക – 2

| ക്രമ നമ്പർ | വ്യവസായ സ്ഥാപനത്തിന്റെ പേര് | ഉൽപ്പന്നം | തൊഴിലാളികളുടെ എണ്ണം | | ശരാശരി ദിവസക്കൂലി | | മാർക്കറ്റിങ്ങ് | പ്രശ്നങ്ങളും മറ്റ് വിവരങ്ങളും | ട്രെയിനി-കൾ |
|---|---|---|---|---|---|---|---|---|---|
| | | | പു | സ്ത്രീ | പു | സ്ത്രീ | | | |
| 1. | ആയിഷ ഹോസിയറി | ഹോസിയറി | 67 | 49 | 50 - 60 | 50 - 60 | കേരള, ബോംബെ ഗൾഫ് | സ്വകാര്യമേഖല, 1937 | 3+2 |
| 2. | പാലാഷറമ്പ് മിൽ ബോർഡ്സ് | പേപ്പർ ഹാർഡ് ബോർഡ് | 4 | -- | 40 - 50 | -- | കേരളത്തിലെ വിവിധ ജില്ലകൾ | സ്വകാര്യമേഖല, 1967 അഞ്ചുമാസത്തോളം പണി നടക്കാറില്ല (Miss Management) | |
| 3. | പരശുറാം മെറ്റൽ ഇൻഡസ്ട്രിസ്, 14 - ാം മൈൽ | സ്റ്റീൽ അലമാരകൾ കട്ടിലുകൾ | 6 | -- | 75 | -- | കൂത്തുപറമ്പ് | വോൾട്ടേജ് പ്രശ്നം 1994 | |
| 4. | നവീൻ ഗാർമെന്റ്സ്, മാനഞ്ചേരി, കൊന്നോറ | റെഡിമെയ്ഡ്സ് | -- | 11 | -- | 15 - 40 | കണ്ണൂർജില്ല | SSI 1992 | |
| 5. | സൂര്യ ഗാർമെന്റ്സ് | റെഡിമെയ്ഡ്സ് | -- | 5 | -- | 15 | കണ്ണൂർ ജില്ല | സ്വകാര്യമേഖല 1994 | |
| 6. | യോഗി ബീഡി യൂണിറ്റ്, കൊന്നോറ | ബീഡി | -- | 20 | -- | 15 - 20 | ഹെഡ് ഓഫീസ് യഗി ബീഡി | DWCRA 1991 | |
| 7. | ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്, ഇരട്ടക്കുളങ്ങര | ലൈറ്റ് വാഹന റിപ്പേർ | 6 | -- | 50 | -- | -- | SSI സ്വകാര്യമേഖല 1994 | |
| 8. | വുഡ് ഇന്റസ്ട്രീസ്, ഇരട്ടക്കുളങ്ങര | തീപ്പെട്ടിക്കോലും കൂട്ടം | 2 | 18 | 40 | 25 | തമിഴ്നാട് | സ്വകാര്യമേഖല, 1985 (അസംസ്കൃതവസ്തു ക്ഷാമം) | |
| 9. | ശില്പ ഓയിൽ ഫ്ളവർമിൽ | വെളിച്ചെണ്ണ പിണ്ണാക്ക് | 1 | -- | 5- | -- | കൂത്തുപറമ്പ് | 1994, സ്വകാര്യമേഖല, SSI | |
| 10. | ഫെഡിയൽ ഫർണിച്ചർ. ചിറ്റാരിപ്പറമ്പ് | ഫർണ്ണിച്ചർ | 2 | -- | 75 | -- | മാനന്തേരി, കണ്ണവം | 1994, സ്വകാര്യമേഖല, SSI | |
| 11. | Job and Jolly Printers | പ്രിന്റിംഗ് | 1 | 4 | 50 | 30 | -- | 1987, സ്വകാര്യമേഖല | |
| 12. | സെന്റ് തോമസ് വിഡ് ഇന്റസ്ട്രീസ്, KPBA | തടി, ഉരുപ്പടികൾ | 4 | -- | 40 - 50 | -- | ചിറ്റാരിപ്പറമ്പ് കോളയാട് | 1985, വൈദ്യുതിപ്രശ്നം | |
| 13. | സെന്റ് ജോർജ്ജ് ഫ്ളവർ മിൽ, KPBA | ധാന്യം പൊടിക്കൽ | 1 | -- | 3- | -- | -- | 1986 | |
| 14. | പൗർണ്ണമി ഗാർമെന്റ്സ്, വട്ടോളി | ഗാർമെന്റ്സ് | -- | 8 | -- | 15 | കണ്ണൂർ ജില്ല | DWCRA, 1993 | |
| 15. | നവീന മെറ്റൽ ഇന്റസ്ട്രീസ് | വെൽഡിംഗ് യൂണിറ്റ് | 2 | -- | -- | 50 | ചിറ്റാരിപ്പറമ്പ് | 1985 | |
| 16. | എ. കെ. ടെക്സ്. ചിറ്റാരിപ്പറമ്പ് | ഗാർമെന്റ്സ് | 3 | 12 | 25 | 20 | കണ്ണൂർ ജില്ല | 1985 | |
| 17. | ശില്പ ഫർണിച്ചർ, കൂത്തുപറമ്പ | മരഉരുപ്പടികൾ | 1 | -- | -- | -- | ചിറ്റാരിപ്പറമ്പ് | 1996 | |
| 18. | ജെല്ലി യൂണിറ്റ് പൂവത്തിൻകീഴിൽ | ജെല്ലി | -- | 2 | -- | 15 - 20 | -- | 1993, വനിത | |
| 19. | ജെല്ലി യൂണിറ്റ്, പൂവത്തിൻകീഴിൽ | ജെല്ലി | -- | 10 | -- | 10 - 20 | -- | മഹിളാസമാജം, DWCRA (ജെല്ലി കെട്ടിക്കിടക്കാറുണ്ട്) | |
| 20. | പോപ്പുലർ ഫർണിച്ചർ, മാനഞ്ചേരി, 14 - ാം മൈൽ | ഫർണിച്ചർ | 4 | -- | 100 | -- | ചിറ്റാരിപ്പറമ്പ് | സ്വകാര്യമേഖല, 1995 | |
| 21. | സിമന്റ് കാൽ നിർമ്മാണ യൂണിറ്റ്, പൂവത്തൻകീഴിൽ | സിമന്റ്കാൽ | 1 | -- | 100 | -- | ചിറ്റാരിപ്പറമ്പ് കോളയാട് | 1994 , Technology, Tamil Nadu | |
| 22. | മിലാൻ സ്വീറ്റ്സ്, 12 - ാം മൈൽ | പലഹാരങ്ങൾ | 2 | -- | 50 | -- | -- | 1996 | |
| 23 | ശില്പ ഫർണിച്ചർ, പൂവത്തൻകീഴ് | ഫർണിച്ചർ | 1 | -- | 100 | -- | ചിറ്റാരിപ്പറമ്പ | 1994 | |
| 24. | സിൻസിയർ ചപ്പൽസ്, 12 - ാം മൈൽ | ചെരിപ്പുകൾ | 3 | -- | 60 | -- | കണ്ണൂർ, വയനാട | 1995 | |
| 25. | ഫിഫാർ ഡ്രസ്സേർസ് | റെഡിമെയ്ഡ്സ് | -- | 8 | -- | 1 - 20 | കണ്ണൂർ - കോഴിക്കോട് | SSI, 1996 | |
| 26. | ഷംസി വുഡ് ഉന്റസ്ട്രീസ്, മാനന്തേരി, 12 - ാം മൈൽ | മരഉരുപ്പടികൾ | 4 | -- | 65 | -- | സമീപപ്രദേശങ്ങൾ | 1991, സ്വകാര്യമേഖല | |
| 27. | ജെല്ലി യൂണിറ്റ്, കണ്ണവം | ജെല്ലി | 1 | 3 | 25 - 30 | 20 - 25 | സമീപപ്രദേശങ്ങൾ | 1990, സ്വകാര്യമേഖല | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 28. | സ്റ്റീൽസൺ, മാനന്തേരി, 12-ാം മൈൽ | സ്റ്റീൽ അലമാര | 4 | -- | 60 | -- | കണ്ണൂർജില്ല | തമിഴ്നാട് ജോലിക്കാർ, 1994 | |
| 29. | ഷിനു പപ്പടം, കണ്ണവം | പപ്പടം | 2 | -- | 40 | -- | " | 1996 | |
| 30. | ശശി റെഡിമെയ്ഡ്സ്, 12-ാം മൈൽ | റെഡിമെയ്ഡ്സ് | -- | 2 | -- | 15 | " | 1996 | |
| 31. | കണ്ണവം ഫ്ളവർ മിൽ | ധാന്യം പൊടിക്കൽ | 1 | -- | 25 | -- | കണ്ണവം | 1992 | |
| 32. | ഓമൽ വീവേഴ്സ്, മാനന്തേരി | ഹോസിയറി | -- | 4 | -- | 15-70 | കണ്ണൂർ | SSI, 1991 | |
| 33. | ലക്ഷ്മി ടയേഴ്സ്, കണ്ണവം | ടയർ റിപ്പേർ | 1 | -- | 75 | -- | കണ്ണവം | 1985 | |
| 34. | ഹോസിയറി വർക്സ്,അമ്പായക്കാട് | ഹോസിയറി | -- | 8 | -- | 30 | തുടങ്ങിയിട്ടില്ല | SSI, 1996 | |
| 35. | ധന്യ ഫർണ്ണിച്ചർ, കണ്ണവം | ഫർണിച്ചർ | 2 | -- | 100 | -- | ചിറ്റാരിപ്പറമ്പ് കോളയാട് | 1994 | |
| 36. | ഫ്ളവർമിൽ, മാനന്തേരി | ധാന്യംപൊടിക്കൽ | 1 | -- | 30 | -- | മാനന്തേരി | 1991 | |
| 37. | വെൽഡിംഗ് യൂണിറ്റ്, കണ്ണവം | വെൽഡിംഗ് | 3 | -- | 100 | -- | കണ്ണവം | 1993 | |
| 38. | ജിജി ഗാർമെന്റ്സ്, മാനന്തേരി | റെഡിമെയ്ഡ്സ് | 2 | 4 | 50 | 40 | കണ്ണൂർ, കോഴിക്കോട് വയനാട് | PMRY 1995 | |
| 39. | നിധിൻ ഗാർമെന്റ്സ്, സത്രം | റെഡിമെയ്ഡ്സ് | 1 | 11 | 20-25 | 15-20 | ' | SSI, 1995 | |
| 40. | കൃഷ്ണ ഫർണിച്ചർ, സത്രം | ഫർണിച്ചർ | 3 | -- | 125 | -- | മാനന്തേരി, കണ്ണവം | SSI, 1995 | |
| 41. | ഖാദി ബോർഡ്, മാനന്തേരി | നൂൽ, തുണി | 1 | 24 | 46 | 10-15 | പയ്യന്നൂർ | 1982 | |
| 42. | ജില്ലി യൂണിറ്റ്, കിരാലി | ജില്ലി | -- | 5 | -- | 30 | സമീപപ്രദേശങ്ങൾ | 1982 | |
| 43. | വട്ടോളി ജില്ലി യൂണിറ്റ് | ജില്ലി | -- | 10 | -- | 25 | ' | 1982 | |
| 44. | C.C. ബേക്കറി, സത്രം | ബേക്കറി ഉല്പന്നങ്ങൾ | 3 | -- | 50 | -- | ' | 1996 | |
| 45. | സംഗമം ബേക്കറി, കൂത്തുപറമ്പ | ' | 4 | 2 | 50 | 30 | ' | 1963 | |
| 46. | സിജിന ബേക്കറി, കണ്ണവം | ' | 4 | -- | 50 | -- | ' | 1963 | |

| | |
|---|---|
| ആകെ | 352 |
| സ്ത്രീ | 208 |
| പു | 144 |

# വിദ്യാഭ്യാസം

ചിറ്റാരിപ്പറമ്പ് പഞ്ചായത്തിലെ ജനവാസ കേന്ദ്രങ്ങളിൽ ആരംഭിച്ച കുടിപ്പള്ളിക്കൂടങ്ങളിൽ നിന്നാണ് ഇവിടുത്തെ വിദ്യാഭ്യാസ ചരിത്രം ആരംഭിക്കുന്നത്. കുടിപ്പള്ളിക്കൂടങ്ങളിലെ അധ്യാപകർ ഗുരുക്കൾ എന്നാണ് അറിയപ്പെട്ടത്. കോരൻ ഗുരുക്കൾ, കണാരൻ ഗുരുക്കൾ കെ. ടി. ഗോപാലൻ നമ്പ്യാർ തുടങ്ങിയ ആദ്യകാല വിദ്യാഭ്യാസ പ്രവർത്തകരെ ഇന്നാട്ടിലെ പ്രായമായവർ ആദരപൂർവ്വം ഇന്നും സ്മരിക്കുന്നു.

ഈ നൂറ്റാണ്ടിന്റെ പിറവിക്കുമുൻപുതന്നെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ചിറ്റാരിപ്പറമ്പിൽ ആരംഭിച്ചിരുന്നു. ആദ്യത്തെ അംഗീകൃത പ്രൈമറി വിദ്യാലയം പരുമയിൽ സ്ഥിതി ചെയ്യുന്ന, ഇന്നത്തെ കണ്ണവം ജി. എൽ.പി. സ്ക്കൂൾ ആണ്. ഇതേ കാലയളവിൽ തന്നെ സമാരംഭിച്ച മാനന്തേരി ഹിന്ദു ബോയ്സ് സ്ക്കൂൾ ഇന്ന് മാനന്തേരി എൽ. പി. സ്ക്കൂൾ എന്ന പേരിൽ പ്രവർത്തിക്കുന്നു. ഈ ശതകത്തിന്റെ പിറവിയോടെ തന്നെ ചെള്ളത്ത് വയലിലും ഒരു പ്രാഥമിക വിദ്യാലയം ആരംഭിച്ചിരുന്നു.

ആദ്യത്തെ യു. പി. സ്ക്കൂൾ ചിറ്റാരിപ്പറമ്പിൽ 1935ൽ ജ്ഞാനപ്രകാശിനി എന്ന പേരിൽ ശ്രീ. പുതുശ്ശേരി വേണാടൻ അച്ചുതൻ മാസ്റ്റർ എന്ന വിദ്യാഭ്യാസ പ്രവർത്തകനാണ് ആരംഭിച്ചത്. പിന്നീട് ശ്രീ. കുഞ്ഞനന്തൻ നമ്പ്യാർ ഈ വിദ്യാലയം ഏറ്റെടുക്കുകയാണുണ്ടായത്. ഇദ്ദേഹത്തിന്റെ നാമധേയം ചിറ്റാരിപ്പറമ്പിലും പരിസരപ്രദേശങ്ങളിലുമുള്ള മറ്റു പ്രൈമറി വിദ്യാലയങ്ങളുടെ സ്ഥാപനവുമായും ബന്ധപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ ചിറ്റാരിപ്പറമ്പ് ടൗൺ പരിസരത്ത് തന്നെ പ്രവർത്തിക്കുന്ന ചിറ്റാരിപ്പറമ്പ് ഗവൺമെന്റ് ഹൈസ്ക്കൂൾ ആണ്. നേരത്തെ സൂചിപ്പിച്ച ജ്ഞാനപ്രകാശിനി യു. പി. സ്ക്കൂളിനോട് സമീപസ്ഥമായ മാപ്പിള എൽ. പി. സ്ക്കൂൾ കൂടി കൂട്ടിച്ചേർക്കുകയും പ്രസ്തുത വിദ്യാലയം 1966ൽ അപ് ഗ്രേഡ് ചെയ്ത് ഹൈസ്ക്കൂളായി ഉയർത്തുകയുമാണുണ്ടായത്. തദ്ദേശിയാരായ ജനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവന്ന ഈ വിദ്യാലയം 1973ൽ സർക്കാരിന് ഏൽപ്പിച്ചുകൊടുത്തു.

ആയിരത്തിതൊള്ളായിരത്തി ഇരുപതുകളിൽ സജീവമായ നവോത്ഥാനത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും സ്വാധീന ഫലമായി ചിറ്റാരിപ്പറമ്പിലും അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളെന്ന നിലയിൽ ഹിന്ദി വിദ്യാലയങ്ങളും, നിശാപാഠശാലകളും, രാവെഴുത്തുകേന്ദ്രങ്ങളും ഉടലെടുക്കുകയുണ്ടായി. ഗാന്ധിജിയുടെ ആഹ്വാനം അനുസരിച്ച് ഹിന്ദി ഭാഷാ പ്രചരണാർത്ഥ ശ്രീ. കെയ ടി. ഗോപാലൻ നമ്പ്യാരുടെ നേതൃത്വത്തിൽ ഹിന്ദി വിദ്യാലയങ്ങൾ പ്രവർത്തിപ്പിച്ചിരുന്നു.

ഏറെ പഴക്കമുള്ളത് എന്ന് തന്നെ പറയാവുന്ന ഒരു വിദ്യാഭ്യാസ ചിരത്രം ഈ പ്രദേശത്തിനുണ്ടെങ്കിലും, അതിന്റെ ഗുണഫലം സമൂഹത്തിന് അനുഭവവേദ്യമായില്ല എന്നത് ഒരു വസ്തുതയാണ്. ഇതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിക്കുമ്പോൾ ഈ പ്രദേശത്തിന്റെ മൊത്തത്തിലുള്ള സാമൂഹികവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയിലാണ് ചെന്നെത്തുക.

**പ്രീ-പ്രൈമറി:**

പഞ്ചായത്തിൽ ICDSന് കീഴിൽ പ്രവർത്തിക്കുന്ന 13 അംഗൻവാടികളും എയ്ഡഡ് എൽ. പി. സ്ക്കൂളുകളുടെ ഭാഗമായി പ്രവർത്തിക്കുന്ന 2 നേഴ്സറി സ്ക്കൂളുകളും, സ്വകാര്യവ്യക്തികൾ നടത്തുന്ന 2 ഇംഗ്ലീഷ് മീഡിയം നഴ്സറികളും ഉണ്ട്. 5-ാം വാർഡിൽ അംഗൻവാടി ഇല്ല. ജനസംഖ്യാനുപാതികമായി പഞ്ചായത്തിൽ 22 അംഗൻവാടികളെങ്കിലും ആവശ്യമാണ്. എങ്കിൽ മാത്രമേ പ്രീ-പ്രൈമറി പ്രായത്തിലുള്ള മുഴുവൻ കുട്ടികളെയും അംഗൻവാടികളിലെത്തിക്കാനും, ഐകരൂപ്യമുള്ള ഒരു പ്രീ- പ്രൈമറി വിദ്യാഭ്യാസം ഇവിടെ നടപ്പാക്കാനും കഴിയുകയുള്ളൂ. ഇംഗ്ലീഷ് മീഡിയം നേഴ്സറികളിലും, എയ്ഡഡ് സ്ക്കൂളുകളോട് അനുബന്ധിച്ച് നടത്തപ്പെടുന്ന നേഴ്സറികളിലും രക്ഷാതാക്കളും വിദ്യാർത്ഥികളും ആകർഷകപ്പെടാതിരിക്കാൻ, അംഗൻവാടി സംവിധാനം കുറ്റമറ്റതും കാര്യക്ഷമവും ആക്കേണ്ടതുണ്ട്.

(പട്ടിക 1ൽ അംഗൻവാടികളെ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.)

പട്ടിക – 1

അംഗൻവാടികൾ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | അംഗൻവാടികളുടെ എണ്ണം | കുട്ടികളുടെ എണ്ണം |
|---|---|---|
| 1. | 2 | 56 |
| 2. | 3 | 84 |
| 3. | 1 | 24 |
| 4. | 1 | 26 |
| 5. | Nil | -- |
| 6. | 1 | 26 |
| 7. | 1 | 28 |
| 8. | 1 | 30 |
| 9. | 1 | 27 |
| 10 | 2 | 48 |
| ആകെ | 13 | 349 |

അവലംബം: ദ്വിതീയ വിവരശേഖരണം

ICDS സംഘടിപ്പിച്ച ജില്ലാതല കലോത്സവത്തിൽ മുടപ്പത്തൂർ അംഗൻ വാടിയിലെ റെനീഷ് അംഗൻവാടി പ്രതിഭയായി തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

## വിമർശനങ്ങൾ

**അനുകൂലമായവ:-**

1. 13 അംഗൻവാടികൾ പ്രവർത്തിക്കുന്നു.
2. ഇവയിൽ 8ന് സൗകര്യപ്രദമായ സ്വന്തം കെട്ടിടമുണ്ട്.
3. അംഗൻവാടികൾ കുട്ടികളുടെ സ്വഭാവ രൂപീകരണത്തിലും പ്രൈമറി വിദ്യാഭ്യാസത്തിന് അവരെ സജ്ജമാക്കുന്നതിലും നിസ്തുലമായ പങ്ക് വഹിക്കുന്നു.
4. ഗ്രാമീണ ശിശുക്കൾക്ക് പോഷകാഹാരവും ആരോഗ്യപരിപാലനവും ലഭ്യമാക്കുന്നുണ്ട്.
5. അംഗൻവാടികൾ കൂട്ടായ്മയുടെയും ആരോഗ്യവിദ്യാഭ്യാസത്തിന്റെയും കേന്ദ്രങ്ങളായി വർത്തിക്കുന്നു.

**പ്രതികൂലമായവ :-**

1. എണ്ണം പര്യാപ്തമല്ല.
2. 5 എണ്ണത്തിന് സ്ഥിരം കെട്ടിടം ഇല്ല. ഒരെണ്ണത്തിലും വേണ്ടത്ര കളിക്കോപ്പുകൾ, കളിസ്ഥലങ്ങൾ എന്നിവയില്ല.
3. വിദഗ്ദപരിശീലനം ലഭിച്ച അധ്യാപികമാരുടെ കുറവ് ഉണ്ട്.
4. ഇംഗ്ലീഷ് ഭാഷാധ്യയനം പോലുള്ള അശാസ്ത്രീയ പ്രവണതകൾപോലും അംഗൻവാടികളിൽ മുളപൊട്ടുന്നത് കാണാം.

**പ്രീ-പ്രൈമറി സാധ്യതകൾ:**

പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ച് സമൂഹത്തിനുള്ള വികലമായ ധാരണകൾ ഇല്ലാതാക്കുന്നതിനും, തികച്ചും സാർവ്വത്രികമായ പ്രീ-പ്രൈമറി വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും സാമൂഹ്യമായ ഇടപെടലുകളിലൂടെയും സർക്കാരിന്റെ സമഗ്രമായ നിർദ്ദേശങ്ങളിലൂടെയും അംഗൻവാടികളുടെ പ്രവർത്തനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഇതിനുവേണ്ടി

1. 10 അംഗൻവാടികൾകൂടി ആരംഭിക്കുക.
2. സർക്കാരിന്റെയും ജനങ്ങളുടെയും സഹകരണത്തോടെ എല്ലാ അംഗൻവാടികൾക്കും ശരിയായ രീതിയിലുള്ള കെട്ടിടങ്ങൾ നിർമ്മിക്കുക.
3. ആവശ്യമായ കളിസ്ഥലങ്ങൾ ഉണ്ടാക്കുകയും, കളിക്കോപ്പുകൾ സജ്ജീകരിക്കുകയും ചെയ്യുക.
4. പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികൾക്കും വേണ്ട കളിക്കോപ്പുകൾ വാങ്ങുകയും അംഗൻവാടികൾക്കിടയിൽ അവ റൊട്ടേറ്റ് ചെയ്യുന്നത് വഴി കുറഞ്ഞ ചെലവിൽ കളിപ്പാട്ടങ്ങളുടെ വൻ വൈവിധ്യവൽക്കരണം സാധ്യമാക്കുകയും ചെയ്യുക.
5. എല്ലാ അംഗൻവാടികളിലേയും കുടിവെള്ള പ്രശ്നം ഉടൻ പരിഹരിക്കേണ്ടതുണ്ട്. കക്കൂസ് സൗകര്യവും ഏർപ്പെടുത്തണം.
6. അംഗൻവാടികളിൽ പൂന്തോട്ടം ഉണ്ടാക്കണം.
7. പുതിയ അധ്യാപികമാരെ ശാസ്ത്രീയ പരിശീലനത്തിന് ശേഷം മാത്രം നിയമിക്കുകയും നിലവിലുള്ളവർക്ക് അത്തരത്തിലുള്ള പരിശീലനം ലഭ്യമാക്കുകയും വേണം.
8. പ്രീ-പ്രൈമറി തലത്തിൽ ഇംഗ്ലീഷ് പഠിപ്പിക്കൽ പരിപൂർണ്ണമായും ഒഴിവാക്കുക.
9. പ്രീ-പ്രൈമറി പ്രായത്തിലുള്ള മുഴുവൻ കുട്ടികളും അംഗൻവാടികളിലെത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

## പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസം:

ചിറ്റാരിപ്പറമ്പ് പഞ്ചായത്തിൽ 11 എൽ.പി.സ്ക്കൂളുകളും രണ്ട് യു. പി. സ്ക്കൂളുകളും ഒരു ഹൈസ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്. ഇവയിൽ 2 എൽ. പി. സ്ക്കൂളുകളും ഹൈസ്ക്കൂളുകളും ഗവൺമെന്റ് ഉടമയിലും ബാക്കി 9 എൽ.പി. സ്ക്കൂളുകളും യു. പി. സ്ക്കൂളുകൾ രണ്ടെണ്ണവും സ്വകാര്യ മാനേജ്മെന്റിന് കീഴിലുള്ള എയ്ഡഡ് സ്ക്കൂളുകളുമാണ്. ഈ വിദ്യാലയങ്ങൾ പ്രധാന ആവാസകേന്ദ്രങ്ങളിലും വിദ്യാർത്ഥികൾക്ക് പ്രാപ്യമായ അകലത്തിലുമായി വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. മിക്ക വിദ്യാലയങ്ങൾക്കും അത്യാവശ്യം കെട്ടിട സൗകര്യങ്ങളും ഉണ്ട്. ഇത്രയും അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടെങ്കിലും പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസത്തിന്റെ അവസ്ഥ ശോചനീയം തന്നെയാണ്. ഇതിന്റെ കാരണങ്ങൾ പരിശോധിക്കപ്പെടേണ്ടതും വിദ്യാഭ്യാസ രംഗത്ത് ഒരു കുതിച്ചുചാട്ടത്തിനുള്ള കളമൊരുക്കേണ്ടതും അടിയന്തിര പ്രാധാന്യം അർഹിക്കുന്ന കാര്യങ്ങളാണ്.

ഒരു നൂറ്റാണ്ടിനുമുമ്പുതന്നെ ആധുനിക വിദ്യാഭ്യാസത്തിന് ബീജാവപാവം നടന്നെങ്കിലും സാമാന്യജനങ്ങളിലേക്ക് വിദ്യാഭ്യാസം വ്യാപിച്ചില്ല. ഇവിടെ നിലനിന്ന ജന്മിത്തവും സ്വാതന്ത്ര്യാനന്തരം കാർഷിക മേഖലയിലുണ്ടായ മുരടിപ്പും വ്യവസായവൽക്കരണത്തിന്റെ അഭാവവും നിമിത്തം സാമ്പത്തിക രംഗത്ത് നിലനിൽക്കുന്ന നിശ്ചലാവസ്ഥ ഈ സ്ഥിതിവിശേഷത്തിന്റെ അടിസ്ഥാനകാരണമായി ചൂണ്ടിക്കാണിക്കാം. രക്ഷിതാക്കളുടെ വിദ്യാഭ്യാസമില്ലായ്മയും ഉന്നതവിദ്യാഭ്യാസസൗകര്യങ്ങൾ വളരെ വിദൂരത്തിലായതും, ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവവുമെല്ലാം നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനത്തെ ഒരു പരിധിയോളം ദോഷകരമായി ബാധിച്ചിട്ടുണ്ട്.

സമൂഹത്തിന്റെ മൊത്തം സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതോടൊപ്പം ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളുടെയും സാങ്കേതിക വിദ്യാലയങ്ങളുടെയും സാന്നിദ്ധ്യവും ഗതാഗത സൗകര്യങ്ങളുടെ വ്യാപനവും തുടർ സാക്ഷരതാ പ്രവർത്തനത്തിലൂടെയുള്ള രക്ഷിതാക്കളുടെ ബോധവൽക്കരണവും സർവ്വോപരി വിദ്യാഭ്യാസത്തെ പ്രവൃത്ത്യുന്മുഖവും ചലനാത്മകവുമാക്കലും അടിയന്തിര പ്രാധാന്യമർഹിക്കുന്നു.

ലോവർ പ്രൈമറി, അപ്പർ പ്രൈമറി ഹൈസ്ക്കൂൾ തലങ്ങളിലായി മൊത്തം 4439 കുട്ടികൾ പഠിക്കുന്നു. 2313 ആൺകുട്ടികളുടം 2126 പെൺകുട്ടികളും ആണ്. പൊതുവെ ജനസാന്ദ്രതകൂടിയ ചിറ്റാരിപ്പറമ്പ് പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഹൈസ്ക്കൂളിൽ എല്ലാ ക്ലാസ്സുകളിലും വേണ്ടത്ര കുട്ടികളുണ്ടെങ്കിലും അഞ്ച് ലോവർ പ്രൈമറി സ്ക്കൂളുകളിൽ 100ൽ താഴെ മാത്രമേ കുട്ടികൾ ഉള്ളൂ. അസന്തുലിതമായ ജനസംഖ്യാവിതരണവും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കാരണം പണ്ട് മുതൽക്കേ ഈ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറവായിരുന്നു. കുടുംബാസൂത്രണ വ്യാപനത്തിന്റെ ഫലമായി ജനന നിരക്കിലുണ്ടായ കുറവ്, പൊഴിഞ്ഞ് പോകൽ, ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ വ്യാപനം തുടങ്ങിയ കാരണങ്ങളും ചൂണ്ടിക്കാണിക്കാവുന്നതാണ്. കേരളത്തിലെ പൊതുജനസംഖ്യാപ്രവണത അനുസരിച്ച് സ്ത്രീകളുടെ എണ്ണം കൂടുതലും പുരുഷന്മാരുടെ എണ്ണം കുറവുമാണ്. എന്നാൽ വിദ്യാർത്ഥികളുടെ അനുപാതത്തിൽ ഇത് മറിച്ചാണ് കാണുന്നത്. ഇത് ഗൗരവപൂർവ്വം പരിശോധിക്കപ്പെടേണ്ടതാണ്.

### പ്രൈമറി രംഗം:

പഞ്ചായത്തിൽ 11 എൽ. പി. സ്ക്കൂളുകളും 2 യു. പി. സ്ക്കൂളുമടക്കം 13 പ്രാഥമിക വിദ്യാലയങ്ങളാണുള്ളത്. ഇത് കൂടാതെ ചിറ്റാരിപ്പറമ്പ ഹൈസ്ക്കൂളിൽ പ്രൈമറി വിഭാഗവുമുണ്ട്. ഓരോ ക്ലാസിലും 96-97 വർഷത്തിൽ അധ്യയനം നടത്തുന്ന കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക- 2ൽ ചേർത്തിരിക്കുന്നു.

ആകെയുള്ള 14 പ്രൈമറി വിദ്യാലയങ്ങളിൽ മൂന്ന് എണ്ണത്തിനു മാത്രമേ KER അനുശാസിക്കുന്ന രീതിയിൽ സൗകര്യപ്രദമായ കെട്ടിടങ്ങൽ ഉള്ളൂ. ബാക്കി 11 വിദ്യാലയങ്ങലും Pre--KER മാതൃകയിലുള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. ഇവ ഇടുങ്ങിയതും വായു സഞ്ചാരം കുറഞ്ഞതും ആയതിനാൽ സൗകര്യം കുറഞ്ഞവയും കുട്ടികളേയും അധ്യാപകരേയും ശ്വാസം മുട്ടിക്കുന്നതുമാണ്. ഇത് ആരോഗ്യകരമല്ല. സർക്കാർ മേഖലയിൽ രണ്ട് വിദ്യാലയങ്ങൾ വാടക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവയിൽ 4 വിദ്യാലയങ്ങളിൽ കുടിവെള്ള സൗകര്യം ഇല്ല. രണ്ടെണ്ണത്തിൽ മൂത്രപ്പുരയില്ല. 9 വിദ്യാലയങ്ങളിൽ കക്കൂസുകളില്ല. ഇതിൽ ഒരൊറ്റ വിദ്യാലയത്തിലും സ്ഥിരമായ പാചകമുറി ഇല്ല. ഏഴ് വിദ്യാലയങ്ങളിൽ സ്റ്റാഫ് റൂം ഇല്ല. 12 വിദ്യാലയങ്ങളിൽ കളിസ്ഥലങ്ങൾ ഇല്ല. ഭൗതികസൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ

പട്ടിക 2 (a) യിൽ കൊടുത്തിരിക്കുന്നു.

ഈ പഞ്ചായത്തിലെ പ്രാഥമിക വിദ്യാലയങ്ങലിലെ അക്കാദമിക് സൗകര്യങ്ങൾ വളരെ പരിമിതമാണ്. എല്ലാ വിദ്യാലയത്തിലും ലൈബ്രറി ഉണ്ട്. എന്നാൽ വായനയിലേക്ക് കുട്ടികളെ അടുപ്പിക്കുന്ന രീതിയിലുള്ള ലൈബ്രറി പ്രവർത്തനം നടത്തുന്ന വിദ്യാലയങ്ങൾ ഇല്ലെന്നു തന്നെ പറയാംയ ഒരൊറ്റ സ്ക്കൂളിലും വായനാമുറികൾ ഇല്ല. സ്ക്കൂളികളിലൊന്നിലും വേണ്ടത്ര പഠനോപകരണങ്ങൾ ഇല്ല. ഉള്ള പഠനോപകരണങ്ങൾ തന്നെ ഉപയോഗിക്കപ്പെടാത്ത അവസ്ഥ ചില വിദ്യാലയങ്ങളിലെങ്കിലുമുണ്ട്. ഒരു വിദ്യാലയത്തിലൊഴിച്ച് മറ്റെല്ലാ വിദ്യാലയങ്ങളിലും ടേപ്പ് റിക്കാർഡും റേഡിയോയുമുണ്ടെങ്കിലും വൈദ്യുതീകരിക്കാത്ത സ്ക്കൂളുകൾക്ക് ഇവ ഉപയോഗിക്കാൻ സാധിക്കുന്നില്ല. 8 വിദ്യാലയങ്ങൾക്ക് വേണ്ടത്ര ബ്ലാക്ക് ബോർഡുകളില്ല.

അക്കാദമിക് സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 2 (b) യിൽ കൊടുത്തിരിക്കുന്നു.

മുൻകാലങ്ങളെ അപേക്ഷിച്ച് കൊഴിഞ്ഞുപോക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും പൂർണ്ണമായും തടയാൻ കഴിഞ്ഞിട്ടില്ല. 95-96 വർഷത്തിൽ ആകെ കൊഴിഞ്ഞുപോയവർ 71 ആണ്. 95-96 വർഷത്തെ കൊഴിഞ്ഞുപോക്കിനെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 2 (c) യിൽ ചേർത്തിരിക്കുന്നു.

**പട്ടിക 2 (C)**

**1995-'96 വർഷത്തെ കൊഴിഞ്ഞുപോക്ക്**

| SC/ST | | | | മറ്റുള്ളവർ | | | കൊഴിഞ്ഞുപോയവർ ആകെ |
|---|---|---|---|---|---|---|---|
| ക്ലാസ്സ്. | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| V | | 1 | 1 | 1 | | 1 | 2 |
| VI | 3 | | 3 | | | | 3 |
| VII | 1 | 1 | 2 | 1 | | 1 | 3 |
| VIII | 4 | | 4 | 13 | 10 | 23 | 27 |
| IX | 1 | | 1 | 17 | 11 | 28 | 29 |
| X | | | | 5 | 2 | 7 | 7 |
| ആകെ | 9 | 2 | 11 | 37 | 23 | 60 | 71 |

14 പ്രാഥമിക വിദ്യാലയങ്ങളിലുമായി 74 അധ്യാപികമാരും 63 അധ്യാപകന്മാരും പ്രവർത്തിക്കുന്നു. ചില സ്ക്കൂളുകളിൽ അധ്യാപകർ വളരെ കുറയുകയും അധ്യാപികമാർ വളരെ വർദ്ധിക്കുകയും ചെയ്തതു വഴി സ്ക്കൂളിന്റെ പാഠ്യാനുബന്ധ, പാഠ്യേതര പ്രവർത്തനങ്ങൾ കുറയുന്നതിന് ഇടയാക്കുന്നുണ്ടെന്ന് ഗ്രാമസഭ റിപ്പോർട്ടുകളിൽ കാണുന്നു. വിദ്യാഭ്യാസത്തിന്റെ എല്ലാ തലത്തിലുമുള്ള പ്രവർത്തനങ്ങളിൽ അധ്യാപികമാരുടെ പങ്കാളിത്തം അത്യാവശ്യമാണ്.

**പി. ടി. എം. മദർ പി. ടി. എ:**

14 സ്ക്കൂളുകളിലും പി. ടി. എ. പ്രവർത്തിക്കുന്നു. സജീവമായ പി. ടി. എ. ഉള്ള സ്ക്കൂളുകൾ 6 ആണ്. പി. ടി. എ. ഉള്ള സ്ക്കൂളുകൾ തന്നെ യോഗങ്ങളിൽ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള ചർച്ചകൾ അല്ലാതെ അക്കാദമിക് കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുന്നില്ല. ഒരു സ്ക്കൂൾ ഒഴിച്ച് മദർ പി. ടി. എ. യുടെ പ്രവർത്തനം സജീവമാണ്. വിദ്യാഭ്യാസത്തിന്റെ ജനകീയ തലം സുദൃഢമാക്കുന്നതിന് മദർ പി. ടി. എ. യുടെ പ്രവർത്തനം കൊണ്ട് സാധിക്കും. ക്ലാസ്സടിസ്ഥാനത്തിൽ മാതൃസംഘങ്ങൾ നടത്താൻ കഴിയേണ്ടതുണ്ട്.

**പാഠ്യേതര പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ:**

പ്രാഥമിക തലത്തിൽ പാഠ്യേതര, പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ വളരെ കുറവാണ്. കുട്ടികളുടെ സർഗ്ഗാത്മകതയെ കെട്ടഴിച്ചു വിടുന്നതിൽ പാഠ്യേതര പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ പ്രാധാന്യം വളരെ വലുതാണ്. ലോവർ പ്രൈമറി തലത്തിൽ ഈ രംഗത്ത് ചിറ്റാരിപ്പറമ്പ് എൽ. പി. സ്ക്കൂളിന്റെ പ്രവർത്തനം എടുത്തു പറയേണ്ടതാണ്. തുടർച്ചയായ നാലു വർഷങ്ങളിൽ, വിജ്ഞാനോത്സവത്തിൽ യു. പി. വിഭാഗത്തിൽ ഏറ്റവും കൂടുതൽ പോയിന്റു നേടിയ സ്ക്കൂൾ മാനന്തേരി യു. പിയാണെന്നതും പ്രസ്താവ്യമാണ്.

വിദ്യാർത്ഥികളുടെ എണ്ണക്കുറവ്, അധ്യാപകരുടേയും രക്ഷിതാക്കളുടെയും താല്പര്യക്കുറവ്, പഠനഭാരം എന്നിങ്ങനെയുള്ള കാരണങ്ങളാൽ പാഠ്യേതര പ്രവർത്തനങ്ങൾ ചുരുങ്ങിപ്പോകുന്നുണ്ട്.

**സെക്കന്ററി തലം:**

പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളാണുള്ളത്. ഹൈസ്ക്കൂൾ തലത്തിൽ 575 വിദ്യാർത്ഥികളും 550 വിദ്യാർത്ഥിനികളും പഠിക്കുന്നു. (കുട്ടികളുടെ എണ്ണം സംബന്ധിച്ച വിവരം പട്ടിക 2ൽ കാണാം). സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ ഏറെപരിമിതികൾ അനുഭവിക്കുന്നു. ആവശ്യമായത്ര മുറികൾ ഇല്ലാത്തതിനാൽ ഒരു ക്ലാസിൽത്തന്നെ വളരെയധികം കുട്ടികളെ ഇരുത്തേണ്ടി വരുന്നു. ഇത് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരു പോലെ വിഷമകരമാണെന്ന് പറയേണ്ടതില്ലല്ലോ. വേണ്ടത്ര ഫർണ്ണിച്ചറും ക്ലാസ്സ് മുറികളും ഉണ്ടാക്കുന്നതിന് അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

അക്കാദമിക് സൗകര്യങ്ങൾ പരിശോധിച്ചാൽ സൗകര്യങ്ങൾ ഇല്ലായ്മ, ഉള്ള സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ എന്നീ പ്രശ്നങ്ങളുണ്ട്. ലൈബ്രറി, ലാബറട്ടറി, പഠനോപകരണങ്ങൾ, റേഡിയോ, ടേപ്പ് റിക്കാർഡർ, സിനിമാ പ്രൊജക്ടർ, ഒ. എച്ച്. പി. എന്നിവയുണ്ട്. എന്നാൽ ഇതിൽ പലതും പഠന പ്രവർത്തനങ്ങളിൽ ഉപയോഗിക്കാത്തതിന്റെ കാരണങ്ങൾ പരിശോധിക്കുമ്പോൾ സമരം കാരണമുള്ള പ്രവൃത്തി ദിനങ്ങളുടെ നഷ്ടപ്പെടൽ, ഭാരിച്ച സിലബസ്, സർവ്വോപരി ബോധന സമ്പ്രദായത്തിലെ അശാസ്ത്രീയത എന്നിവയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

അക്കാദമിക് നിലവാരം വിലയിരുത്തുന്നതിന് സഹായകമായ പട്ടിക 2 (d) പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാവുക 60% കുട്ടികളും ശരാശരിക്കും താഴെയാണെന്നാണ്. ഇത് ഗൗരവപൂർവ്വം കാണേണ്ടതുണ്ട്. അതുപോലെ കഴിഞ്ഞ 5 വർഷത്തെ S.S.L.C. വിജയശതമാനം പരിശോധിക്കുമ്പോൾ തൃപ്തികരമല്ലെന്ന് മനസ്സിലാകും. S.S.L.C. വിജയശതമാനം സംബന്ധിച്ച കാര്യങ്ങൾ പട്ടിക 2 (d) ൽ ചേർത്തിരിക്കുന്നു.

പട്ടിക 2 (d):

**അക്കാദമിക് നിലവാരം സംബന്ധിച്ച പട്ടിക**

| മാർക്ക് % | 80%ന് മേൽ | 60–79% | 35–59 | 30–35 | 0–35 |
|---|---|---|---|---|---|
| കുട്ടികൾ % | 2.5% | 8% | 28.8 | 12.10 | 48.6 |

പട്ടിക – 2 (c)

SSLC വിജയം സംബന്ധിച്ച വിവരങ്ങൾ

| വർഷം | വിജയശതമാനം |
|---|---|
| 1991 - '92 | 35 |
| 1992 - '93 | 28 |
| 1993 - '94 | 30 |
| 1994 - '95 | 42.5 |
| 1995 - '96 | 37.5 |

അവലംബം: സ്ക്കൂൾ രേഖകൾ

PTA മദർ PTA:

പ്രവർത്തനമുണ്ട്. സ്ക്കൂളിന്റെ ഭൗതിക സൗകര്യങ്ങൽ മെച്ചപ്പെടുത്തുന്നതിൽ പി. ടി. എ. വഹിച്ച പങ്ക് വളരെ വലുതാണ്. P.T.A. യോഗങ്ങളിൽ അക്കാദമിക് ചർച്ചകൾ കൂടി നടക്കേണ്ടതുണ്ട്.

മദർ PTA-യുടെ പ്രവർത്തനവും എടുത്തുപറയേണ്ടതാണ്. 10–ാം തരത്തിന് ക്ലാസ് റൂം മദർ പി. ടി. എ. രൂപീകരിക്കപ്പെട്ടിട്ടുണ്ട്.

**പാഠ്യേതര പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ:**

യുവജനോത്സവം, കായികമേള, അധ്യയന യാത്രകൾ, സാഹിത്യസമാജം, എന്നിവ സംഘടിപ്പിക്കാറുണ്ട്. സയൻസ് ക്ലബ്ബ്, സോഷ്യൽസ്റ്റഡീസ് ക്ലബ്ബ്, സ്ക്കൗട്ട് ഇവയൊക്കെ പ്രവർത്തിക്കുന്നു. ഇവയിലെ കുട്ടികളുടെ പങ്കാളിത്തവും പ്രവർത്തന മേഖലയും വർദ്ധിപ്പിക്കേണ്ടതുണ്ട്. NCC യൂണിറ്റ് ആരംഭിക്കാൻ കഴിയണം.

**കായികരംഗം:**

കായികരംഗത്ത് പ്രോജ്വലമായ ഭൂതകാല ഈ വിദ്യാലയത്തിനുണ്ട്. വോളിബോളിൽ ജില്ലയിൽതന്നെ ശ്രദ്ധിക്കപ്പെടുന്ന സ്ഥാപനമായിരുന്നു. കേരളപോലീസ് താരം അശോകനെയും യൂണിവേഴ്സിറ്റി താരങ്ങളായ ഉസ്മാനെയും, സതിയേയും, സംഭാവനചെയ്ത ഈ വിദ്യാലയത്തിന് വോളീബോളിന്റെ രംഗത്തെ ഗതകാല പാരമ്പര്യം അടുത്ത കുറെ വർഷങ്ങളായി നിലനിർത്താൻ ആവുന്നില്ല. എന്നാൽ ഈ അടുത്ത കാലത്ത് വനിതാഹോക്കിയിൽ ജില്ലാതല ചാമ്പ്യൻഷിപ്പ് നേടിയതും സംസ്ഥാനതലത്തിൽ റണ്ണേഴ്സ് അപ്പ് ആയതും കായികരംഗത്തെ ഈ പ്രദേശത്തിന്റെ തന്നെ മികവ് എടുത്തു കാട്ടുന്ന വസ്തുതയാണ്. വസ്തുതകൾ ഇതായിരിക്കെ അത് ലറ്റിക്സിൽ പറയത്തക്ക യാതൊരു നേട്ടവും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം പരിശോധന അർഹിക്കുന്നു. ഈ പിന്നോക്കാവസ്ഥയുടെ പരമപ്രധാനമായ കാരണമായി കായിക അധ്യാപകർ ചൂണ്ടിക്കാണിക്കുന്നത് ഈ പഞ്ചായത്തിൽ ഒരിടത്തും അത്ലറ്റിക്സിൽ പരിശീലനം നൽകാൻ പാകത്തിലുള്ള ഒറ്റ മൈതാനം പോലും ഇല്ല എന്നതാണ്. കായികാധ്യാപകരുന്നയിക്കുന്ന അടിസ്ഥാനപരമായ ഈ ആവശ്യം സാക്ഷാത്ക്കരിക്കാത്ത പക്ഷം ഈ പ്രദേശത്തിന്റെ അത്ലറ്റിക്ക് സ്വപ്നങ്ങൾ സ്വപ്നങ്ങളായിത്തന്നെ അവശേഷിക്കും.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ഗതാഗത സൗകര്യങ്ങളുടെ അവികസിത നിലയും കാരണം കുട്ടികൾ പൊതുവെ പ്രകൃത്യാ തന്നെ മികച്ച കായികക്ഷമതയുള്ളവരാണ്. കണ്ണവം കാടിന്റെ മക്കളായ ആദിവാസി വിഭാഗത്തിൽപ്പെടുന്ന കുട്ടികളാവട്ടെ മറ്റുള്ളവരേക്കാൾ ഇക്കാര്യത്തിൽ ഒരു പടി മുകളിലുമാണ്. വളരെ കുറഞ്ഞ തോതിലുള്ള ശാസ്ത്രീയപരിശീലനത്തിലൂടെ തന്നെ ഇവരെ ഒന്നാംതരം കായികതാരങ്ങളാക്കി മിനുക്കിയെടുക്കാൻ കഴിയുമെന്ന് സ്പോർട്ട് വിദഗ്ദരും സമ്മതിക്കുന്നു. ഇവർക്കുള്ള വളരെ പ്രാഥമികമായ സൗകര്യങ്ങളെങ്കിലും വികസിപ്പിച്ചെടുത്താൽ അത് വലിയ വിജയത്തിലേക്കുള്ള കാൽവെപ്പായിരിക്കുമെന്നുറപ്പാണ്.

**എസ്.സി/എസ്.ടി. വിദ്യർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ**

| ക്ലാസ്സ് | ആൺ | പെൺ | ആകെ | തോറ്റുപഠിക്കുന്നവർ | | |
|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ |
| I | 19 | 07 | 26 | - | - | - |
| I | 25 | 9 | 34 | 02 | - | 02 |
| II | 22 | 13 | 35 | 01 | 01 | 02 |
| IV | 05 | 03 | 08 | 01 | 04 | 05 |
| V | 17 | 14 | 31 | 03 | 01 | 04 |
| VI | 16 | 12 | 28 | 03 | 04 | 07 |
| VII | 29 | 24 | 53 | 07 | 11 | 18 |
| VIII | 40 | 17 | 57 | 08 | 04 | 12 |
| IX | 26 | 13 | 39 | 06 | 04 | 10 |
| X | 13 | 02 | 15 | 14 | 08 | 22 |
| ആകെ | 212 | 114 | 326 | 45 | 37 | 82 |

**പൊതുവിദ്യാഭ്യാസത്തിന്റെ പൊതുപ്രശ്നങ്ങൾ:**

നമ്മുടെ പൊതു വിദ്യാഭ്യാസരംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രതിസന്ധി ചിറ്റാരിപ്പറമ്പ് പഞ്ചായത്തിലും വളരെ പ്രകടമാണ്. പൊതു വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടമായ പത്താം തരത്തിൽ പൊതു പരീക്ഷ കഴിയുമ്പോൾ നേടേണ്ടതിന്റെ 35% മെങ്കിലും നേടി പുറത്തു കടക്കുന്നവർ യഥാർത്ഥത്തിൽ 10–15% മാണ്. അതുപോലെതന്നെ രണ്ടാംതരത്തോടെ നേടേണ്ടുന്ന അക്ഷര പഠനവും 4–ാം തരത്തോടെ നേടേണ്ട ചതുഷ്ക്രിയനൈപുണ്യവും 7–ാം തരത്തിലും നേടുന്നില്ല എന്നു മാത്രമല്ല 10–ാം ക്ലാസുകർക്കു പോലും അന്യമാകുന്നു എന്ന ഗ്രാമസഭാ റിപ്പോർട്ടുകളും അക്ഷരപുലരി പോലുളള പരിപാടികളും തെളിയിക്കുന്നു. മനുഷ്യ വിഭവശേഷിയെ പാകപ്പെടുത്തേണ്ടുന്ന പ്രാഥമിക പ്രക്രിയയായ പൊതു വിദ്യാഭ്യാസരംഗത്തെ ഈ അപചയത്തിന്റെ കാരണങ്ങളിലേക്ക് കടക്കുമ്പോൾ വിദ്യാഭ്യാസ പ്രവർത്തകർ നടത്തുന്ന ചർച്ച സമീപകാല പഠനങ്ങൾ, പഞ്ചായത്തിലെ 10 ഗ്രാമസഭകളിലും നടന്ന ചർച്ചകൾ എന്നിവയിലൂടെ താഴെ പറയുന്ന വസ്തുതകൾ കണ്ടെത്താനാകും.

1. പഠനബോധനപ്രവർത്തനങ്ങൾ, ശിശുകേന്ദ്രീകൃതമോ, പ്രവർത്തന കേന്ദ്രീകൃതമോ അല്ല.
2. സിലബസ് പഠന പ്രവർത്തനങ്ങൾ ഇവ ജീവിതഗന്ധിയല്ല.
3. പഠനപ്രവർത്തനങ്ങൽ രസകരമോ താല്പര്യജനകമോ അല്ല.
4. ഫലപ്രദമായ മേൽനോട്ടമോ പരിശോധനാ സംവിധാനമോ ഇല്ല.
5. തൊഴിലിനോടും തൊഴിൽ ചെയ്യുന്നവരോടുമുള്ള ആഭിമുഖ്യം വളരുന്നില്ല.
6. വിദ്യാഭ്യാസം കൊണ്ട് നേടേണ്ടത് നേടുന്നില്ല.

നിലവാരതകർച്ചയുടെ കാരണങ്ങളിൽ പ്രധാനമാണ് നിലവിലുളള പരീക്ഷാ സമ്പ്രദായത്തിലെ അശാസ്ത്രീയതകൾ. വിദ്യാർത്ഥികളുടെ നാനാവിധത്തിലുളള കഴിവുകൾ ഒന്നും തന്നെ പരിശോധിക്കാതെ വെറും ഓർമ്മ വെക്കാനുളള കഴിവ് മാത്രം പരിശോധിക്കുന്ന സംവിധാനമാണ് ഇന്നുളളത്. ഈ മൂല്യനിർണ്ണയരീതി, അധ്യാപകനെ ട്യൂഷൻമാസ്റ്ററും പാഠപുസ്തകങ്ങളെ ഗൈഡുകളുമാക്കി മാറ്റുന്നു. എന്തറിയാം എന്നതിനുപകരം എന്തറിയില്ല എന്നു പരിശോധിക്കുന്ന ഇന്നത്തെ മൂല്യ നിർണ്ണയത്തിനു പകരം ശാസ്ത്രീയമായ മൂല്യനിർണ്ണയരീതികൾ അവലംബിക്കേണ്ടതാണ്. ഇതിന് ശാസ്ത്രസാഹിത്യപരിഷത്ത് ആവിഷ്ക്കരിച്ച വിജ്ഞാനോത്സവം പോലുളള പരിപാടികൾ മാതൃകയാക്കാവുന്നതാണ്.

ഈ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാതെ വിദ്യാഭ്യാസ രംഗത്ത് ഒരു മുന്നേറ്റം സാധ്യമല്ല എന്നിരിക്കെ നിലവിലുളള സൗകര്യങ്ങളും സാഹചര്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തി ഇന്നത്തെ ജഡാവസ്ഥയെ ഒരു പരിധിയോളം പരിഹരിക്കാൻ സാധിക്കും എന്ന് ശിവപുരം മുതൽ ധർമ്മടം വരെയുളള കോംപ്ലക്സ് പ്രവർത്തനങ്ങൽ തെളിയിച്ചുകൊണ്ടിരിക്കയാണ്. ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ സംബന്ധിയായ പ്രശ്നങ്ങളേയും സാധ്യതകളേയും ഇങ്ങനെ സംക്ഷിപ്തപ്പെടുത്താം.

**പ്രശ്നങ്ങൾ:**

1. ഗുരുകുലം വിദ്യാലയസമിതികൾ രൂപീകരിച്ചതൊഴിച്ചാൽ ജനകീയതലം ഇനിയും രൂപപ്പെട്ടിട്ടില്ല.
2. PTA കൾ സജീവമല്ല.
3. മദർ PTA ഇല്ലാത്ത സ്ക്കൂളുകൾ ഉണ്ട്.
4. സർക്കാർ മേഖലയിലെ സ്ക്കൂളുകളിൽ ആവശ്യമായ അധ്യാപകരില്ല.
5. അധ്യാപകരുടെ പുന:പരിശീലനം നടക്കുന്നില്ല.
6. എല്ലാ സ്ക്കൂളികളിലും അധ്യാപകരെ നിയമിക്കുന്നത് സർക്കാരല്ല.
7. പാഠ്യേതര പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ പരിമിതമാണ്.
8. ലൈബ്രറികൾ ഉപയോഗിക്കപ്പെടുന്നില്ല.
9. വായനാ മുറികളില്ല.
10. വ്യവസ്ഥാപിത പഠനോപകരണങ്ങൾ (മാപ്പുകൾ, ഗ്ലോബുകൾ, ചാർട്ടുകൾ)ക്ക് ഉപരിയായി പഠനം രസകരമാക്കുന്നതിനുളള പഠനോപകരണങ്ങൾ ഇല്ല.
11. പാചകമുറികൾ ഇല്ല.
12. വിദ്യാലയങ്ങളിൽ പ്രാഥമിക സൗകര്യങ്ങളില്ല.
13. പന്നിയോട്, പുഴിയോട് (ആദിവാസി മേഖല) പ്രദേശങ്ങളിൽ പ്രൈമറി സ്ക്കൂൾ ഇല്ല.

**സാധ്യതകൾ:**

1. ചിറ്റാരിപറമ്പ് ഗവ: ഹൈസ്ക്കൂളിലെ ലീഡ് സ്ക്കൂളാക്കി സ്ക്കൂൾ കോംപ്ലക്സ് ആരംഭിക്കുക.
2. പഞ്ചായത്തുതലത്തിൽ വിദ്യാഭ്യാസ സമിതി രൂപീകരിക്കുക.
3. പി. ടി. എ. സജീവമാക്കുക. രണ്ട് മാസത്തിലൊരിക്കലെങ്കിലും പി. ടി. എ. വിളിച്ചുചേർത്ത് കുട്ടികളുടെ പഠന കാര്യങ്ങൾ ചർച്ച ചെയ്യുക.

4. പാദവാർഷിക പരീക്ഷകൾക്കും അർദ്ധവാർഷിക പരീക്ഷകൾക്കും ശേഷം രക്ഷാകർത്താക്കളുടെ യോഗം വിളിച്ചുചേർത്ത് കുട്ടികളുടെ പഠന പുരോഗതി ചർച്ച ചെയ്യുക.
5. ജനങ്ങളിൽനിന്ന് പുസ്തകങ്ങളും പ്രസിദ്ധീകരണങ്ങളും സംഘടിപ്പിച്ച് സ്കൂൾ റീഡിംഗ് കോർണറും ലൈബ്രറികളും വികസിപ്പിക്കാൻ സാധിക്കും.
6. അയൽക്കൂട്ട സമിതികൾ സജീവമാക്കൽ.
7. യഥാസമയം അധ്യാപകരെ നിയമിക്കുക.
8. അധ്യാപക നിയമനം PSC ക്ക് വിടുക.
9. ക്ലാസ് അടിസ്ഥാനത്തിൽ Peer group കൾ സംഘടിപ്പിക്കുന്നത് കുട്ടികളുടെ നിലവാരം ഉയർത്താൻ സഹായകരമാകും.
10. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പരിഹാരബോധനം ഫലപ്രദമാക്കണം.
11. വിവിധതരം പ്രൊജക്ടുകൾ കുട്ടികൾക്ക് നൽകണം. അധ്യാപകർ, അവരുടെ പ്രൊജക്ട് ഗൈഡുകൾ ആയി പ്രവർത്തിക്കണം.
12. കുട്ടികളെ ഗ്രൂപ്പടിസ്ഥാനത്തിൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുക.
13. സ്കൂൾ ലൈബ്രറികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുക.
14. എല്ലാ സ്കൂളുകളിലും വായനാമുറികൾ ഉണ്ടാക്കുക. തൽക്കാലം ഇത് സാധ്യമല്ലാത്ത സ്കൂളുകളിൽ ഓരോ ക്ലാസ് മുറിയിലും വായനാ കോർണറുകൾ ഉണ്ടാക്കുക.
15. സാഹിത്യസമാജം, ബാലസഭ, സയൻസ് ക്ലബ്ബുകൾ, കൈയ്യെഴുത്ത് മാസിക, ചുമർമാസിക തുടങ്ങിയ പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും നടക്കണം.
16. പഠനയാത്രകൾ ഫീൽഡ് ട്രിപ്പുകൾ എന്നിവ സംഘടിപ്പിക്കണം. ഇങ്ങനെയുള്ള പരിപാടികൾ വെറും ഉല്ലാസ പരിപാടികളായി മാറാതിരിക്കാൻ ശരിയായ പ്ലാനിംഗ് ഉണ്ടായിരിക്കണം.
17. കലാകായിക പരിപാടികൾ, ശാസ്ത്ര, ഗണിത ശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രദർശനങ്ങൾ എന്നിവ സ്കൂൾ കോംപ്ലക്സ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.
18. വിദ്യാലയത്തിൽ ഒരു ദിനാചരണ കലണ്ടർ നിർമ്മിക്കുകയും പ്രസ്തുത ദിനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾക്ക് പറഞ്ഞുകൊടുക്കുകയും കൂടുതൽ വിവരങ്ങൾ അന്വേഷിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്ന രീതിയിൽ ദിനാചരണങ്ങൾ സംഘടിപ്പിക്കണം.
19. പഠനോപകരണ നിർമ്മാണ ശില്പശാലകൾ വിദഗ്ദരെ പങ്കെടുപ്പിച്ച് പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക.
20. ഓരോ സ്കൂളിലും പച്ചക്കറിതോട്ടങ്ങൾ പൂന്തോട്ടങ്ങൾ എന്നിവ ഉണ്ടാക്കണം. കാർഷികവൃത്തി പരിശീലിപ്പിക്കുന്നതിനായി ഒരു പിരീഡ് മാറ്റിവെക്കണം.
21. പച്ചക്കറി കൃഷി, ലളിതമായ പാചകവൃത്തികൾ, കളിക്കോപ്പ് നിർമ്മാണം നാടൻ കളികൾ, തുന്നൽ, കോഴി വളർത്തൽ, കന്നുകാലി വളർത്തൽ തുടങ്ങി നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സ്കൂളിന് പുറത്ത് കുട്ടികൾ വ്യാപൃതരാവുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.
22. അധ്യാപകർ, കുട്ടികളുടെ വീട് സന്ദർശിക്കൽ, പ്രാദേശിക വിദഗ്ദരെ സ്കൂളുകളിലേക്ക് ക്ഷണിക്കൽ.
23. വിദ്യാലയങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ പി. ടി. എ.യുടെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ ഉണ്ടാക്കുക.
24. കുട്ടികൾക്ക് ആവശ്യമായ നോട്ടു ബുക്കുകളുടെ നിർമ്മാണം സ്കൂൾ തലത്തിൽ കുട്ടികളെ ഉപയോഗിച്ചുതന്നെ നടത്താൻ കഴിയണം.
25. പന്നിയോട് പുതിയ സ്കൂൾ സ്ഥാപിക്കുക.
26. ചിറ്റാരിപ്പറമ്പ് ഗവ. ഹൈസ്കൂൾ വൊക്കേഷണൽ ഹയർ സെക്കന്ററിയായി ഉയർത്തണം.

**പ്രീ-യൂണിവേഴ്സിറ്റി തലം:**

പ്രീഡിഗ്രി, പ്ലസ്ടു, വൊക്കേഷനൽ ഹയർ സെക്കന്ററി എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന 254 വിദ്യാർത്ഥികൾ ഈ പഞ്ചായത്തിലുണ്ട്. പ്രീഡിഗ്രിക്ക് പഠിക്കുന്ന കുട്ടികളെ അപേക്ഷിച്ച് പ്ലസ്ടുവിലും V.H-.S-.Sയും പഠിക്കുന്നവർ വളരെ കുറവാണ്. പ്രീഡിഗ്രിക്ക് പഠിക്കുന്ന വിദ്യാർത്ഥികളിൽ തന്നെ ഗണ്യമായൊരു വിഭാഗം പാരലൽ കോളേജുകളിലാണ് പഠിക്കുന്നത്. Pre- degree ക്ലാസുകൾ നടത്തുന്ന രണ്ട് പാരലൽ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവിടെ 300 ഓളം വിദ്യാർത്ഥികൾ പഠിക്കുന്നു.

**പ്രശ്നങ്ങൾ:**

1. പത്താംതരം കഴിഞ്ഞ് പുറത്തുവന്നവർക്ക് അക്കാദമിക്ക് ആയോ സാങ്കേതികമായോ തുടർന്ന് പഠിക്കാനുള്ള സൗകര്യം പരിമിതമാണ്.
2. റഗുലർ സ്ഥാപനങ്ങളിൽ മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രവേശനം ക്ലിപ്തപ്പെടുത്തുന്നതിനാൽ ധാരാളം കുട്ടികൾ പുറത്ത് നിൽക്കേണ്ടി വരുന്നു.
3. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടി

കൾ ജീവിതത്തിന്റെ പുറമ്പോക്കിലേക്ക് എടുത്തെറിയപ്പെടുന്നു.

4. റഗുലർ കോളേജുകളുടെ അഭാവത്തിൽ പാരലൽ കോളേജുകളെ അഭയം തേടേണ്ടിവരുന്നു.

ഇത്തരം സ്ഥാപനങ്ങളിലാണെങ്കിൽ;

I. പ്രാഥമിക സൗകര്യങ്ങൾ പരിമിതമാണ്.
II. പഠനബോധന പ്രവർത്തനങ്ങൾ അശാസ്ത്രീയമാണ്.
III. സമൂഹപങ്കാളിത്തം വളരെ കുറവാണ്.

**സാധ്യതകൾ:**

1. ചിറ്റാരിപ്പറമ്പ് ഹൈസ്ക്കൂളിനെ ഹയർ സെക്കന്ററിയായി ഉയർത്തുക.
2. സഹകരണമേഖലയിൽ പാരലൽ കോളേജ് ആരംഭിക്കുക. പാരലൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
3. കുട്ടികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനായി എഡ്യൂക്കേഷനൽ ഗൈഡൻസ് സെന്ററുകൾ ആരംഭിക്കുക. സന്നദ്ധസംഘടനകൾക്ക് ഈ പ്രവർത്തനം സംഘടിപ്പിക്കാനാകും.

**സാങ്കേതിക വിദ്യാഭ്യാസം:**

ഈ പഞ്ചായത്തിൽ സാങ്കേതിക വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വളരെക്കുറവാണ്. ആകെ 48 വിദ്യാർത്ഥികളാണ് സാങ്കേതിക പഠനം നടത്തുന്നത് ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. 10-ാം ക്ലാസ്സ് കഴിഞ്ഞ് പുറത്തുവരുന്ന വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത തുടർപഠനത്തിനുള്ള സൗകര്യം പഞ്ചായത്തിനിലെന്നു മാത്രമല്ല പഞ്ചായത്തിനു പുറത്തും പരിമിതമാണ്.

**പ്രശ്നങ്ങൾ:**

1. പഞ്ചായത്തിൽ സാങ്കേതിക വിദ്യാലയങ്ങൾ ഇല്ല.
2. ഉയർന്ന മാർക്ക് ലഭിച്ച കുട്ടികൾക്ക് മാത്രമേ പോളിടെക്നിക്കുകളിലും ITI-കളിലും പ്രവേശനം ലഭിക്കുന്നുള്ളൂ.
3. നിലവിൽ, പഞ്ചായത്തിനു പുറത്തു പ്രവർത്തിക്കുന്ന സാങ്കേതിക സ്ഥാപനങ്ങളിൽതന്ന ലാബ് വർക്ക് ഷോപ്പ് സൗകര്യങ്ങൾ പരിമിതമാണ്.
4. വ്യാവസായിക സാങ്കേതിക മേഖലകളിൽ അതി വിദഗ്ദ തൊഴിലാളികളെ സൃഷിടിക്കുകയാണ്. ITI-കളുടെ ലക്ഷ്യം. എന്നാൽ ഇവിടെ നിന്ന് പുറത്തുവരുന്നവരിൽ വളരെ ചെറിയ ശതമാനം മാത്രമേ വ്യാവസായിക മേഖലയിൽ എത്തിച്ചേരുന്നുള്ളൂ.
5. പോളിടെക്നിക്ക് ഡിപ്ലോമക്കാരിൽ ഭൂരിപക്ഷത്തിന്റെയും സേവനം കാർഷിക, വ്യവസായിക മേഖലയിൽ ലഭിക്കുന്നില്ല.

**സാധ്യതകൾ:**

1. തൊഴിലധിഷ്ഠിത വിദ്യാഭ്യാസമെന്നത് കുറെപേരെ ഏതെങ്കിലും തൊഴിൽ പഠിപ്പിച്ച് തൊഴിൽ അന്വേഷകരുടെ പട്ടിക വർദ്ധിപ്പിക്കലല്ല. മറിച്ച്, അത് സമൂഹത്തിന്റെ ഉന്നതിക്കുവേണ്ടി ആസൂത്രിതമായി ചെയ്യേണ്ട ഒരു പ്രക്രിയയാണ്. ഈ രീതിയിലേക്ക് മാറണമെങ്കിൽ നമ്മുടെ വിദ്യാഭ്യാസരീതിയിലും തൊഴിൽ സാങ്കേതിക വിദ്യ പരിശീലന രീതിയിലും സമഗ്രമായ മാറ്റം ഉണ്ടാകണം.
2. ചിറ്റാരിപ്പറമ്പിൽ ഗവ. ഉടമയിലോ സഹകരണ മേഖലയിലോ ITI സ്ഥാപിക്കുക.
3. സ്വയം തൊഴിൽ ലക്ഷ്യമാക്കിക്കൊണ്ട് പുതിയ പരിശീലനകേന്ദ്രങ്ങൾ ഉണ്ടാക്കേണ്ടതാണ്. കമ്മ്യൂണിറ്റി പോളിടെക്നിക്ക് കേന്ദ്രം പഞ്ചായത്തുതലത്തിൽ പ്രവർത്തിക്കണം.
4. തത്വാധിഷ്ഠിത നിയന്ത്രണങ്ങളോടെ കമ്പ്യൂട്ടർ സെന്റർ ആരംഭിക്കണം. ഗവ. മേഖലയിലോ സഹകരണ മേഖലയിലോ ആയിരിക്കുന്നത് നന്നായിരിക്കും.
5. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചും പ്രത്യേകതകളെക്കുറിച്ചും വിദ്യാർത്ഥികൾക്ക് ആവശ്യമായ ഗൈഡൻസ് ഹൈസ്ക്കൂൾ തലത്തിൽ തന്നെ നൽകാൻ സാധിക്കണം.

**ഉന്നതവിദ്യാഭ്യാസം:**

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിൽ 155 വിദ്യാർത്ഥികൾ ബിരുദപഠനം നടത്തുന്നവരായുണ്ട്. ഇതിൽ വളരെ ചെറിയ ഒരു ന്യൂനപക്ഷം മാത്രമേ റഗുലർ കോളേജിൽ പഠിക്കുന്നുള്ളൂ. മറ്റുള്ളവർ ആശ്രയിക്കുന്നത് കൂത്തുപറമ്പിലെയും തലശ്ശേരിയിലെയുമൊക്കെയുള്ള പാരലൽ കോളേജുകളെയാണ്. നാടിന്റെ വികസനത്തിനും സമഗ്രമായ സാമൂഹ്യപുരോഗതിക്കും ആവശ്യമായ താത്വികവും പ്രായോഗികവുമായ പുതിയ കണ്ടെത്തലുകൾ നടത്തുകയും സമൂഹത്തിന് ധൈഷണിക നേതൃത്വം നൽകാൻ പ്രാപ്തമായ അക്കാദമിക് സമൂഹത്തെ വളർത്തിയെടുക്കുക എന്നതുമാണ് ഉന്നതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യമെ

ന്നിരിക്കെ; ഈ ലക്ഷ്യങ്ങളിൽനിന്നും വളരെ വിദൂരത്തിലാണ് നിലവിലുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന് കണ്ടെത്താനാകും.

പ്രശ്നങ്ങൾ:

1. ഉന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ വിദൂരത്തിലാണ്. ബിരുദാനന്തര ബിരുദ കോഴ്സുകൾ പരിസരങ്ങളിലില്ല.
2. ഇന്നത്തെ കോളേജ് അന്തരീക്ഷത്തിൽ അഭിരുചിയുള്ളവർക്കുപോലും തങ്ങളുടെ കഴിവ് വർദ്ധിപ്പിക്കാനാവശ്യമായ സൗകര്യങ്ങളില്ല.
3. ഉന്നതവിദ്യാഭ്യാസത്തെ ഗൗരവപൂർവ്വം വീക്ഷിക്കപ്പെടുന്നില്ല.
4. നാടിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പഠന ഗവേഷണ പ്രവർത്തനങ്ങൾ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്നില്ല.
5. അധ്യാപകർക്ക് അധ്യാപനം ഒരിക്കലും ഒരു വെല്ലുവിളിയാകുന്നില്ല. അധ്യാപകർക്ക് പുനഃപരിശീലനം യു.ജി.സി. അനുശാസിക്കുന്നുണ്ടെങ്കിലും അത് പ്രമോഷന് വേണ്ടിയുള്ള കടമ്പമാത്രമായി പോകുന്നു.
6. ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിന് പാരലൽ കോളേജുകളെ ആശ്രയിക്കേണ്ടിവരുന്നു.

സാധ്യതകൾ:

1. ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തതക്ക് പരിഹാരം കാണാനാകണം.
2. ഉന്നത വിദ്യാഭ്യാസ രംഗത്ത് അധ്യാപകരും വിദ്യാർത്ഥികളുമെന്ന് ജൂനിയർ സീനിയർ സ്കോളേർസ് ബന്ധമായിരിക്കണം.
3. നിലവിലുള്ള സ്ഥാപനങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കണം.
4. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജനകീയമായ ഇടപെടലുകൾ ഉണ്ടാകണം.
5. നാടിന്റെ ആവശ്യങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള പുതിയ ഗവേഷണ പദ്ധതികൾക്ക് നേതൃത്വം നൽകാൻ മലബാർ സർവ്വകലാശാലക്ക് കഴിയണം.

**അനൗപചാരിക വിദ്യാഭ്യാസം:**

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ സജീവമായ സാമൂഹ്യ നവീകരണ പ്രസ്ഥാനത്തിന്റേയും ദേശീയ പ്രസ്ഥാനത്തിന്റേയും സ്വാധീനഫലമായി 1920കളിൽ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നു വരികയുണ്ടായി. രാവെഴുത്തു കേന്ദ്രങ്ങൾ, നിശാപാഠശാലകൾ, ഹിന്ദി വിദ്യാലയങ്ങൾ എന്നിവയൊക്കെ ഉയർന്നുവന്നകാര്യം ആദ്യമേ പ്രതിപാദിച്ചിട്ടുണ്ടല്ലോ. ഇതിൽ തൊടീക്കളത്തെ രാവെഴുത്തുകേന്ദ്രം 1970വരെ സജീവമായി പ്രവർത്തിച്ചിരുന്നു.

1986ൽ കേന്ദ്ര ഗവ.ന്റെ അഡൽട്ട് എജ്യൂക്കേഷൻ പ്രോഗ്രാം അനുസരിച്ച് വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. എന്നാൽ ഈ രംഗത്ത് 1990ലെ സാക്ഷരത പ്രവർത്തനം ആവേശകരമായ അനുഭവമായിരുന്നു. എന്നാൽ തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ നടക്കാത്തുകൊണ്ടുതന്നെ അക്ഷരം പഠിച്ചവർ വീണ്ടും നിരക്ഷരരാകുന്നതിന് ഇടവരുത്തിയിട്ടുണ്ട്.

പ്രശ്നങ്ങൾ:

1. നിരക്ഷരരായ ആളുകൾ അല്പമൊക്കെയുണ്ട്.
2. സാക്ഷരതാ പ്രവർത്തനത്തെ തുടർന്ന് തുടർന്ന് തുടർ വിദ്യാഭ്യാസ പരിപാടികൾ നടക്കുന്നില്ല. നടന്ന പ്രവർത്തനങ്ങൾ കേവല സാക്ഷരത എന്ന രീതിയിൽ ഒതുങ്ങിപ്പോയി.
3. വായനശാലകൾ, സന്നദ്ധസംഘടനകൾ ഇവയുടെയൊക്കെ പ്രവർത്തനങ്ങൾ സജീവമല്ല.

സാധ്യതകൾ:

1. സമഗ്രമായ വിദ്യാഭ്യാസ സർവ്വേയുടെ അടിസ്ഥാനത്തിൽ അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.
2. ക്ലബ്ബുകൾ, വായനശാലകൾ, സാംസ്ക്കാരിക സംഘടനകൾ മുതലായവയുടെ നേതൃത്വത്തിൽ അക്ഷര സംഘങ്ങൾ രൂപീകരിക്കുക.
3. ഗ്രന്ഥാലയങ്ങളിൽ നവ സാക്ഷരർക്കായുള്ള പുസ്തകങ്ങൾ വാങ്ങുക.
4. വായനശാലകളിൽ TV, റേഡിയോ, തുടങ്ങിയ ദൃശ്യശ്രവ്യമാദ്ധ്യമങ്ങൾ വാങ്ങിക്കുക.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഏതൊരു ഉൾനാടൻ ഗ്രാമപ്രദേശത്തിന്റെയും എല്ലാ പരിമിതികളും തികഞ്ഞതാണ് ചിറ്റാരിപറമ്പ് പഞ്ചായത്തും. പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങളെ ഏറെക്കുറെ വസ്തുനിഷ്ഠമായിത്തന്നെ വിലയിരുത്തുവാൻ ഈ റിപ്പോർട്ടിൽ ശ്രദ്ധിച്ചിട്ടുണ്ട്.

പഠനബോധന പ്രക്രിയ ഒരു പൊഴിച്ചെഴുത്തിന് വിധേയമാവുന്നത് ഇനിയും വൈകിക്കൂടാ. ഇതിനുതകുന്ന, സംസ്ഥാനതല നയരൂപീകരണത്തോടൊപ്പം വികേന്ദ്രീകൃത, ആസൂത്രണത്തിലൂന്നിയുള്ള ജനകീയവൽക്കരണവും മാത്രമാണ് ശരിയായ പാതയെ നാം തിരിച്ചറിയണം.

പട്ടിക - 2

| | സ്ക്കൂൾ | I | | | II | | | III | | | IV | | | V | | | VI | | | VII | | | VIII | | | IX | | | X | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | കണ്ണവം യൂ.പി. | 34 | 49 | 83 | 55 | 47 | 102 | 54 | 44 | 98 | 65 | 39 | 104 | 70 | 75 | 145 | 65 | 65 | 78 | 143 | 78 | 79 | 157 | | | | | | | | 832 |
| 2 | മാനന്തേരി യൂ.പി. | 196 | 199 | 395 | 244 | 200 | 444 | 251 | 224 | 475 | 262 | 202 | 464 | 35 | 27 | 62 | 72 | 54 | 126 | 72 | 72 | 144 | | | | | | | | | 332 |
| 3 | കാവുംമുല എൽ.പി. | 9 | 12 | 21 | 13 | 15 | 28 | 18 | 12 | 30 | 14 | 13 | 27 | 29 | 23 | 52 | | | | | | | | | | | | | | | 158 |
| 4. | മാനന്തേരി എസ്സ്. എൽ.പി. | 5 | 7 | 12 | 10 | 11 | 21 | 9 | 9 | 18 | 11 | 8 | 19 | 10 | 17 | 27 | | | | | | | | | | | | | | | 97 |
| 5 | വട്ടോളി എൽ.പി. | 12 | 15 | 27 | 20 | 14 | 34 | 15 | 12 | 27 | 13 | 17 | 30 | 19 | 14 | 33 | | | | | | | | | | | | | | | 151 |
| 6 | ഇടുംമ്പ എൽ.പി. | 15 | 7 | 22 | 16 | 11 | 27 | 21 | 15 | 36 | 14 | 18 | 32 | 16 | 12 | 28 | | | | | | | | | | | | | | | 145 |
| 7 | മാനന്തേരി മാപ്പിള എൽ.പി. | 16 | 9 | 25 | 12 | 13 | 25 | 13 | 17 | 30 | 14 | 14 | 28 | | | | | | | | | | | | | | | | | | 108 |
| 8 | ചിറ്റാരിപറമ്പ് എൽ.പി. | 30 | 26 | 56 | 40 | 19 | 59 | 35 | 26 | 61 | 37 | 18 | 55 | | | | | | | | | | | | | | | | | | 231 |
| 9 | തൊടിക്കളം ജി.എൽ.പി. | 11 | 12 | 23 | 10 | 9 | 19 | 8 | 16 | 24 | 13 | 9 | 22 | | | | | | | | | | | | | | | | | | 88 |
| 10 | കണ്ണവം ജി.എൽ.പി. | 12 | 14 | 26 | 8 | 11 | 19 | 13 | 11 | 24 | 12 | 12 | 24 | | | | | | | | | | | | | | | | | | 93 |
| 11 | എസ്സ്.എൻ.വി.എൽ.പി. മുടഷ്ത്തൂർ | 10 | 1 | 11 | 10 | 8 | 18 | 6 | 12 | 18 | 5 | 8 | 13 | | | | | | | | | | | | | | | | | | 60 |
| 12 | മാനന്തേരി എൽ.പി. | 15 | 18 | 33 | 36 | 18 | 54 | 29 | 24 | 53 | 34 | 21 | 55 | | | | | | | | | | | | | | | | | | 195 |
| 13 | വി.ജി.എൽ.പി. മണ്ണന്തറ | 13 | 15 | 28 | 6 | 11 | 17 | 13 | 10 | 23 | 9 | 11 | 20 | | | | | | | | | | | | | | | | | | 88 |
| 14 | ഗവൺമെന്റ് ഹൈസ്ക്കൂൾ ചിറ്റാരിപറമ്പ് | 14 | 14 | 28 | 8 | 13 | 21 | 17 | 16 | 33 | 21 | 14 | 35 | 85 | 63 | 148 | 118 | 113 | 231 | 116 | 124 | 240 | 249 | 202 | 451 | 176 | 214 | 390 | 150 | 134 | 1861 |

048

പട്ടിക 2 (a)

## സ്ക്കൂളുകളുടെ ഭൗതിക സാഹചര്യങ്ങളുടെ വിവരം

| സ്ക്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | മൂത്രപ്പുര ഉണ്ട്/ഇല്ല | കക്കൂസ് ഉണ്ട്/ഇല്ല | കുടിവെള്ളം ഉണ്ട്/ഇല്ല | വൈദ്യുതീകരണം ഉണ്ട്/ഇല്ല | സ്ഥിരമായ പാചകപുര ഉണ്ട്/ഇല്ല | സൗഹൃദം ഉണ്ട്/ഇല്ല | ആവശ്യമായ ഫർണ്ണിച്ചറുകൾ ഉണ്ട്/ഇല്ല | കളിസ്ഥലം ഉണ്ട്/ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർധസ്ഥിരം | താൽക്കാലികം | | | | | | | | | | |
| 1. മാനന്തേരി, യു. പി. | 8 | 3 | -- | -- | 11 | 3 | ✓ | ✓ | ✓ | X | ✓ | ✓ | ✓ | ✓ |
| 2. മാനന്തേരി എൽ.പി. | 7 | 3 | -- | -- | 7 | -- | ✓ | X | X | X | ✓ | X | X | X |
| 3. കണ്ണവം യു. പി. | 23 | 4 | -- | -- | 25 | 2 | ✓ | ✓ | ✓ | ✓ | ✓ | ✓ | X | X |
| 4. കണ്ണവം ഗവ. എൽ.പി. | 4 | 1 | -- | 1 | 2 | 4 | ✓ | X | ✓ | X | ✓ | ✓ | X | X |
| 5. എസ്.എൻ.വി.എൽ.മുടപ്പത്തൂർ | 4 | 4 | -- | -- | 2 | -- | ✓ | X | ✓ | X | ✓ | ✓ | ✓ | ✓ |
| 6. കാവിൻമൂല എൽ.പി. | 6 | 1 | -- | -- | 2 | 2 | ✓ | X | ✓ | X | ✓ | ✓ | X | X |
| 7. വട്ടോളി എൽ.പി. | 5 | 1 | -- | -- | 3 | 1 | ✓ | ✓ | ✓ | X | ✓ | ✓ | ✓ | ✓ |
| 8. മാനന്തേരി മാപ്പിള എൽ.പി. | 4 | 1 | -- | -- | -- | -- | ✓ | X | X | X | ✓ | X | X | X |
| 9. മാനന്തേരി എസ്.എൽ.പി. | 5 | 1 | -- | 1 | 2 | -- | ✓ | ✓ | ✓ | ✓ | ✓ | ✓ | X | X |
| 10. ചിറ്റാരിപ്പറമ്പ് എൽ.പി. | 8 | 1 | 2 | -- | 1 | 1 | ✓ | X | ✓ | X | ✓ | ✓ | X | X |
| 11. ഇടുംബ എൽ.പി. | 5 | 3 | -- | -- | 3 | 1 | ✓ | X | ✓ | X | ✓ | ✓ | ✓ | ✓ |
| 12. തൊടീക്കളം ജി.എൽ.പി. | 4 | -- | -- | 1 | 1 | 4 | ✓ | X | ✓ | X | ✓ | ✓ | X | X |
| 13. വി.ജി.എസ്.എൽ.പി.മണ്ണന്തറ | 4 | 1 | -- | -- | 1 | -- | ✓ | X | ✓ | X | ✓ | ✓ | ✓ | ✓ |
| 14. ഗവ. എച്ച്.എസ്. ചിറ്റാരിപ്പറമ്പ | 43 | 4 | 2 | 7 | 41 | 10 | ✓ | X | ✓ | X | ✓ | ✓ | X | X |

പട്ടിക 2 (b)

## അക്കാദമിക് സൗകര്യങ്ങൾ

| നമ്പർ | സ്ക്കൂളിന്റെ പേര് | ലൈബ്രറി | ലാബോറട്ടറി പ്രവർത്തിക്കുന്നത് | വേണ്ടത്ര പഠനോപകരണങ്ങൾ | ഗേൾസോ | ടേപ്പ് റെക്കോർഡർ | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | O.H.P | വേണ്ടത്ര സ്റ്റോക്ക് ബോർഡ് | സജീവമായ രക്ഷാകർതൃസംഘം |
|---|---|---|---|---|---|---|---|---|---|---|---|
| 1. | മാനന്തേരി യു. പി. | ✓ | X | X | X | X | X | X | X | ✓ | ✓ |
| 2. | കണ്ണവം യു. പി. | ✓ | X | X | X | X | X | X | X | ✓ | ✓ |
| 3. | ഇടുംബ എൽ. പി. | ✓ | X | X | ✓ | ✓ | X | X | X | ✓ | ✓ |
| 4. | തൊടീക്കളം ജി. എൽ. പി. | ✓ | X | X | ✓ | ✓ | X | X | X | X | ✓ |
| 5. | കണ്ണവം ജി. എൽ. പി. | ✓ | X | X | ✓ | ✓ | X | X | X | X | ✓ |
| 6. | ചിറ്റാരിപ്പറമ്പ് എൽ. പി. | ✓ | X | X | ✓ | ✓ | X | X | X | X | ✓ |
| 7. | വട്ടോളി എൽ. പി. | ✓ | X | X | X | ✓ | X | X | X | X | ✓ |
| 8. | മുടപ്പത്തൂർ എൾ. പി. | ✓ | X | X | ✓ | ✓ | X | X | X | ✓ | ✓ |
| 9. | വി.ജി.എസ്, എൽ.പി. മണ്ണന്തറ | ✓ | X | X | ✓ | ✓ | X | X | X | ✓ | ✓ |
| 10. | മാനന്തേരി എൽ.പി. | ✓ | X | X | ✓ | ✓ | X | X | X | ✓ | ✓ |
| 11. | മാനന്തേരി മാപ്പിള എൽ. പി. | ✓ | X | X | ✓ | ✓ | X | X | X | X | X |
| 12. | മാനന്തേരി കാവുംമൂല എൽ.പി. | ✓ | X | X | ✓ | ✓ | X | X | X | ✓ | ✓ |
| 13. | മാനന്തേരി എസ്.എൽ. പി. | ✓ | X | X | ✓ | ✓ | X | X | X | X | ✓ |
| 14. | ഗവ. ഹൈസ്ക്കൂൾ, ചിറ്റാരിപ്പറമ്പ് | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | X | ✓ |

# കുടിവെള്ളം പൊതുജനാരോഗ്യം

## കുടിവെള്ളം

ജീവന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണല്ലോ ജലം. മെച്ചപ്പെട്ട മഴലഭിക്കുന്നുണ്ടെങ്കിലും കുടിവെള്ള ക്ഷാമം ഓരോ വർഷവും കൂടിവരികയാണ്. പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടെ ഒഴുകുന്ന കണ്ണവംപുഴ, വടക്കുഭാഗത്തുള്ള ഇടുമ്പപുഴ, പൂഴിയോട് തോട്, കണ്ണൻതോട്, പാറത്തോട് തുടങ്ങിയ തുടങ്ങിയ അരുവികൾ പതിനൊന്നിലേറെ കുളങ്ങൾ, കുന്നിൻപ്രദേശങ്ങളിലെ നിരവധി നീരുറവകൾ 2617 കിണറുകൾ എന്നിവയെല്ലാം ഇവിടുത്തെ ജല സ്രോതസ്സുകളാണ്. 98% കുടുമ്പങ്ങളും കുടിവെള്ളത്തിന് കിണറുകളെയും 2% നീരുറവകളെയും ആശ്രയിക്കുന്നു. ശരിയായ സ്ഥലജല മനേജ്മെന്റിന്റെ അഭാവം ജല വിഭവശേഷി കുറയുന്നതിന് ഇടവരുത്തുകയും കുടിവെള്ള പ്രശ്നം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് നിദാന മാവുകയും ചെയ്തിട്ടുണ്ട്. ജല സംരക്ഷണ പ്രവർത്തനങ്ങളുടെ അപര്യാപ്ത കൊണ്ടു തന്നെ ഭൂഗർഭ ജലവിതാനം താഴ്ന്നു കൊണ്ടിരിക്കുന്നു ഇത് കിണറുകൾ വറ്റുന്നതിന് ഇടയാക്കുന്നു. കിണറുകളിൽ പകുതിയിലേറെയും ഏപ്രീൽ, മെയ് മാസങ്ങളിൽ വറ്റിപ്പോകുന്നു ഈസമയത്ത് കുടി വെള്ളം ക്ഷാമം പഞ്ചാത്തിന്റെ എല്ലാ ഭാഗത്തും അനുഭവപ്പെടുന്നു. താഴെ പറയുന്ന പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതായി ഗ്രാമസഭകൾ ചുണ്ടിക്കാണിച്ചിരിക്കുന്നു

പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഹ്രസ്വകാല ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്. ഗ്രാമസഭാ ചർച്ചകളുടെയും പഠന പര്യടനത്തിന്റെയും വെളിച്ചത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കാനാകും.

1. നിലവിലുള്ള പൊതുകിണറുകളുടെ ആഴം കൂട്ടുകയും കുളങ്ങൾ റിപ്പയർ ചെയ്ത് ഉപയോഗ്യമാക്കുക
2. കുന്നിൻ ചരിവുകളിലെ നീരുറവകൾ ഉപയോഗപ്പെടുത്തി ഗുരുത്വാകർഷണം വഴി നിരവധി പ്രദേശങ്ങളിൽ ശുദ്ധജല മെത്തിക്കാൻ കഴിയും. ഇതിനുവേണ്ടി നീരുറവകളുടെ വിസ്തൃതി വർദ്ധിപ്പിക്കുകയും പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കുകയും വേണം. ഇടച്ചേരികുണ്ടിൽ നിന്ന് കണ്ണവം മേലെ ഭാഗത്തും ഇടിയറപ്പള്ളി നീരുറവയിൽ നിന്ന് ചുണ്ടയിൽ ഭാഗത്തും ഇരട്ടകുളങ്ങര നീരുറവ ഉപയോഗപ്പെടുത്തി ചിറ്റാരിപ്പറമ്പ് ടൗൺ, അനന്തേശ്വരം ഭാഗങ്ങളിലും കൊന്തോറ നീരുവറയിൽ നിന്നും 14 മൈൽ പ്രദേശത്തും ഒറ്റത്തടം നീരുറവയിൽ നിന്ന് ഇരട്ടകുളങ്ങര മേലെ ഭാഗത്തും ശുദ്ധജലം എത്തിക്കാനാവും. 3. മേലെ പുതിയടത്ത് കിണർ കുഴിച്ച് ഇരട്ടകുളങ്ങര കക്കോട്ടിൽ പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാനാകും. അതു പോലെ കോട്ടയിൽ, അക്കര വട്ടോളി തൊടീക്കളം സ്കൂൾ പരിസരം എന്നിവിടങ്ങളിൽ പൊതു കിണർ കുഴിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ആകും.

| വാർഡ് | പ്രദേശം |
|---|---|
| 1 | തേങ്കാട്, വണ്ണാത്തിമൂല അത്തോളിമ്മൽ ഭാഗം |
| 2. | ഇരട്ടക്കുളങ്ങര പൂവ്വത്തിൻ കീഴിൽ തൊണ്ടിലേരി ചെള്ളത്തുവയൽ അരീക്കര മേലെഭാഗം |
| 3. | മണ്ണന്തറ, കരിയിൽ, പൈങ്ങോട്ടിൽ കുയ്യഞ്ചേരിച്ചാൽ |
| 4. | അക്കര വട്ടോളി, മൊടപ്പത്തൂർ, |
| 5 | മൊടോളി |
| 6. | അനന്തേശ്വരം മേലെഭാഗം |
| 7. | മുയ്യോറത്ത് പ്രദേശം |
| 8. | തൊടീക്കളം GLP സ്ക്കൂൾ പരിസരം |
| 9. | ചൂണ്ടയിൽ, കണ്ണവം മേലെഭാഗം |
| 10. | പറമ്പുക്കാവ്, പാറക്കണ്ടിപ്രദേശം |

4. ചെന്നപ്പൊയിൽ ,പറമ്പുക്കാവ് പ്രദേശത്ത് കുളം കുഴിച്ച് ആപ്രദേശത്ത് ശുദ്ധജല ക്ഷാമം പരിഹരിക്കാം.
5. തൊടീക്കളം ഹെൽത്ത് സെന്റർ പരിസരത്ത് കുഴൽ കിണറിൽ സബ്ബ് മാർജ്ജിബ്ൾ മോട്ടോർ സ്ഥാപിച്ചാൽ ആ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാം.
6. പാറത്തോട്, കണ്ണൻതോട്, പുഴിയോട് തോട്, ഉഴിഞ്ഞാട് തോട് മുതലായവയിൽ ചെറിയ തടയണകൾ സ്ഥാപിച്ചാൽ ഭൂഗർഭ ജല വിതാനം ഉയർത്താൻ കഴിയും.
7. ഇടുംബ പുഴയിലും കണ്ണവം പുഴയിലും ഇടവിട്ട് തടയണകളും VCB കളും നിർമ്മിച്ചാൽ ഭൂഗർഭ ജലവിതാനം ഉയരും.
8. കുന്നുകളിൽ കോണ്ടൂർ ബണ്ടുകൾ നിർമ്മിച്ചാൽ ജലസംരക്ഷണവും അതോടെപ്പം മണ്ണ് സംരക്ഷണവും സാധ്യമാകും.
9. ബോധവൽക്കരണം വഴി എല്ലാ പറമ്പുകളിലും അതാതിടത്തെ സാധ്യതകൾ പ്രയോജനപ്പെടുത്തി ജല സംരക്ഷണ നടപടികൾ വ്യാപകമാക്കാൻ കഴിയും.
10 പുഴവെള്ളത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുക, വാഹനങ്ങൾ കഴുകുക, ഓല പൊതിർക്കുക തുടങ്ങിയ പ്രവണതകൾ വർദ്ധിച്ചു വരികയാണ്. ഇത് തടയാനുള്ള നടപടികൾ ഉണ്ടാവണം.
11. കുടുംബങ്ങൾക്ക് കിണർ കുഴിക്കാനുള്ള ധനസഹായം നൽകുക.
12. കിണറില്ലാത്ത അംഗൻവാടികളിലും സ്കൂളുകളിലും പഞ്ചായത്ത് കിണർ കുഴിക്കുക.

## ആരോഗ്യം

ആരോഗ്യ മേഖലയിൽ WHO വിഭാവനം ചെയ്ത നിലവാരത്തിലേക്ക് കേരളം എത്തി എങ്കിലും കൂടിവരുന്ന രോഗാതുരത ഒരു പ്രശ്നമായി നില നിൽക്കുകയാണ്. നൂറു ശതമാനം സാക്ഷരത നേടിയ നമ്മുടെ സംസ്ഥാനത്ത് നിർമ്മാർജ്ജനം ചെയ്ത മലമ്പനിയും നിയന്ത്രണ വിധേയമാക്കിയ ക്ഷയം, കോളറ മുതലായ രോഗങ്ങളും തിരിച്ചു വരുന്നു എന്നത് നമ്മെ ആശങ്കാകുലരാക്കുന്നു. AIDS, എലിപ്പനി, ഡങ്കിഫീവർ മുതലായ രോഗങ്ങൾ ഇന്ന് ഭീഷണിയായി തീർന്നിട്ടുണ്ട്. ആരോഗ്യ പാനീയങ്ങൾ ടോണിക്കുകൾ തുടങ്ങിയവയുടെ ഉയർന്ന തോതിലുള്ള ഉപയോഗം അടുത്തകാലത്തായി കണ്ടുവരുന്ന ഒരു തരം അമിത വൈദ്യവൽക്കരണം ഇവ തെറ്റായ ആരോഗ്യ അവബോധത്തിന്റെ സൂചകങ്ങളാണ്. കേരളത്തിലെ മൊത്തം സ്ഥിതിയുടെ പരിച്ഛേദം തന്നെയാണ് ഈ പഞ്ചായത്തിലും പ്രകടമാവുന്നത്.

ആരോഗ്യ സേവന രംഗത്ത് ഉന്നതമായ ഒരു പാരമ്പര്യം ഈ പഞ്ചായത്തിനുണ്ട്. കുറിച്യരുടെ പരമ്പരാഗത ചികിത്സ, ആര്യവൈദ്യൻമാർ, കളരിഗുരുക്കൻമാർ മുതലായവരുടെ സേവനം പണ്ടുമുതലേ ഇന്നാട്ടുകാർക്ക് കിട്ടിക്കൊണ്ടിരിക്കുന്നു. വിഷചികിത്സാ രംഗത്തും ആയുർവ്വേദരംഗത്തും പ്രശസ്തനായ വൈദ്യവിശാരദ് കെ.കെ കുഞ്ഞിപൈതൽ വൈദ്യർ കഴിഞ്ഞ ആറ് പതിറ്റാണ്ടു കാലമായി പ്രതിഫലം പറ്റാതെ സേവനം ചെയ്യുന്നു.

തൊടീക്കളത്ത് സ്ഥിതി ചെയ്യുന്ന ചിറ്റാരിപ്പറമ്പ് പ്രാഥമികാരോഗ്യ കേന്ദ്രം, വട്ടോളി, മാനന്തേരി എന്നിവിടങ്ങളിലെ ഉപകേന്ദ്രങ്ങൾ രോഗ പ്രതിരോധ പ്രവർത്തനത്തിലേർപ്പെട്ട ആരോഗ്യ പ്രവർത്തകർ ഇതാണ് സർക്കാർ തലത്തിലുള്ള പൊതുജനാരോഗ്യ സംവിധാനം. മാനന്തേരി വിഷചികിത്സാ കേന്ദ്രം, പത്തോളം പാരമ്പര്യ വൈദ്യന്മാർ, മാനന്തേരിയിലെ പ്രകൃതി ചികിത്സാ കേന്ദ്രം ചിറ്റാരിപ്പറമ്പിലും കൈച്ചേരിയിലുമുള്ള ഹോമിയോ ക്ലിനിക്കുകൾ, ചിറ്റാരിപറമ്പിലെ സ്വകാര്യ അലോപ്പതി ക്ലിനിക്കുകൾ എന്നിവയാണ് ഇതര ആരോഗ്യ സംവിധാനം. പട്ടിക 18ൽ സർക്കാർ സ്ഥാപനങ്ങളെ ക്കുറിച്ച് പ്രതിപാദിക്കുന്നു.

ചിറ്റാരിപ്പറമ്പ് PHC-യിൽ കഴിഞ്ഞ മുന്ന് വർഷങ്ങളിലായി ചികിത്സ നേടിയവരെക്കിറിച്ച് പരിശോധിക്കുന്നത് ഈ പ്രദേശത്തെ രോഗാവസ്ഥ മനസ്സിലാക്കുന്നതിന് സഹായകമാകും.
മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം വായു ജന്യരോഗങ്ങളിൽ കുറവുണ്ടായെങ്കിലും ജല ജന്യരോഗങ്ങളും പ്രാ

പട്ടിക 1

| Sl.No | സ്ഥാപനം | വാർഡ് | ജീവനക്കാർ | കെട്ടിടത്തിന്റെസ്വഭാവം |
|---|---|---|---|---|
| 1. | പ്രാഥമിക ആരോഗ്യകേന്ദ്രം | 8 | 16 | സ്വന്തം |
| 2. | കുടംബക്ഷേമകേന്ദ്രം – വട്ടോളി | 6 | 1 | സ്വന്തം |
| 3. | കളൂടെ സെന്റർ–വട്ടോളി | 1 | 1 | സ്വന്തം |

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 124 | 3200 | 12 | 2700 |
| 1994-95 | 135 | 3400 | 17 | 3200 |
| 1995-96 | 167 | 2700 | 51 | 3425 |

ണിജന്യ രോഗങ്ങളും വർദ്ധിച്ചിരിക്കുന്നു. ആകെയുള്ള 3777 വീടുകളിൽ 1922 വീടുകളിൽ ക്കുസുകളില്ല. ജല ജന്യരോഗങ്ങൾ വർദ്ധിക്കുവാനുള്ള പ്രധാന കാരണം ഇതാണ്. 8ാം വാർഡിൽ മലമ്പനിയുടെ തിരിച്ചുവരവ് പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കൈച്ചേരി, മണ്ണാന്തറ എന്നിവിടങ്ങളിൽ ഓരോ കുഷ്ഠരോഗികൾ വീതമുണ്ട്. ടൈഫോയിഡ്, ക്ഷയം, ചർമ്മ രോഗങ്ങൾ എന്നിവയും റിപ്പോർട്ട് ചേയ്യപ്പെട്ടിട്ടുണ്ട്. 1996ൽ രണ്ടു ശിശു മരണവും, ഒരു ചാപിള്ള ജനനവും സംഭവിച്ചിട്ടുണ്ട്. രോഗ പ്രതിരോഗ പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിലെ 99% കുട്ടികളും പ്രതിരോധ കുത്തിവെപ്പുകൾക്ക് വിധേയമായിട്ടുണ്ട്.

വികലാംഗ സർവ്വേ അനുസരിച്ചിട്ടുള്ള വാർഡ് തല സ്ഥിതി വിവര കണക്കുകൾ ചുവടെ കൊടുക്കുന്നു.

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1. | 26 | 6 | 32 |
| 2 | 26 | 11 | 37 |
| 3 | 16 | 9 | 25 |
| 4 | 30 | 21 | 51 |
| 5 | 8 | 3 | 11 |
| 6 | 6 | 3 | 9 |
| 7 | 11 | 2 | 13 |
| 8 | 17 | 6 | 23 |
| 9 | 22 | 4 | 26 |
| 10 | 7 | 2 | 9 |

**പ്രശ്നങ്ങളും സാധ്യതകളും**

1. പഞ്ചായത്തിൽ 3777 വീടുകളുണ്ടെങ്കിലും നിലവിൽ 1855 നു മാത്രമേ കക്കൂസുകളുള്ളു. മലമൂത്ര വിസർജ്ജനത്തിന് സാനിറ്ററി കക്കൂസുകളുടെ അഭാവം ജലമലിനീകരണത്തിനും അത് വഴി വയറിളക്ക രോഗങ്ങൾ, ടൈഫോയിഡ്, മഞ്ഞപ്പിത്തം എന്നീ പകർച്ചവ്യാധികൾക്കും കാരണമാകുന്നു.
2. പച്ചക്കറി, മത്സ്യം എന്നിവയുടെ ഉപയോഗം വളരെ കുറവാണ്. ഇത് കൊണ്ട് ജനസംഖ്യയിൽ നല്ലൊരു ശതമാനത്തിന് പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നു.
3. ചിറ്റാരിപ്പറമ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ സ്ഥിതി ശോചനീയമാണ്. വേണ്ടത്ര കെട്ടിടമോ ഫർണിച്ചറുകളോ മറ്റുപകരണങ്ങളോ ഇവിടെയില്ല. 24 മണിക്കൂറും ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഇല്ല.
4. പഞ്ചായത്തിൽ ഹോമിയോ, ആയുർവ്വേദ ആശുപത്രികൾ ഇല്ല.
5. പകർച്ച വ്യാധികൾ തടയുന്നതിന് കൊതുക് നിവാരണ പ്രവർത്തനങ്ങൾ വേണ്ടത്ര നടത്തുന്നില്ല.

6. ഹോട്ടലുകൾ, ചായക്കടകൾ മുതലായവ ശുചിത്വം പാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധിക്കുന്നില്ല.
7. ചിറ്റാരിപ്പറമ്പ്, മാനന്തേരി, കണ്ണവം എന്നീ പ്രധാന പ്രദേശങ്ങളിൽ പൊതു മൂത്രപ്പുരകളോ കക്കൂസുകളോ ഇല്ല.
8. പഞ്ചായത്തിൽ ഒരിടത്തും ശാസ്ത്രീയമായ മത്സ്യ മാർക്കറ്റുകളോ അറവ്ശാലകളോ ഇല്ല.
9. പൊതുകിണറുകളിലെ ജലം ക്ലോറിനേറ്റ് ചെയ്യുന്ന പതിവില്ല.
10. ഓടകൾ വൃത്തിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്ത് വരുന്നില്ല.
11. വാടക കെട്ടിടങ്ങളിൽ താമസിക്കുന്ന മിക്കവർക്കും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള സൗകര്യമില്ല.
12. ആരോഗ്യ പ്രവർത്തകരുടെ സേവനം വേണ്ട രീതിയിൽ ലഭിക്കുന്നില്ല.

**സാധ്യതകൾ**

1. കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുണ്ടാക്കണം.
2. നിലവിലുള്ള PHC കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററായി ഉയർത്തേണ്ടതാണ്. ഇവിടെ വനിതാ ഡോക്ടറെയും, നേത്ര ചികിത്സാ, സ്ത്രീരോഗചികിത്സാ എന്നിവയ്ക്ക് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ നിയമിക്കുക.
3. എല്ലാ വാർഡുകളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. ജനസംഖ്യാനുപാതികമായി ചികിത്സാ സൗകര്യം ഇല്ലാത്തത് കൊണ്ട് സഹകരണ മേഖലയിൽ ഒരാശുപത്രി സ്ഥാപിക്കുക.
5. പഞ്ചായത്ത് തലത്തിൽ ജനകീയ ആരോഗ്യ സമിതി രൂപീകരിക്കുക. വാർഡുകൾ തോറും ഹെൽത്ത് ക്ലബുകൾ സ്ഥാപിക്കുക.
6. പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് വേണ്ടി വീടുകൾ തോറും പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുക.
7. ഹരിജന ഗിരിജന വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പ്രത്യേക ആരോഗ്യ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
8. സ്കൂൾ കുട്ടികൾക്കുള്ള വൈദ്യപരിശോധന കുറ്റമറ്റതാക്കുക.
9. പൊതു കിണറുകളിലെ ജലം ക്ലോറിനേറ്റ് ചെയ്യുക.
10. പഞ്ചായത്തിൽ ചുരുങ്ങിയത് രണ്ടു സ്വീപ്പർമാരെയെങ്കിലും നിയമിക്കുക.
11. എല്ലാ വീടുകളിലും കമ്പോസ്റ്റ് കുഴികൾ സ്ഥാപിച്ച് മാലിന്യങ്ങൾ നിർമ്മാജനം ചെയ്യുവാൻ ബോധവൽക്കരണം നടത്തുക.
12. ലക്ഷം വീട് കോളനിയിൽ ആവശ്യമായത്ര കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുക.
13. ചിറ്റാരിപ്പറമ്പിലെ ഓം തിയറ്ററിൽ ശാസ്ത്രീയ രീതിയിലുള്ള ടോയിലറ്റ് ഏർപ്പെടുത്തുക.
14. മദ്യം, ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗങ്ങൾ ഇല്ലാതാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുക.
15. പേവിഷ നിർമ്മാർജന പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.
16. രോഗ പ്രതിരോധം, ആരോഗ്യ വിദ്യാഭ്യാസം ദേശീയ തലത്തിൽ നടത്തുന്ന മറ്റു ആരോഗ്യ പരിപാടികൾ എന്നിവ ആരോഗ്യ പ്രവർത്തകർ ജനങ്ങളുമായി നിരന്തര ബന്ധപ്പെട്ടും ഗൃഹസന്ദർശനം നടത്തിയും ബോധവൽക്കരണം നടത്തേണ്ടതാണ്.

# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

## ഗതാഗതം:

നമ്മുടെ നാടിന്റെ ആനുകാലികപുരോഗതിയ്ക്ക് വിത്തുപാകിയ ഒരു സുപ്രധാന ഘടകമായിരുന്നു ഈ നാടിന്റെ പരിമിതമെങ്കിലും ഇന്നത്തെ നിലയിൽ വിപുലമായ ഗതാഗത മേഖല, ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനും പുറം ലോകവുമായി ബന്ധപ്പെടാനും ഒരു സ്ഥലത്തുനിന്നും മറ്റുസ്ഥലത്തുള്ള ജനങ്ങളുമായി ബന്ധപ്പെടാനും ഇന്ന് നിലവിലുള്ള ഗതാഗത സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്. അത് കൊണ്ട് തന്നെ നമ്മുടെ പ്രദേശത്തിന്റെ സാമൂഹ്യ പുരോഗതിക്ക് ഗതാഗത മേഖല ഗണനീയമായ പങ്കുവഹിച്ചിട്ടുണ്ട്.

ഒരു കാലത്ത്, ഏകദേശം 35 വർഷങ്ങൾക്ക് മുമ്പ് വരെ, ഇന്ന് വിശാലമായി കാണുന്ന റോഡുകളായി മാറിയിട്ടുള്ള പലമേഖലകളും ഊടുവഴികളായിരുന്നു നമ്മുടെ പഞ്ചായത്തിൽ. പഞ്ചായത്തിലെ ബസ്സ് ഗതാഗതമുള്ള കണ്ണവം - ചെറുവാഞ്ചേരി റോഡ്, കണ്ണവം-ഇടുംബ റോഡ്, മാനന്തേരി-മുടപ്പത്തൂർ റോഡ്, സത്രം-വണ്ണാത്തമൂല റോഡ് തുടങ്ങിയവയെല്ലാം തന്നെ 30 വർഷങ്ങൾക്ക് ഇപ്പുറം വികസിപ്പിച്ചെടുത്തവയാണ്. അതുവരെ നമ്മുടെ പഞ്ചായത്തിന്റെ മധ്യഭാഗത്തുകൂടി കടന്നു പോകുന്ന മാനന്തേരി 12-ാം മൈൽ മുതൽ കണ്ണവം പുഴവരെയുള്ള റോഡായിരുന്നു പ്രധാനമായും ഉണ്ടായിരുന്നത്. അക്കാലത്ത് സഞ്ചാരത്തിനായി, ഗതാഗത യോഗ്യമല്ലാത്ത ഈ റോഡുകളിൽ കൂടി കുതിരവണ്ടിയും, കാളവണ്ടിയുമാണ് ഉപയോഗിച്ചിരുന്നത്. അന്ന് രോഗികളെ ശുശ്രൂഷിക്കാൻ ഡോക്ടർമാർ പോലും കുതിരവണ്ടിയിലായിരുന്നു യാത്ര ചെയ്തിരുന്നത്. ബ്രിട്ടീഷ് ആധിപത്യകാലത്ത് നിർമ്മിച്ച, ഇന്നും നിലവിലുള്ള കണ്ണവം പാലം, കിഴക്കോട്ടുള്ള വാഹനഗതാഗതത്തിന് ഏറെ സഹായകരമായിട്ടുണ്ട്. എന്നാൽ ഈ പാലം ഇപ്പോൾ അപകടനില നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ PWD അധികൃതർ ഈ കാര്യത്തിൽ ശ്രദ്ധപതിപ്പിച്ച് കൊണ്ട് മറ്റു നടപടികൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. ഇന്ന് വികസിച്ചുവന്നിട്ടുള്ള തലശ്ശേരി മാനന്തവാടി റോഡിൽ കൂടി മുമ്പ് മൂന്നോളം ബസ്സുകൾ സർവ്വീസ് നടത്തി വന്നിരുന്ന സ്ഥാനത്ത്, ഇന്ന് 150ഓളം ബസ്സുകളും മറ്റ് നൂറുക്കണക്കിന് വാഹനങ്ങളും സർവ്വീസ് നടത്തിവരുന്നുണ്ട്. സമീപജില്ലകളായ വയനാട്, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലേക്ക് കൂടി നമ്മുടെ പഞ്ചായത്തിൽ കൂടി ബസ്സുകൾ സർവ്വീസ് നടത്തിവരുന്നു.

പഞ്ചായത്തിൽ നിലവിലുള്ള മിക്ക റോഡുകളുടെയും പ്രവർത്തനം ആരംഭിച്ചിരുന്നത് ശ്രമദാനത്തിലൂടെയായിരുന്നു 33.81 ച.കി. മീറ്റർ വിസ്തീർണ്ണവും 21881 ജനസംഖ്യയുമുള്ള നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള റോഡുകളും ആകെ നീളം ഏകദേശം 66 കി.മീറ്റർ ആണ്.

പഞ്ചായത്തിൽ യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടി നിലവിൽ പരിമിതമായ പാർക്കിങ്ങ് സൗകര്യമാണുള്ളത്. മിനിലോറി, ജീപ്പ്, ഓട്ടോറിക്ഷ തുടങ്ങിയ വാഹനങ്ങൾ ചിറ്റാരിപ്പറമ്പ്, കണ്ണവം ടൗണുകളിൽ പാർക്ക് ചെയ്തുവരുന്നുണ്ട്.

നിലവിലുള്ള റോഡുകൾ പഞ്ചായത്തിൽ ആകെ റോഡുകളുടെ മൊത്തം നീളം 66.449 കി.മീ. ആണ്. ഇതിന്റെ പട്ടിക ചുവടെ കൊടുക്കുന്നു

പട്ടിക – 1

| ക്രമ നമ്പർ | ഉടമസ്ഥത | റോഡുകളുടെ എണ്ണം | ടാർ ചെയ്യാത്ത നീളം (കി. മീ.) | ടാർ ചെയ്തത് (കി.മീ.) | ആകെ നീളം (കി. മീ.) |
|---|---|---|---|---|---|
| 1. | പഞ്ചായത്ത് | 66 | 44.149 | 7.300 | 51.449 |
| 2. | പി.ഡബ്ല്യൂ.ഡി. | 3 | -- | 15.000 | 15.000 |
| | ആകെ | 69 | 44.149 | 22.300 | 66.449 |

പട്ടിക – 2

**പഞ്ചായത്തിൽ ടാർ ചെയ്ത റോഡുകളുടെ സ്ഥിതിവിവരം**

| ക്രമ നമ്പർ | വാർഡ് | റോഡുകളുടെ പേര് | ഉടമസ്ഥത | നീളം (കി.മീ.) | വീതി (മീ.) | ബസ്സ് റൂട്ട് |
|---|---|---|---|---|---|---|
| 1. | 9,8,7 | കണ്ണവം-ഇടുംബറോഡ് | PWD | 5.000 | 8 | ഉണ്ട് |
| 2. | 9,10 | കണ്ണവം-ചെറുവാഞ്ചേരി റോഡ് | PWD | 2.000 | 8 | ഉണ്ട് |
| 3. | 2 | പരശൂർ-പൂവ്വത്തൂർ റോഡ് | പഞ്ചായത്ത് | 1.100 | 7 | ഇല്ല |
| 4. | 6 | ചിറ്റാരിപ്പറമ്പ-വട്ടോളി റോഡ് | പഞ്ചായത്ത് | 1.600 | 6 | ഇല്ല |
| 5. | 3,4 | മാനന്തേരി-മുടപ്പത്തൂർ | പഞ്ചായത്ത് | 2.300 | 8 | ഉണ്ട് |
| 6. | 2,1 | മാനന്തേരി-വണ്ണാത്തിമൂല | പഞ്ചായത്ത് | 2.300 | 8 | ഉണ്ട് |
| 7. | 1,2,3,5,6,9 | തലശ്ശേരി-മാനന്തവാടി റോഡ് | PWD | 8.000 | 20 | ഉണ്ട് |
| | | ആകെ | | 22.300 | | |

**പ്രശ്നങ്ങൾ:**

റോഡുകളുടെ പൊതുസ്ഥിതി മോശമാണ്. റോഡുകളിൽ ഇടക്കിടെ ഉണ്ടാകുന്ന അപകടങ്ങൾക്ക് കാരണം അശാസ്ത്രീയമായ വളവുകളും തിരിവുകളും നിർമ്മാണത്തിലുണ്ടാവുന്ന അപാകതകളുമാണ്. മിക്ക റോഡുകളിലും ആവശ്യമായ ഓടകളും കലുങ്കുകളും ഇല്ല എന്നതും റോഡിന്റെ ശോചനീയാവസ്ഥക്ക് കാരണമായി തീരുന്നു. അതാതു സമയത്തുള്ള വാർഷിക അറ്റകുറ്റപ്പണികൾ ചെയ്യാതിരിക്കുന്നതുമൂലം മഴക്കാലത്ത് റോഡുകൾ ചളിക്കുണ്ടുകളായും അപകട കേന്ദ്രങ്ങളായും കാണുന്നു.

ആവശ്യമായ വീതിയില്ലാത്തത് റോഡിന്റെ ഗുണനിലവാരത്തെ കാര്യമായി ബാധിക്കാറുണ്ട്. അതുപോലെ റോഡിന്റെ നടുഭാഗം ഉയർച്ച (കെയിമ്പർ) ഇല്ലാത്തത് പെട്ടെന്നുള്ള തകർച്ചക്ക് കാരണമാകുന്നു. അറ്റകുറ്റപണികൾ കൃത്യസമയത്ത് നടത്താൻ കഴിയാത്തത് ഫണ്ടിന്റെ അപര്യാപ്തതയായി ചൂണ്ടിക്കാണിക്കപ്പെടുന്നു. റോഡ് നിർമ്മാണത്തിനും അറ്റകുറ്റ പണിയിലും ശാസ്ത്രീയമായ രീതി അവലംബിക്കാത്തതാണ് ഇന്ന് പല സ്ഥലങ്ങളിലും കാണപ്പെടുന്ന നീർക്കെട്ട് തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും മറ്റും കാരണമായി കാണുന്നത്. അതുപോലെ റോഡ് നിർമ്മാണത്തിൽ പ്രാദേശിക ഇടപെടൽ ഇല്ലായ്മയും ജനപങ്കാളിത്തത്തിന്റെ കുറവും, ചിലവഴിക്കുന്ന ഫണ്ട് വേണ്ട രീതിയിൽ ഉപയോഗപ്പെടുത്താത്തതുമാണ് ഈ നിലയിലുള്ള ശോച്യാവസ്ഥക്ക് കാരണമായി പറയുന്നത്.

**സാധ്യതകൾ:**

പഞ്ചായത്തിലെ റോഡുകളുടെ നില മെച്ചപ്പെടുത്തുന്നതിനു വേണ്ടി ഗ്രാമസഭകളിൽ നിന്നും നിരവധി നിർദ്ദേശങ്ങൾ ഉയർന്നുവരികയുണ്ടായി. അതതു

പ്രദേശങ്ങളിലെ ജനങ്ങളുടെ ആഗ്രഹത്തിനനുസരിച്ചുള്ള നിർദ്ദേശങ്ങളായിരുന്നു ഇവയിൽ ഭൂരിഭാഗവും. ലഭ്യമാകുന്ന ഫണ്ട് കൊണ്ടും ശ്രമദാന പ്രവർത്തനങ്ങൾ കൊണ്ടും പൂർത്തീകരിക്കാൻ കഴിയുന്ന നിർദ്ദേശങ്ങളാണ് മിക്ക ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിരുന്നത്.

1. വാഹനഗതാഗതം നല്ല നിലക്കുള്ള റോഡുകൾ മുൻഗണന അനുസരിച്ച് ടാർ ചെയ്യാനും ഗതാഗത സൗകര്യം വർദ്ധിപ്പിക്കാനും കഴിയണം
2. മൊടപ്പത്തൂർ – മള്ളന്നൂർ പുഴയ്ക്ക്, ബസ്സ് ഗതാഗത്തിന് ഉതകുന്ന രീതിയിലുള്ള പാലം നിർമ്മിക്കാനും, പൂവ്വത്തിൽ കീഴിൽ – മൊടോളി പുഴക്ക് പാലം നിർമ്മിക്കാനും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും അടിയന്തിര നടപടികൾ ഉണ്ടാവണം
3. റോഡിന്റെ ആരോഗ്യ പരിപാലനത്തിനും ഗതാഗതക്ഷമതക്കും ഇരുസൈഡിലുമുള്ള ഓടകൾ സ്വകാര്യആവശ്യങ്ങൾക്കായി ദുരുപയോഗം ചെയ്ത വെള്ളക്കെട്ട് ഉണ്ടാക്കുന്നത് കർശനമായി നിരോധിക്കാവുന്നതാണ്
4. ചിറ്റാരിപ്പറമ്പ് ടൗണിൽ PWD റോഡിന്റെ ഒരു വശത്ത് വട്ടോളി റോഡ് കൂടിച്ചേരുന്ന ഭാഗത്ത് ഓടയുടെ പണി പൂർത്തീകരിക്കാത്തതുകൊണ്ട് മഴക്കാലമായാൽ ടൗണിൽ വെള്ളം കെട്ടിനിൽക്കുന്ന സ്ഥിതിയാണുള്ളത്. ആവശ്യമായ നടപടികൾ സ്വീകരിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും
5. ചിറ്റാരിപ്പറമ്പ് ടൗണിൽ 2 ബംബുകളും മാനന്തേരി സത്രം പരിസരത്ത് 1 ബംബും കൈച്ചേരിയിൽ 1 ബംബും കണ്ണവം പള്ളിക്ക് സമീപം 1 ബംബും സ്ഥാപിക്കുകയാണെങ്കിൽ ഈ ഭാഗങ്ങലിൽ അടിക്കടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സാധിക്കാവുന്നതാണ്. വാഹന ഗതാഗതം നല്ല നിലയ്ക്കുള്ള റോഡുകളിൽ ബാക്കിയുള്ള സ്ഥലങ്ങലിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ കഴിയണം
6. വട്ടോളി പുഴക്ക് സമീപം മഞ്ചേരി വിഷ്ണു ക്ഷേത്രത്തിലേക്ക് പോകുന്ന വഴിക്കുള്ള പുഴക്ക് പാലം നിർമ്മിച്ചാൽ മഴക്കാലത്തെ ഗതാഗതസ്തംഭനം ഒഴിവാക്കാൻ കഴിയും
7. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ നടപ്പാതകൾ നിർമ്മിക്കാനുള്ള സാധ്യതയുണ്ട്. ഇടവഴികൾ വിതികൂട്ടി റോഡ് നിർമ്മിക്കാനുള്ള സാധ്യതയുണ്ട്. ഇതിന് നല്ല നിലയ്ക്ക് ശ്രമദാനപ്രവർത്തനം ഉപയോഗപ്പെടുത്താവുന്നതാണ്
8. പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുള്ള തോടുകളിൽ VCB (വെന്റ് ക്രോസ്സ് ബാർ) നിർമ്മിക്കുകയാണെങ്കിൽ കാൽനടയാത്രക്കാർക്കും കൃഷിയുടെ അഭിവൃദ്ധിക്കും ഇത് വളരെയധികം സഹായകരമായിരിക്കും

**നിർദ്ദേശങ്ങൾ:**

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലുള്ള നിലവിലുള്ള റോഡുകളിൽ കൽവർട്ടുകളും ഓടുകളും നിർമ്മിച്ച് ഗതാഗത യോഗ്യമാക്കണം. കുന്ന് കുറച്ച് സോളിംഗ് നടത്താനുള്ള റോഡുകളും നമ്മുടെ പഞ്ചായത്തിലുണ്ട്

റഫ 1: താർ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ട റോഡുകളുടെ പട്ടിക അനുബന്ധം A കാണുക

റഫ : 2 പഞ്ചായത്തിലെ നിലവിലുള്ള റോഡുകളുടെ പട്ടിക. അനുബന്ധം B കാണുക

**അനുബന്ധം A;**

ഗ്രാമസഭയിൽ നിന്നും മുൻഗണനാക്രമത്തിൽ നിർദ്ദേശിക്കപ്പെട്ട ഏറ്റവും കൂടുതൽ വാഹന ഗതാഗതമുള്ളതും കൂടുതൽ ജനങ്ങൾക്ക് ഉപയോഗിക്കാൻ പറ്റുന്നതുമായ ടാർ ചെയ്യേണ്ട റോഡുകൾ

| ക്രമനമ്പർ | വാർഡ് | റോഡിന്റെ പേര് |
|---|---|---|
| 1. | 4 | വട്ടോളി-കോട്ടയിൽ-കോയ്യാറ്റിൽ റോഡ് |
| 2. | 2 | സത്രം-കാവിൻമൂല-അമ്പലവെളിച്ചം റോഡ് |
| 3. | 6 | ടാക്കീസ്-പെരുയഞ്ഞാട്ട് റോഡ് |
| 4. | 4 | മാനന്തേരി-മൊടപ്പത്തർ റോഡ്-ബാക്കിഭാഗം |
| 5. | 2 | ചെള്ളത്തുവയൽ AKG റോഡ് |
| 6. | 1 | വണ്ണാത്തിമൂല-മോറോളിച്ചം റോഡ്-ബാക്കിഭാഗം |
| 7. | 3, 1 | തേങ്കാട്-വണ്ണാത്തിമൂല റോഡ് |
| 8. | 10 | പൂഴിയോട് - പന്നിയോട് റോഡ് |

**അനുബന്ധം B--നിലവിലുള്ള റോഡുകളുടെ പട്ടിക**

| നമ്പർ | റോഡിന്റെ പേര് | വാർഡ് (കി.മീ.) | നീളം (മീ.) | വീതി | തരം |
|---|---|---|---|---|---|
| 1. | ചിറ്റാരിപ്പറമ്പ്-ചെറുവാഞ്ചേരി (AKG റോഡ്) | 2 | 1.100 | 6 | ചരൽ |
| 2. | കണ്ണവം-ഇടുംബ | 7,8,9 | 5.00 | 8 | താർ |
| 3. | കൈച്ചേരി-തൊടിക്കുളം | 5 | 0.300 | 3 | ചരൾ |
| 4. | മാനന്തേരി-കൊന്നോറ | 3,4 | 0.600 | 3 | ചരൾ |
| 5. | പാലാപ്പറമ്പ് - കണ്ണിച്ചാങ്കണ്ടിള് | 1 | 1.200 | 6 | ചരൾ |
| 6. | ചിറ്റാരിപ്പറമ്പ്-ഇടുംബ (വട്ടോളി പുഴമുതൽ വടക്ക്) | 4,7,8 | 5.000 | 3.6 | ചരൾ |
| 7. | മാനന്തേരി സത്രം-കാവിൻമൂല-അമ്പലവെളിച്ചം | 2 | 7.350 | 7 | സോളിംഗ്, ചരൾ |
| 8. | പരശൂർ-പുവ്വത്തൂർ | 2 | 0.775 | 7 | താർ |
| 9. | മാനന്തേരി-കൊന്നോറ | | 0.500 | | ചരൾ |
| 10. | പാലാപറമ്പ്-മാനന്തേരി | 1,3 | 9.575 | | ചരൾ |
| 11. | മൊടോളി-പള്ള്യറ-മാവുള്ളിതെരു റോഡ് | 5,8 | 1.750 | | ചരൾ |
| 12. | തൊടിക്കുളം-ചുണ്ടയിൽ | 5 | 1.000 | | ചരൾ |
| 13. | ഇടുംബ-കാഞ്ഞിരോട് | 7 | 2.500 | 8 | ടാർ,ചരൾ |
| 14. | മാനന്തേരി-മൊടപ്പത്തൂർ | 3,4 | 2.500 | 8 | ടാർ,ചരൾ |
| 15. | ഞാലിൽ-മഹിളാസമാജം | 1 | 0.690 | | ചരൾ |
| 16. | തൊടിക്കളം-മൊടോളി | 5 | 2.500 | | ചരൾ |
| 17. | കണ്ണവം-പൂഴിയോട് | 9,10 | 0.950 | | ടാർ,ചരൾ |

| | | | | | |
|---|---|---|---|---|---|
| 18. | കരിക്കുന്ന്-മുടപ്പത്തൂർ | 4 | 0.740 | | ചരൾ |
| 19. | കണ്ണവം-ആലപ്പറമ്പ് | 8 | 0.480 | | ചരൾ |
| 20. | മാനന്തേരി-മൊടപ്പത്തൂർപുഴ | 3,4 | 3.070 | | ചരൾ |
| 21. | കൈച്ചേരി-തൊടീക്കളം | 5,8 | 0.250 | | ചരൾ |
| 22. | ചിറ്റാരിപ്പറമ്പ്-വട്ടോളി | 6,4 | 1.600 | 6 | താർ |
| 23. | കൊയ്യാറ്റിൽ-കാഞ്ഞിരപ്പുഴ | 4,7 | 0.800 | | ചരൾ |
| 24. | പരശൂർ-പുവ്വത്തൂർ | 2 | 0.800 | | ടാർ |
| 25. | കരിന്തിരി-പാറപ്പാലം | 1 | 0.350 | 6 | ചരൾ |
| 26. | കണ്ണവം, ശ്രീനാരായണമഠം | 9 | 0.500 | | ചരൾ |
| 27. | പാലാപറമ്പ്-കണ്ണച്ചാങ്കണ്ടി | 1 | 1.200 | | ചരൾ |
| 28. | തൊടിക്കുളം-ഇടുംബ | 7 | 1.200 | | ചരൾ |
| 29. | പുവ്വത്തിൻകീഴിൽ-മൊടോളി | 5,6 | 1.600 | | |
| 30. | വട്ടോളി-പെരിങ്ങോട്ടുവയൽ | 6 | 0.800 | | ചരൾ |
| 31. | വട്ടോളി-അത്ത്യാറത്ത് വയൽ | 5 | 0.570 | | ചരൾ |
| 32. | ചിറ്റാരിപ്പറമ്പ്-ഇരട്ടക്കുളങ്ങര | 2 | 0.170 | | ചരൾ |
| 33. | മാനന്തേരിസത്രം-അരീക്കര | 2 | 1.000 | | ചരൾ |
| 34. | മാനന്തേരി-തേങ്കോട്-വണ്ണാത്തിമൂല | 1,3 | 2.500 | | ചെങ്കൽ സോളിംഗ് |
| 35. | കോട്ടയിൽ-കുണ്ടേരിപ്പൊയിൽ | 4 | 0.175 | | ചരൾ |
| 36. | അണിയാറത്ത് വയൽഭാഗം റോഡ് | | 0.170 | | ചരൾ |
| 37. | വട്ടോളി-പണിയകോളനി | 5,6 | 0.933 | | ചരൾ |
| 38. | ഉഴിഞ്ഞാട് ലക്ഷംവീട് കോളനി | 2 | 0.120 | | ചരൾ |
| 39. | സത്രം, വണ്ണാത്തിമൂല, മൊറോളിച്ചാൽ | 2,1 | 4.800 | | ടാർ,സോളിംഗ് |
| 40. | 14-ാം മൈൽ-വട്ടോളിസ്ക്കൂൾ | 3,4 | 1.100 | | ചരൾ |
| 41. | മുടപ്പത്തൂർ-വട്ടോളിറോഡ് | 4 | 2.800 | | ചരൾ |
| 42. | മണ്ണന്തറ-എടച്ചോളിക്കാട് | 3 | 0.752 | | ചരൾ |
| 43. | മൂര്യാട്-കൂത്തുപറമ്പ്-ചെറുവാഞ്ചേരി | 1 | 0.860 | | ടാർ |
| 44. | കൊന്നോറ-തയ്യിൽമുക്ക് | 3 | 0.260 | | ചരൾ |
| 45. | വട്ടോളി-കയമയിൽ-കുണ്ടേരിപ്പൊയിൽ | 4 | 1.365 | | ചരൾ |
| 46. | മൊടപ്പത്തൂർ-വട്ടോളി | 4 | 0.090 | | ചരൾ |
| 47. | പരശൂർ-ഉഴിഞ്ഞാട് | 2 | 0.750 | | ചരൾ |
| 48. | 15-ാം മൈൽ ശ്മശാനം റോഡ് | 5,6 | 0.210 | | ചരൾ |
| 49. | ചിറ്റാരിപ്പറമ്പ്-പെരിഞ്ഞാട്ട് | 3 | 0.590 | | ചരൾ |

| | | | | | |
|---|---|---|---|---|---|
| 50. | അമ്പായക്കുട്ട്-പൈങ്ങാട്ടിൽ റോഡ് | 3 | 0.415 | | ചരൾ |
| 51. | പാറേക്കണ്ടി-മുണ്ടഞ്ഞാലിൽ | 1 | 0.772 | | ചരൾ |
| 52. | വട്ടോളി-കുയ്യലാട്-കുണ്ടേരിപ്പൊയിൽ | 4 | 1.000 | 6മീ. | ചരൾ |
| 53. | വട്ടോളികോളനി-പരുമസ്ക്കുൾ-തൊടീക്കളം ആശുപത്രി | 5,8 | 6.750 | 4.80 | ചരൾ |
| 54. | ചിറ്റാരിപ്പറമ്പ്-ഇരട്ടക്കുളങ്ങര, ചെന്നിയോട് | 2 | 1.000 | 4 | ചരൾ |
| 55. | തൊടീക്കുളം ഹെൽത്ത് സെന്റർ-കൈതക്കൊല്ലി | 8 | 1.409 | 4 | ചരൾ |
| 56. | അരീക്കര-പളളിക്കാനം | 2 | .800 | 4 | ചരൾ |
| 57. | മാനന്തേരിസത്രം-കുയ്യഞ്ചേരിച്ചാൽ | 3 | 1.000 | 4 | ചരൾ |
| 58. | കൈതക്കൊല്ലി-റേഷൻഷാപ്പ് റോഡ് (തൊടീക്കുളം) | 8 | 0.850 | 3 | ചരൾ |
| 59. | 12-ാം മൈൽ, കരിയിൽ | 3 | 0.522 | 3 | ചരൾ |
| 60. | മാനന്തേരി കാവിൻമൂല-ഞാലിൽ | 2 | 1.000 | 6 | ചരൾ |
| 61. | കയമയിൽ-കോയ്യാറ്റിൽ | | 1.320 | 5 | ചരൾ |
| 62. | തൊടീക്കുളം-ഇടുമ്പക്കുന്ന്-ആലച്ചേരി | 7,8 | 1.110 | 4 | ചരൾ |
| 63. | ചുണ്ടയിൽ അമ്മാറമ്പ്-കോളനി | 9 | 1.000 | 4 | ചരൾ |
| 64. | 15-ാം മൈൽ-പരശുർ റോഡ് | 2 | 0.540 | 4.50 | ചരൾ |
| 65. | വട്ടോളിചാല കോളനി റോഡ് | 4,5 | .250 | | ചരൾ |
| 66. | ചിറ്റാരിപ്പറമ്പ്-കളരിക്കൽ | 6 | 0.700 | | ചരൾ |

അവലംബം - ദ്വിദീയ വിവരശേഖരണം

# ഊർജ്ജം

ഏതൊരു പ്രദേശത്തിന്റെയും വികസനത്തിൽ ഒഴിച്ചുകൂടാനാവാത്ത പ്രധാനപ്പട്ട ഘടകമാണ് ഊർജ്ജം. ഈ രംഗത്തുള്ള അപര്യാപ്തത നമ്മുടെ നാടിന്റെ വികസന മുന്നേറ്റത്തിന് ഏറെ തടസ്സം നിന്നിട്ടുണ്ട്. ഗാർഹികരംഗത്തെ ഊർജ്ജ ദൗർല്ലഭ്യം. ജീവിത സൗകര്യത്തെ കുറക്കുകയും, വ്യാവസായിക ആവശ്യത്തിനുള്ള ഊർജ്ജത്തിന്റെ അപര്യാപ്തത തൊഴിലവസരങ്ങൾ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ഗ്രാമ പ്രദേശങ്ങളിൽ ജലം ലഭ്യമാകുന്ന പ്രദേശങ്ങളിൽ വൈദ്യുതിയുടെ അഭാവം, സാങ്കേതിക രീതിയിലുള്ള കൃഷിക്ക് തടസ്സമായി നിൽക്കുന്നു. കുറേ വർഷങ്ങളായി വൈദ്യുതിയുടെ കാര്യത്തിൽ കമ്മി നേരിടുന്ന നമ്മുടെ സംസ്ഥാനത്ത്, അതിന് ആനുപാതികമായി ഈ പഞ്ചായത്തിലും വൈദ്യുതി ദൗർല്ലഭ്യം അനുഭവപ്പെടുന്നുണ്ട്. വൈദ്യുതി മേഖലയാണ് ഊർജ്ജത്തിന്റെ കാര്യത്തിൽ മുൻനിരയിൽ നിൽക്കുന്നത്. ഏകദേശം 22 വർഷങ്ങൾക്ക് മുമ്പാണ് നമ്മുടെ പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി കടന്നുവന്നത്. പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും വൈദ്യുതി ഒരു സങ്കല്പം മാത്രമായി ഇന്ന് നിലനിൽക്കുകയാണ്. പല പ്രദേശങ്ങളിലും വിവിധ സ്ക്കീമുകൾ മുഖാന്തരം വൈദ്യുതിക്ക് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ഇന്നും കാത്തിരിപ്പ് മാത്രമാണ് സ്ഥിതി. നിലവിലുള്ള വൈദ്യുതി സൗകര്യം മെച്ചപ്പെടുത്തണമെങ്കിൽ ആവശ്യമായ അറ്റകുറ്റ പണികൾ കൃത്യ സമയത്ത് നടത്തേണ്ടതാണ്. ഇതിന് ഉതകത്തക്കവിധത്തിലുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ വൈദ്യുതി ബോർഡിന്റെ നല്ലനിലക്കുള്ള ശ്രദ്ധ ആവശ്യമാണ്. പഞ്ചായത്തിലാകെ 3777 വീടുകളാണ് ഉള്ളതെങ്കിലും വൈദ്യുതി ഉപയോഗം സ്വീകരിച്ചിട്ടുള്ള വീടുകളുടെ എണ്ണം 979 ആണ്. ഇതിന് പുറമെ 211 വ്യാപാര സ്ഥാപനങ്ങളിലും 10 വ്യവസായ സ്ഥാപനങ്ങളിലും വൈദ്യുതി വിതരണം ചെയ്യുന്നുണ്ട്.ഈ ഉപഭോക്താക്കൾക്കെല്ലാം തന്നെ വൈദ്യുതി വിതരണം ചെയ്യുന്നുണ്ട്. കൂത്തുപ്പറമ്പ് 66V സബ് സ്റ്റേഷനിൽ എന്നാണ്. നിലവിൽ വൈദ്യുതിയുള്ള പ്രദേശങ്ങളിലും ഇന്ന് വോൾട്ടേജ് കമ്മി നേരിടുകയാണ്. ഇതിന് പ്രധാനപ്പെട്ട കാരണമായി ചൂണ്ടിക്കാണിക്കുന്നത്. വേണ്ടത്ര ട്രാൻസ്ഫോമറുകളുടെ കുറവും ഉള്ള ട്രാൻസ്ഫോമുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കാത്തതുമാണ്. ചിറ്റാരിപ്പറമ്പ് ഗവ: ഹൈസ്ക്കൂൾ, 12 മൈൽ, വട്ടോളി - മഞ്ചേരി റോഡ് ജംഗ്ഷൻ എന്നീ സ്ഥലങ്ങളിൽ കൂടുതലായി ട്രാൻസ്ഫോമുകൾ സ്ഥാപിക്കുകയും ഉള്ള തിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ചെയ്താൽ ഇന്ന് നിലവിലുള്ള വൈദ്യുതി കമ്മിക്ക് മാറ്റമുണ്ടാക്കാനും മുൻഗണനക്രമമനുസരിച്ച് അപേക്ഷ നൽകിയിട്ടുള്ളവർക്ക് വൈദ്യുതി ലഭ്യമാക്കാനും സാധിക്കും. നിലവിലുള്ള ട്രാൻഫോമറുകളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | കണ്ണവം | 100 KVA |
| 2. | പൂവ്വത്തിൻകീഴിൽ | 100 KVA |
| 3. | ചിറ്റാരിപ്പറമ്പ് | 100 KVA |
| 4. | മാനന്തേരി | 100 KVA |
| 5. | തൊടീക്കളം | 100 KVA |
| 6. | ഞാലിൽപള്ളിമുക്ക് | 64 KVA |

വൈദ്യുതിയുടെ കാര്യത്തിൽ ഏറെ ദൗർലഭ്യം നേരിടുമ്പോഴും അത് പാഴാക്കുന്ന കാര്യത്തിൽ ഉപഭോക്താക്കളായ നാം തന്നെ കാരണക്കാരാവുന്നുണ്ട്. രാത്രികാലങ്ങളിലെ അനാവശ്യമായ വൈദ്യുതി ഉപയോഗവും പകൽ സമയത്തെ അശ്രദ്ധയുടെ ഫലമായി ബൾബുകൾ കത്തുന്നതും ഒഴിവാക്കുന്നതിന് ഓരോ ഉപഭോക്താവും ബോധവാനാകേണ്ടതാണ്.

**പഞ്ചായത്തിലെ പാചകഇന്ധന സ്രോതസ്സുകൾ**

| വാർഡ് | മട്ടൽ ഓല ചകിരി | വിറക് | മണ്ണെണ്ണ | ഗ്യാസ് | വൈദ്യുതി |
|---|---|---|---|---|---|
| 1. | 20 | 465 | 3 | 5 | -- |
| 2. | 5 | 654 | 8 | 8 | -- |
| 3. | 27 | 584 | 12 | 3 | -- |
| 4. | 8 | 500 | 2 | 2 | |
| 5. | 3 | 227 | 2 | 2 | -- |
| 6. | 6 | 132 | 12 | 13 | -- |
| 7. | -- | 254 | 4 | -- | -- |
| 8. | 4 | 303 | -- | 2 | -- |
| 9. | 3 | 243 | 5 | 8 | -- |
| 10. | 3 | 250 | 6 | -- | -- |
| ആകെ | 79 | 3612 | 54 | 43 | -- |

(അവലംബം: കുടുംബസർവ്വെ 1996)

പ്രശ്നങ്ങൾ:

1) പഞ്ചായത്തിലെ മിക്ക വാർഡുകളിലും വൈദ്യുതി ഇനിയും ലഭിച്ചിട്ടില്ല.
2) വിതരണ രംഗത്തുള്ള ബോർഡിന്റെ ശ്രദ്ധക്കുറവ് കൃത്യമായി പരിശോധന നടത്താതിരിക്കുക, മരച്ചില്ലകളും മറ്റും യഥാസമയം മുറിച്ച് മാറ്റാതിരിക്കുക) കാരണം വിതരണരംഗത്ത് പ്രശ്നങ്ങൾ ഉണ്ടാവുന്നു.
3) വോൾട്ടേജ് ക്ഷാമം നേരിടുന്നത് കൊണ്ട് ഉപഭോക്താവിന് സാമ്പത്തിക നഷ്ടം അനുഭവപ്പെടുന്നു.
4) ഗ്യാസ്സ് കണക്ഷൻ ആവശ്യത്തിന് ലഭ്യമല്ലാത്തതിനാൽ ഭക്ഷണം പാകം ചെയ്യാൻ ബുദ്ധിമുട്ടുണ്ടാവുന്നു.
5) വിറക് ക്ഷാമം കാരണം സാധാരണക്കാരന്റെ ഭക്ഷണം പാകം ചെയ്യാനുള്ള ചിലവുകൾ കൂടിവരുന്നു. (ഈർച്ചപ്പൊടി അടുപ്പ്, മണ്ണെണ്ണ സ്റ്റൗ എന്നിവ ഉപയോഗിക്കേണ്ടിവരുന്നു.) 6. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പ്രതിമാസം പഞ്ചായത്തിൽ നിന്നും കറണ്ട് ചാർജ്ജ് ഇനത്തിൽ 880 രൂപ ഇലക്ട്രിസിറ്റി ഓഫീസിൽ അടക്കുന്നുണ്ട്. എന്നാൽ പല സ്ഥലങ്ങളിലും ബൾബ് പെട്ടെന്ന് നശിച്ചു പോകുന്ന അവസ്ഥയുണ്ട്. ഗുണനിലവാരം കുറഞ്ഞ ബൾബുകളും മറ്റു സാമഗ്രികളും ഉപയോഗിക്കുന്നതാണ് ഇതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

സാധ്യതകൾ:

1. വ്യവസായ വികസന കേന്ദ്രമായി മാറാൻ സാധ്യതയുള്ള വലിയ പ്രദേശത്ത് ഉൽപാദിപ്പിക്കാൻ സാധ്യതയുള്ള വൈദ്യുതി പഞ്ചായത്തിന്റെ മറ്റു ഭാഗത്ത് കൂടി ഉപയോഗിക്കാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.
2. കൂത്തുപറമ്പ് 66KV സബ് സ്റ്റേഷന്റെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കേണ്ടതാണ്.
3. പഞ്ചായത്തിലുള്ള മിനിമം ഗ്യാരണ്ടി അപേക്ഷകർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതി വിതരണത്തിനുള്ള നടപടികൾ സ്വകരിക്കേണ്ടതാണ്
4. വൈദ്യുതി ഓഫീസിൽ പണമടച്ചാൽ 3 മാസത്തിനുള്ളിൽ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്
5. കൂത്തുപ്പറമ്പിൽ നിന്നും 10 കി.മീറ്റർ കിഴക്കുള്ള ചിറ്റാരിപ്പറമ്പ് പഞ്ചായത്തിൽ ഒരു ഇലക്ട്രിക്ക് സെക്ഷൻ ഓഫീസ് സ്ഥാപിച്ച് ഉപഭോക്താക്കൾക്ക് കൂടുതൽ സേവനം ലഭ്യമാക്കാവുന്നതാണ്
6. പഞ്ചായത്തിൽ ലൈൻമേൻമാരുടെ സേവനം കൂടുതൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് പഞ്ചായത്തിന് സ്വീകരിക്കാവുന്നതാണ്

മാർക്കറ്റ്:

നമ്മുടെ പഞ്ചായത്തിലെ പ്രധാന നാണ്യവിളകൾ കശുവണ്ടി, കുരുമുളക് അടക്ക, റബ്ബർ തുടങ്ങിയവയാണ്. ഇതോടൊപ്പം തന്നെ മറ്റു പലവിളകളും വിവിധ ഭാഗങ്ങളിലായി കൃഷിചെയ്യപ്പെടുന്നു. എന്നാൽ ഈ ഉൽപ്പന്നങ്ങൾ ന്യായമായ വിലക്ക് വിറ്റഴിക്കാൻ പറ്റിയ വിപണന കേന്ദ്രം നമ്മുടെ പഞ്ചായത്തിൽ ഇല്ല. ഇത് കാരണം കൃഷിക്കാർക്ക് അവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ടി അന്യപ്രദേശങ്ങളിൽ കൂടുതൽ മുതൽമുടക്കി കൊണ്ടുപോകേണ്ട അവസ്ഥ നിലനിൽക്കുന്നു. ഇത് നമ്മുടെ പഞ്ചായത്ത് പരിധിക്കുള്ളിൽ അനുയോജ്യമായ രീതിയിൽ ഒരു പൊതുമാർക്കറ്റിന്റെ അനിവാര്യത ചൂണ്ടിക്കാണിക്കുകയാണ്

പ്രശ്നങ്ങൾ:

1. ഏകദേശം ഒരു ടണ്ണിലധിക മത്സ്യം ദിവസേന വിറ്റഴിക്കപ്പെടുന്ന നമ്മുടെ പഞ്ചായത്തിൽ ഒരു മത്സ്യ മാർക്കറ്റ് ഇല്ലാത്തത് കാരണം കച്ചവടക്കാർക്കും ഉപഭോക്താവിനും വളരേയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നു.
2. ചിറ്റാരിപ്പറമ്പിൽ ഒരു ആഴ്ച ചന്ത സ്ഥാപിക്കാൻ കഴിയണം

സാധ്യതകൾ:

ചിറ്റാരിപ്പറമ്പ് പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് പഞ്ചായത്ത് വക ഷോപ്പിങ്ങ് കോംപ്ലക്സ് സ്ഥാപിക്കുകയാണെങ്കിൽ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാവുകയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനും കഴിയും

# പാർപ്പിടം, സാമൂഹ്യക്ഷേമം



പാർപ്പിടം:

മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളിൽ പ്രധാനപ്പെട്ട ഒരിനമാണ് പാർപ്പിടം. സ്വന്തമായി ഒരു വീട് എന്നത് ഏതൊരു മനുഷ്യന്റെയും ജീവിത സ്വപ്നമാണ്. ഏതാണ്ട് 25 വർഷങ്ങൾക്ക് മുമ്പ് വരെ ഈ പഞ്ചായത്തിലെ വീടുകൾ മിക്കവയും ഓല മേഞ്ഞവയും മൺകട്ടകൾ ഉപയോഗിച്ച് നിർമ്മിച്ചവയുമായിരുന്നു. ഇവയിൽ മിക്കതിനും പ്രാഥമിക സൗകര്യങ്ങളോ വേണ്ടത്ര വായു സഞ്ചാരം പോലുമോ ഉണ്ടായിരുന്നില്ല. സാമ്പത്തികമായി സാമാന്യം ഭേദപ്പെട്ടവർക്ക് മാത്രമായിരുന്നു ഓടുമേഞ്ഞ വീടുകൾ പഴയ വാസ്തു ശിൽപ മാതൃകയിൽ എട്ടുകെട്ട്,നാലുകെട്ട് വീടുകൾ ചിലതുണ്ടായിരുന്നു ഭേദപ്പെട്ട വരുടെ ചില വീടുകളോടനുബന്ധിച്ച് കുളങ്ങളും കുടുംബ ക്ഷേത്രങ്ങളുമെക്കെ ഉണ്ടായിരുന്നു.

ജന്മിത്വത്തിന്റെയും കൂട്ടു കുടുംബ വ്യവസ്ഥയുടെയും തകർച്ച വീടുകളുടെ വാസ്തുശിൽപ ഘടനയിലും സാരമായ വ്യതിയാനങ്ങൾ വരുത്തി പഴയ തറവാടുകൾ ഭാഗംവച്ച് പിരിയാൻ തുടങ്ങി. ചെറുചെറു വീടുകൾ പ്രത്രക്ഷപ്പെട്ടു. ഭൂപരിഷ്കരണം ജനസംഖ്യാ വർദ്ധനവ് എന്നിവ വീടുകളുടെ എണ്ണത്തിലും വർദ്ധനവ് വരുത്തി. 1975നു ശേഷം വീടുകളുടെ നിർമ്മിതിയിലും ഘടനയിലും സമൂലമായ മാറ്റങ്ങൾ വരുത്തി. പഴയ രീതിയിലുള്ള തെക്കിനി,വടക്കിനി,പടിഞ്ഞാറ്റ, പത്തായപ്പുര എന്നിവ ഇന്ന് കാണാനെ ഇല്ല. ഗൾഫ് പണത്തിന്റെ സ്വധീനവും വീട് എന്ന സങ്കൽപ്പത്തോടുള്ള വികല ധാരണകളും കാരണം ഗൃഹ നിർമ്മാണമെന്നത് പ്രൗഡിയും പത്രാസും പ്രകടിപ്പിക്കാനുള്ള വേദിയായിമാറുന്നു. അവനവന്റെ സാമ്പത്തിക നില പരിഗണിക്കാതെ വ്യാമോഹത്തിന് അടിപ്പെട്ട് വിട് നിർമ്മാണത്തിന് കടം വാങ്ങി തുലയുന്നവരാണ് വിവിധ സാമ്പത്തിക ശ്രേണിയിലുള്ള ഭൂരിഭാഗവും. ഈ വികല സംസ്കാരം കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിത വില വർദ്ധനവിന് ഇടയാക്കി. ഈ വില വർദ്ധന പാവപ്പെട്ടവന്റെ വീട് എന്ന സ്വപ്ന സാക്ഷാത്കാരത്തിന് വിഘാതമാവുന്നു.

നമ്മുടെ കാലാവസ്ഥക്ക് അനുയോജ്യമല്ലാത്ത കോൺക്രീറ്റ് കെട്ടിടങ്ങൾ പഞ്ചായത്തിൽ വ്യാപകമായി ഉയർന്ന് വരികയാണ്. ഗൾഫ് പണത്തിന്റെ സ്വാധീനവും പുറം നാടുകളിൽ ജോലി ലഭ്യതയും ഇതിന് വളരെ സഹായകമായി തീർന്നു. വലിയവരെ അനുകരിച്ച് ഇടത്തരക്കാരും വായ്പ എടുത്തെങ്കിലും വലിയ വീടുകൾ നിർമ്മിച്ചു വരുന്നു. റേഡീയോ,ടീ.വി, എന്നീ വിനോദ മാദ്ധ്യമങ്ങളുടെയും മിക്സി,ഫ്രിഡ്ജ്,വാഷിംഗ്മെഷിൻ, പമ്പ്സെറ്റ്, മോട്ടോർ,എന്നീ അത്യാധുനിക സാമഗ്രികളുടെയും ഉപയോഗം വർദ്ധിച്ചു വരുന്നുണ്ട്. സ്വന്തമായി വീടില്ലാത്തതിനാൽ വാടകയ്ക്ക് താമസിക്കുന്നവരും സ്വന്തമായി സ്ഥലമില്ലാത്തവരും നിലവിലുള്ള കൂരകെട്ടിമേയാൻ പോലും കഴിയാത്ത നിർദ്ധനരും സാമിഹിക ക്ഷേമ പ്രവർത്തനങ്ങളുടെ മുൻഗണന ലഭിക്കേണ്ട വിഭാഗമാണ്. ഭവനനിർമ്മാണത്തിന് സ്ഥിരംവരുമാനമില്ലാത്തതിന്റെ പേരിൽ വായ്പ ലഭിക്കാത്തവരുമുണ്ട്. വായ്പ ഏജൻസികൾ ഈ പഞ്ചായത്തിൽ ഇല്ല. വീടുകൾ നന്നാക്കാനും പൂർത്തിയാകാത്തവ പൂർത്തിയാക്കാനും മറ്റുമുള്ള വായ്പകളാണ് ഇവിടത്തെ സഹകരണ ബേങ്ക്, റൂറൽ ബേങ്ക്, എന്നിവ കൊടുക്കുന്നത്. എൽ.ഐ.സി, ഹൗസിംഗ് ബോർഡ്, ജില്ലാ ബേങ്കുകൾ, പ്രൈവറ്റ് ഏജൻസികൾ എന്നിവയിൽ നിന്ന് വായ്പ എടുത്താണ് അധികം പേരും വീട് പണിയുന്നത്. ഈ ഏജൻസികളെല്ലാം മറ്റു പഞ്ചായത്തുകളിലും ബ്ലോക്കിലും പട്ടണങ്ങളിലുമാണ്. 40% വീടുകളിൽ മാത്രമെ അടിസ്ഥാന സൗകര്യങ്ങളുള്ളു. പലവാർഡുകളിലും തീരെ താമസ സൗകര്യമില്ലാത്ത ധാരാളം വീടുകളുണ്ട്. പുറംപോക്കിൽ താമസിക്കുന്നവരേയും കടതിണ്ണകളിൽ കഴിയുന്ന അഗതി കുടുംബങ്ങളെയും കാണാം.

I.R.D.Pയിൽ ഉൾപ്പെട്ട 1965 വീടുകൾ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ 26 എണ്ണം SC കുടുംബങ്ങളാണ്. 38 എണ്ണം S.T കുടുംബങ്ങളാണ്. 77 എണ്ണം O.C കുടുംബങ്ങളും. 1992 – 96 കാലയാളവിൽ ഈ പഞ്ചയത്തിൽ 193 കുടംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 26 എണ്ണം SC യ്ക്കും 33 എണ്ണം STയ്ക്കും 134 എണ്ണം OC യ്കും ആണ് ലഭിച്ചിട്ടുള്ളത്. ദാരിദ്രരേഖയ്ക്ക് താഴെ 1598 കുടുംബങ്ങളാണ് സർവ്വേ പ്രകാരം കാണുന്നത്. ദാരിദ്ര്യ രേഖയിൽ നിന്ന് 193 കുടുംബങ്ങൾ ഉയർന്നിരിക്കുന്നു. (അവലംബം V.E-.O-. ഓഫീസ്) കൂടാതെ I.R-.D.P യുടെ വിവിധ പരിപാടികളിലായി 38 വീടുകൾ അനുവദിക്കുകയും 31 വീടുകൾ കാലാവധിക്ക് പൂർത്തിയാവുകയും ചെയ്തിട്ടുണ്ട്.

## ചിറ്റാരിപ്പറമ്പ് പഞ്ചായത്ത്
## വീടുകളുടെ തരം

| വാർഡ് | ഓലമേഞ്ഞത് | കുടിൽ | ഓടിട്ടത് | വാർപ്പ്/ടെറസ്സ് |
|---|---|---|---|---|
| 1 | 35 | 16 | 385 | 55 |
| 2 | 35 | 17 | 561 | 72 |
| 3 | 28 | 18 | 527 | 53 |
| 4 | 19 | 30 | 453 | 8 |
| 5 | 17 | -- | 197 | 20 |
| 6 | 4 | 6 | 134 | 9 |
| 7 | 21 | 1 | 223 | 13 |
| 8 | 18 | 7 | 257 | 32 |
| 9 | 2 | 1 | 163 | 57 |
| 10 | 36 | 2 | 205 | 18 |
| ആകെ | 237 | 98 | 3105 | 337 |




ഇന്ന് കാണുന്ന ഭൂരിഭാഗം വീടുകളും വെട്ടുകല്ലുകളിൽ തീർത്തവയാണ്. ഇഷ്ടികകൊണ്ട് പണി തീർത്തിട്ടുള്ളവയും ഉണ്ട്. ചില ഓടിട്ട വീടുകളിൽ തെങ്ങ് മുള എന്നിവ കഴുക്കോലായി ഉപയോഗിച്ചു കാണുന്നു. മരത്തിന്റെ വില കൂടുതലായതിനാൽ മാവു കൊണ്ടും മറ്റും പണിത്തരങ്ങൾ ചെയ്യുന്നു. വീട് നിർമ്മാണത്തിന്നാവശ്യമായ വെട്ട്കല്ല്, കരിങ്കല്ല്, മരം എന്നിവ മറ്റു പഞ്ചായത്തുകളിൽ നിന്നാണ് കൊണ്ടു വരുന്നത്.

**പ്രശ്നങ്ങൾ:**

## സർക്കാർ ഏജൻസി മുഖാന്തിരം നിർമ്മിച്ച വീടുകളുടെ വിവരപട്ടിക

| വർഷം | വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (I.R.D.P) സർവ്വെപ്രകാരം | വിവിധപരിപാടി-കളിലായി അനു-വദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തിയാ-കാനുള്ളവ | അനുവദി-ക്കേണ്ടവ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 92-93 | 7 | വീടുള്ളവരെ മാത്രമെ സർവ്വെയിൽ പെടുത്തിയിട്ടുള്ളു. | 03 MWH | 03 | -- | -- |
| 93-94 | 1, 7 | " | 2MWSH | | | |
| | | | 3 IAY | 10 | -- | -- |
| | | | 5 JRY | | | |
| 94-95 | 1, 7 | " | 6 IAY | 6 | | |
| 95-96 | | | 10 IAY | 9 | 5 | |
| | | | 4MWSH | | | |
| | | | 3MWS | 3 | 2 | -- |
| | | | 2 JAY | | | |
| ആകെ | | | 38 | 31 | 7 | |

## ചിറ്റാരിപ്പറമ്പ് ഗ്രാമപഞ്ചായത്ത്
## I.R.D.P. സർവ്വെപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വർഷം | വാർഡ് | സർവ്വെപ്രകാരം ആകെ കുടുംബം | SC ST | സാമ്പത്തിക സഹായം ലഭിച്ചവർ | ഇതിൽ SC,ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയവർ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബം |
|---|---|---|---|---|---|---|---|
| 92-93 | 1 | 160 | Nil | 19 92-93 | Nil | 19 | 141 |
| | 2 | 189 | | 30 93-94 | 3SC 20ST 07OC | 30 | 159 |
| | 3 | 148 | | 24 93-94 | 3SC 5ST 16OC | 24 | 124 |
| | 4 | 206 | | 22 95-96 | 7ST 15OC 5ST | 22 | 184 |
| പുതിയ സർവ്വെ | | 79 | | | | | |
| | 6 | 187 | | | | | |
| | 7 | 189 | | 33 93-94 | 7SC 26OC | 33 | 78 |
| | 5 | 211 | | 24 92-93 | 5SC 1ST 18OC | 24 | 187 |
| | 8 | 264 | | 28 94-95 | 5SC 23OC | 28 | 236 |
| | 9 | 309 | | 13 95-96 | 3SC 10OC | 13 | 296 |
| പുതിയ സർവ്വെ | | 23 | | | | | |
| ആകെ | | 1965 | | 193 | | 193 | 1405 |

| പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| | 5116 | 5289 | 5561 | 5631 | 5773 |

1. താഴ്ന്ന വരുമാനമുള്ളവർക്ക് ഇന്നത്തെ നിലയിൽ ഭവന നിർമ്മാണം വളരെ പ്രയാസമാണ്. കൂലി കൂടുതൽ, നിർമ്മാണവസ്തുക്കളുടെ അമിത വില മാത്രമല്ല, കരിങ്കൽ, ചെങ്കല്ല്, മരം എന്നിവ യഥേഷ്ടം ഈ പഞ്ചായത്തിൽ ലഭ്യവുമല്ല.

2. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത ബഹുഭൂരിപക്ഷം വീടുകളിലെ ജീവീതം ദുഃസഹമാണ്.

3. ഭവന വായ്പകൾ സാധാരണക്കാർക്ക് ലഭിക്കുവാൻ പ്രയാസം നേരിടുന്നു.

4. നിർമ്മാണ തൊഴിലാളികളുടെ ദൗർല്ലഭ്യം ഘട്ടംഘട്ടമായുള്ള വായ്പ വിതരണം എന്നിവയാൽ ഭവന നിർമ്മാണം പൂർത്തിയാകാതെ വരികയും വായ്പ ഗഡു കിട്ടാൻ കാല വിളംബം ഉണ്ടാവുകയും ചെയ്യുന്നു.

5. നിർമ്മാണ തൊഴിലാളികളുടെ കൂലിയുടെ കാര്യത്തിൽ ഏകീകരണമില്ല.

6. എല്ലാ നിർമ്മാണ തൊഴിലാളികളും ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടില്ല.

7. പല കോളനികളിലേയും വീടുകൾ വാസയോഗ്യമല്ലാതായി തീർന്നിട്ടുണ്ട്.

8. ചിറ്റാരിപ്പറമ്പ് പഞ്ചായത്ത് ടൗണിൽ മൂത്രപുരയും കക്കൂസും ഇല്ലാത്തതിൽ യാത്രക്കാർ പ്രത്യേകിച്ച് സ്ത്രീകൾ വളരെ വിഷമമനുഭവിക്കുന്നു.

**നിർദ്ദേശങ്ങൾ:**

1. താഴ്ന്ന വരുമാനക്കാർക്ക് ഭവന നിർമ്മാണ കാര്യത്തിൽ എല്ലാ സഹായങ്ങളും നൽകുകയും പുതിയ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുകയും ചെയ്യുക. അതോടൊപ്പം ഭവന നിർമാണ വായ്പക്കുള്ള പലിശ നിരക്ക് കുറയ്ക്കാനുള്ള സംവിധാനവും ഉണ്ടാക്കണം.

2. പഞ്ചായത്തിന്റെ സഹായത്തോടെ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത കുടുംബങ്ങളുടെ പ്രശ്നം (കക്കൂസ്, കിണർ, കുടിവെള്ള പ്രശ്നം എന്നിവ ) പരിഹരിക്കണം.

3. ആശാരി, മൂശാരി, കൊല്ലൻ എന്നിവരുടെ നിർമ്മാണ വിദ്യകൾ പഠിപ്പിക്കുന്നതിന് ഒരു പരിശീലന കേന്ദ്രം പഞ്ചായത്തിൽ തുടങ്ങണം.

4. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കാനുള്ള ഏജൻസികൾ മുഖേന പഞ്ചായത്തിൽ ഒരു പരിശീലന കേന്ദ്രം തുടങ്ങുകയോ സ്ഥിരം ഏജൻസിക്കുള്ള ഒരു സംവിധാനം ഉണ്ടാക്കുകയോ ചെയ്യുക.

5. പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം തുടങ്ങണം.

6. മേൽ പറഞ്ഞ സ്ഥാപനത്തിൽ 40% മെങ്കിലും സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തണം.

7. ലക്ഷം വീട് കോളനികളിലെ വീടുകൾ അടിയന്തിരമായും അറ്റ കുറ്റ പണികൾ നടത്തി വാസ യോഗ്യമാക്കണം.

8. മിക്കവാറും കോളനി കുടുംബങ്ങൾ കൂട്ടു കുടുംബമായി ജീവുക്കുന്നു. ഇവരെ വേറെ വേറെ വീടുകൾ നൽകി പുനരധിവസിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണം.

9. ചിറ്റാരിപ്പപറമ്പ് ബസ്സ് സ്റ്റാന്റിന് സമീപം അടിയന്തിരമായും ഒരു മൂത്രപ്പുരയും കക്കൂസും നിർമ്മിക്കണം

10. വയൽ നികത്തി കെട്ടിടങ്ങൾ നിർമ്മിച്ച് സ്വന്തം താമസത്തിന് മാത്രമല്ലാതെ പീടികകൾക്കായും വീടുകൾക്കായും മറ്റും കൊടുക്കുന്ന പ്രവണതകളെ ശക്തിപൂർവ്വം തടയണം.

11. നിർമ്മണ തൊഴിലാളികളുടെ കൂലിയുടെ കാര്യത്തിൽ ഏകീകരണത്തിനുള്ള സംവിധാനം ഉണ്ടാക്കണം.

12. എല്ലാനിർമ്മാണ തൊഴിലാളികളേയും നിർബന്ധമായി ക്ഷേമ നിധിയിൽ അംഗങ്ങളാക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

**സാമൂഹ്യക്ഷേമം:**

പഞ്ചായത്തിൽ നിലനിന്നിരുന്നതും ഇപ്പോഴും നാമമാത്രമായെങ്കിലും നിലനിൽക്കുന്നതുമായ ജാതി വ്യവസ്ഥ ഒരു വിഭാഗം ജനങ്ങളെ ഇന്നും സാമ്പത്തികമായും സാംസ്ക്കാരികമായും പിന്നോക്കാവസ്ഥയിലാക്കുന്നു. പരമ്പരാഗത ജീവിതമാർഗ്ഗമായ കൃഷിയിൽ നിന്ന് അകലുകയും എന്നാൽ വ്യാവസായിക പുരോഗതി അപ്രാപ്യമായ അവസ്ഥയിൽ മറ്റ് ജീവിതമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിൽ പരാജയപ്പെടുകയും ചെയ്തത് തൊഴിലില്ലായ്മ വർദ്ധിക്കുന്നതിനും ദാരിദ്ര്യം പെരുകുന്നതിനും കാരണമായി. കൃഷി ആദായകരമല്ലാതായതോടെ കൃഷി ഉപജീവനമാക്കിയവരും അനുബന്ധ തൊഴിലാളികളും മറ്റ് തൊഴിൽ തേടാൻ നിർബന്ധിതരായി. എന്നാൽ ഇക്കാര്യത്തിൽ ഏറെയൊന്നും വിജയിക്കാൻ അവർക്ക് കഴിഞ്ഞതുമില്ല. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ വരുമാനമാണ് ഈ അവസരത്തിൽ ഏറെ ആശ്വാസമായത്. എന്നാൽ ഈ സാമ്പത്തിക സ്രോതസ്സ് സ്ഥിരതയില്ലാത്തതാണ് എന്ന തിരിച്ചറിവ് ജനങ്ങളിൽ ഇതുവരെ ഉണ്ടായിട്ടില്ല.ഉപരിപ്ലവമായ ഒരു സാമ്പത്തികാവ്യദ്ധിക്കും യാഥാർത്ഥ്യ ബോധമില്ലാത്ത ഒരു ജീവിതരീതിക്കും ഇത് കാരണമായിട്ടുണ്ട് എന്ന് പറയായാതെ വയ്യ.

**ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം**

| വർഷം | വാർഡ് | പരിശീലനം വിഷയത്തന്റെ പേർ | പരശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയ-വരുടെ എണ്ണം | ഇതരതൊഴിലു-കളിൽ ഏർപ്പെട്ടവർ | അവശേഷി-ക്കുന്നവർ |
|---|---|---|---|---|---|---|
| 92-93 | -- | -- | Nil | -- | -- | -- |
| 93-94 | 7 | ഫോട്ടോഗ്രഫി | 1 | 1 | 1 | Nil |
| | 4 | പ്രിന്റിംഗ് & കമ്പോസിംഗ് | 1 | | | |
| 94-95 | 7 | പ്രിന്റിംഗ് & കമ്പോസിംഗ് | 1 | | 1 | Nil |
| 95-96 | 2 | ടൈലറിംഗ്, വെൽഡിംഗ്, ഇലക്ട്രിക്കൽ വയറിംഗ്, പ്ലംബറി മെഷിനിസ്റ്റ്, ഓട്ടോ, ടെക്സ്റ്റയിൽ, ഡൈയിങ്ങ് | 9 | | 9 | Nil |
| 92-93 | | കണ്ണവം ഭാഗം | -- | -- | -- | -- |
| 93-94 | 5 | ടെയിലറിംഗ് & ഗാർമെന്റ് മേക്കിംഗ് | 9 | 9 | Nil | Nil |
| 94-95 | | Nil | | | | |
| 95-96 | 7 | ടെക്സ്റ്റയിൽ ഡൈയിങ്ങ് & പ്രിന്റിംഗ് | 1 | -- | 1 | Nil |
| | | ആകെ | 22 | 10 | 12 | -- |

## DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വർഷം | വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത |
|---|---|---|---|---|---|
| 92-93<br>93-94<br>94-95<br>95-96 | | മാനന്തേരി വില്ലേജിൽ ഇല്ല | | | |
| 92-93 | | കണ്ണവം | | | |
| 93-94 | | ഗാർമെന്റ് മേക്കിംഗ് (വട്ടോളി) | 93-94 | 8 പേർ | നല്ലരീതിയിൽ പ്രവർത്തിക്കുന്നു |
| 94-95 | | ജില്ലി യൂനിറ്റ് തൊടീക്കളം | 94-95 | 5 പേർ | നല്ല രീതിയിൽ പ്രവർത്തിക്കുന്നു |
| 95-96 | | ഗാർമെന്റ് മേക്കിംഗ് ചിറ്റാരിപറമ്പ് ടൗൺ | 95-96 | 10 പേർ | നല്ല രീതിയിൽ പ്രവർത്തിക്കുന്നു |

അവലംബം: ദ്വിതീയവിവരശേഖരണം

## ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

| വർഷം | വാർഡ് | സർവ്വെ പ്രകാരം ഗ്രാമീണ കൈത്തൊഴിൽക്കാരുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | കുറിപ്പ് |
|---|---|---|---|---|---|
| 92-93 | | 8 | Nil | -- | -- |
| 93-94 | | | 17 | | ആശാരി 8<br>കൊല്ലപ്പണി 2<br>സ്വർണ്ണപ്പണി 1<br>കൈത്തൊഴിലുകാർ 6 (കൽപ്പണി)<br>ഉപകരണങ്ങളുപയോഗിച്ച് നന്നായി പണിയെടുക്കുന്നു |
| 94-95 | | | 8 | | സ്വർണ്ണപ്പണി 2<br>ആശാരിപ്പണി 2<br>കെട്ടിടനിർമ്മാണം 4 |
| 95-96 | | | 1 | | ആശാരി 1 |
| 93-94 | | | കണ്ണവം 3 | | ആശാരിമാർ 3 |
| 94-95 | | | 9 | | ആശാരി 1<br>കൊല്ലൻ 1<br>കെട്ടിടനിർമ്മാണം 7 |
| 95-96 | | | 1 | | ആശാരി 1 |

അവലംബം: V.E.O. ഓഫീസ് രേഖകൾ

സ്ത്രീകളുടെ ക്ഷേമാർത്ഥം ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന കോഴിവളർത്തൽ സഹകരണസംഘം വായ്പകൾ തിരിച്ചടയ്ക്കാത്തതിനെ തുടർന്ന് നഷ്ടത്തിലായതിനാൽ പ്രവർത്തനരഹിതമായി കിടക്കുന്നുണ്ട്. അതുപോലെ കണ്ണവത്ത് ഒരു കരിങ്കൽ ജില്ലി യൂണിറ്റും പ്രവർത്തനരഹിതമായി കിടക്കുന്നു. ഈ പഞ്ചായത്തിൽ 13 അംഗൻ വാടികൾ പ്രവർത്തിക്കുന്നു. ഇനിയും 7 അംഗൻ വാടികൾ കൂടി അടിയന്തിരമായു ഉണ്ടാകേണ്ടിയിരിക്കുന്നു. ചിറ്റാരിപറമ്പ് പഞ്ചായത്തിൽ ഒരു ഡ്രൈവിംഗ് സ്ക്കൂൾ പ്രവർത്തിക്കുകയാണെങ്കിൽ ഈ മേഖലയിലേക്ക് ധാരാളം യുവതികൾ കടന്നുവരും.

**പ്രശ്നങ്ങൾ:**

1. I.R-.D-.P. പദ്ധതി പ്രകാരം ഇനിയും സഹായം ആവശ്യമുള്ളവർ മുന്നോട്ട് വരുന്നില്ല.
2. പഞ്ചായത്തിൽ 60% വീടുകൾക്കും സ്വന്തമായി കക്കൂസുകൾ ഇല്ല.
3. ട്രൈസം സ്കീം അനുസരിച്ച് പരിശീലനം നേടുന്നവർ പ്രസ്തുത തൊഴിൽ ചെയ്യാൻ വിമുഖത കാണിക്കുന്നു.
4. നിലവിലുള്ള അംഗൻ വാടികളിൽ കക്കൂസോ, കിണറോ ഇല്ല.
5. CRSP പ്രകാരം ധാരാളം പേർ കക്കൂസിന് അപേക്ഷ നൽകിയെങ്കിലും ചുരുക്കം പേർക്കെ ലഭിച്ചിട്ടുള്ളൂ.
6. പഞ്ചായത്തിൽ അഭ്യസ്ഥവിദ്യരും തൊഴിൽരഹിതരുമായ ധാരാളം ചെറുപ്പക്കാർ പ്രത്യേകിച്ച് യുവതികളുണ്ട് ഇവർക്കു ഉതകുന്ന തൊഴിൽ സംരംഭങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു.
7. വേനൽകാലത്ത് കുടിവെള്ളപ്രശ്നം രൂക്ഷമാവുന്നുണ്ട്.
8. 15 രജിസ്റ്റർ ചെയ്തതും 3 രജിസ്റ്റർ ചെയ്യാത്തതുമായി 18 മഹിളാസമാജങ്ങൽ പഞ്ചായത്തിലുണ്ടായിട്ടും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നത് ഒന്നോ രണ്ടോ മാത്രം.
9. കെട്ടിടം സ്വന്തമായി ഇല്ലാത്ത അംഗൻ വാടികളും ബാലവാടികളും താൽക്കാലികമായി പ്രവർത്തിക്കുന്ന ഒരു അംഗൻവാടിയും ഉണ്ട്. ഇവയ്ക്ക് സ്വന്തമായ കെട്ടിടം ആവശ്യമാണ്.

**നിർദ്ദേശങ്ങൾ:**

1. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ ഏതെല്ലാമെന്നും അതിന്റെ ഗുണമെന്തെന്നും എങ്ങിനെ ലഭിക്കുമെന്നും അറിയാത്ത ഉപഭോക്താക്കൽക്കായി പഞ്ചായത്ത് വാർഡുതോറും ബോധവൽക്കണം നടത്തണം.
2. ചെലവുകുറഞ്ഞ കക്കൂസുകൾ നിർമ്മിക്കുന്നതിന് അപേക്ഷകർക്ക് സഹായം ലഭ്യമാക്കണം. സൗജന്യമായി കക്കൂസുകൾ നല്കുന്ന ഏജൻസികൾ ഏതെന്ന് മനസ്സിലാക്കി ആ തരത്തിലും ഒരു വീടിന് ഒരു കക്കൂസ് എന്ന പരിപാടി നടപ്പാക്കണം.
3. എല്ലാ അംഗൻവാടികളോടനുബന്ധിച്ചും നിർബന്ധമായും കക്കൂസും കിണറും ലഭ്യമാക്കണം.
4. ട്രൈസം പരിശീലനം കഴിഞ്ഞാൽ ആ തൊഴിൽ ചെയ്യുവാനുള്ള നിർദ്ദേശവും പ്രോത്സാഹനവും ചെയ്തുകൊടുക്കണം.
5. അപേക്ഷ നൽകിയവർക്കെല്ലാം കക്കൂസ് അനുവദിച്ച് കൊടുത്ത് സഹായം നൽകുവാനുള്ള ഏർപ്പാടുകൾ ചെയ്യണം.
6. ചെറുപ്പക്കാർക്ക് ഉതകുന്ന സാങ്കേതിക പരിശീലന കേന്ദ്രങ്ങൾ പഞ്ചായത്തിൽ അടിയന്തിരമായു ഉണ്ടാകേണ്ടിയിരിക്കുന്നു.
7. തീപ്പെട്ടി, മെഴുകുതിരി, ചന്ദനത്തിരി ഫ്ളവർമില്ലുകൾ, പഴസംസ്ക്കരണ കേന്ദ്രം എന്നിവ തുടങ്ങുന്നതു വഴി പഞ്ചായത്തിലെ സ്ത്രീ തൊഴിൽ സാദ്ധ്യത വളരെ കൂടുകയും ചെയ്യും.
8. ചിറ, കുളങ്ങൾ, കിണറുകൾ ഇവ നന്നാക്കിയെടുത്താൽ വറ്റാത്ത ജല സ്രോതസ്സുകളാണ്. ഇവ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. ഇതിൽ പൈപ്പു മുഖേന എന്നും ജലവിതരണം നടത്താം. അതിനുള്ള പദ്ധതിയും ആരംഭിക്കണം.
9. സാമൂഹ്യ സാംസ്ക്കാരിക രംഗത്തും തൊഴിൽ രംഗത്തും സ്ത്രീകൾ മുന്നോട്ട് വരണമെങ്കിൽ അവരെ ബോധവൽക്കരിക്കേണ്ടത് ഉണ്ട്. പഞ്ചായത്തിലുള്ള എല്ലാ സമാജങ്ങളെയും പ്രവർത്തനസജ്ജമാക്കി അവ പഞ്ചായത്തുതലത്തിൽ കേന്ദ്രീകരിച്ച് വേണ്ട പ്രവർത്തനങ്ങൾ തയ്യാറാക്കി പഞ്ചായത്തു മുഖേന രംഗത്തേക്ക് കൊണ്ടുവരണം.
10. പല ക്ഷേമ പദ്ധതികളുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം.
11. പഞ്ചായത്ത് ടൗണിൽ ഒരു മാർക്കറ്റ് വളരെ അത്യാവശ്യമാണ്. അതോടൊപ്പം മാലിന്യങ്ങൾ നിക്ഷേപിക്കാനും അവ കമ്പോസ്റ്റാക്കി മാറ്റാനും ഉള്ള സംവിധാനം ഉണ്ടാകണം.
12. ഈ പഞ്ചായത്തിലെ ഉൽപ്പന്നങ്ങളിൽ ധാന്യവിളകൾ, നാണ്യവിളകൾ പച്ചക്കറികൾ ഇവയുടെ വിപണനത്തിനായി ഒരു ചന്തയ്ക്കുള്ള സൗകര്യം ഉണ്ടാകണം.
13. നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായം പഞ്ചായത്തിൽ നിന്ന് ലഭിക്കാനുള്ള സംവിധാനം വേണം.

14. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും P.H-.C-. യുടെ ഭാഗമായി സബ് സെന്ററുകൾ തുറക്കണം.
15. ഈ പഞ്ചായത്തിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറിയും ഹോമിയോ ക്ലിനിക്കും തുറക്കാനുള്ള ഏർപ്പാടുകൾ ചെയ്യണം.
16. P.H-.C. യ്ക്കു ചുറ്റു മതിൽ ആവശ്യമാണ്. 24 മണിക്കൂറും P.H.C യിൽ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തണം. ആയതിലേക്ക് ആവശ്യമായ ഡോക്ടർമാരെ നിയമിച്ചുകിട്ടാൻ പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ പതിക്കണം.

# സംസ്ക്കാരം

ചിറ്റാരിപ്പറമ്പ് ഗ്രാമ പഞ്ചായത്തിന് മലയാളത്തനിമയാർന്ന ഒരുസംസ്ക്കാരിക പൈതൃകം തീർച്ചയായും അവകാശപ്പെടാം. വിദ്യാഭ്യാസ രംഗത്തെ ഉയർച്ചയും പൗരാണികതയുടെ തനതായ വിശേഷങ്ങൾ കാത്തു സൂക്ഷിക്കുന്ന തൊടിക്കുളം ശിവക്ഷേത്രവും വൈദേശിക മേധാവിത്തത്തിനെതിരെ പടവാളേന്തി മലയാള നാടിന്റെ അഭിമാനം കാത്തുസൂക്ഷിക്കാൻ സ്വജീവൻ ത്യജിച്ച വീര കേരള വർമ്മ പഴശ്ശിതമ്പുരാന് വീരം പകർന്ന കണ്ണവത്ത് ശങ്കരൻ നമ്പ്യാരും ചിറ്റാരിപ്പറമ്പ് പഞ്ചായത്തിന് അഭിമാനിക്കാനുള്ളതിൽ ചിലതുമാത്രം.

ഭാരതീയ സൗന്ദര്യ സങ്കൽപ്പങ്ങളുടെ മഹനീയ മാതൃകയായ പൗരാണിക ചിത്ര ശിൽപ്പ സങ്കേതങ്ങളെ അടിസ്ഥാനമാക്കിയുള്ള മ്യൂറൽ ചിത്രങ്ങൾ കൊണ്ട് സമ്പുഷ്ടമായ തൊടീക്കളം ശിവ ക്ഷേത്രം ചിറ്റാരിപറമ്പ് പഞ്ചായത്തിലാണെന്നതിൽ നമ്മുക്ക് അഭിമാനിക്കാം. ലോക സർക്കസ്സ് രംഗത്ത് രണ്ടാം സ്ഥാനത്തൊക്കുർന്ന കമലാ സർക്കസ്സിന്റെ സ്ഥാപകൻ പ്രൊ. കെ. ദാമോദരന് ജന്മം നൽകിയത് നമ്മുടെ പഞ്ചായത്താണ്. ഗതകാല സംസ്ക്കാരത്തിന്റെ സ്മരണികയായി നിലകൊള്ളുന്ന ക്ഷേത്രങ്ങളും നാടൻ കലാരൂപങ്ങളായ തെയ്യങ്ങൾ കെട്ടിയാടുന്ന് കാവുകളും വിശ്വാസത്തിന്റെ പേരിലും ആഘോഷത്തിന്റെ പേരിലും ജനങ്ങൾക്കിന്ന് പ്രിയങ്കരങ്ങളാണ്.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളും കാവുകളും.

1. തൊടീക്കളം ശിവക്ഷേത്രം.
2. മാനന്തേരി സുബ്രമണ്യ സ്വാമി ക്ഷേത്രം
3. മഞ്ചേരി മഹാ വിഷ്ണു ക്ഷേത്രം, വട്ടോളി.
4. മുടപ്പത്തൂർ ശിവക്ഷേത്രം.
5. പരശൂർ പരശുരാമ ക്ഷേത്രം.
6. കളരിക്കൽ ഭഗവതി ക്ഷേത്രം.
7. മാനന്തേരി കാവ്.
8. പട്ടേരി മടപ്പുര.
9. മുടപ്പത്തൂർ കുട്ടിച്ചാത്തൻ മഠം.
10. ആറ്റിൻകര ശ്രീ മുച്ചിലോട്ട് ഭഗവതി ക്ഷേത്രം, മുടപ്പത്തൂർ.
11. അക്കരെ വട്ടോളി മാണക്കാവ്.
12. കണ്ണിപ്പൊയിൽ കാവ്.
13. ആലോറ മടപ്പുര – പുവ്വത്തിൻ കീഴിൽ
14. കരക്കണ്ടത്തിൽ ശ്രീ ഭഗവതി, ഉഴിഞ്ഞാട്.
15. കാഞ്ഞിരക്കുന്ന് ഭഗവതി, തൊടീക്കളം.
16. കാട്ടിലെ രയരോത്ത് കാവു.
17. ഇരട്ടകുളങ്ങര പൊട്ടൻ തെയ്യകാവു.
18. പാറമ്മേൽ ഭഗവതി ക്ഷേത്രം.
19. പുന്നേരി മടപ്പുര, കണ്ണവം.
20 മുതുകുറ്റി മടപ്പുര, പറമ്പുകാവു.
21. പുളിയുള്ള കാവു, പൂഴിയോട്.

ഇവയ്ക്ക് പുറമേ ചുണ്ടയിലും കണ്ണവത്തും ഓരോ ശ്രീ നാരായണ മഠവും ഉണ്ട്. കാലപ്രവാഹത്തിന്റെ ചുഴിയിൽ പെട്ട് നശിച്ചുപോയതെന്ന് വിശ്വസിക്കപ്പെടുന്ന അനന്തേശ്വരം ക്ഷേത്രം ഉൾപ്പെടേ പല ക്ഷേത്രങ്ങളും തകർന്നടിഞ്ഞ തറവാടുകളുടെ വക കാവുകളും കോട്ടങ്ങളും ഉൽസവത്തിന്റെയോ ആഘോഷത്തിന്റെയോ പ്രഭാവമില്ലാതെ വിസ്മൃതിയിൽ ലയിച്ചു എന്ന് പറയാം. തകർന്നു പോയ തൊടിത്തളിയിൽ ദേവീ ക്ഷേത്രത്തിന്റെ പുനർനിർമ്മാണം പൂർത്തിയായി വരികയാണ്.

ചിറ്റാരിപ്പറമ്പ് കണ്ണവം മാനന്തേരി, വണ്ണാത്തിമുല, ഇടുമ്പ, തൊടീക്കളം എന്നിവിടങ്ങളിലെ ജമാ-അത്ത് പള്ളികളും മറ്റിടങ്ങളിലെ ചെറു പള്ളികളും ചിറ്റാരിപറമ്പ് പഞ്ചായത്തിൽ മിസ്ലിം ജന വിഭാഗത്തിന്റെ ആരാധനാലയങ്ങളായുണ്ട്. ജനസംഖ്യയിൽ നാമമാത്രമായുള്ള ക്രിസ്ത്യാനികൾക്ക് ഈ പഞ്ചായത്തിൽ ആരാധനാലയങ്ങൾ ഇല്ല. ഇവർ സമീപ പഞ്ചായത്തിലെ പള്ളികളെ പ്രയോജനപ്പെടുത്തുന്നു. 21881 വരുന്ന ജനസംഖ്യയിൽ 78.16% വും ഹിന്ദുക്കൾ ആണ്. 21.03% മുസ്ലീങ്ങളും നാമനാമമാത്രമായി ക്രിസ്ത്യാനികളുമുണ്ട്. ൧.10 % വരുന്ന പട്ടിക ജാതിക്കാരും 5.05 % വരുന്ന പട്ടിക വർഗ്ഗക്കാരുമ്ണ് ഈ പഞ്ചായത്തിലുള്ളത്. അവരവരുടെ ജാതി-മത ആചാരനുഷ്ഠാനങ്ങളുമായി ജീവിതം നയിക്കുന്ന ജനതക്ക് ജാതി-മത-വർഗ്ഗീയ സംഘർഷത്തെ അഭിമുഖീകരിക്കേണ്ടി വന്നിട്ടില്ല. സാമുഹ്യ നന്മയെ ലക്കാക്കി എല്ലാ വിഭാഗം ജനങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും ജാതി-മത ചിന്തകളെ മനുഷ്യമനസ്സുകളിൽ നിന്ന് പൂർണ്ണ

മായി തുടച്ചുനീക്കാൻ കഴിഞ്ഞിട്ടില്ല. ജപിച്ചൂതൽ, മന്ത്രിച്ചുകെട്ടൽ തുടങ്ങിയവയിലുള്ള വിശ്വാസം നശിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും മുസ്ലീങ്ങളിൽ ഒരു വിഭാഗത്തിനിടയിൽ ഇന്നും നിലനിൽക്കുന്നു. വിവാഹത്തിന് ജാതകപ്പൊരുത്തത്തിലുള്ള വിശ്വാസവും, മരണാനന്തര ശേഷ ക്രിയയിലുള്ള വിശ്വാസവും, ശുഭാശുഭ (ശകുനം) വിശ്വാസവും, നാവേറ്, കണ്ണേറ് എന്നിവയും നിലനിൽക്കുന്നു. കാർഷിക സംസ്ക്കാരം നാശോൻമുഖമായിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി നമ്മുടെ സമൂഹത്തിൽ നിന്നും ആടി, വേടൻ, കോതാമൂരിപ്പാട്ട് തുടങ്ങിയവ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.നാവിൻ തുമ്പിൽ നിന്ന് നാവിൻ തുമ്പിലേക്ക് പകർന്നൊഴുകിയ നാട്ടിപ്പാട്ടിന്റെ ശീലുകൾ, കോൽക്കളി, പൂരക്കളി, കോൽക്കളിയിലെ പ്രത്യേക വിഭാഗമായ ഒറ്റയും ചുഴുച്ചിലും തുടങ്ങിയവയും കാലാഹരണപ്പെട്ടുകൊണ്ടിരിക്കുന്നു.

ഒരു കാലത്ത് പഴശ്ശിത്തമ്പുരാന്റെ ശക്തിയായിരുന്ന കുറിച്യപ്പടയുടെ പൈതൃകം അവകാശപ്പെടുന്ന് കണ്ണവം കുറിച്യർ ഒരു വിഭാഗം ഇന്നും ഈ പഞ്ചായത്തിലുണ്ട്. 'ആദിവാസികളിലെ ബ്രാഹ്മണർ' എന്നറിയപ്പെടുന്ന ഇവർ വിദ്യാഭ്യാസത്തിലും സംസ്ക്കാരത്തിലും മറ്റ് ഗിരിവർഗ്ഗക്കാരെക്കാൾ മുന്നിലാണ്. അയിത്തം, ബാലായമ തുടങ്ങിയവ ഇപ്പോഴും നിലനിർത്തുന്ന ഇക്കൂട്ടരിൽ യുവതലമുറ ഇത്തരം അനുഷ്ഠാനങ്ങളോട് മുഖം തിരിച്ച് നിൽക്കുന്നു. അവരുടെ ആയോധനമുറയും സംസ്ക്കാരത്തിന്റെ ഭാഗമായിരുന്ന അമ്പെയ്ത്തും ഇപ്പോഴും നിലനിൽക്കുന്നു. ജനനം മുതൽ മരണം വരെ തനതായ ആചാനുഷ്ഠാനങ്ങളിൽ ശ്രദ്ധപതിപ്പിക്കുന്ന മറ്റൊരു ഗിരിവർഗ്ഗക്കാരായ പണിയർ കുറച്ചുപേരെങ്കിലും ഈ പഞ്ചായത്തിലുണ്ട്. മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുന്ന ഇവർ ശവസംസ്ക്കാര ചടങ്ങിന്റെ ഭാഗമായി മൃതദേഹത്തോടപ്പം ഭക്ഷണം, വസ്ത്രം, മദ്യം തുടങ്ങിയവ ശവക്കുഴിയിൽ നിക്ഷേപിക്കുന്നു. ഇവരുടെ ഇടയിൽ ഉണ്ടായിരുന്ന പണിയ ഭാഷ, തുടിക്കൊട്ട് കാതുകുത്ത് കല്യാണം എന്നിവ അപ്രതക്ഷമായിക്കൊണ്ടിരിക്കുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് ശക്തിപകർന്നിരുന്ന ജനതയായിരുന്നു ചിറ്റാരിപറമ്പിലേത്. വളരെ കാലമായി ഇടതുപക്ഷപ്രസ്ഥാനത്തിനാണ് ഇവിടെ പ്രാമുഖ്യം. ഉച്ച നീചത്വങ്ങളുടെയും ജാതിമത വർഗ്ഗീയ ചിന്തകളുടെയും പല ആചാരങ്ങളുടെയും പൊള്ളത്തരങ്ങൾ ഉൾക്കോള്ളാൻ യുവതലമുറ ഒരു പരിധി വരെ തയ്യാറാവുന്നു. വിവാഹ ചടങ്ങുകളിലെ ആർഭാടവും ധൂർത്തും കുടുംബത്തിന്റെ സാമ്പത്തിക അടിത്തറ തകർക്കുന്നേടത്തോളം എത്തി നിൽക്കുന്നു. വിദ്യാഭ്യാസം സാർവ്വത്രികമാവുന്നതിനു മുമ്പ് ഇന്നാട്ടിലെ ജനങ്ങൾക്ക് അക്ഷര ദീപം തെളിച്ചുകൊടുത്ത മാനന്തേരിയിലെ കോരൻ ഗുരുക്കൾ, കണാരൻ ഗുരുക്കൾ തുടങ്ങിയവർ ഒരു പക്ഷെ സ്വപനം കണ്ടിട്ടുണ്ടാവുമായിരുന്ന വിദ്യാഭ്യാസരംഗത്തെ കുതിച്ചുകയറ്റം ഇന്ന് പഞ്ചായത്തിൽ യാഥാർത്യമായി എന്നു പറഞ്ഞാൽ അതിശയോക്തിയില്ല. ഇന്നത്തെ കണ്ണവം ഗവ. എൽ.പി.സ്ക്കൂളാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. പുതുശ്ശേരി വേണാടൻ അച്ചുതൻ മാസ്റ്റർ ആരംഭിച്ച ജ്ഞാന പ്രകാശിനി ഹയർ എലിമെന്ററി സ്ക്കൂൾ ഈ പഞ്ചായത്തിലെ ആദ്യത്തെ യൂപി.സ്ക്കൂൾ ആയിരുന്നു. ഇത് പിന്നീട് ചിറ്റാരിപറമ്പ് ഗവ. ഹൈസ്ക്കൂൾ ആയി ഉയർന്നു. പഞ്ചായത്തിലെ ജനങ്ങളുടെ വിജ്ഞാന സമ്പാദനത്തിനുതകുന്ന 14 വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് ചിറ്റാരിപറമ്പിലെ പാരലൽ കോളേജുകൾ കാര്യമായ പങ്ക് വഹിക്കുന്നു. മതപഠനത്തോടൊപ്പം അറബി ഭാഷാ പഠനത്തിന് മദ്രസ്സകളും വിദ്യാഭ്യാസ മേഖലകളും ഉണ്ട്. ഔപചാരിക വിദ്യാഭ്യാസത്തിനുള്ള മാനസിക തയ്യാറെടുപ്പിനുപകരിക്കുന്ന സ്ഥാപനങ്ങൾ ആണ് അംഗൻവാടികൾ. ഇളം മനസ്സുകൾക്ക് ഒത്തുചേർന്ന് കളിച്ച്ചിരിച്ച് സർഗ്ഗവാസനകൾ പ്രകടിപ്പിച്ച് വളരാൻ അവസരം ലഭിക്കുന്നു അംഗൻ വാടിയിലൂടെ ഒന്നാന്തരത്തിലേക്കുള്ള ചവിട്ടുപടിയായി കണക്കാക്കാവുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 13 എണ്ണം ആണ് ഉള്ളത്.

വിദ്യാഭ്യാസ സാംസ്ക്കാരിക രംഗത്തെ മുന്നേറ്റത്തിന് വളരെയേറെ സഹായിക്കുന്ന സ്ഥാപനങ്ങൾ ആണ് ഗ്രന്ഥശാലകൾ, വായനശാലകൾ, ക്ലബുകൾ എന്നിവ. പഞ്ചായത്തിൽ ഏഴ് ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്.

## ഗ്രന്ഥശാലകളെ സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | പേര് | പുസ്തകങ്ങൾ എണ്ണം | അംഗങ്ങൾ എണ്ണം | കെട്ടിടം സംബന്ധിച്ച വിവരം |
|---|---|---|---|---|
| 1. | നെഹ്റു സ്മാരകഗ്രന്ഥാലയം, മാനന്തേരി | 4250 | 826 | വാടകക്കെട്ടിടം |
| 2. | കൈരളി ഗ്രന്ഥാലയം, മാനന്തേരി | 4512 | 1583 | സ്വന്തം |
| 3. | ശ്രീ നാരായണഗുരു സ്മാരക വായനശാല & ഗ്രന്ഥാലയം മൊടപ്പത്തൂർ | 1739 | 239 | സ്വന്തം |
| 4. | പഴശ്ശിരാജ സ്മാരകവായനശാല & ഗ്രന്ഥാലയം, വട്ടോളി | 3642 | 284 | സ്വന്തം |
| 5. | അടിയോടി സ്മാരക ഗ്രന്ഥാലയം ചിറ്റാരിപ്പറമ്പ് | 400 | 110 | സ്വന്തം |
| 6. | എൽ. എൽ. എ. റൂറൽ ലൈബ്രറി, ചിറ്റാരിപ്പറമ്പ് | 2603 | 1011 | വാടക |
| 7. | ഗാന്ധി സ്മാരക വായനശാല & ഗ്രന്ഥാലയം, കണ്ണവം | 826 | 130 | സ്വന്തം |

### വണ്ണാത്തിമുല പുത്തലത്ത് കുഞ്ഞിക്കണ്ണൻ സ്മാരകവായനശാല & ഗ്രന്ഥാലയത്തിന്റെ പ്രവർത്തനം നിലച്ചിട്ട് വർഷങ്ങളായി

പുറമെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി താഴെ പറയുന്ന വായനശാലകൾ പ്രവർത്തിക്കുന്നു.

1. ഗ്രാമീണ വായനശാല ഇടുമ്പ.
2. പഞ്ചായത്ത് സംസ്ക്കാരിക നിലയം വട്ടോളി.
3. എ.കെ.ജി. സ്മാരക വായനശാല. ചെള്ളത്തുവയൽ.
4. ഗ്രാമീണ വായനശാല. കാവിൻമുല.
5. ബ്രദേർസ് സ്പോർട്ട്സ് ക്ലബ് ആന്റ് വായനശാല, മാനന്തേരി.
6. പാട്യം ഗോപാലൻസ്മാരക വായനശാല. അമ്പായക്കാട്
7. ഗ്രാമീണ വായന ശാല കോട്ടയിൽ.

ഒട്ടേറെ കലാകായിക സംഘടനകൾക്ക് രൂപം കൊടുക്കാൻ ഈ പഞ്ചായത്തിനു ഭാഗ്യം സിദ്ധിച്ചിട്ടുണ്ടെങ്കിലും അവയിൽ പലതിനേയും നിലനിർത്തിക്കൊണ്ട് പോകാൻ കഴിയാതെ പോയി എന്നതാണ് സത്യം. പല സമിതികളും നെയിം ബോർഡിൽ ഒതുങ്ങുന്നു. കലാകായിക രംഗങ്ങളിൽ വിലപെട്ട സംഭാവനകൾ നൽകുന്ന ഏതാനും സംഘാടനളും പഞ്ചായത്തിലുണ്ട്.

1. യുവകലാ കായിക വേദി, വണ്ണാത്തി മുല.
2. ഞാലിൻ ബ്രദേർസ്, മാനന്തേരി.
3. സീക്കോ ക്ലബ്, – മാനൻന്തേരി 12–ാം മൈൽ
4. ചെന്താമര ആർട്ട്സ് സെന്റർ, മാനന്തേരി.
5. ശ്രീ നാരായണഗുരു സ്മാരക കലാ കായിക സമിതി, മൊടപ്പത്തൂർ
6. ഗുരുദേവ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്, വട്ടോളി.
7. യുവജന ആർട്സ് ആന്റ് സ്പോർട്സ് കോട്ടയിൽ
8. യുവധാര ആർട്സ് & സ്പോർട്സ്, കോയ്യാറ്റിൽ
9. സഹൃദയ ആർട്സ് ആന്റ് സ്പോർട്സ്, തൊടീക്കളം
10. സാരഥി, തൊടീക്കളം
11. പ്രിയദർശിനി ആർട്സ് & സ്പോർട്സ്, കണ്ണവം
12. സപര്യ സ്പോർട്സ് ക്ലബ്ബ്, പൂവ്വത്തിൻകീഴിൽ

13. റെഡ് – സ്റ്റാർ, പൂവ്വത്തിൻ കീഴിൽ
14. ചൈത്ര – കലാ സാംസ്ക്കാരികവേദി, ചിറ്റാരിപ്പറമ്പ്
15. യംങ്മെൻസ്, ചിറ്റാരിപ്പറമ്പ്
16. സാരംഗി, ചിറ്റാരിപ്പറമ്പ്
17. റെഡ് യംങ്സ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് മാനന്തേരി.
18. ചിന്താ ജനകീയ കലാസാംസ്ക്കാരികവേദി, ചിറ്റാരിപ്പറമ്പ
19. രംഗശ്രീ, ചിറ്റാരിപ്പറമ്പ

ഇവയിൽ ചെന്താമരം ആർട്സ് സെന്റർ കേരളാ സംഗീത നാടക അക്കാദമിയിൽ റജിസ് ചെയ്തിട്ടുണ്ട്. രംഗശ്രീ, ചിറ്റാരിപ്പറമ്പ വിൽകലാമേളവേദികളിൽ അവതരിപ്പിച്ച കൊണ്ടിരിക്കുന്നു. ഇനിയും സഫലീകൃതമാവാത്ത മിനി സ്റ്റേഡിയം കായിക രംഗത്തെ പിന്നോക്കാവസ്ഥക്ക് കാരണമാണ്. ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ അതിപ്രസരം വായനാ ശീലത്തേയും കലാകായികരംഗത്തുള്ള പ്രവർത്തനക്ഷമതയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ചില പ്രസിദ്ധീകരണങ്ങളും ടി.വി പരിപാടികളിൽ ചിലതും സാംസ്ക്കാരിക ജീർണ്ണതക്ക് വഴിയൊരുക്കുന്നു.

കായികരംഗത്ത് ചിറ്റാരിപ്പറമ്പ് ഗവ:ഹൈസ്ക്കൂളിന്റെ സംഭാവന എടുത്തുപറയത്തക്കതാണ്. ഈ സ്ക്കൂളിന്റെ സംഭാവനയായ സംസ്ഥാനതല വോളീബോൾ താരങ്ങൾ സി.പി. ഉസ്മാനും, സി. അശോകനും നമ്മുടെ പഞ്ചായത്തിന് കായിക രംഗത്ത് അഭിമാനം പകരുന്നവരാണ്. ജില്ലാ മത്സരത്തിൽ വിജയ കിരീടം ചൂടുകയും സംസ്ഥാന തല മത്സരങ്ങളിൽ രണ്ടാം സ്ഥാനത്ത് എത്തുകയും ചെയ്ത ചിറ്റാരിപ്പറമ്പ് ഗവ: ഹൈസ്ക്കൂൾ ഹോക്കി ടീം നമ്മുടെ പഞ്ചായത്തിന്റെ മറ്റൊരഭിമാനമാണ്. കലാരംഗത്ത് സംസ്ഥാന തല പോളി കലോത്സവത്തിൽ കലാതിലക പട്ടം നേടിയ പി.കെ. ഷാനിബ ഈ പഞ്ചായത്തിലാണെന്നത് നമുക്ക് അഭിമാനത്തിന് വക നൽകുന്നു. സമാന്തര വിദ്യാഭ്യാസത്തോടൊപ്പം കലാ സാംസ്ക്കാരിക രംഗങ്ങളിലും ശ്രദ്ധ പതിപ്പിക്കാൻ ലക്ഷ്യം വെച്ചു കൊണ്ട് സഹകരണാടിസ്ഥാനത്തിൽ ചിറ്റാരിപ്പറമ്പ് എഡ്യുക്കേഷണൽ ആന്റ് കൾച്ചറൽ സൊസൈറ്റി പ്രവർത്തിച്ചുവരുന്നു. കലാസാംസ്ക്കാരിക രംഗത്ത് അഭിമാനകരങ്ങളായ സംഭാവനകൾ നൽകുന്ന മറ്റൊരു സ്ഥാപനമാണ് ചിറ്റാരിപ്പറമ്പിലെ വനിതാരംഗം

നമ്മുടെ പഞ്ചായത്തിന്റെ സാംസ്ക്കാരികോന്നതി വിളിച്ചോതുന്ന നിരവധി കാര്യങ്ങൾ ഇനിയും സൂചിപ്പിക്കേണ്ടതുണ്ട്. പാരമ്പര്യമായുള്ള നാടൻ ചികിത്സാ രീതികൾ വേരറ്റുപോവാതെ ഇവിടെ നിലനില്ക്കുന്നു. കുറിച്യരുടെ പരമ്പരാഗത ചികിത്സാരീതികൾ നിലവിലുണ്ട്. ആറുപതിറ്റാണ്ടായി വിഷബാധയ്ക്കും മറ്റു രോഗങ്ങൾക്കും പ്രതിഫലേച്ഛയില്ലാതെ ചികിത്സ നടത്തുന്ന വട്ടോളിയിലെ കുഞ്ഞിപൈതൽ വൈദ്യരുടെ സേവനം പ്രശംസനീയം തന്നെ. വളരെ കാലം വിഷ ചികിത്സ നടത്തിയ മറ്റൊരാളായിരുന്നു അന്തരിച്ചുപോയ ആലക്കാടൻ ചന്തൻ വൈദ്യർ. വിഷ ചികിത്സാരംഗത്ത് വളരെ കാലമായി സേവനം നടത്തുന്ന മറ്റൊരാളാണ് യു. ഗോവിന്ദൻവൈദ്യർ. മാനന്തേരി സത്രത്തിനടുത്തുള്ള വിഷ ചികിത്സാ കേന്ദ്രം ജനങ്ങൾക്കൊരാശ്വാസമാണ്. സ്വാതന്ത്ര്യസമരസേനാനികൾ ഏറെ പേരുണ്ടെങ്കിലും തൊടീക്കളത്തെ കെ.ടി. കുഞ്ഞിക്യഷ്ണൻ നമ്പ്യാർക്ക് മാത്രമെ പെൻഷൻ ലഭിക്കുന്നുള്ളു. ഇദ്ദേഹത്തിന് താമ്രപത്രവും ലഭിച്ചിട്ടുണ്ട്. കണ്ണവത്ത് നമ്പ്യരെ ഇംഗ്ലീഷുകാർ തൂക്കിലേറ്റിയ കണ്ണവം മൈതാനിയിലെ "കണവമരം" വർഷങ്ങൾക്ക് മുമ്പ് നശിച്ചുപോയി. കുറിച്ച്യരുടെ ജീവിതവും സംസ്ക്കാരവുമെന്ന വിഷയത്തിൽ കേരളത്തിലെ ആദിവാസികളിൽ ഒരു വിഭാഗമായ കുറിച്ച്യരെപ്പറ്റി നടത്തിയ പഠനത്തിൽ ഡോക്ടറേറ്റ് ലഭിച്ച ഡോ: കുമാരൻ വയലേരി ഈ പഞ്ചായത്തിൽ ഡോക്ടറേറ്റ് നേടിയ ആദ്യത്തെ വ്യക്തിയാണ്. അദ്ധ്യാപകനും ഗ്രന്ഥകാരനുമായ അദ്ദേഹം ഈ പഞ്ചായത്തിന്റെ അഭിമാനമാണ്. ജനങ്ങളെ സാംസ്ക്കാരികമായി ഉയർത്തുന്നതിന് തനതായ പ്രവർത്തനം കാഴ്ച വെക്കുന്ന കേരള ശാസ്ത്രപരിഷത്തിന്റെ അഞ്ച് യൂനിറ്റുകൾ ഈ പഞ്ചായത്തിലുണ്ട്. ഉത്തര കേരളത്തിന്റെ കലയെന്ന് വിശേഷിക്കപ്പെടുന്ന തെയ്യം കാവുകളിൽ കെട്ടിയാടുമ്പോൾ നമ്മുടെ പഞ്ചായത്തിലെ പ്രഗത്ഭരായ തെയ്യം കലാകാരൻമാരെ നമുക്ക് വിസ്മരിക്കാവന്നതല്ല. തമിഴ് ഇശൈനാടക സങ്കൽപ്പത്തിലെന്ന പോലെ പ്രഹ്ളാദൻ, നല്ല തങ്ക തുടങ്ങിയ നാടകങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അവതരിപ്പിച്ചിരുന്ന നാടകസംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. വഴിയോരങ്ങളിൽ ഇന്നും നിലനിൽക്കുന്ന, പഴയ കാലത്ത് നിർമ്മിക്കപ്പെട്ട പൊതുകിണറുകൾ, കൊട്ടത്തളങ്ങൾ, ചുമടുതാങ്ങികൾ, സത്രം എന്നിവ ജനമനസ്സുകളുടെ സംസ്കൃതി വിളിച്ചോതുന്നു. ഓണക്കാലത്ത് പൂക്കളം തീർക്കാൻ ഓലകൊണ്ടുള്ള പൂക്കൂട്ടകൾ കഴുത്തിലിട്ട് പാടങ്ങളിലും കുന്നിൻ ചരിവുകളിലും ശലഭങ്ങളെപ്പോലെ പാറി നടന്ന് പൂക്കൾ ശേഖരിക്കുന്ന ബാലികാബാലകൻമാർ ഇന്നൊരു സ്വപ്നം മാത്രമാണ്. പഴമയുടെ തനിമ നഷ്ടപ്പെട്ട നിലയിലാണെങ്കിലും ഓണം, വിഷു, പെരുന്നാളുകൾ, ക്രിസ്തുമസ്സ് തുടങ്ങിയവ

നമ്മുടെ ജനതയും ആഘോഷിക്കുന്നു. ജനകീയ മുന്നേറ്റത്തിലൂടെ ഒരു പരിധി വരെ നമ്മുടെ പഞ്ചായത്തിനെ വ്യാജ മദ്യ മുക്തമാക്കുവാൻ നമുക്ക് സാധിച്ചിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിന്റെ സാംസ്ക്കാരിക പൈതൃകങ്ങൾ നിലനിർത്തുന്നതിനും സാംസ്ക്കാരിക പുരോഗതി ത്വരിതപ്പെടുത്തുന്നതിനും, അതിനു തടസ്സമായി നിൽക്കുന്ന ശക്തികളെ ചെറുക്കുന്നതിനും പഞ്ചായത്തിലെ മുഴുവൻ ജനതയുടെയും കൂട്ടായ്മ ഉറപ്പുവരുത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നമുക്ക് മുന്നോട്ട് പോകാം.

പ്രശ്നങ്ങൾ – പരിഹാര നിർദ്ദേശങ്ങൾ:

**1. ഈ പഞ്ചായത്തിൽ കശുമാങ്ങയുടെ വമ്പിച്ച തോതിലുള്ള ലഭ്യത വ്യാജമദ്യ നിർമ്മാണത്തിന് പ്രേരക ശക്തിയാണെന്നത് സമൂഹത്തിന് എന്നും ഭീഷണിയാണ്**

* കശുമാങ്ങ സംസ്ക്കരിച്ച് വിപണന സാധ്യതയുള്ള ഭക്ഷ്യ വസ്തുക്കൾ മാർക്കറ്റിലെത്തിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ ഒരു ഫാക്ടറി സ്ഥാപിതമായാൽ ഈ സാമൂഹ്യതിൻമ വഴിമാറുമെന്ന് മാത്രമല്ല ജനങ്ങൾക്ക് അതൊരു വരുമാന മാർഗ്ഗവുമാകും.

**2. വളരെ പരിമിതമായ തോതിൽ ഇന്നുള്ള അംഗൻവാടികൾ മുഴുവൻ ജനങ്ങൾക്കും പ്രയോജനപ്പെടുത്താൻ പര്യാപ്തമല്ല.**

* അംഗൻ വാടികളിലേക്ക് രണ്ട് കിലോമീറ്ററിലേറെ സഞ്ചരിക്കേണ്ടി വരുന്നതിനാൽ അംഗൻവാടികളിലേക്ക് എത്തേണ്ട നിരവധി കുട്ടികൾക്ക് അതിന് സാധിക്കുന്നില്ല. വാർഡ് അടിസ്ഥാനമാക്കാതെ ആവശ്യകത പരിഗണിച്ച് കൂടുതൽ അംഗൻവാടികൾ സ്ഥാപിക്കേണ്ടതുണ്ട്.

**3. കായികരംഗത്ത് പഞ്ചായത്തിന്റെ വളർച്ച നിരാശാജനകമാണ്.**

*ഇനിയും സഫലമാവാത്ത മിനി സ്റ്റേഡിയത്തിന്റെ നിർമ്മാണം അടിയന്തര പരിഗണന നൽകി പൂർത്തീകരിക്കുന്നത് ഒരു പരിധി വരെ പ്രോത്സാഹനമാകും ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനം കാലഘട്ടത്തിനനുസരിച്ച് വളരുന്നില്ല.

സാംസ്ക്കാരിക പുരോഗതിയിൽ സുപ്രധാന പങ്ക് വഹിക്കുവാൻ കഴിയും വിധം ഗ്രന്ഥ ശാലാ പ്രവർത്തനം ഊർജ്ജ സ്വലമാക്കാൻ കെട്ടിട നിർമ്മാണത്തിനടക്കം ധനസഹായം നൽകുകയും പത്രങ്ങളും ആനുകാലികങ്ങളും കൂടുതലായി നൽകുകയും വേണം. വായനയിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പഞ്ചായത്തിൽ ഒരു സഞ്ചരിക്കുന്ന ഗ്രന്ഥശാല സംഘടിപ്പിക്കേണ്ടതാണ്.

**5. പഞ്ചായത്തിന്റെ സിരാകേന്ദ്രമായ ചിറ്റാരിപ്പറമ്പ് ടൗണിൽ ഒരു സാംസ്ക്കാരിക കേന്ദ്രമില്ല.**

* ചിറ്റാരിപ്പറമ്പ് ടൗണിൽ വളരെ വർഷങ്ങൾക്ക് മുമ്പ് പ്രവർത്തിച്ചിരുന്ന ജനകീയ വായനശാലയുടെ കെട്ടിടം തകർന്നടിഞ്ഞ നിലയിൽ ഇപ്പോഴും സ്ഥിതി ചെയ്യുന്നു. ഈ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് സാംസ്ക്കാരിക കേന്ദ്രം പണിയുകയും സ്വന്തം കെട്ടിടമില്ലാത്ത എൽ.എൽ.എ ലൈബ്രറി അവിടേക്ക് മാറ്റുകയും ചെയ്യേണ്ടതുണ്ട്.

**6. സ്ക്കൂൾ ലൈബ്രറികൾ പ്രയോജനപ്രദമാകുന്നില്ല. എല്ലാ വിദ്യാലയങ്ങളിലും ലൈബ്രറികൾ ഉണ്ടെങ്കിലും അവ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവർ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല. സ്ക്കൂൾ ലൈബ്രറികളുടെ ഉദ്ദേശ്യ സാക്ഷാത്കാരത്തിന് പഞ്ചായത്ത് പരിപാടികൾ ആവിഷ്കരിക്കണം.**

**7. കലാ സാംസ്ക്കാരിക സമിതികൾ പലതും പ്രവർത്തനക്ഷമമല്ല.**

* പഞ്ചായത്തിലെ മുഴുവൻ സാംസ്ക്കാരിക സമിതികളേയും കോർത്തിണക്കാനും ഗ്രാമോത്സവങ്ങൾ സംഘടിപ്പിക്കാനും പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സ്ഥിരം വേദി ഉണ്ടാവണം.

**8. സാക്ഷരതാ പ്രവർത്തനം നിലച്ചുപോയിട്ടുണ്ട്. നീണ്ടകാലം സന്നദ്ധ സേവനം നടത്തുന്നത് അപ്രായോഗികമാണ്. തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക് ഓണറ്റേറിയം നൽകി സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിക്കാവുന്നതാണ്. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിന്റെ സഹായ സഹകരണം കൂടുതൽ വേണം. ജനശിക്ഷണ നിലയങ്ങളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കേണ്ടതുണ്ട്.**

**9. ദരിദ്ര ജനങ്ങൾക്ക് ടി.വി പരിപാടികൾ ആസ്വദിക്കുവാൻ സൗകര്യങ്ങളില്ല.**

* നല്ല നിലയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ ക്ലബ്ബുകൾ, വായന ശാലകൾ, എന്നിവയ്ക്ക് പഞ്ചായത്ത് വക ടെലിവിഷൻ അനുവദിച്ചാൽ ഈ പ്രശ്നം പരിഹരിക്കപ്പെടും

**10. സാംസ്ക്കാരിക പുരോഗതിക്ക് തടസ്സമായി മദ്യ വിപത്ത് ഇന്നും നിലനിൽക്കുന്നു.**

* ഇന്ന് നിലവിലുള്ള മദ്യനിരോധന സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും ഔദ്യോഗിക തലത്തിലുള്ള ഇടപെടലുകൾ സജീവമാക്കുകയും ചെയ്യേണ്ടതുണ്ട്.

**11. കേരളോത്സവ പരിപാടികൾ കാര്യക്ഷമമല്ല ഏതാനും ദിവസം കൊണ്ട് ഒരു ചടങ്ങെന്ന നിലയിൽ തട്ടിക്കൂട്ടുന്ന പരിപാടിയായി കേരളോത്സവം മാറിയിരിക്കുന്നു. എല്ലാ വർഷവും നടത്തുമെന്ന് ഉറപ്പുവരുത്തുകയും ഒരു വർഷം മുമ്പേ അടുത്ത വർഷത്തെ കേരളോത്സവ പരിപാടി പ്രഖ്യാപിക്കുകയും, പഞ്ചായത്തു തലത്തിൽ പ്രചോദനം നൽകാൻ പരിപാടി ആവിഷ്കരിക്കുകയും വേണം.**

**12. കലാ സാംസ്ക്കാരിക പരിപാടികൾ, സമ്മേളനങ്ങൾ, സെമിനാറുകൾ, വിവാഹച്ചടങ്ങുകൾ എന്നിവയ്ക്ക് പഞ്ചായത്തിൽ ഒരു സ്ഥിരം വേദി ഇല്ല.**

**13. പഞ്ചായത്തു വകയുള്ള പൊതു ശ്മശാനം പ്രയോജനപ്പെടുത്തുന്നില്ല.**

പഞ്ചായത്തിന് പൊതു ശ്മശാനം ഉള്ളതായി പഞ്ചായത്തിലെ മിക്ക ജനങ്ങൾക്കും അറിവില്ല. ബോധവൽക്കരണത്തിലൂടെ പൊതുശ്മശാനം പ്രയോജനപ്പെടുത്തുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കണം

077

# വനിത

രാഷ്ട്രപുനർനിർമാണത്തിലും സാമൂഹ്യ പുരോഗതിയിലും സ്ത്രീകൾ നിർണായകമായ പങ്ക് വഹിക്കേണ്ട കാലഘട്ടമാണിത്. മുൻ കാലങ്ങളിൽ നിന്ന് സ്ത്രീകൾക്ക് വിദ്യാസ്ഥമായി സ്ത്രീകൾക്ക് ഇന്ന് വിദ്യാഭ്യാസ സൗകര്യം ലഭ്യമാണ്. സമൂഹത്തിൽ മുന്നിട്ടിറങ്ങി പ്രവർത്തിക്കുവാനുള്ള വിലക്കുവൾ കുറഞ്ഞു വരികയാണ്. എന്നിരുന്നാലും സാമൂഹ്യ ബോധത്തോടെ ചിന്തിക്കാനും സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഉള്ള സന്നദ്ധത വിദ്യാസമ്പന്നരായ വനിതക്ക് പോലുമില്ല എന്നതാണ് യാഥാർത്ഥ്യം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും സഹകരണ സ്ഥാപനങ്ങളിലും പ്രാതിനിധ്യത്തിന് വ്യവസ്ഥതകൾ ഉണ്ടെങ്കിലും യുവതലമുറ സാമൂഹിക – രാഷ്ട്രീയ രംഗത്ത് കടന്നു വരാൻ മടികാണിക്കുന്നു. സമൂഹത്തിന്റെ ആകെയും പ്രത്യേകിച്ച് വനിതകളുടെയും ഉന്നമനത്തിനു അവരുടെ തന്നെ പങ്കാളിത്തം അനിവാര്യമാണ്.

നമ്മുടെ പഞ്ചായത്തിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലത്തോ അതിനു ശേഷം 1960 വരെയോ വനിതകളുടെ സാമൂഹ്യ സാസ്ക്കാരിക രാഷ്ട്രീയ രംഗങ്ങളിലുള്ള പ്രവർത്തനങ്ങൾ എടുത്തു പറയത്തക്കതായി ഒന്നുമില്ല. 1963 – 65 വർഷങ്ങളിൽ വനിതകളുടെ പ്രവർത്തനം കുറച്ചൊക്കെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നിരുന്നു. എൻ. കെ. ജഗദമ്മ – ലക്ഷിമി ടീച്ചർ – ആർ പങ്കജാക്ഷിയമ്മ എന്നിവർ മഹിളാ സമാജങ്ങൾ രൂപീകരിച്ചു പ്രവർത്തനം സംഘടിപ്പിച്ചവരായിരുന്നു എന്നാൽ പിന്നീടിങ്ങോട്ട് വനിതാ പ്രവർത്തകരുടെ ഒരു മുന്നേറ്റം ഉണ്ടായിട്ടില്ല ഇത് കാണിക്കുന്നത് വനിതകളെ സാമൂഹിക സാസ്ക്കാരിക പ്രവർത്തനങ്ങളിൽ നേതൃത്വപരമായി രംഗത്തിറക്കുന്നതിനു പരിശ്രമിക്കണം എന്നാണ്. പൊതു പ്രവർത്തന രംഗത്തു പ്രവർത്തിക്കുന്നത് തങ്ങളുടെ മാന്യത കുറച്ചുകളയുമോയെന്ന സംശയവും സ്ത്രീകൾക്കിടയിൽ നിലനിൽക്കുന്നു. ഇതിലുമുപരിയായി പുരുഷസമൂഹത്തിന്റെ മേധാവിത്വ പരമായ സമീപനവും സ്ത്രീകളെ സാമൂഹ്യ രംഗങ്ങളിൽ നിന്ന് പുറകോട്ട് വലിച്ചിട്ടുണ്ട് നിശ്ചയ ദാർഢ്യത്തോട് കൂടി പൊതു പ്രവർത്തന രംഗത്തിറങ്ങുവാനുള്ള ആത്മ വിശ്വാസവും മനക്കരുത്തും സ്ത്രീ സമൂഹം വളർത്തിയെടുക്കണം സാമൂഹിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് നേരെ സമൂഹത്തിൽ നിന്നുള്ള മോശമായ പ്രതികരണവും തങ്ങളുടെ വീടുകളിലെ സ്ത്രീകൾ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നത് വിലക്കുന്ന പുരുഷൻമാരുടെ മനോഭാവവും സമീപനവും മാറ്റപ്പെടേണ്ടതുണ്ട് വർത്തമാന കാലഘട്ടത്തിൽ പഞ്ചായത്തിൽ വനിതാ പ്രവർത്തനത്തിൽ ആശാവഹമായ മാറ്റം ദൃശ്യമാണ്. ജനാധിപത്യ മഹിളാ അസോസിയേഷൻ, കേരളാ മഹിളാ സംഘം എന്നിവയുടെ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

സ്ത്രീകൾ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 50.84 ശതമാനമാണ്.

| ആകെ ജനസംഖ്യ | സ്ത്രീകൾ | പുരുഷന്മാർ | സ്ത്രീപുരുഷ അനുപാതം |
|---|---|---|---|
| 21881 | 11125 | 10756 | 1034 |

(അവലംബം : കുടുംബവിവരസർവ്വേ)

സ്ത്രീപുരുഷ അനുപാതം

| | |
|---|---|
| ഇന്ത്യ | 929 |
| കേരളം | 1036 |
| കണ്ണൂർജില്ല | 1101 |
| ചിറ്റാരിപ്പറമ്പ് പഞ്ചായത്ത് | 1034 |

ജനസംഖ്യയുടെ പകുതിയിലധികവും വരുന്ന സ്ത്രീകളുടെ സജീവമായ പങ്കാളിത്തമില്ലാതെ നാടിന്റെ വികസനം യാഥാർഥ്യമാവില്ല. അതിനു സ്ത്രീകളുടെ വ്യക്തിത്വം അംഗീകരിക്കുന്ന ഒരു സംവിധാനമാണ് ആദ്യമുണ്ടാകേണ്ടത്.

സ്ത്രീകളുടെ വ്യക്തിത്വം ഉയരുന്നതിന് വായന ഒരു അത്യാവശ്യ ഘടകം ആണ്. എന്നാൽ ചിറ്റാരിപ്പറമ്പ് LLA ലൈബ്രറി ഒഴിച്ചാൽ സ്ത്രീകൾ വന്ന് പുസ്തകം എടുക്കുന്നത് അപൂർവ്വം ആണ്.

സ്ത്രീകൾ വായിക്കുന്ന പ്രസിദ്ധീകരണങ്ങളുടെ കാര്യം പരിശോധിക്കുകയാണെങ്കിൽ കോട്ടയം വാരികകൾ ആണ് മുന്നിട്ടു നിൽക്കുന്നത്. ചിറ്റാരിപറമ്പ് കണ്ണവം ടൗണുകളിൽ മാത്രം ഒരാഴ്ച രണ്ടു പ്രസിദ്ധീകരണങ്ങളുടെ മാത്രം 900 പ്രതികൾ വിറ്റഴിയുന്നു. ഇത്തരം പ്രസിദ്ധീകരണങ്ങളുടെ ഒരു പ്രതി തന്നെ കുറഞ്ഞത് മൂന്ന് വീടുകളിലെങ്കിലും വായിക്കപ്പെടുന്നു. സ്ത്രീകളെ യഥാർഥ സാമൂഹ്യ പ്രശ്നങ്ങളിൽ നിന്ന് പിന്തിരിപ്പിക്കുകയും തുടർക്കഥകളിലും നോവലുകളിലും സൃഷ്ടിക്കുന്ന വ്യാമോഹ ചുഴികളിൽ അകപ്പെടുകയും ചെയ്യുന്നു. ഇത്തരം പ്രസിദ്ധീകരണങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ പത്രമുതലാളിമാർ നടത്തുന്നു ഈ വാരികകളുടെ ആത്യന്തിക ലക്ഷ്യം അവരുടെ ലാഭമാണ്. പാചകം, ആഭരണങ്ങൽ ഭാവിവരനെകണ്ടെത്തൽ അതിഥി സൽക്കാരം മേക്കപ്പ് തുടങ്ങി പുരുഷ വിരോധ സ്ത്രീവിമോചന അതി വിപ്ലവം വരെ ഈ അവിയൽ മാസികയിലുണ്ട്. ഇവ സ്ത്രീയെ ഉപഭോഗ വസ്തുവായി മാറ്റുകയും മാത്രമല്ല വികൃതമായൊരു ഉപഭോക്തൃ സംസ്കാരം വളർത്തിയെടുക്കുകയും ചെയ്യുന്നു.

പഞ്ചായത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം നോക്കിയാൽ കെട്ടിടനിർമാണം ഖാദി, ബീഡി ഗാർമെന്റ്, മൃഗ പരിപാലനം, കരിങ്കൽ, ചെങ്കൽ മേഖല, കാർഷിക തൊഴിലാളി, പുഴിവാരൽ, തീപ്പെട്ടി തുടങ്ങിയ മേഖലകളിൽ ആണുള്ളത്

കാർഷിക തൊഴിലാളികൾ പ്രസ്തുത തൊഴിലുപേക്ഷിച്ച് നിർമാണ തൊഴിൽ മേഖലകളിലേക്ക പോകുന്ന പ്രവണത കൂടുതലായി കാണുന്നു. ഈ മേഖലയിലെ മെച്ചപ്പെട്ട കൂലി നിരക്കും സ്ഥിരമായികിട്ടുന്ന തൊഴിലുമാണിതിനു കാരണം. കാർഷിക മേഖലയിൽ നിന്ന് കിട്ടുന്ന ചുരുക്കം ദിവസങ്ങളിലുള്ള തൊഴിൽ ചെയ്ത് കൊണ്ട് നിത്യജീവിതം കഴിച്ചുകൂട്ടുവാൻ പ്രയാസമനുഭവിക്കുന്നതും നിർമാണ തൊഴിൽ മേഖലയിലേക്ക് കടക്കുവാൻ സ്ത്രീകളെ പ്രേരിപ്പിക്കുന്ന ഘടകങ്ങളാണ്. ഖാദി, ഗാർമെന്റസ് തൊഴിലാളികൾക്ക് തുച്ഛമായ കൂലിയാണ് കിട്ടിക്കൊണ്ടിരിക്കുന്നത്.

| | |
|---|---|
| കാർഷിക തൊഴിലാളി | |
| (വൈകുന്നേരം വരെ) | 40–50 വരെ |
| കെട്ടിട നിർമ്മാണം | 50–60 വരെ |
| തീപ്പെട്ടി വ്യവസായം | 25 രൂ |
| ഖാദി വ്യവസായം | 25–35രൂ |
| ഗാർമെന്റ്സ് | 15–25 രൂ |
| ബീഡി(1000 എണ്ണം) | 34 രൂ |

പഞ്ചായത്തിൽ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന കൂലി നിരക്ക് മുകളിൽ കൊടുത്തിരിക്കുന്നു. പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ വിത്യസ്ത നിരക്കിലാണ് കൂലി കിട്ടിക്കൊണ്ടിരിക്കുന്നത്.

മാനന്തേരി ഖാദി കേന്ദ്രത്തിൽ 46 സ്ത്രീകളും ആയിഷ ഫോസിയറിയിൽ 49 സ്ത്രീകളും DWCRA ജില്ലിയുനിറ്റിലെല്ലാം കൂടി 45 സ്ത്രീ തൊഴിലാളികളും, 11 ഗാർമെന്റ് യുനിറ്റുകളിൽ 78 തൊഴിലാളികളും, പ്രിന്റിംഗ് പ്രസ്സിൽ 4 തൊഴിലാളികളും തീപ്പെട്ടി കമ്പനിയിൽ 22 തൊഴിലാളികളും, ബീഡി തെറുപ്പ് ജോലി വീട്ടിൽ വച്ച് ചെയ്യുന്ന 200 ൽ പരം സ്ത്രീ തൊഴിലാളികളും പഞ്ചായത്തിൽ ജോലി ചെയ്യുന്നുണ്ട്.

വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള DWCRA സ്ക്കീം പ്രകാരമുള്ള യുനിറ്റുകൾ പലതും നടത്തിപ്പിലുള്ള പോരായ്മ കാരണം തകർച്ചയെ നേരിട്ട് കൊണ്ടിരിക്കുകയാണ്. യുനിറ്റുകൾ തുടങ്ങുമ്പോഴുള്ള താല്പര്യം തുടർന്ന് നില

നിർത്തിക്കൊണ്ട് പോകുവാൻ കഴിയുന്നില്ല. പല യൂനിറ്റുകളിലും ചുരുക്കം തൊഴിലാളികൾ മാത്രമാണ് സ്ഥിരമായി ജോലി ചെയ്യുന്നത്.

പല വിധ സ്വയം തൊഴിൽ പദ്ധതികൾ സ്ത്രീകൾക്കായി ഉണ്ടെങ്കിലും വിശദാംശങ്ങൾ അറിയാത്തതിനാൽ പലപ്പോഴും അർഹതപ്പെട്ട ആനുകൂല്യവും അവകാശവും നേടിയെടുക്കുവാൻ കഴിയുന്നില്ല.

പഞ്ചായത്തിൽ വനിതാവ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് കൊണ്ട് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. പഴ സംസ്ക്കരണം, കശുവണ്ടി സംസ്ക്കരണം,ഐസ്ക്രീം പാർലർ, ബേക്കറി, പപ്പടനിർമ്മാണം തുടങ്ങിയ യൂനിറ്റുകൾ ആരംഭിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്നതാണ്.

ആദിവാസി സ്ത്രീകൾക്കായി ആദിവാസി സഹകരണ സംഘം രൂപീകരിച്ച് കൊണ്ട് അവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തി, അവരുൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യമടക്കം കണ്ടെത്താൻ സാധിക്കും.

പഞ്ചായത്തിൽ 13 അംഗൻവാടികളാണുള്ളത്. ഈ അംഗൻവാടികളെ കേന്ദ്രീകരിച്ച്കൊണ്ടുള്ള മാതൃസംഗമം വിജയകരമായി കൊണ്ടുപോകുവാൻ കഴിയുന്നില്ല. അംഗൻവാടികൾ കേന്ദ്രീകരിച്ച് വൈകുന്നേരങ്ങളിൽ കൈത്തൊഴിൽ പരിശീലനം സംഘടിപ്പിക്കുവാൻ കഴിയും.

മിക്കവാറും അംഗൻവാടികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഇല്ല. കളിസ്ഥലവും, കളിക്കോപ്പുകളും പരിമിതമാണ്. പഞ്ചായത്തിൽ സ്ത്രീകൾ ഗൃഹഭരണം നടത്തുന്നത് ആകെ കുടുംബങ്ങളുടെ ഏകദേശം 29 ശതമാനം വരും.

ആദിവാസി മേഖലയിലെ സ്ത്രീകൾ പലവിധ പോഷണങ്ങൾക്ക് വിധേയരാകാറുണ്ട്. ആരോഗ്യ സംരക്ഷണ പ്രവർത്തനം ഇവിടെ കാര്യമായി നടത്താറില്ല.പോഷകാഹാരക്കുറവും ദാരിദ്രവും ഇവിടെ വലിയതോതിൽ അനുഭവപ്പെടാറുണ്ട് ഈ വിഭാഗങ്ങളിലെ ഭൂരിഭാഗവും കാർഷിക തൊഴിലാളി സ്ത്രീകളും ദൂരദേശങ്ങളിൽ നിർമാണ തൊഴിൽ മേഖലയിൽ പോകുന്നവരാണ്. ആദിവാസി മേഖലയിൽ ഉയർന്ന വിദ്യാഭ്യാസം നേടിയവർ ഇല്ല ഭൂരിപക്ഷം പെൺകുട്ടികളും പത്താംക്ലാസിൽ എത്തുന്നതിനു മുമ്പ് കൊഴിഞ്ഞു പോകുന്നു.

പുറത്ത് പോയി ജോലി ചെയ്ത് കുടുംബം പോറ്റുന്ന സ്ത്രീകൾ വീട്ടിലെ പാചകം, അലക്ക് പുല്ലരിയൽ, വിറക് സേഖരണം, കന്നുകാലി വളർത്തൽ പച്ചക്കറി കൃഷി ഇവയെല്ലാം കൂടി ചെയ്യേണ്ടതായി വരുന്നു. ഇതെല്ലാം കാണാ പണികളായി സമൂഹം വീക്ഷിക്കുന്നു. ഇതൊന്നും ജോലിയായി കാണാൻ തയ്യാറല്ല. ഇങ്ങനെ അമിതമായ അദ്ധ്വാനം നിമിത്തം സ്ത്രീകളുടെ ആരോഗ്യം കുറയുകയും പലവിധ രോഗങ്ങൾക്ക് അടിമയായി തീരുകയും ചെയ്യുന്നതും വിരളമല്ല.

സ്ത്രീധന സമ്പ്രദായം മുസ്ലിം വിഭാഗത്തിനായിരുന്നു മുമ്പുണ്ടായിരുന്നതെങ്കിൽ ഇന്ന് മാറ്റു സമുദായങ്ങളിലേക്കും ചെറുതായു വ്യാപിച്ചു വരുന്നതായി കാണുന്നുണ്ട്. ഒരു പരിഷ്കൃത സമൂഹത്തിനും അംഗീകരിക്കുവാൻ കഴിയാത്ത സാത്രീധന സമ്പ്രദായം പോലുള്ള അനാചാരങ്ങൾക്കെതിരെ പ്രചരണ പവർത്തനം നടത്തുവാൻ നമുക്ക് കഴിയണം.

സ്ത്രീ സമൂഹത്തിൽ അന്ധ വിശ്വസം വർദ്ധിച്ചു വരുന്നതായി കാണുന്നു.

മഹിളാ സമാജം പ്രവർത്തനം സംഘടിപ്പിച്ചും, കലാ കായികരംഗത്തുള്ള പ്രവർത്തനത്തിൽ കൂടിയും, പൊതു രംഗത്ത് പ്രവർത്തിച്ചു കൊണ്ടും സമൂഹത്തിൽ സ്ത്രീകൾക്കുള്ള പങ്ക് നിറവേറ്റുവാൻ അവർ തന്നെ സ്വയം സന്നദ്ധരായി മുന്നോട്ട് വരേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. മിക്കവാറും തൊഴിൽ മേഖലകളിൽ പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലി കുറവാണ്.

2. സാമൂഹ്യ – രാഷ്ട്രീയ പ്രവർത്തനത്തിലേർപ്പെടുന്ന സ്ത്രീകളെ മോശമായ രീതിയിൽ നോക്കിക്കാണുന്ന പ്രവണതയുണ്ട്.

3. സമൂഹത്തിൽ നിന്നുമുള്ള എതിർപ്പുകളെ അവഗണിച്ചു കൊണ്ടു ആത്മ ധൈര്യത്തോടെ പൊതു പ്രവർത്തനത്തിനിറങ്ങുവാൻ, ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ സ്ത്രീകൾ ധൈര്യം കാണിക്കുന്നില്ല.

4. പൊതു പ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്നത് തങ്ങളുടെ കുലീനത്വം നഷ്ടപ്പെടുമോയെന്ന ഭയം സ്ത്രീകൾക്കുണ്ട്.

5. വേണ്ത്ര തൊഴിൽ പരീശീലന കേന്ദ്രങ്ങളില്ല.

6. പല വിധ സർക്കാർ പദ്ധതികളും സ്ത്രീകളുടെ ഉന്നമനത്തിനായി ഉണ്ടെങ്കിൽ കൂടി അതവർ അറിയുന്നില്ല.

7. പുരുഷൻമാരുടെ മദ്യപാനം മൂലം സ്ത്രീകൾ കുടുംബത്തിൽ കഷ്ടതയനുഭവിക്കുന്നുണ്ട്.

8. അംഗൻവാടികളിൽ ആവശ്യമായ സൗകര്യങ്ങളില്ല. ആവശ്യമായ സ്ഥലങ്ങളിൽ അംഗൻവാടികൾ പഞ്ചായത്തിലില്ല.

9. സ്ത്രീകളുടെയിടയിൽ അന്ധവിശ്വസം വർദ്ധിച്ചുവരുന്നു ശാസ്ത്ര ബോധം കുറവാണ്.

10. മിക്കവാറും വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്കായി സൗകര്യപ്രദമായ മൂത്രപ്പുരയും കക്കൂസും ഇല്ല.

11. വായനശാലകളും ഗ്രന്ഥാലയങ്ങളും ചുരുക്കം സ്ത്രീകൾ മാത്രമേ ഉപയോഗിക്കുന്നുള്ളു.

12. ടി. വിയും നിലവാരം കുറഞ്ഞ വാരികകളുടെ അമിതമായ സ്വാധീനവും സ്ത്രീകളുടെ സമയം അപഹരിക്കുന്നുണ്ട്. ഇതിൽ കൂടിയെല്ലാം സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്നുണ്ട്

13. വനിതകൾ സ്വയം തൊഴിൽ സംരംഭങ്ങളിൽ താല്പര്യം കാണിക്കുന്നില്ല.

14. ആദിവാസി മേഖലകളിൽ സ്ത്രീകളിൽ വിദ്യാഭ്യാസ നിലവാരം വളരെ താഴ്ന്നതാണ്. 15. പുരുഷൻമാരെ അപേകിഷിച്ച് സ്ത്രീകൾക്ക് ജോലി ഭാരം കൂടുതലാണ്.

**സാധ്യതകൾ:**

1. തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം നടപ്പിലാക്കണം.
2. കാർഷികരംഗത്ത് പുത്തൻ തൊഴിലവസരങ്ങൽ സൃഷ്ടിക്കണം.
3. പഞ്ചായത്തിന് അനുയോജ്യമായതും, തൊഴിൽ സാധ്യതയുളളതുമായ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കണം.
4. IRDP, DWCRA തുടങ്ങിയ തൊഴിൽ സംരംഭങ്ങളെ നിലനിർത്തുവാനും, വളർത്തുവാനും ആവശ്യമായ ഉപദേശനിർദ്ദേശങ്ങൾ പഞ്ചായത്ത് മുഖാന്തിരം നൽകണം.
5. വിദ്യാലയങ്ങളിലും, പൊതുസ്ഥലങ്ങളിലും സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കണം.
6. സ്ത്രീകൾക്ക് കലാകായിക ഉന്നമനത്തിനായി പരിശീലനം നൽകണം.
7. ആദിവാസി വിദ്യാർത്ഥിനികൾക്കായി പഞ്ചായത്തിൽ ഒരു ഹോസ്റ്റൽ സ്ഥാപിക്കണം. 8. തൊഴിലവസങ്ങളെക്കുറിച്ചും, സ്വയം തൊഴിൽ സംരംഭങ്ങളെക്കുറിച്ചുമുള്ള അറിവ് ലഭ്യമാക്കുക.
9. അർഹതയുള്ള മുഴുവൻ സ്ത്രീകൾക്കും പെൻഷൻ ആനുകൂല്യഹ്ങൾ ലഭ്യമാക്കുക. പെൻഷൻ വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കുക.
10. വായനശാലകളും, ഗ്രന്ഥാലയഹ്ങലും ഉഫയോഗിക്കുന്ന ശീലം സ്ത്രീകളിൽ വളർത്തിയെടുക്കുക. വീടുകളിൽ ലൈബ്രറി എത്തിച്ചു കൊടുക്കുന്ന സംവിധാനവും ആലോചിക്കാവുന്നതാണ്.
11. വനിതാവ്യവസായ സഹകരണ സംഘങ്ങൽ രൂപീകരിച്ച് സ്ത്രീകളുടെ തൊഴിൽ സാധ്യതവർദ്ധിപ്പിക്കാവുന്നതാണ്.
12. പഴവർഗ്ഗ സംസ്ക്കരണ യൂനിറ്റുകളും, കശുവണ്ടി സംസ്ക്കരണ യൂണിറ്റുകളും സ്ഥാപിച്ച് സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്.
13. അസംഘടികമേഖലയില്ഡ പ്രവർത്തിക്കുന്ന ബീഡി തൊഴിലാളികളെ സംഘടിത മേഖലയിൽ കീഴിലാക്കുന്നതിന് ആവശ്യമായ പ്രവർത്തനം നടത്തുക.
14. കൃഷിഭവൻ കാർഷിക വികസന കമ്മറ്റികളിൽ വനിതാ പങ്കാളിത്തം വരുത്തുക.
15. വിധവകളുടെ പെൺമക്കൾക്ക് വിവാഹആനുകൂല്യം സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി നൽകണം.
16. സ്ത്രീകളെ അപമാനിക്കുന്ന പോസ്റ്ററുകളും മറ്റും യാതൊരു കാരണവശാലും പൊറുപ്പിക്കരുത്.
17. രാഷ്ട്രീയ പാർട്ടികളുടെ നേതൃനിരയിലേക്ക് വനിതകളെ കൊണ്ടുവരുവാൻ ബോധപൂർവ്വമായ പ്രവർത്തനം നടത്തണം.
18. പഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി ഒരു സമിതി രൂപീകരിക്കുക.

# സഹകരണം

നമ്മുടെ നാടിന്റെ സർവ്വതോൻ മുഖമായ പുരോഗതിക്ക് അടിത്തറപാകിയ പ്രധാനപ്പെട്ട ഒരു മേഖലയാണ് സഹകരണം. ഒരു പ്രസ്ഥാനമായി വളർന്ന് പന്തലിച്ച സഹകരണ മേഖല ജനങ്ങളുടെ സാമ്പത്തിക സാമൂഹ്യ വികാസത്തിന് നിസ്തുലമായ പങ്കാണ് വഹിക്കുന്നത്. അടിത്തട്ടിൽ കിടക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സാമൂഹ്യ സുരക്ഷിതത്വം നേടിക്കൊടുക്കുവാനും സ്വകാര്യ പണമിടപാടുകാരിൽനിന്നുമുള്ള ചൂഷണം ഒരു പരിധിവരെ ഇല്ലാതാക്കുവാനും സഹകരണ മേഖലയുടെ പ്രവർത്തനം കൊണ്ട് സാധിച്ചിട്ടുണ്ട്. ജീവിതത്തിന്റെ സമസ്ഥ മേഖലയിലും വേരോടിയിട്ടുള്ള സഹകരണ പ്രസ്ഥാനം ഈ പഞ്ചായത്തിൽ വേണ്ടത്ര വികസിച്ചിട്ടില്ല. സ്വാതന്ത്ര്യ പ്രാപ്തിക്ക് ശേഷം ഐക്യ കേരള പ്പിറവിക്ക് മുമ്പാണ് ഈ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. ജനങ്ങളുടെ മുൻകൈയ്യോടെ ആരംഭിച്ച വിവിധോദ്ദേശ ഐക്യനാണയ സംഘങ്ങൾ പ്രധാനമായും ലക്ഷ്യം വച്ചിരുന്നത് കർഷകരുടെ ഉന്നമനമായിരുന്നു 1951ലാണ് ചിറ്റാരിപ്പറമ്പ്, കണ്ണവം പ്രദേശങ്ങളിലെ കൃഷിക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി വിവിധോദ്ദേശ ഐക്യ നാണയ സംഘങ്ങൾ രൂപികരിച്ചത്. ചിറ്റാരിപ്പറമ്പ് സംഘം രൂപികരിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചത് കുനിയിൽ ഗോവിന്ദൻ, സി.എൻ പൈതൽ നമ്പ്യർ, മഞ്ചക്കൽ ഇല്ലത്ത് പരമേശ്വരൻ നമ്പൂതിരി തുടങ്ങിയ സഹകാരികളായിരുന്നു അത് പോലെ കണ്ണവം വിവിധോദ്ദേശ ഐക്യനാണയ സംഘം രൂപീകരിക്കുന്നതിൽ എ.കെ. നാരായണൻ നമ്പ്യാർ, എ.പി. കുഞ്ഞൂട്ടി ആലി തുടങ്ങിയവർ നേതൃത്വപരമായ പങ്ക് വഹിച്ചു. കണ്ണവത്ത് സ്ഥാപിച്ച ഐക്യ നാണയ സംഘം ഇന്ന് കണ്ണവംസർവ്വിസ് സഹകരണ ബേങ്കായും ചിറ്റാരിപ്പറമ്പിൽ സ്ഥാപിച്ച സംഘം ചിറ്റാരിപ്പറമ്പ് സർവ്വീസ് സഹകരണ ബേങ്കായും പ്രവർത്തിച്ചു വരുന്നു. കണ്ണവം ബേങ്കിന്റെ പരിധിയിൽ വരുന്നത് കണ്ണവം റവന്യൂ വില്ലേജും ചിറ്റാരിപ്പറമ്പ് ബേങ്കിന്റെ പരിധിയിൽ വരുന്നത് മാനന്തേരി റവന്യൂ വില്ലേജും ആണ്. ഈ രണ്ടു സർവ്വീസ് ബേങ്കുകൾക്കും പുറമെ മാനന്തേരി സത്രത്തിന് സമീപം കുത്തുപറമ്പ് റൂറൽ ബേങ്കിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ചിറ്റാരിപ്പറമ്പ് പഞ്ചായത്ത് പരിധിയായി ഒരു ഗ്രാമീൺ ബേങ്കും പ്രവർത്തിക്കുന്നു. മേൽപറഞ്ഞ സ്ഥാപനങ്ങൾക്ക് പുറമെ ഒരു ക്ഷീരോൽപാദക സഹകരണ സംഘവും മൂന്ന് സ്കൂൾ കോപ്പറേറ്റീവ് സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. ചിറ്റാരിപ്പറമ്പ് ഹൈസ്കൂളിനേയും മാനന്തേരി കണ്ണവം യു.പി. സ്കൂളുകളേയും കേന്ദ്രീകരിച്ചാണ്.

**ക്രെഡിറ്റ് സംഘങ്ങൾ:**

ചിറ്റാരിപ്പറമ്പ് സർവ്വീസ് സഹകരണ ബേങ്കും കണ്ണവം സർവ്വീസ് സഹകരണ ബേങ്കും ആണ് ഈ പഞ്ചായത്തിലെ രണ്ട് പ്രധാന ക്രെഡിറ്റ് സംഘങ്ങൾ. ഇതിന് പുറമെ റൂറൽ ബേങ്കിന്റെ ഒരു മാനന്തേരി ശാഖ ഒരു ക്രെഡിറ്റ് സ്ഥാപനമായി പ്രവർത്തിക്കുന്നു. സഹകരണ സ്ഥാപനമല്ലെങ്കിലും ചിറ്റാരിപ്പറമ്പ് ഗ്രമീൺ ബേങ്ക് കർഷകർക്ക് കാർഷികവും കാർഷികേതരവുമായ വായ്പകൾ നൽകി സഹായിക്കുന്നു. വിവിധങ്ങളായ കടങ്ങൾ അനുവദിക്കാൻ ജില്ലാ ബേങ്ക് തയ്യാറാവുന്നു. പക്ഷെ പലയിനം വായ്പകളും അനുവദിക്കുന്നത് നാമമാത്രമാണ്.

ചിറ്റാരിപ്പറമ്പ്, കണ്ണവം സർവ്വീസ് സഹകരണ ബേങ്കുകൾ പ്രധാനമായും കാർഷിക വായ്പകളാണ് നൽകുന്നത്. ഇതിന് പുറമെ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പ, കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള വായ്പ, കുട്ടികളുടെ വിദ്യാഭ്യാസാവശ്യത്തിനുള്ള വായ്പ, ഓലപ്പുര ഓടുമേയുന്നതിനുള്ള വായ്പ, വീട് റിപ്പയറിനുള്ള വായ്പ, തുടങ്ങിയവയോടെപ്പം 18% പലിശ നിരക്കിൽ കൺസ്യൂമർ വായ്പകളും വ്യക്തിഗത വായ്പകളും നൽകിവരുന്നുണ്ട്. ജില്ലാ ബേങ്കിൽ നിന്നും നബാർഡിൽ നിന്നും അനുവദിക്കുന്ന വായ്പകളാണ് ഇങ്ങനെയുള്ള വർക്ക് അനുവദിക്കുന്നത്. പ്രത്യേക നിക്ഷേപ സമാഹകരണത്തിലൂടെയും അല്ലാതെയും നിക്ഷേപങ്ങൾ സ്വീകരിക്കുവാൻ ബേങ്കുകൾക്ക് സാധിക്കുന്നുണ്ട്. എന്നാൽ നിക്ഷേപങ്ങൾ ചുരുങ്ങിയ കാലങ്ങളിലേക്ക് മാത്രമേ കൂടുതലായും ലഭിക്കുന്നുള്ളു.

കുത്തുപറമ്പ് കോഓപ്പറേറ്റീവ് റൂറൽ ബേങ്കിന്റെ മാനന്തേരി ശാഖയിലൂടെ വിവിധങ്ങളായ കടങ്ങൾ പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുന്നു. വിദ്യാഭ്യാസം, കച്ചവടം, സ്വത്ത് വായ്പ, സ്വർണ്ണ പണയ വായ്പ, വീട് നിർമ്മാണം, വീട് റിപ്പയർ, തുടങ്ങിയ ആവശ്യങ്ങൾക്കാണ് വായ്പ അനുവദിക്കുന്നത്.

തലശ്ശേരി കാർഷിക സഹകരണ ബേങ്കും ഈ പഞ്ചായത്തിലുള്ള 54 ആളുകൾക്ക് വിവിധ പദ്ധതികളിലൂടെ 466539 രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂത്തുപറമ്പ് ബിൽഡിംഗ് സൊസൈറ്റി പഞ്ചായത്തിലെ 18 പേർക്ക് 400000 രൂപ ഭവന നിർമ്മാണ വായ്പ നൽകിയിട്ടുണ്ട്. കൂത്തുപറമ്പ് റൂറൽ ബേങ്കിന്റെ മാനന്തേരി ശാഖയിൽ നിന്ന് 47.44 ലക്ഷം രൂപ കഴിഞ്ഞ വർഷം വായ്പ നൽകിയിട്ടുണ്ട്

**ക്ഷീരോൽപാദക സഹകരണ സംഘം:**

ചിറ്റാരിപ്പറമ്പ് ക്ഷീരോൽപാദക സഹകരണ സംഘം 1983ലാണ് പ്രവർത്തനമാരംഭിച്ചത്. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇതിന്റെ പ്രവർത്തനം എത്തുന്നില്ല. 243 അംഗങ്ങൾ മാത്രമാണ് ഈ സ്ഥാപനത്തിലുള്ളത്. എല്ലാ ക്ഷീര കർഷകർക്കും അംഗത്വം നൽകി പ്രവർത്തനം വിപുലീകരിച്ചെങ്കിൽ മാത്രമേ പാൽ സംഭരണ വിപണന രംഗത്ത് മുന്നേറാൻ കഴിയു. കറവ് മാടുകളെ വാങ്ങുവാൻ ക്ഷീരകർഷർക്ക് സംഘം വായ്പ നൽകണം.

സ്കൂൾ സഹകരണ സംഘം പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ സഹകരണ സംഘവും രണ്ട് യു.പി സ്ക്കൂൾ സഹകരണ സംഘവും പ്രവർത്തിക്കുന്നു. സ്ക്കൂൾ സഹകരണ സംഘത്തിന്റെ പ്രധാന ലക്ഷ്യം പുസ്തകവിതരണമാണ് കൂടാതെ വിദ്യാർത്ഥികൾക്കാവശ്യമുള്ള പഠനോപകരണങ്ങളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നു.

വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ആവശ്യങ്ങൾ നിർവ്വഹിക്കാൻ പര്യാപ്തമായ സ്ഥാപനമായി സ്ക്കൂൾ സഹകരണ സംഘങ്ങൾ വളരേണ്ടതുണ്ട്.

**സഹകരണ രംഗത്തെ പ്രശ്നങ്ങൾ:**

1) കാർഷിക വായ്പയെ സംബന്ധിച്ച വിവരങ്ങൾ പ്രത്യേകിച്ച് ദീർഘകാല വായ്പകൾ യഥാസമയം കൃഷിക്കാർ അറിയുന്നില്ല.
2) യഥാവസരം കാർഷിക വായ്പ വിതരണം ചെയ്യാൻ കഴിയുന്നില്ല.
3) വ്യക്തിഗത വായ്പകളുടെ അമിത പലിശ താങ്ങാൻ കഴിയുന്നില്ല.
4) കർഷകൻ കടം വാങ്ങുന്ന പണം കാർഷികോൽപാദന വർദ്ധനവിന് വേണ്ടി വിനിയോഗിക്കുന്നത് വിരളമാണ്.
5) വായ്പ നിബന്ധനകൾ ലഘൂകരിക്കപ്പെടുന്നില്ല.
6) കടക്കാരിൽ നിന്ന് മാസം തോറും കടം പിരിച്ചെടുക്കാനുള്ള പ്രത്യേക സംവിധാനം ഇന്നില്ല.
7) വായ്പ വാങ്ങുന്നവർ തിരിച്ചടക്കുന്നതിന് വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല.

**ക്രെഡിറ്റ് മേഖല – സാധ്യതകളും നിർദ്ദേശങ്ങളും:**

1. പഞ്ചായത്തിൽ രണ്ട് ക്രെഡിറ്റ് സംഘങ്ങളും റൂറൽ ബാങ്കിന്റെ ഒരു ശാഖയുമാണല്ലോ ഉള്ളത്. ഇടപാടുകൾ സുഗമാക്കുന്നതിന് ചിറ്റാരിപ്പറമ്പ്, കണ്ണവം സർവ്വീസ് സഹകരണ ബാങ്കുകളുടെ ഓരോ ശാഖ കൂടി തുറക്കുന്നത് നിക്ഷേപ സമാഹരണത്തിനും ലോൺ വിതരണത്തിനും കൂടുതൽ ഉപകാരപ്രദമായി തീരും.
2. കർഷകന് വിളവായ്പ യഥാസമയം മതിയായ അളവിൽ ലഭിക്കുന്നില്ല. അതുകൊണ്ട് കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾക്ക് വായ്പ വർഷാരംഭത്തിന് മുമ്പ് തന്നെ പാസാക്കി കൊടുക്കാവുന്ന സമ്പ്രദായം നടപ്പിലാക്കി ആവശ്യമുള്ള സംഖ്യ ക്രെഡിറ്റ് കാർഡ് സമ്പ്രദായത്തിലൂടെ പിൻവലിക്കാൻ സാധിക്കണം. ഇതിനാവശ്യമായത്രയും ഫണ്ടുകൾ ജില്ലാബാങ്കിൽ നിന്ന് മുൻ കൂട്ടി അനുവദിക്കണം.
3. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സ്വകാര്യവ്യക്തികൾ ധാരാളം കുറി നടത്തുന്നുണ്ട്. അതേസമയം പഞ്ചായത്തിലുള്ള 2 സർവ്വീസ് സഹകരണ ബാങ്കുകളും ചിട്ടി നിയമപ്രകാരമുള്ള ചിട്ടികൾ നടത്തുന്നില്ല. ചിട്ടി നിയമത്തിലെ കടുത്ത നിബന്ധനകളാണിതിനു കാരണം. അതിനാൽ സഹകരണ ബാങ്കുകളെ ചിടടി നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയാൽ ബാങ്കുകൾക്ക് കൂടുതൽ പേരെ ആകർഷിക്കാൻ കഴിയും. മാത്രമല്ല ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തിക രംഗത്തെ താളപിഴവുകൾ ഒരു പരിധിവരെ ഇല്ലാതാക്കാൻ കഴിയും.
4. സർവ്വീസ് സഹകരണ ബാങ്കുകൾ മുഖാന്തരം കടം കൊടുക്കാനുള്ള ഇന്നത്തെ നടപടിക്രമം കുറെ കൂടി ലഘൂകരിക്കേണ്ടതാണ്.
5. വളവും കാർഷിക ഉപകരണങ്ങളും കീടനാശിനികളും സർവ്വീസ് സഹകരണ ബാങ്കുകൾ മുഖാന്തരം മുമ്പ് വിതരണം ചെയ്യുന്നത്ര ഇപ്പോൾ ചെയ്യുന്നില്ല. ഇതിനുള്ള പ്രധാന കാരണം വളം വില്പനയിൽ ലാഭശതമാനം തീരെ കുറവാണ് എന്നതാണ്. ഇതിൽ മാറ്റംവരുത്തി വളം വിതരണം ചെയയുന്ന സഹകരണ സ്ഥാപനങ്ങൾക്ക് സബ്സിഡി അനുവദിച്ച് സംഘങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

6. കാർഷികവികസന ബാങ്കിൽനിന്നും മറ്റ് ബാങ്കുകളിൽനിന്നും കാർഷിക ആവശ്യത്തിനും വീടുനിർമ്മിക്കുന്നതിനും വേണ്ടിയുള്ള ദീർഘകാല വായ്പകളെ സംബന്ധിച്ച് കൃഷിക്കാർ അറിയുന്നില്ല. വിവിധ തരത്തിലുള്ള വായ്പകളെ സംബന്ധിച്ച് കർഷകനും അറിയിക്കാനുള്ള സംവിധാനം മെച്ചപ്പെടുത്തണം.
7. സഹകരണ ബാങ്കുകളിൽനിന്ന് കടമെടുത്ത് കൃത്യസമയത്തിനുള്ളിൽ അടക്കുന്നവർക്ക് പ്രോത്സാഹനം എന്ന രീതിയിൽ വായ്പാ ഇനങ്ങൾ പരിശോധിക്കാതെ സബ്സിഡി ലഭ്യമാക്കാൻ ഗവൺമെന്റ് സഹായം അനുവദിക്കണം. ഇത് കർഷകർക്ക് തിരിച്ചടക്കുന്നതിനുള്ള ഒരു പ്രചോദനമായിത്തീരും.
8. റബ്ബർ കൃഷിക്കാരിൽനിന്ന് റബ്ബർ ഉല്പന്നങ്ങൾ വാങ്ങുന്നതിന് സർവ്വീസ് സഹകരണ ബേങ്കുകളുടെ നേതൃത്വത്തിൽ ഡിപ്പോകൾ ആരംഭിക്കണം.
9. ഗൃഹോപകരണങ്ങളും ഫർണിച്ചറുകളും കൃഷിക്കാർക്ക് മിതമായ വിലക്ക് ലഭ്യമാക്കാൻ സർവ്വീസ് സഹകരണ ബാങ്കുകളുടെ നേതൃത്വത്തിൽ ഗൃഹോപകരണഷോറൂമുകൾ ആരംഭിക്കാൻ കഴിയണം.

**ക്ഷീരസഹകരണ സംഘം: സാധ്യതകൾ, നിർദ്ദേശങ്ങൾ:**

പഞ്ചായത്തിൽ ഇന്നു നിലവിലുള്ള ക്ഷീര സഹകരണ സംഘം പര്യാപ്തമല്ല. കണ്ണവം മാനന്തേരി എന്നീ പ്രദേശങ്ങൾ കേന്ദ്രമാക്കി ഓരോ ക്ഷീര സഹകരണ സംഘങ്ങൾകൂടി പ്രവർത്തിപ്പിക്കേണ്ടതാണ്. നിലവിലുള്ള ക്ഷീരസഹകരണ സംഘത്തിൽനിന്നും പശുക്കളെ വങ്ങാനുള്ള ലോണുകൾ ലഭ്യമല്ല. അതിനാവശ്യമായ ലോണുകൾ ലഭ്യമാക്കാനുള്ള നടപടി ഇത്തരം സ്ഥാപനങ്ങൾക്കുണ്ടാകണം. കാലിത്തീറ്റാ വിതരണത്തിനും പുൽവിത്തുകൾ വിതരണം ചെയ്യുന്നതിനും ക്ഷീരസഹകരണ സംഘങ്ങൾ പ്രത്യകം ശ്രദ്ധിക്കണം.

**പ്രവർത്തനം നിലച്ച സംഘങ്ങൾ:**

സെറിക്കൾച്ചറൽ സൗസൈറ്റി ഈ പഞ്ചായത്തിൽ മുമ്പു പ്രവർത്തിച്ചു വന്നിരുന്നു. ഇപ്പോൾ പ്രവർത്തനരഹിതമാണ്. അതുപോലെ തേനീച്ച വളർത്തുസഹകരണസംഘവും പ്രവർത്തിക്കുന്നില്ല.

**സഹകരണ മേഖലയിലെ പുതിയ സാധ്യതകൾ:**

1) വനിതാ സഹകരണ സംഘം: വനിതകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനും, അവരുടെ ക്ഷേമത്തിനും, വില്ലേജ് പ്രവർത്തനപരിധിയായി രണ്ട് സംഘങ്ങൾ ആരംഭിക്കാൻ കഴിയും.
2. മാർക്കറ്റിംഗ് സഹകരണ സംഘം: കാർഷികോൽപ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനും വേണ്ടി ഒരു മാർക്കറ്റിംഗ് സഹകരണ സംഘം രൂപീകരിക്കാൻ കഴിയണം.
3. സഹകരണ പാരലൽകോളേജ്: മലയോര മേഖലയലെ കുട്ടികൾ കേന്ദ്രീകരിക്കുന്ന ചിറ്റാരിപ്പറമ്പിൽ ഒരു സഹകരണ സമാന്തര വിദ്യലയത്തിന് നല്ല സാധ്യതയാണുള്ളത്. സഹകരണമേഖലയിൽതന്നെ കമ്പ്യൂട്ടർ സെന്ററും ആരംഭിക്കാൻ കഴിയും.
4. സഹകരണ ആശുപത്രി: സഹകരണ മേഖലയൽ ആയുർവ്വേദ ആശുപത്രിയും, അലോപ്പതി ആശുപത്രിയും ആരംഭിക്കാൻ സാധിക്കും.
5. ഗൃഹനിർമ്മാണത്തിനാവശ്യമായ സാമഗ്രികൾക്ക് മാർക്കറ്റിൽ വില കുതിച്ചുയരുന്നു. അത്തരം സാധനങ്ങളുടെ ഉല്പാദനത്തനും വിതരണത്തിനുമുള്ള സഹകരണസംഘം രൂപീകരിക്കാൻ കഴിയും.

പട്ടിക -1

**സഹകരണ സംഘങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ**

| നമ്പർ | സ്ഥാപനത്തിന്റെ പേർ | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | നിക്ഷേപം | വായ്പകൾ | | പ്രവർത്തന മൂലധനം |
|---|---|---|---|---|---|---|---|
| | | | | | കാർഷികം | കാർഷികേതരം | |
| 1. | ചിറ്റാരിഷറമ്പ് S.C.B | 1951 | 2544 | 99 ലക്ഷം | 10.5 ലക്ഷം | 1.11 കോടി | 1.25 കോടി |
| 2. | കണ്ണവം S.C.B | 1951 | 2855 | 37 ലക്ഷം | 17.59 ലക്ഷം | 3 ലക്ഷം | 90 ലക്ഷം |

പട്ടിക -2

**ക്ഷീരസഹകരണസംഘം**

| സംഘത്തിന്റെ പേർ | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | പിരിഞ്ഞുകിട്ടിയ മൂലധനം | 95-96 വർഷം ശേഖരിച്ച പാൽ |
|---|---|---|---|---|
| ചിറ്റാരിപ്പറമ്പ് ക്ഷീര സഹകരണ സംഘം | 1983 | 243 | 3810 രൂപ | 61041 ലിറ്റർ |

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

## പട്ടികജാതി പട്ടികവർഗ്ഗം - ഒരു സാമാന്യ അവലോകനം

| ആകെ ജനസംഖ്യ | പട്ടികവർഗ്ഗം | | | ശതമാനം | പട്ടികജാതി | | | ശതമാനം |
|---|---|---|---|---|---|---|---|---|
| | പു | സ്ത്രീ | ആകെ | | പു | സ്ത്രീ | ആകെ | |
| 21,881 | 546 | 564 | 1110 | 5.05 | 119 | 123 | 242 | 1.11 |

പട്ടികവർഗ്ഗം:

പണിയർ, കുറിച്യർ എന്നി രണ്ട് ആദിവാസി വിഭാഗങ്ങളാണ് ഈ പഞ്ചായത്തിൽ വസിക്കുന്നത്. കുറുച്യരുടെ സങ്കേതമായ പറമ്പുക്കാവ്,ചെന്നപ്പൊയിൽ, പന്ന്യോട് എന്നീ മലകൾ ഈ പഞ്ചായത്തിൽപ്പെടുന്നു. 914 കുറിച്യർ സ്വന്തമായ സാമൂഹിക വ്യവസ്ഥകളോടെ, ഗോത്രവർഗ്ഗപാരമ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ഈ മലകളിൽ കേന്ദ്രീകരിച്ച് വസിക്കുന്നു. സമ്പന്നമായ ഒരു സാംസ്കാരിക പാരമ്പര്യം നിലനിർത്തുന്ന ഈ ജനവിഭാഗം സാമ്പത്തിക സ്ഥിതിയിലും വിദ്യാഭ്യാസത്തിലും സാമൂഹിക ബോധത്തിലും മറ്റെല്ലാ ആദിവാസി വിഭാഗങ്ങളേക്കാളും മുന്നിലാണ് അയിത്തം എന്ന ദുരാചാരത്തെ ഇപ്പോഴും അവർ ഉപേക്ഷിച്ചിട്ടില്ല മുതിർന്നവരിൽ നിരക്ഷർ ഏറെയുണ്ടെങ്കിലും സ്വന്തം കുട്ടികളെ സ്കൂളിൽ പറഞ്ഞയക്കുന്നതിൽ അവർ അഭിമാനം കൊള്ളുന്നു. [രണ്ട് ട്രൈബൽ ഹോസ്റ്റലുകൾ ഈ പഞ്ചായത്തിലുണ്ട് ] പരിസ്ഥിതിയിൽ വന്ന മാറ്റം,അന്യജനവിഭാഗങ്ങളുമായുള്ള നിരന്തര സമ്പർക്കം, വിദ്യാഭ്യാസം എന്നിവ കുറിച്യരുടെ ജീവിതത്തിലും ചിന്താഗതിയിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. വനവിഭാഗങ്ങൾ കുറഞ്ഞുവരികയും പുനം കൃഷി അപ്രത്യക്ഷമാവുകയും ചെയ്തതോടെ ഉപഭോഗസംസ്ക്കാരം കുറിച്യരിലേക്കും പടർന്നുകയറിയിരിക്കുകയാണ്. സ്വന്തമായ ഒരു വ്യപാര ഭാഷയും നിരവധി നാടൻ പാട്ടുകളും അവർ ഇപ്പോഴും സംരക്ഷിച്ചു വരുന്നുണ്ട്. മുത്തപ്പൻ ഈ വിഭാഗത്തിന്റെ പ്രധാന ആരാധനാ മൂർത്തിയാണ്.ആചാരനുഷ്ഠാനങ്ങളിലെല്ലാം ഗോത്രത്തനിമ കാണാം.

പഴശ്ശിയുടെ പടയാളികളെന്ന നിലയിൽ ചരിത്രത്തിൽ സ്ഥാനം പിടിച്ചവരാണ് കുറിച്യർ. മേൽ പറഞ്ഞ മലകൾ പഴശ്ശി രാജാവ് അവർക്ക് പതിച്ചുകൊടുത്തതാണെന്ന് കുറിച്ച്യർ വിശ്വസിക്കുന്നു നാടിനു വേണ്ടി ധീരതയോടെ പോരാടിയ പാരമ്പര്യമുള്ള അഭിമാനികളായ ഈ ജനവിഭാഗത്തിന്റെ ഇടയിലേക്ക് ഗവൺമെന്റിന്റെ ക്ഷേമപ്രവർത്തനങ്ങൾ വേണ്ടവിധത്തിൽ ഈ അടുത്ത കാലം വരെ എത്തിയിരുന്നില്ല എന്ന് വേണം പറയുവാൻ. ഇപ്പോൾ സ്ഥിതി മാറിയിട്ടുണ്ട്. അവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്താനുള്ള ശ്രമത്തിന് ആക്കം കൂടിയിരിക്കുന്നു. എന്നാൽ സ്വന്തം ഭൂമിയിൽ അന്യരായി കഴിഞ്ഞുകൂടേണ്ടി വരുന്ന സ്ഥിതിയാണ് ഇന്നവർക്കുള്ളത്. വനഭൂമിയിൽ പട്ടയമില്ലാതെ കഴിയുന്നവരാണ് മുഴുവൻ പേരും. (സ്വന്ത് ജൻമാവകാശമായി കിട്ടിയിട്ടുള്ള ഏതാനും കുടംബങ്ങളുണ്ട്.) ഇത് കാരണം വനഭൂമിയിൽ നിന്ന് വൃക്ഷങ്ങളുടെ കൊമ്പ് മുറിച്ചാൽ പോലും നിയമ നടപടികളെ അഭിമുഖീകരിക്കേണ്ടി വരുന്നുവെന്ന് അവർ പരാതിപ്പെടുന്നു. അവർ തലമുറകളായി താമസിച്ചുവരുന്ന ഭൂമിയിൽ പട്ടയം നൽകുക എന്നുള്ളതാണ് ഇതിനുള്ള ഏക പരിഹാരം

ഗോത്ര വർഗ്ഗ പാരമ്പര്യം പൂർണ്ണമായും അനുവർത്തിച്ചുവരുന്ന ആധുനികരുടെ ഇടയിൽ ജീവിക്കുന്ന പണിയ വിഭാഗം പുറം ലോകത്തിന് ഇന്നും കൗതുകമാണ്. ഗവൺമെന്റിന്റെയോ അതുപോലുള്ള മറ്റേതെങ്കിലും സ്ഥാപനങ്ങളുടേയോ ഏത് തരത്തിലുള്ള സമർദ്ദങ്ങളുടെയും പരിഷ്കരണശ്രമങ്ങളുടെയും അതിജീവിച്ച് രൂപത്തിലും ഭാവത്തിലും ജീവിതരീതിയിലും തികച്ചും ആദിവാസികളായിത്തന്നെ അവർ ജീവിച്ചു വരുന്നു. നാളേക്ക് കരുതി വയ്ക്കുന്ന സ്വഭാവം ഇനിയും

അവർ സ്വായത്തമാക്കിയിട്ടില്ല. അവരുടെ ഉയർച്ച യ്ക്കായി മറ്റുള്ളവർ നൽകുന്ന ഏത് സഹായത്തേയും നിർദ്ദേശങ്ങളേയും സംശയ ദൃഷ്ടിയോടെ ആണ് അ വർ ഇപ്പോഴും വീക്ഷിക്കുന്നത്. അവർക്കായി അനുവ ദിക്കപ്പെടുന്ന ക്ഷേമപദ്ധതികളൊന്നും വിജയിക്കാത്ത തിനുള്ള പ്രധാനകാരണം ഇതാണ്.

**പട്ടികജാതി:**

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഒറ്റയൊറ്റ കുടുംബങ്ങളിലായിട്ടാണ് പുലയർ, മലയർ, വണ്ണാൻ എന്നീ വിഭാഗത്തിൽപ്പെട്ട പട്ടികജാതിക്കാർ വസിക്കു ന്നത്. ആകെ ജനസംഖ്യയുടെ 1.11 ശതമാനം മാത്ര മാണ് ഈ ജനവിഭാഗം. ഈ പഞ്ചായത്തിലെ മറ്റ് ഗ്രാമീണ ജനങ്ങളുടേതിന് സമാനമാണ് ഇവരുടെ ജീവിത നിലവാരം. പട്ടിക ജാതിക്കാർ എന്ന നിലയിൽ ഗവൺമെന്റിൽ നിന്ന് കിട്ടുന്ന ആനുകൂല്യങ്ങൾ അവർ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്. അഭ്യസ്ത വി ദ്യരായ തൊഴിൽ രഹിതർ അവർക്കിടയിൽ കാണാം. മലയരുടെ കുലത്തൊഴിലും ഉപജീവനമാർഗ്ഗവുമായി രുന്നു ഒരു കാലത്ത് തെയ്യം, വേടൻപാട്ട്, കോതാമൂരി യാട്ടം ഇവ. ഇന്ന് ഉപജീവനത്തിനുള്ള മാർഗ്ഗമായി അവർ ഈ കലകളെ കാണുന്നില്ല. സാമൂഹിക സാം സ്കാരിക രംഗത്തുണ്ടായ മാറ്റവും മറ്റു മേഖലകളി ലുള്ള തൊഴിലവസരങ്ങളും യുവജനങ്ങളുടെ ചിന്താ ഗതിയിൽ വരുത്തിയ മാറ്റമാണ് ഇതിന് കാരണം. വണ്ണാൻ സമുദായക്കാരും തെയ്യം കലാകാരന്മാണ്.

**പട്ടികവർഗ്ഗം**

| താമസസ്ഥല-ത്തിന്റെ പേര് | താമസത്തിന്റെ സ്വഭാവം | വാർഡ് | വില്ലേജ് | കുടുംബങ്ങൾ | വീടുകളുടെ എണ്ണം | അംഗ സംഖ്യ | വിഭാഗം |
|---|---|---|---|---|---|---|---|
| പറമ്പുക്കാവ് | പലയിടങ്ങളിൽ | 10 | മാനന്തേരി | 64 | 64 | 367 | കുറിച്യ |
| കാണിയൂർ | " | " | " | 7 | 7 | 43 | " |
| ചെന്നപ്പൊയിൽ | " | " | " | 19 | 19 | 105 | " |
| പന്ന്യോട് | " | " | " | 60 | 60 | 363 | " |
| പുന്നേരി | " | " | " | 1 | 1 | 12 | " |
| പൂഴിയോട് | " | " | " | 4 | 4 | 24 | " |
| കണ്ണവം | " | " | " | 5 | 5 | 38 | പണിയ |
| കണ്ണവം | കോളനി | " | കണ്ണവം | 5 | 5 | 17 | " |
| മാനന്തേരി സത്രം | ഒരു വീട് മാത്രം | 1 | മാനന്തേരി | 1 | 1 | 5 | " |
| തൊണ്ടിലേരി വട്ടോളി (അരിങ്ങോട്ടുകണ്ടി) | ലക്ഷംവീട് കോളനി | 2<br>4 | കണ്ണവം<br>" | 1<br>17 | 1<br>9 | 9<br>56 | "<br>" |
| കാനോത്ത് | പലയിടങ്ങളിൽ | 5 | " | 2 | 1 | 7 | " |
| തൊടീക്കളം | " | 8 | " | 6 | 2 | 18 | " |
| കാഞ്ഞിരക്കുന്ന് | " | 8 | " | 3 | കുടിൽ | 12 | " |
| കൂടൽ | " | 8 | " | 3 | 1 | 14 | " |
| കൈച്ചേരി | " | 9 | " | 4 | 2 | 20 | " |

അവലംബം: പ്രാഥമിക വിവരശേഖരണം 1996

SC, ST വിഭാഗങ്ങൾക്ക് നിലവിലുള്ള ആനുകൂല്യങ്ങൾ

കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യങ്ങൾ ഭവനനിർമ്മാണം, പുരകെട്ടി മേയൽ, കിണർ, കക്കൂസ്, കയ്യാല ഇവ നിർമ്മിക്കൽ എന്നിവയ്ക്കുള്ള ധനസഹായം

- റോഡ്, പാലം, നടപ്പാലം ഇവ നിർമ്മിക്കുവാനുള്ള ധനസഹായം
- പഞ്ഞ മാസങ്ങളിൽ റേഷൻ സൗജന്യം
- ആടുവളർത്തൽ, പശുക്കളെ വളർത്തൽ ഇവയ്ക്കുള്ള പദ്ധതികൾ
- വീട്ടുപകരണങ്ങൾ, പണിയായുധങ്ങൾ, ഇവ നൽകൽ
- കാർഷിക വികസനത്തിനായി വിത്ത്, വളം, കീടനാശിനികൾ, പമ്പ് സെറ്റ് ഇവ സൗജന്യമായി നൽകൽ
- തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ യുവതീയുവാക്കൾക്ക് നൽകുന്ന പരിശീലന പദ്ധതികൾ
- വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യങ്ങൾ
- IRDP വായ്പാ സൗകര്യങ്ങൾ
- ജോലികളിലും മറ്റുമുള്ള സംവരണങ്ങൾ
- സ്വയം ഭരണ സ്ഥാപനങ്ങൾ, സർവ്വീസ് സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ സീറ്റ് സംവരണം.

പ്രശ്നങ്ങളും പരിഹാരങ്ങളും:

പട്ടികജാതി പട്ടിക വർഗ്ഗ മേഖലയിൽ താമസിക്കുന്ന ജനവിഭാഗങ്ങളുടെ പ്രശ്നങ്ങൾ ഏറെ സങ്കീർണ്ണമാണ്. അവർക്കിടയിലേക്ക് എത്തിപ്പെടേണ്ട വികസന പ്രവർത്തനങ്ങളുടെ രൂപരേഖ ഇവിടെ അവതരിപ്പിക്കുന്നു.

- കക്കൂസ്, കുടിവെള്ളം, റോഡ് സൗകര്യങ്ങൾ ഇവ വർദ്ധിപ്പിക്കാൻ സത്വരനടപടികൾ വേണം. (കുറിച്യരുടെ സങ്കേതങ്ങളിൽ കാണുന്ന ഒരിക്കലും വറ്റാത്ത നീരുറവകൾ പ്രയോജനപ്പെടുത്തിയാൽ കുടിവെള്ളക്ഷാമം മലകളിൽ അനുഭവപ്പെടില്ല.
- പാന്ത്യോട് ചെന്നപ്പൊയിൽ റോഡിൽ കല്ലിൽ തോട് എന്ന സ്ഥലത്ത് ഒരു പാലം നിർമ്മിക്കണം
- കണ്ണവം പുഴിയോട് പന്ത്യോട് റോഡ് ടാർ ചെയ്ത് ബസ്സ് റൂട്ട് ഏർപ്പെടുത്തുന്നതിന് സൗകര്യം ചെയ്യണം. വട്ടോളി പുളിച്ചേരിപ്പുഴക്ക് നടപ്പാലം നിർമ്മിക്കണം
- വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും എത്തിക്കാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുകയും ചെയ്യുക
- പന്ത്യോട് അംബേദ്കർ കോളനി സഫലമാക്കണം
- അവിടെ ഒരു കമ്മ്യൂണിറ്റിഹാൾ, ആരോഗ്യകേന്ദ്രം, സ്ക്കൂൾ എന്നിവ സ്ഥാപിക്കണം.
- പന്ത്യോട് സ്ഥാപിക്കാനുദ്ദേശിച്ച കുരുമുളക് പ്ലാന്റേഷൻ നിർദ്ദിഷ്ട പദ്ധതിയനുസരിച്ച് തന്നെ നടപ്പിലാക്കണം
- വനഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം നല്കുമെന്നുള്ള വാഗ്ദാനം യാഥാർത്ഥ്യമാക്കണം.
- പറമ്പുക്കാവ് മലയിൽ ഒരു അംഗൻവാടി സ്ഥാപിക്കണം
- പണിയ വിഭാഗത്തിന് അനുവദിക്കപ്പെട്ട റവന്യൂ ഭൂമി ലഭ്യമാക്കണം
- പണിയ വിഭാഗത്തിൽപ്പെട്ട കുട്ടികളെ സ്ക്കൂളിലെത്തിക്കാനും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കാനും കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്നത് തടയാനും നടപടികൾ സ്വീകരിക്കണം.
- പണിയർക്കായി നിർമ്മിച്ചു നല്കുന്ന സൗകര്യങ്ങളെല്ലാം പഞ്ചായത്ത് നേരിട്ട ചെയ്തുകൊടുക്കണം.
- ചികിത്സ, വിവാഹം, വീടുനിർമ്മാണം ഇവയ്ക്ക് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുകയും സാങ്കേതിക വിഷമങ്ങൾ ലഘൂകരിക്കുകയും വേണം.
- വീട്ടാവശ്യങ്ങൾക്ക് വേണ്ടിവരുന്ന മരങ്ങൾ വനഭൂമിയൽനിന്ന് മുറിക്കാൻ അനുവാദം നല്കണം.
- വനവിഭവങ്ങൾ ശേഖരിക്കാൻ ഒരു സൊസൈറ്റി സ്ഥാപിക്കണം.
- വനഭൂമിയെ പ്രയോജനപ്പെടുത്തി കൃഷിമേഖലയെ പ്രോത്സാഹിപ്പിക്കണം.
- മണ്ണൊലിപ്പ് തടയാൻ ധനസഹായവും നിർദ്ദേശങ്ങളുംനല്കണം.
- അഭ്യസ്തവിദ്യർക്ക് പ്രതിഫലം നല്കി ആദിവാസി വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ട്യൂഷൻ നല്കാൻ സൗകര്യമേർപ്പെടുത്തണം. (അവരുടെ വാസസങ്കേതങ്ങളിൽവെച്ച്).
- മദ്യം കർശനമായി തടയണം.
- തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുതകുന്ന വിധ

ത്തിൽ തുടങ്ങി പരിശീലനകേന്ദ്രങ്ങൾ, ആട്, കോഴി, പശു ഇവ വളർത്താൻ സൗകര്യങ്ങൾ എന്നിവ അനുവദിക്കണം.

- കുറിച്യരുടെ പരമ്പരാഗത ചികിത്സാരീതിയെ പ്രോത്സാഹിപ്പിക്കുകയും ഔഷധച്ചെടികൾ സംരക്ഷിക്കുകയും ചെയ്യണം.
- വീഡിയോപരിഷ്ക്കരണം മുഖേനയുള്ള ബോധവൽക്കരണ പരിപാടികൾ ഇടയ്ക്കിടെ നടത്തണം.
- വെള്ളമ്പത്ത് നിന്ന് പറമ്പുക്കാവ് ചെന്നപ്പൊയിൽ ഭാഗത്തേക്കുള്ള റോഡ് നിർമ്മാണം നടത്തണം.

# വിഭവ സമാഹരണം

ഏതൊരു ജനതയുടെയും ഭൗതിക പുരോഗതിയുടെ അടിസ്ഥാനം സമ്പത്താണ്. ഗ്രാമ പഞ്ചായത്തുകൾ സ്വയം ഭരണം നിർവ്വഹിക്കേണ്ട സാഹചര്യത്തിൽ നിലവിലുള്ള കാർഷിക വ്യവസായിക മേഖലകൾ മെച്ചപ്പെടുത്തുന്നതോടൊപ്പം പുതിയ മേഖലകൾ കണ്ടെത്തിവരുമാനം വലിയതോതിൽ വർദ്ധിപ്പിക്കേണ്ടതുണ്ട്. നമ്മുടെ ഗ്രാമം നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്ന് വ്യവസായ മേഖല വളർന്നിട്ടില്ല എന്നതാണ്. വൻകിട വ്യവസായങ്ങളൊന്നും ഇല്ലാത്ത ഈഗ്രാമത്തിൽ നാമമാത്രമായുള്ള ചെറുകിട വ്യവസായങ്ങൾ മുരടിപ്പ് നേരിട്ട് കൊണ്ടിരിക്കുന്നു. വലിയ വെളിച്ചത്ത് പുതുതായി ആരംഭിക്കാനിരിക്കുന്ന വ്യവസായ വികസന കേന്ദ്രം വിഭവ സമാഹരണത്തിന് പുതു മാർഗങ്ങൾ കണ്ടെത്തുമെന്നുറപ്പാണ് പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വ്യവസായികളെ ആകർഷിക്കാൻ കഴിയേണ്ടതുണ്ട്.

കാർഷിക മേഖലയിലെ മുരടിപ്പിനുള്ള കാരണങ്ങൾ കണ്ടെത്തി ഈ മേഖല പരിഷ്ക്കരിച്ചെടുക്കണം. കൃഷിനിലങ്ങൾ നികത്തി മറ്റ് ആവശ്യങ്ങൾക്കായി മാറ്റിയെടുക്കുന്ന പ്രവണത നിരുത്സാഹപ്പടുത്തണം. ശാസ്ത്രീയമായ കൃഷി രീതിയിലൂടെയും ശരിയായ വളപ്രയോഗത്തിലൂടെയും ഉൽപാദനം വർദ്ധിപ്പിക്കണം. കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കാൻ പഞ്ചായത്ത് പദ്ധതികളാരംഭിക്കണം. കൂടുതലാളുകളെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് മുൻകൈയെടുത്താൽ ഈ രംഗത്തും വിഭവ സമാഹരണം വർദ്ധിപ്പിക്കാൻ കഴിയും.

ഈ രണ്ടു മേഖലയിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണഫലങ്ങൾ പെട്ടെന്ന് പ്രതീക്ഷിക്കാം.

സർക്കാർ ഗ്രാന്റുകൾ കാലതാമസമില്ലാതെ പഞ്ചായത്തുകൾക്ക് ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാവണം. യാതൊരു വിവേചനവുമില്ലാതെ ഗ്രാന്റുകൾ പഞ്ചായത്തിലെത്തുന്നതിന് ഇന്നുള്ള തടസ്സങ്ങൾ ഒഴിവാക്കിയാൽ ഫണ്ടുകൾ ദുരുപയോഗപ്പെട്ട് പോവുന്നത് തടയാൻ കഴിയും. ജനസംഖ്യ, ദാരിദ്ര്യരേഖക്കടിയിലെ ജനസംഖ്യ, സ്ത്രീകളുടെ എണ്ണണം. പട്ടിക ജാതി, പട്ടികവർഗ്ഗ ജനസംഖ്യ എന്നിങ്ങനെ ജനസംഖ്യാനുപാതിക മായിവേണം ഗ്രാന്റുകൾ വിതരണം ചെയ്യുന്നത്.

**പഞ്ചായത്തിന്റെ വരുമാനങ്ങൾ**

| ഇനം | 85/86 | 95/96 | വ്യത്യസം | % |
|---|---|---|---|---|
| കെട്ടിടനികുതി | 45919 | 150055 | +104136 | 226.78 |
| വിനോദനികുതി | 14875 | 27256 | +12381 | 83.23 |
| തൊഴിൽനികുതി | 27868 | 106505 | +78637 | 282.17 |
| വാഹനനികുതി | 151 | -- | -151 | |
| ഷോപ്പിങ്ങ് കോംപ്ലക്സ് (കെട്ടിടം) | 10195 | 23340 | +13145 | 128.94 |
| പഞ്ചായത്ത് ഭൂമിയിൽനിന്നുള്ള വരുമാനം | -- | -- | -- | -- |
| ഉപാധിരഹിതഫണ്ട് | -- | 314000 | +314000 | -- |
| ജെ. ആർ. വൈ | -- | 261142 | +261142 | -- |
| ഗവൺമെന്റ് ബ്രാഞ്ചുകൾ | 108401 | 618714 | +510313 | 470.76 |
| | 207409 | 1501012 | +1293603 | 623.7 |

മേൽക്കൊടുത്ത പട്ടികയിൽ നിന്നും പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവ് കാണാൻ സാധിക്കും. എന്നാൽ എല്ലാ മേഖലയിലും വർദ്ധനവ് ഉണ്ടായിട്ടില്ലാ.

**കെട്ടിടനികുതി:** കെട്ടിടനികുതി ഇന്നു നിർണ്ണയിക്കുന്ന രീതി ശാസ്ത്രീയമല്ല. നികുതി ചുമത്തുമ്പോൾ ആഡംബര വസ്തുക്കളേയും വിലപിടിപ്പുള്ള വസ്തുക്കളേയും മാനദണ്ഡമാക്കിയാൽ വരുമാനം വർധിപ്പിക്കാൻ കഴിയും. നികുതി അസ്സെസ് ചെയ്തത് എങ്ങിനെയാണെന്ന് വീട്ടുടമസ്ഥനെ ബോധ്യപ്പെടുത്തണം. നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ശക്തമാക്കണം. ഒരോ വാഡിലും നികുതി പിരിക്കുന്ന ദിവസവും, സ്ഥലവും, സമയവും അവിടെയുള്ള അയൽക്കൂട്ട സമിതികളെ മുൻക്കൂട്ടി അറിയിക്കുകയും അവരുടെ സഹകരണത്തോടെ നികുതി പിരിച്ചെടുക്കുന്നത് കുടിശ്ശിക ഇല്ലാതാക്കാൻ സഹായിക്കും.

**തൊഴിൽ നികുതി:**

പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും, എയിഡഡ് സ്കൂളുകളിലും മറ്റും ജോലി ചെയ്യുന്നവരിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി പിരിക്കുന്നത്. പഞ്ചായത്തിലെ തൊഴിലാളികളെ മുഴുവൻ വിളിച്ച്ചേർത്ത് പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. കച്ചവടക്കാർക്കും, വാഹനഉടമകൾക്കും കൂടി തൊഴിൽനികുതി ഈടാക്കാവുന്നതാണ്.

**കൂലിവേല ചെയ്യുന്നവരുടെ പട്ടിക**

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|---|
| നമ്പർ | 800 | 970 | 940 | 590 | 499 | 140 | 430 | 310 | 250 | 540 |

## മറ്റുധനാഗമനമാർഗ്ഗങ്ങൾ:

**പൂഴിശേഖരണം:** നമ്മുടെ പഞ്ചായത്തിൽ വരുന്ന വട്ടോളി, മുട്ടപ്പത്തൂർ പുഴ പുറമ്പോക്കിൽ നിന്ന് ഇപ്പോൾ പഞ്ചായത്തിന് പുറത്തുള്ളവർ പോലും മണൽ വാരികൊണ്ടുപോവുന്നുണ്ട്. എടുക്കുന്ന മണലിന്റെ അളവിൻമേൽ പഞ്ചായത്തിന് യാതൊരു നിയന്ത്രണവുമില്ല. പുഴയിൽ നിന്ന് മണൽ വാരുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വരുമാനം വർധിപ്പക്കാൻ സാധിക്കും.

**കശുവണ്ടി സംസ്കരണം:**

കണ്ണൂർ ജില്ലയിൽ ഏറ്റവും നല്ലയിനം കശുവണ്ടി വിളയുന്ന നമ്മുടെ പഞ്ചായത്തിനകത്ത് തന്നെ ഒരു കശുവണ്ടി ഫാക്ടറി സ്ഥാപിച്ച് പ്രവർത്തനമാരംഭിക്കാൻ കഴിഞ്ഞാൽ പഞ്ചായത്തിന് നല്ലൊരു വരുമാനമാർഗ്ഗം കണ്ടെത്താൻ കഴിയും.

കശുമാങ്ങ ഉപയോഗിച്ച് ലഘുപാനീയ നിർമ്മാണം ആരംഭിച്ചാൽ പാഴായിപ്പോവുന്ന ഈ വിഭവം ഉപയോഗിച്ച് വിഭവസമാഹരണം സാധ്യമാക്കാവുന്നതാണ്.

**ഖനനം:**

ധാരാളം കരിങ്കൽ, ചെങ്കൽ നിക്ഷേപങ്ങൾ ഈപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉണ്ട്. അവ സ്വകാര്യ വ്യക്തികൾ നടത്തുന്നതിനാൽ പഞ്ചായത്തിന് വരുമാനമുണ്ടാവുന്നില്ല. ലോടുകൾക്ക് ഫീസ് ചുമത്തി ഈ മേഖലയിൽ നിന്നും പഞ്ചായത്തിന് വിഭവശേഖരണത്തിന് സാധിക്കും.

**ടൂറിസം:**

16-ാം നൂറ്റാണ്ടിൽ വരച്ച ചുമർ ചിത്രങ്ങൾ ഇന്നും കേടുകൂടാതെ നിൽക്കുന്ന തൊടീക്കളം ക്ഷേത്രം ഒരു തീർത്ഥാടന കേന്ദ്രമായി വികസിപ്പിച്ചെടുക്കാൻ സാധിക്കും. ചരിത്രമുറങ്ങുന്ന കണ്ണവം മൈതാനം, കണ്ണവം ഫോറസ്റ്റ്, വലിയവെളിച്ചം, പഴശിരാജാവിന്റെ കാലത്ത് നിർമ്മിച്ച അങ്ങാടിക്കുളം (മാനന്തേരി), ബത്തേരിക്കുന്ന് എന്നിവയുടെ പ്രാധാന്യം ജനങ്ങളിലെത്തിച്ച് കൊണ്ട് ജില്ലയിലെ മറ്റു ടൂറിസ്റ്റ് കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി ടൂറിസം സാധ്യതകൾ പരിശോധിച്ച് വികസിപ്പിച്ചെടുക്കാൻ സാധിക്കണം.

### വിദേശങ്ങളിൽ ജോലി ചെയ്യുന്നവരുടെ പട്ടിക

| വാർഡ് | I | II | III | IV | V | VI | VII | VIII | IX | X |
|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 83 | 76 | 56 | 11 | 31 | 31 | 21 | 16 | 40 | 30 |

നമ്മുടെ പഞ്ചായത്തിൽ വിദേശത്ത് ജോലി ചെയ്യുന്നവരുടെ വരുമാനം പ്രത്യുൽപ്പാദന മേഖലകളിലേക്ക് തിരിച്ചു വിടാൻ പദ്ധതികളാസൂത്രണം ചെയ്താൽ നാട്ടിന്റെ വികസത്തിനും ഇവർക്ക് തന്നെ വിദേശത്ത് ജോലി കഴിഞ്ഞ് തിരിച്ചെത്തിയാൽ ആശ്രയിക്കാവുന്ന മേഖല കണ്ടെത്താൻ സാധിക്കും.

### ധനകാര്യ സ്ഥാപനങ്ങൾ

### നിക്ഷേപവായ്പാ കണക്ക്

| | നിക്ഷേപം | വായ്പ |
|---|---|---|
| ചിറ്റാരിപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക് | 99 ലക്ഷം | 121.5 ലക്ഷം |
| കണ്ണവം സർവ്വീസ് സഹകരണ ബാങ്ക് | 36.72 ലക്ഷം | 55.83 ലക്ഷം |

കണ്ണവം സർവ്വീസ് കോ-ഓപ്. ബേങ്ക്, ചിറ്റാരിപ്പറമ്പ് സർവ്വീസ് കോ-ഒപ്പറേറ്റിവ് ബാങ്ക്, കൂത്തുപ്പറമ്പ് റൂറൽബാങ്കിന്റെ ശാഖ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ വ്യക്തികൾ നടത്തുന്ന ഫൈനാൻസേഴ്സും ഒരോ വാർഡിലും ഉണ്ട്. നിക്ഷേപങ്ങൾക്കടുത്ത വായ്പകൾ ഇവ നൽകുന്നുണ്ടെങ്കിലും ഗ്രാമസഭകളും, പഞ്ചായത്തുകളും പദ്ധതികളംഗീകരിച്ച് വായ്പയെടുക്കുന്ന സമ്പ്രദായം നമ്മുടെ പഞ്ചായത്തിലില്ല. പഞ്ചായത്ത് ആക്ടിലുള്ള പുതിയ നിയമങ്ങൾ ഉപയോഗപ്പെടുത്തി ഈരംഗത്ത് നേട്ടമുണ്ടാക്കാൻ കഴിയും.

**ചെലവുകൾ:**

വളരെ പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിൽ പ്രത്യുൽപാദനപരമല്ലാത്ത മേഖലകളിലാണ് വിഭവങ്ങൾ വിനിയോഗിച്ചു വന്നിട്ടുള്ളത്. പൊതുമരാമത്ത്, സാമൂഹ്യക്ഷേമം, ഭരണച്ചെലവുകൾ എന്നീ രംഗങ്ങളിലാണ് ഏറ്റവും കൂടുതൽ തുക വിനിയോഗിച്ചിട്ടുള്ളത്. പഞ്ചായത്തിലെ വിവിധ റോടുകൾക്കായി ഏകദേശം ഒരു ലക്ഷത്തോളം രൂപ ഒരോവർഷവും ചെലവഴിക്കപ്പെടുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഒരോപ്രദേശത്തും സന്നദ്ധ പ്രവർത്തനങ്ങൾ വഴി നടത്തുവാൻ കഴിഞ്ഞാൽ ധാരാളം പാഴ്ചെലവുകൾ ഒഴിവാക്കാൻ സാധിക്കും. ജനകീയ കമ്മറ്റികൾ ഏറ്റെടുത്തുകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയാൽ നീക്കി വെക്കുന്ന തുകയുടെ ഗുണഫലം ഉറപ്പാക്കാം.

**മനുഷ്യാധ്വാനം:**

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭവം മനുഷ്യവിഭവം തന്നെയാണ്. എല്ലാ ഗ്രാമ സഭകളിലും മനുഷ്യാധ്വാനം വികസനപ്രവർത്തനങ്ങൾക്കായി സംഭാവന ചെയ്യാമെന്ന പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതി, മത, കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് അധ്വാനം നൽകിക്കൊണ്ടുള്ള പ്രവർത്തനം ഒരു മഹനീയ ആശയമാണ്. പഞ്ചായത്തിലെ ചെറിയ റോഡുകൾ മഴക്കാലത്തിന് മുന്നോടിയായി ചാലുകൾ കീറി സംരക്ഷിക്കുക. റോഡ് ചീത്തയാവാനിടയുള്ള സ്ഥലങ്ങൾ മുൻകൂട്ടി മനസ്സിലാക്കി അതാത് പ്രദേശങ്ങളിലുള്ളവർ തന്നെ സംരക്ഷണ പ്രവർത്തനത്തിലേർപ്പെട്ടാൽ വളരെ മാറ്റമുണ്ടാക്കാൻ കഴിയും. പഞ്ചായത്തിന്റെ സഹായം വേണ്ടസ്ഥലങ്ങളിൽ അത് സ്വീകരിക്കുകയും ചെയ്യാം. മികച്ച ആസൂത്രണത്തിലൂടെ ഇത്തരം നേട്ടങ്ങൾ നേടിയെടുത്തതിന് ധാരാളം ഉദാഹരണം നമ്മുടെ മുമ്പിലുണ്ട്. ശുചീകരണ പ്രവർത്തനം, ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, കുടിവെള്ള സൗകര്യം വർദ്ധിപ്പിക്കൽ, കളിസ്ഥല നിർമാണം, സാംസ്ക്കാരിക ജീർണതയ്ക്കെതിരെ ബോധവൽക്കരണം സാക്ഷാരതാ തുടർപ്രവർത്തനം എന്നിങ്ങനെ വിവിധ മേഖലകളിൽ മനുഷ്യാധ്വാനം കെട്ടഴിച്ച് വിട്ടാൽ വമ്പിച്ചനേട്ടങ്ങൾ കൈവരിക്കാനാവും.

നാഷണൽ സേവിംഗ്സ് സ്കീം പഞ്ചായത്ത് ഭരണസമിതിയും അയൽകൂട്ടങ്ങളും ഇടപ്പെട്ട് കൊണ്ട് പരമാവധി സമ്പാദ്യം ശേഖരിച്ച് ഇന്ദിര വികാസ് പത്രിൽ സമർപ്പിച്ചാൽ അതിന്റ 20% വിഹിതം പഞ്ചായത്തിന് ഉപയോഗപ്പെടുത്താൻ കഴിയും.

**പ്രശ്നങ്ങൾ:**

തൊഴിൽ നികുതി ഈടാക്കുന്നതിൽ എല്ലാ വിഭാഗം തൊഴിലാളികളെയും, സ്ഥാപനങ്ങളെയും, വാഹന ഉടമകളെയും ഉൾപ്പെടുത്താൻ കഴിയുന്നില്ല. പുറമ്പോക്ക് ഭൂമി നിർണ്ണയിച്ച് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പാഴായിപ്പോകുന്ന പ്രകൃതി വിഭവങ്ങൾ വിനിയോഗിക്കാൻ സാധിക്കുന്നില്ല. സന്നദ്ധ പ്രവർത്തന സാദ്ധ്യതകളെ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ടൂറിസം സാദ്ധ്യതകളെ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

സാധ്യതകൾ

ആഡംബമുള്ള കെട്ടിടങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുക. പുറമ്പോക്ക് ഭൂമി തിട്ടപ്പെടുത്തി അവയ്ക്ക് ലീസ് നിശ്ചയിച്ച് നൽക്കുക. ഷോപ്പിങ്ങ് കോംപ്ലക്സ് സൗകര്യം വർദ്ധിപ്പിക്കുക. കമ്മ്യൂണിറ്റി ഹാൾ, പൊതു മാർക്കറ്റ്, ടാക്സിസ്റ്റാൻഡ്, മത്സ്യ മാർക്കറ്റ് എന്നിവ നിർമ്മിക്കുക. ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾ ഉപയോഗിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കുക.

# വികസന റിപ്പോർട്ട് തയ്യാറാക്കിയ കോർഗ്രൂപ്പ്



ചെയർമാൻ

**പി. മുകുന്ദൻ മാസ്റ്റർ**

കൺവനർ

**ടി. പവിത്രൻ**

**കൃഷി ജലസേചനം**

വി. ഹരീന്ദ്രൻ
പി. വി. ഗംഗാധരൻ
കെ. ടി. അശോകൻ
ഇ. കെ. വേലായുധൻ
പി. നാണുവൈദ്യർ

**മൃഗസംരക്ഷണം മത്സ്യബന്ധനം**

കെ. പുരുഷു
എ. പുരുഷു മാസ്റ്റർ
കെ. ദിലീപ് കുമാർ

**വിദ്യാഭ്യാസം**

എ. പി. രാജേഷ്
ഇ. ചന്ദ്രൻ മാസ്റ്റർ
കെ. അനീശൻ
എ. കെ. കാസിം മാസ്റ്റർ

**കുടിവെള്ളം പൊതുജനാരോഗ്യം**

പി. രമണി
പി. അശോകൻ
സി. ഒ. വേണുഗോപാൽ
എൻ. പി. സെൽവരാജ്
അമ്മിണി
എം. പി. സലീം

**വ്യവസായം**

സി. വിജയൻ
എം. സി. കുഞ്ഞബ്ദുള്ള
കെ. കെ. സുരേന്ദ്രൻ
കെ. സന്തോഷ് കുമാർ

**റോഡുകൾ, ഊർജ്ജം, മാർക്കറ്റ്**

ടി. പവിത്രൻ
കെ. വി. ധർമ്മരാജൻ
സി. ഒ. മോഹൻദാസ്
കെ. പി. സുരേഷ്
കെ. ഷാജി

**ഭവനനിർമ്മാണം സാമൂഹ്യക്ഷേമം**

എം കെ. ശാന്താദേവി
വി. വി. കൃഷ്ണൻ
പി. കെ. സുനിൽ കുമാർ
കെ. രാമകൃഷ്ണൻ
പി. വിജയൻ മാസ്റ്റർ
കെ. വി. സുരേഷ് ബാബു

**സംസ്ക്കാരം, കായികം**

യു. കുമാരൻ മാസ്റ്റർ
പി. പി. ബാബു മാസ്റ്റർ
പി. അശോകൻ
സി. കെ. ശ്രീധരൻ

**വനിത**

വി. ബാലൻ
ടി. സാവിത്രി
കെ. ഗോവിന്ദൻ മാസ്റ്റർ
കെ. അജിത

**സഹകരണം**

എ. രാജു മാസ്റ്റർ
എൻ. കെ. വേണുഗോപാൽ

കെ. വത്സരാജ്
ഒ. കൃഷ്ണൻ നമ്പ്യാർ
സി. രവീന്ദ്രൻ
വി. കെ. സുരേഷ് ബാബു

## പട്ടികജാതി, പട്ടികവർഗ്ഗം

പി. ജനാർദ്ദനൻ
ഡോ. കുമാരൻ വയലേരി
എം. ബാബുരാജ്
വി. സുധാകരൻ
ഒ. കെ. മുരളീകൃഷ്ണൻ

## വിഭവസമാഹരണം

വി. കെ. ബാലറാം
എം. കെ. ഭാസ്കരൻ
എ. നാണു
രാം മനോജ്

## ഭൂപ്രകൃതി ജനപ്രകൃതി

കെ. വി. ലക്ഷ്മണൻ
വി. ബാലൻ
സി. ഒ. ഗംഗാധരൻ മാസ്റ്റർ

## ചരിത്രപശ്ചാത്തലം

പി. മുകുന്ദൻ മാസ്റ്റർ
ഡോ. കുമാരൻ വയലേരി
കെ. സി. ദാമു മാസ്റ്റർ
പി. ചന്ദ്രൻ


REFERENCE
KANNUR DISTRICT
COORG
(KARNATAKA)
ARABIAN SEA
WYNAD

# അധികാരം ജനങ്ങളിലേക്ക്

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി




Divine Offset Printers, Kannur-1 Phone : 503058